❑Kozhikode ❑Volume No: 3 ❑Issue No: 4 ❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ

# സ്വസ്തി

ത്രൈമാസിക

1 2024 ഒക്ടോബർ വിദ്യാരംഭം പതിപ്പ്



സെലിബ്രിറ്റി ഗസ്റ്റ് പംക്തിയിൽ പ്രമുഖ സാമൂഹ്യനിരീക്ഷകൻ അഡ്വ ജയശങ്കർ തുറന്നടിക്കുന്നു

## ഇത്ര വലിയ ഒരു നമ്പൂരി വിഡ്ഢിത്തം ഞാനിതുവരെ കേട്ടിട്ടില്ല

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


കുത്താമ്പുള്ളി
KM
കളക്ഷൻസ് & മാച്ചിങ്ങ് സെന്റർ
ഫെഡറൽ ബാങ്കിനുസമീപം, എടപ്പാൾ റോഡ്, ചങ്ങരംകുളം
സെറ്റുമുണ്ടുകൾ | സെറ്റ്സാരികൾ
ഫാൻസി സാരികൾ | കസവുസാരികൾ | കോട്ടൺ സാരികൾ
ചുരിദാറുകൾ | ചുരിദാർ മെറ്റീരിയലുകൾ
ഷർട്ടുകൾ | മുണ്ടുകൾ
എന്നിവയുടെ വിപുലമായ ശേഖരം.
9562883397
സെറ്റുമുണ്ടുകൾ മാച്ചിങ്ങ് ബ്ലൗസ് പീസുകളോടുകൂടി ഓൺലൈൻ പർച്ചേസ് സൗകര്യം
വാട്സ്ആപ് വഴി സെലക്ട് ചെയ്യുന്ന ഐറ്റംസ് കൊറിയർ അയച്ചുകൊടുക്കുന്നു.
പേയ്മെന്റ്: ക്യാഷ്, Gpay, ഓൺലൈൻ ട്രാൻസാക്ഷൻ
9400852605/04942650180/7306359484



# യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം
യുഗാബ്ദം 5126 ആശ്വിനം കൊല്ലവർഷം 1200 തുലാം ശരദ്ഋതു

2024 October 1 ❏Kozhikode ❏Volume No: 3 ❏Issue No:4❏email: swasthitrimonthly@gmail.com ❏website: swasthi.org



**ചീഫ് എഡിറ്റർ**
കൊയ്ത്തൊടി ചെറുമുക്ക്
പരമേശ്വരൻ 9072383651

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി
9400992823

**മാനേജിംഗ് എഡിറ്റർ**
വിനോദ് മങ്ങത്തായ 9895621493

**പ്രിന്റർ ആന്റ് പബ്ലിഷർ**
കെ.ഐ.വിഷ്ണു
നമ്പൂതിരി 9496925471

**ധനകാര്യം:**
നാറണിയാട്
ദാമോദരൻ നമ്പൂതിരി 9447332611

**പരസ്യം & സർക്കുലേഷൻ**
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987

**ജനറൽ മാനേജർ**
താമരക്കുളം ദിവാകരൻ നമ്പൂതിരി
മൊബൈൽ: 9447337337

**മാനേജിംഗ് കമ്മിറ്റി**
ജില്ലാ പ്രസിഡന്റ്: പി.എം.ഗംഗാധരൻ
നമ്പൂതിരി 9400584267
ജില്ലാ സെക്രട്ടറി: കോരമ്പറ്റ ശങ്കരൻ
നമ്പൂതിരി 9946438951

**ഇല്ലസ്ട്രേഷൻ:**
കൃഷ്ണൻ പാതിരിശ്ശേരി 9447884600

**ഡിസൈനിംഗ്:**
പിക്സൽ മീഡിയ, ചെറുവണ്ണൂർ
കോഴിക്കോട് -673631, മൊബൈൽ:
9847907630, 7356641674

**കസ്റ്റമർ കെയർ**
മൊബൈൽ: 9495369337


## വേണം പുനർവിദ്യാഭ്യാസം

വിദ്യാരംഭം എല്ലാ അറിവുകളുടെയും ആരംഭമാണ്. കാലത്തിനനുസരിച്ച് നവീകരിക്കുമ്പോഴാണ് അറിവുകൾ പ്രയോജനപ്പെടുന്നത്. അഗ്നിയായിരുന്നു ആദ്യത്തെ അറിവ്. ഇന്നത് ജെനറേറ്റീവ് എഐയിൽ എത്തി നിൽക്കുന്നു. അറിവിനെ നമ്മൾ ബ്രാഹ്മണ്യം എന്നു വിളിച്ചു. അറിഞ്ഞവനെ ബ്രാഹ്മണനെന്നും. പുതിയകാലത്ത് ബ്രാഹ്മണനാവണമെങ്കിൽ അറിവ് അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്.

സമുദായസംഘടനകളെ പൊതുവിലും യോഗക്ഷേമസഭയെയും നമ്പൂതിരി സമുദായത്തെയും വിശേഷിച്ചും വിലയിരുത്തിക്കൊണ്ട് പ്രമുഖ സാമൂഹ്യനിരീക്ഷകൻ അഡ്വ. എ ജയശങ്കർ സംസാരിക്കുകയുണ്ടായി. സ്വസ്തിയുടെ സെലിബ്രിറ്റി ഗസ്റ്റ് എന്ന കോളത്തിന് വേണ്ടി. ദീർഘമായ ഒരു അഭിമുഖം. അദ്ദേഹം ഊന്നിപ്പറഞ്ഞ ഒരു കാര്യം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. നമ്പൂരിത്തം ഉപേക്ഷിച്ച് മനുഷ്യനാവുകയെന്നതിന് പൊതുസമൂഹം ഇനിയും പാകപ്പെട്ടിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. ഓരോ അണുവിലും ജാതിമതചിന്തകൾ പ്രബലമായ സമൂഹത്തിൽ സ്വത്വം ഉപേക്ഷിച്ച് മനുഷ്യനാവുകയെന്നാൽ അപ്പൂപ്പൻ താടി പോലെ ഒഴുകി നടക്കുകയാവും ഫലം. നമ്പൂതിരി ആദ്യം വേണ്ടത് നമ്പൂതിരിയാവുകയാണ്.

ഇംഗ്ലീഷിനോട് മുഖം തിരിഞ്ഞു നിന്ന അനുഭവം അദ്ദേഹം എടുത്തു പറഞ്ഞു. അതുപോലൊന്നു തന്നെയാണ് സ്വത്വം ഉപേക്ഷിക്കുന്നതും. പുതുതലമുറയുടെ മെൻഡൽ മേയ്ക്കപ്പ്, ആ രീതിയിൽ ആക്കിയെടുക്കണമെന്നും അദ്ദേഹം പറയുന്നു. അതിന് വേണ്ടത് സമുദായത്തിനൊന്നടങ്കം ഒരു പുനർവിദ്യാഭ്യാസമാണ്.

വിവിധവിദ്യകളിൽ പ്രാവീണ്യം നേടുന്നവരാകട്ടെ പുതുതലമുറ. അതോടൊപ്പം സ്വത്വം മറക്കാതിരിക്കുന്നവരും. വിദ്യാരംഭം കരിഷ്യാമി! അതിനായി സിദ്ധിർ ഭവതു മേ സദാ!! ഏവർക്കും പുനർവിദ്യാഭ്യാസത്തിനായി ആശംസകൾ!!!

പത്രാധിപർ


Yogakshemasabha Swasthi Trimonthly. **Printed & Published by K.I. Vishnu Namboodiri** on behalf of Yogakshema Sabha Kozhikode District Committee, Kozhikode, and printed at Geethanjali Web Offsets, Geethanjali Building, NH 17, Kundayithode, Kolathara P.O., Calicut- 673655, and published from Yogakshemababha Kozhikode District committee,Jilla Asthana Mandiram,Near Kovoor Vishnu temple, P.O.Chevayoor, Kozhikode, Pin code 673017. **Editor K M Parameswaran**
**Vol No:3 Issue No: 4 Registration Number : KERMAL/2022/83817**


100TH YEAR
Timeless Purity
KOZHIKODE: Bhima Junction, Mavoor Road, Kottooli.
Tel: 0495 2726161, 4150000
KANNUR: Thalassery Road, Thana. Tel: 0497 270 3333, Mob: 8590 202 104
SULTHAN BATHERY: Chungam Jn., Mysore Rd. Tel: 04936 223400, 224811
Customer Helpline : 892-101-3377
BHIMA
GOLD • DIAMONDS • SILVER • PLATINUM
SINCE 1925



**08**

**സെലബ്രിറ്റി ഗസ്റ്റ്/ അഡ്വ.എ ജയശങ്കർ**

**ഇതിലും വലിയ ഒരു നമ്പൂരി വിഡ്ഢിത്തം ഞാനിതുവരെ കേട്ടിട്ടില്ല!**

പാനാട് പദ്മനാഭൻ നമ്പൂതിരി



**26**

**അറിയേണ്ട അന്തർജനം**

**വിഘ്നമല്ല വിവാഹം**

ഡോക്ടർ രേഷ്മ



**48**

**അറിയേണ്ട നമ്പൂതിരി**

**ചെസ്സിനെ കീഴ്പ്പെടുത്തിയ ചെസ്സാതിരിപ്പാട്!**

ഉദയൻ നമ്പൂതിരിപ്പാട്

പ്രതികരണങ്ങൾ, സഭാ വാർത്തകൾ, വിഷ്ണുപാദം പൂകിയവർ, അനുമോദനങ്ങൾ, പാണിഗ്രഹണം, തുടങ്ങി സ്ഥിരം പംക്തികളും

# ആരൊക്കെ/എന്തൊക്കെ


| | |
|---|---|
| 07 | **നാവാമുകുന്ദസ്തുതി**<br>മേല്പാഴൂർ വിഷ്ണു നമ്പൂതിരിപ്പാട് |
| 18 | **രണ്ടു മക്കളെയും സിവിൽ സർവീസുകാരാക്കിയ ജീവിതം**<br>ത്രിവിക്രമൻ പോറ്റി |
| 28 | **നമ്പൂരി വെടിവട്ടം സർവ മംഗല മംഗല്യേ**<br>കൃഷ്ണകുമാർ. എം ടി എം |
| 30 | **ബഹികാശത്തെ അക്ഷരത്തെറ്റ്**<br>അനിയൻ മാങ്ങോട്ട്രി |
| 34 | **യക്ഷിയുടെ പാലക്കൊമ്പിൽ കവിതയൂറുമ്പോൾ**<br>സുനിത എഴുമാവിൽ |
| 38 | **ശരിക്കും ധ്രുവാസി ചൊല്ലി**<br>കെ.എം. എസ്. ഭട്ടതിരിപ്പാട് |
| 44 | **ഓത്തില്ലാത്ത നമ്പൂതിരി എങ്ങനെ ഉണ്ടായി?**<br>പണിക്കത്ത് അപ്പു നമ്പൂതിരി |
| 52 | **നല്ലൂർപ്പള്ളി വാമനൻ നമ്പൂതിരി**<br>രാമപ്രസാദ് നരിക്കാട്ടിരി |
| 54 | **ടീച്ചറെ എന്ന വിളി ടീച്ചൂ എന്നായി**<br>ഡോ. എൻ അദിതി |
| 56 | **നീലേശ്വരത്തെ യോഗക്ഷേമസഭ സംസ്ഥാനസമ്മേളനം**<br>വാർത്തകൾ/ ചിത്രങ്ങൾ/ മറ്റു വിശേഷങ്ങൾ |
| 59 | **ഒരേയൊരു സാമവേദപാഠശാല**<br>ഡോ. ശിവകരൻ നമ്പൂതിരി |
| 60 | **കവിത: കർമ്മഫലം**<br>അനിയൻ മണ്ണാനിക്കാട് |
| 62 | **ഓച്ചിറ മേപ്പള്ളിൽ ഇല്ലപ്പെരുമ**<br>താമരക്കുളം ദിവാകരൻ നമ്പൂതിരി |
| 70 | **ദേവരാജൻ മാഷിൽ നിന്ന് ചിലത് പഠിക്കാൻ പറ്റി**<br>പി. എം ഗോപിനാഥൻ നമ്പൂതിരി |
| 74 | **അവർ വീണ്ടും ഗീതാഹിരണ്യന്മാരായി**<br>മിനി ഭട്ടതിരി |
| 78 | **സമ്മാനം കൊണ്ടും സംരംഭകയാവാം**<br>ഗൗരി മൂർക്കന്നൂർ |
| 90 | **വയ്യെന്നു തോന്നുമ്പോൾ മനസ്സിന്റെ ഗിയർ മാറ്റും**<br>ഹരി ചിറ്റൂർ |
| 92 | **വിദ്യയുടെ ഇരട്ടി മധുരവുമായി**<br>മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരി |
| 100<br>104 | **കുട്ടിക്കൂട്ടം** ❑സരസ്വതി വിഷ്ണു കാരക്കാട് ഇല്ലം ❑നിയോഗ് എസ് ദേവ് കാക്കഞ്ചേരി ഇല്ലം ❑ദിയ ദീപക് ചോലമന ❑മഹാദേവ് ആലക്കാട്ട് മന, ❑സിയ വീമ്പൂർ മന, ❑ആദിഷ് ശങ്കർ പുതുമന❑ഋതു ദേവ്, കണ്ണികുളത്ത് ഇല്ലം |



Quality is not an act; it is a Habit
www.harithaagritech.com
• Dairy Farm Design; Farm Mechanization & Cow Comfort
• Agriculture Implements & Sprayers
• Micro Irrigation System
WITH FARMERS
SINCE 1989
WITH FARMERS
DAIRY & AGRICULTURE CONSULTANCY
B.T. NAMBOODIRI'S
Haritha
AGRITECH
9447324468
7909100441, 7034100441, 9946666828 (branch)
Haritham Complex, Akkikavu p.o, Thrissur, Kerala - 680519
Branch Office: Thrikkalathoor, Muvattupuzha, Ernakulam (Dt) - 683541

# നാവാമുകുന്ദസ്തുതി

**മേല്പാഴൂർ വിഷ്ണു നമ്പൂതിരിപ്പാട്**

നിളയുടെ കളകളനാദമെഴുന്നൊരു
പുണ്യസ്ഥലമാം നാവായിൽ
ശംഖം ചക്ര ഗദാ പങ്കജവും
നിൻ തൃക്കൈകളിലായേന്തി,

ഭക്തജനങ്ങളെയെന്നും തൃക്കൺ
പാർത്തു രസിയ്ക്കും കാർവർണ്ണാ,
നിന്നുടെ പാദസുമത്തിൽ നമിയ്ക്കും
ഭക്തനെ നിത്യം കാക്കണമേ!

താമരമാല ഗളത്തിലണിഞ്ഞതി
ശോഭയെഴുന്നൊരു വദനവുമായ്
സ്വർണ്ണകിരീടം ചാർത്തിയ നിന്നുടെ
കോമളരൂപം കാണേണം !

പലപല സ്വർണ്ണാഭരണം ചാർത്തി
പീതാംബരവുമഴകോടേ
ചാർത്തി വിളങ്ങിന കോമളരൂപം
പിരിയാതെന്നും കാണേണം !

മന്ദസ്മിതവും തൂകീട്ടെന്നുടെ
മനതാരിൽ ഹരി നിൻരൂപം
തെളിയുവതിന്നായെന്നും നിന്നുടെ
പദതാരിൽ ഞാൻ കൂപ്പുന്നൂ.

സംസാരാബ്ധിയിൽ വീണു കരേറാ-
നാവാതേ വലയുന്നു വിഭോ!
കരുണാകരനാമവിടുന്നെന്നുടെ
ദുഃഖമകറ്റിടു ദേവ! വിഭോ!

നിത്യവുമെന്നുടെ നാവിൽ നിന്നുടെ
നാമം മാത്രം വരുവതിനും
ഗോപാലകനാം നിന്നുടെ രൂപം
ഹൃത്തിൽ നിത്യം കാണ്മതിനും

കൈകൂപ്പുന്നു; തൃപ്പദതാരിൽ
വീഴുന്നു ഞാൻ, ജഗദീശ!
കാത്തരുളീടുക നാവായിലെഴും
നാരായണ! ഹരിഗോവിന്ദ!




വിഷ്ണു നമ്പൂതിരിപ്പാട്, മേല്പാഴൂർ മന,
പി.ഒ: അഞ്ചുമൂർത്തിമംഗലം, വടക്കഞ്ചേരി,
പാലക്കാട് ജില്ല, മൊബൈൽ: 94469 43525






സെലിബ്രിറ്റി ഗസ്റ്റ് /അഡ്വക്കേറ്റ് ജയശങ്കർ

**പ്രമുഖ സാമൂഹ്യനിരീക്ഷകൻ അഡ്വ. ജയശങ്കറുമായി സ്വസ്തി അസോസിയേറ്റ് എഡിറ്റർ പാനാട് പദ്മനാഭൻ നമ്പൂതിരി നടത്തിയ അഭിമുഖം**



**ഇന്ത്യയുടെ ജനസംഖ്യ 150 കോടി ആവാറായി. കേവലം രണ്ടു ലക്ഷം വരുന്ന നമ്പൂതിരിമാർ മാത്രം മനുഷ്യരായതു കൊണ്ട് രാജ്യം നന്നാവുമോ? ഒരു മാറ്റവും ഉണ്ടാവാൻ പോണില്ല.**

# ഇതിലും വലിയ ഒരു ഭോഷ്കത്തരം നമ്പൂരി വിഡ്ഢിത്തം ഞാനിതുവരെ കേട്ടിട്ടില്ല!

**സുറിയാനി ക്രിസ്ത്യാനികളും നായന്മാരും ഈഴവരും കുംഭാരരും എന്നു വേണ്ട എല്ലാവരും മനുഷ്യരാവുന്ന കൂട്ടത്തിൽ നമുക്കും മനുഷ്യരാവാം. അതു വരെ ക്ഷമിക്ക്.**

**ചോദ്യം: പുതിയ കാലത്ത് സമുദായ സംഘടനകളുടെ പ്രസക്തിയെന്താണ് ?**

**അഡ്വ. ജയശങ്കർ: അത് മനസ്സിലാവണമെങ്കിൽ കുറച്ച് പിറകിലേക്ക് പോണം. എസ് എൻ ഡി പി യോഗമാണെങ്കിലും നായർ സർവീസ് സൊസൈറ്റിയാണെങ്കിലും സാധുജനപരിപാലനസംഘമാണെങ്കിലും പുലയർ മഹാസഭയാണെങ്കിലും യോഗക്ഷേമസഭയാണെങ്കിലും ഒരു കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു.**

മുമ്പ് പോർച്ചുഗീസുകാരാൽ മതം മാറ്റപ്പെട്ട വർ പാവപ്പെട്ട പുലയരായിരുന്നു. ഒരു പുലയൻ മതം മാറിയാൽ അവശക്രിസ്ത്യാനിയാവും. അത്രയേയുള്ളൂ. എന്നാൽ ബ്രിട്ടീഷുകാർ വന്ന ശേഷം തെക്കൻ തിരുവിതാംകൂറിൽ നാടാന്മാർ മതം മാറിത്തുടങ്ങി. അവന്റെ അന്തസ്സ് വർദ്ധിക്കുന്നു. സാമൂഹ്യമായ ഒരു ഉൾക്കാഴ്ചയും രാഷ്ട്രീയമായ അവബോധവും ഉണ്ടാവുന്നു. ഈഴവരും മതം മാറി. ഈഴവരും നാടാന്മാരെ പോലെ പുരോഗമന ചിന്താഗതിക്കാരാണ്. അവരൊക്കെ ഏതാണ്ട് പെറ്റിബൂർഷ്വ എന്ന് പറയാവുന്ന നിലയിൽ എത്തിയിരുന്നു. ഇടത്തരക്കാരായി വളരാൻ വെമ്പൽ കൊള്ളുന്ന ഒരു സമുദായമായിരുന്നു. എല്ലാവരും തുല്യരാണെന്നും ചില അവകാശങ്ങളുണ്ടെന്നും

പാതിരിമാരും മിഷനറിമാരും ബോധ്യപ്പെടുത്തി. ആ ബോധ്യത്തിൽ നിന്നാണ് പരിവർത്തനങ്ങൾ ഉണ്ടാവുന്നത്. ഇവരൊക്കെ തുല്യഅവകാശങ്ങൾക്ക് വേണ്ടി വാദിക്കാൻ തുടങ്ങി.

● അതാണ് പ്രശ്നമായത് അല്ലേ.

❑ നമ്മളിങ്ങനെ ഇരുന്നിട്ട് കാര്യമില്ലെന്ന് ഹിന്ദു ആചാര്യന്മാർക്ക് മനസ്സിലായി. ഈഴവരും നാടാന്മാരും പുലയരും എന്നു വേണ്ട സകലരും മതംമാറി തിരുവിതാംകൂർ ക്രിസ്ത്യൻ രാജ്യമായി മാറുമെന്ന് തിരിച്ചറിഞ്ഞു. ആ തിരിച്ചറിവിൽ നിന്നാണ് നമ്മൾ നവോത്ഥാനനായകർ എന്ന് തെറ്റായി വിളിക്കുന്ന സാമുദായിക ആചാര്യന്മാർ ഉണ്ടായത്. അയ്യാ വൈകുണ്ഠസ്വാമികൾ, ശ്രീനാരായണഗുരു, അയ്യാസ്വാമികൾ, ചട്ടമ്പിസ്വാമികൾ. ഇവരൊക്കെ തെക്കൻ തിരുതിതാംകൂറിലാണ്. കാരണം അവിടെയാണ് മതം മാറ്റം ഏറ്റവും കൂടുതൽ ഉണ്ടായത്.

● മലബാറിലും ഉണ്ടായിരുന്നു, അത് മറ്റു വിധത്തിലാണെന്ന് മാത്രം.

❑അതേ, സമുദായ നേതാക്കളുടെ പ്രധാന ഉത്തരവാദിത്തം ഹിന്ദുമതത്തെ തന്നെ പരിവർത്തനപ്പെടുത്തി അതു വഴി മതപരിവർത്തനം തടയുകയായിരുന്നു. അതുകൊണ്ടാണ് മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന് നാരായണഗുരു പറഞ്ഞത്. മതം മാറണ്ടേ ആവശ്യമില്ല, മനുഷ്യൻ മാറിയാൽ മതി എന്നർത്ഥം. മതപരിവർത്തനത്തെ തടഞ്ഞു നിർത്തിയവരാണ് ഇവരെല്ലാം.

● അതിനു വേണ്ടിയാണ് സംഘടനകൾ രൂപീകരിച്ചതല്ലേ.

❑മതപരിവർത്തനത്തെ തടയണമെങ്കിൽ സംഘടനാരൂപം വേണം. അങ്ങനെ രൂപപ്പെട്ടതാണ് എസ് എൻ ഡി പി യോഗം. അതിന് വലിയ അംഗീകാരം കിട്ടി. ഈഴവരുടെ സോൾ ബാർഗെയിനിംഗ് ഏജൻസിയായി മഹാരാജാവ് അംഗീകരിക്കുകയും രണ്ടു പ്രതിനിധികളെ ശ്രീമൂലം പ്രജാസഭയിലെടുക്കുകയും ചെയ്തു. ഈഴവർക്ക് ശിവൻ, സുബ്രഹ്മണ്യൻ പോലുള്ള ദൈവങ്ങളെപ്പോലും കൊടുത്തത് ശ്രീനാരായണഗുരുവാണ്. അതിനു മുമ്പ് മാടൻ, മറുത പോലുള്ള ദൈവങ്ങളായിരുന്നു അവർക്ക്. ഇങ്ങനെ വലിയൊരു മാറ്റം നടന്നു. ചെറിയതല്ല. സാമൂഹ്യമായ പരിവർത്തനമാണ് കൊണ്ടുവന്നത്. അതിന്റെ അടുത്ത സ്റ്റേജായിട്ടാണ് സംഘടന ഉണ്ടാവുന്നത്.

● നായന്മാർ സംഘടിച്ചതോ അവർക്ക് ജാതീയമായ അവശത ഇല്ലല്ലൊ.

❑അവർക്ക് വേറെയായിരുന്നു പ്രശ്നം. നാലുകെട്ടുകളാണ് നായന്മാരെ നശിപ്പിച്ചത് എന്ന് മന്നം പറഞ്ഞിട്ടുണ്ട്. ഒന്ന് താലികെട്ട്. പെൺകുട്ടി ഋതുമതി ആവുന്നതിനു മുമ്പ് ഏതെങ്കിലും നമ്പൂരിയോ തിരുമുൽപ്പാടോ പെൺകുട്ടികൾക്ക് താലികെട്ടും, അത് നല്ല പൈസ ചെലവാക്കി നടത്തുന്ന ആഘോഷമാണ്. രണ്ട് കാളകെട്ട്. മൂന്നാമത്തേത് കേസുകെട്ട്. നാലാമത്തേത് വെടിക്കെട്ട്. ഇതെല്ലാം നടത്തി ഇഷ്ടം പോലെ കാശ് കളയും. ഇതിനെയൊക്കെ എതിർക്കാനും ആളുകളിൽ ഒത്തൊരുമ ഉണ്ടാക്കാനും എൻ എസ് എസ് ഉണ്ടായി.

എൻ എസ് എസിന് മുമ്പ് നായർ ഭൃത്യജനസംഘം ഉണ്ടായിരുന്നു. ഗോപാലകൃഷ്ണ ഗോഖലെയുടെ സെർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റി മാതൃകയിൽ. പല ആവശ്യങ്ങളും വച്ച് മഹാരാജാവിലേക്ക് റെപ്രസെന്റേഷൻ അയക്കുക. നായന്മാർക്ക് വേണ്ടി വില പേശുക. ഉത്തരവാദപ്രക്ഷോഭം വിജയിച്ചാൽ നായന്മാർക്ക് ഉണ്ടാകാവുന്ന കുഴപ്പങ്ങൾ കണ്ടുപിടിക്കുക. ദിവാൻ രാമസ്വാമി അയ്യരെ സപ്പോർട്ട് ചെയ്യുക. അങ്ങനെ വിലപേശി കാര്യങ്ങൾ മേടിക്കലായിരുന്നു പണി.

അതോടൊപ്പം ഇംഗ്ളീഷ് പഠിക്കാതെ രക്ഷയില്ല എന്ന് മനസ്സിലാക്കി സ്കൂളുകൾ ആരംഭിച്ചു. ഇംഗ്ളീഷിന് വലിയ പ്രാധാന്യം കൊടുത്ത രണ്ടു സമുദായക്കാർ നായന്മാരും സുറിയാനി ക്രിസ്ത്യാനികളുമായിരുന്നു. ക്രിസ്ത്യാനികളുടെ കോളേജിൽ ക്രിസ്ത്യാനികൾക്ക് മാത്രമേ അഡ്മിഷൻ കൊടുക്കൂ. അത് കഴിഞ്ഞ് ബാക്കി വല്ലതും ഉണ്ടെങ്കിലേ നായർക്ക് കിട്ടൂ. അങ്ങനെയാണ് എൻ എസ് എസ് ഹൈസ്കൂൾ ഉണ്ടാക്കിയത്. പിന്നെ കോളേജുകളും ഉണ്ടാക്കി.

● നമ്പൂതിരിമാരും ഉണ്ടാക്കീട്ടുണ്ട്. തൃശൂരിലും

## വിഷയങ്ങൾ /നിലപാടുകൾ

❑നമ്പൂതിരിമാർക്ക് പറ്റിയ പരാധീനത
● ഇംഗ്ളീഷ് വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞു നിന്നത്
❑നമ്പൂതിരിമാരൊക്കെ സമ്പന്നരാണെന്ന ധാരണ
● പൊതുവേയുണ്ട്, സത്യത്തിൽ അങ്ങനെയല്ല
❑ഭൂപരിഷ്കരണം നടപ്പായതോടെ
● കാശുള്ള നമ്പൂതിരിമാരും കാശില്ലാത്തവരായി
❑സാമുദായിക സംഘടന
● വില പേശാൻ അനിവാര്യമാണ്
❑കേരളത്തിൽ വിലപേശൽ ശക്തി
● നായർ, ഈഴവ, ക്രിസ്ത്യൻ, മുസ്ലീം ഇവർക്കു മാത്രം
❑നമ്മുടെ സമൂഹം
● ജാതി ഉപേക്ഷിച്ച് മനുഷ്യരാവാൻ പാകപ്പെട്ടിട്ടില്ല
❑നമ്പൂതിരിമാർ മാത്രം മനുഷ്യരായതു കൊണ്ട്
● ഒരു മാറ്റവും ഉണ്ടാവാൻ പോണില്ല
❑ബ്രാഹ്മണിക്കൽ ഹെജിമണി
● ഇഷ്ടമില്ലാത്തവരോട് തോന്നുന്ന ഈർഷ്യയുടെ പേര്
❑ഹെജിമണിക്കകത്ത് വരുന്നവർ
● നമ്പൂരിമാരല്ല സുറിയാനികളും നായന്മാരുമാണ്.
❑സവർണ്ണ ഫാസിസ്റ്റ്
● അതൊക്കെ പലരും വയറ്റിപ്പിഴപ്പിന് പറയുന്ന വാക്ക്




പൊതുവേ ആളുകളുടെ വിചാരം നമ്പൂതിരിമാരൊക്കെ വളരെ സമ്പന്നന്മാരും ജന്മിമാരും ആണെന്നാണ്. സത്യത്തിൽ അങ്ങനെയല്ല. കുറച്ച് പേരു മാത്രം സമ്പന്നരും ജന്മിമാരും. അവരാകട്ടെ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം കൊടുത്തുമില്ല. അതുകൊണ്ട് സാമ്പത്തികമായും സാമൂഹ്യമായും ഉണ്ടായിരുന്ന മേൽക്കൈ നഷ്ടമായി. ഭൂപരിഷ്കരണം കൂടി നടപ്പായതോടെ കാശുള്ള നമ്പൂതിരിമാർ തന്നെ കാശില്ലാത്ത അവസ്ഥയിലെത്തി.

മറ്റും നമ്പൂതിരി ബാലികാ സദനങ്ങളും വിദ്യാലയങ്ങളും. കരിക്കാട്ടും ഉണ്ടായിരുന്നു.

❑നമ്പൂതിരിമാർക്ക് പറ്റിയ പരാധീനത, മറ്റെന്ത് സൗകര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും അവർ ഇംഗ്ലീഷ് വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞു നിന്നതാണ്.

● അതേയതേ.

❑അതാണവർ പിന്തള്ളപ്പെട്ടു പോയതിന്റെ പ്രധാന കാരണം. നായന്മാർക്ക് കിട്ടിയ ഗുണം ഇംഗ്ലീഷ് പഠിക്കാതെ രക്ഷയില്ലെന്ന് മന്നവും മറ്റും പറഞ്ഞതാണ്. ധനുവച്ചപുരത്ത് വേലുത്തമ്പി ദളവയുടെ പേരിലെങ്കിൽ മട്ടന്നൂരിൽ പഴശ്ശിരാജാവിന്റെ പേരിൽ. അങ്ങനെ നാടൊട്ടുക്കും കോളേജ്. ക്രിസ്ത്യാനികളുമായി ഓരോ സ്റ്റേജിലും നായന്മാർ യുദ്ധം ചെയ്തു.

നമ്പൂതിരിമാരുടെ കാര്യം നോക്കാം. അനാചാരങ്ങൾ ഒരു പാടുണ്ട്. ബഹുഭാര്യാത്വം. സംബന്ധ സമ്പ്രദായം. കുറച്ച് വൈകീട്ടാണെങ്കിലും മാറ്റത്തിന്റെ കാറ്റ് അവിടെയും ഉണ്ടായി. സാമൂഹ്യമായ അവശതകൾ അന്തർജനങ്ങൾക്കും ഉണ്ടായിരുന്നു. ആ ഘട്ടത്തിലാണ് വി ടി ഭട്ടതിരിപ്പാടിനെപ്പോലുള്ളവർ രംഗത്തു വരുന്നത്. മാറ്റം വരണമെന്ന ആശയത്തിന് പ്രചാരം കിട്ടുന്നു. വിധവാവിവാഹം പോലുള്ളവ. മറക്കുടക്കുള്ളിലെ മഹാനരകം, ഋതുമതി, പോലെ നാടകങ്ങൾ. സ്ത്രീവിദ്യാഭ്യാസം എന്ന ആശയം. ഇതെല്ലാം മുന്നോട്ടു വരുന്നത് ആ കാലത്താണ്.

പൊതുവേ ആളുകളുടെ വിചാരം നമ്പൂതിരിമാരൊക്കെ വളരെ സമ്പന്നന്മാരും ജന്മിമാരും ആണെന്നാണ്. സത്യത്തിൽ അങ്ങനെയല്ല. കുറച്ച് പേരു മാത്രം സമ്പന്നരും ജന്മിമാരും. അവരാകട്ടെ വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം കൊടുത്തുമില്ല. അതുകൊണ്ട് സാമ്പത്തികമായും സാമൂഹ്യമായും ഉണ്ടായിരുന്ന മേൽക്കൈ നഷ്ടമായി. ഭൂപരിഷ്കരണം കൂടി നടപ്പായതോടെ കാശുള്ള നമ്പൂതിരിമാർ തന്നെ കാശില്ലാത്ത അവസ്ഥയിലെത്തി.

● ഇന്ന് അതു പോലത്തെ റോൾ വഹിക്കാനുണ്ടോ?

❑ഇന്ന് ഓരോന്നിന്റെയും തലപ്പത്ത് ഓരോരുത്തർ വന്നിരിക്കും. പണ്ട് ആളുകൾ അനുഭവിച്ച ത്യാഗത്തിന്റെ പലിശ കൊണ്ടാണ് ഇവർ ജീവിക്കുന്നത്. ഡോ പൽപ്പുവിന്റെ കാലത്തെ സാഹചര്യമല്ല ഈഴവ സമുദായത്തിന് ഇപ്പോൾ ഉള്ളത്. അതുകൊണ്ട് വെള്ളാപ്പള്ളി നടേശനെപ്പോലുള്ള നേതാവിനെ അവർക്ക് കിട്ടി. കുമാരനാശാനാവട്ടെ അല്ലെങ്കിൽ ശങ്കർ ആവട്ടെ 25 കൊല്ലം എസ് എൻ ഡി പി യിൽ ഇരിക്കാൻ പറ്റിയിട്ടില്ല. വെള്ളാപ്പള്ളി ആയുഷ്കാലം ആ സ്ഥാനത്തു തന്നെ തുടരും. പുള്ളി മകനു വേണ്ടി ഒഴിഞ്ഞു കൊടുക്കുകയാണെങ്കിൽ കോൺഗ്രസു പോലെ മക്കൾ രാഷ്ട്രീയം നടമാടുന്ന ഒന്നായി ഇതു മാറും.

സുകുമാരൻ നായരും അങ്ങനെത്തന്നെ. എൻ എസ് എസിന്റെയും എസ് എൻ ഡി പി യോഗത്തിന്റെയും നേതൃത്വഘടന അങ്ങനെയാണ്. ഒരിക്കൽ ഒരാൾ നേതൃസ്ഥാനത്തു വന്നാൽ പിന്നെ അയാളെ അവിടന്ന് മാറ്റാൻ പറ്റില്ല. അതുകൊണ്ടാണ് ആയുഷ്കാലം അവിടെത്തന്നെ ഇരിക്കുന്നത്. ഇതാണ് മിക്കവാറും എല്ലാ സമുദായ സംഘടനകളിലും നടക്കുന്നത്.

● ഇവരെല്ലാം ഇപ്പോൾ എന്താ ചെയ്യുന്നത്.

❑വാർഷികബജറ്റ് പാസാക്കും എന്തെങ്കിലും ചെയ്യുന്നതായി അഭിനയിക്കും. സമുദായത്തിന്റെ പേരു പറഞ്ഞ് തിരഞ്ഞെടുപ്പ് വരുമ്പോൾ പ്രസ്താവനകൾ ഇറക്കും.

● ഇത് നേതാക്കളുടെ വിഷയം. അണികളുടെ കാര്യത്തിലേക്ക് വന്നാൽ. അണികൾക്ക് കമ്മ്യൂണിറ്റി ഫീൽ ഉണ്ടോ.? ഓർഗനൈസേഷൻ വേണമെന്ന ഫീൽ ഉണ്ടോ.?

❑ജാതിചിന്ത എന്നു പറയുന്നതാവും കൂടുതൽ എളുപ്പം. ഒരു സമുദായവും അതിനതീതമല്ല. അയ്യപ്പപ്പണിക്കർസാർ പറഞ്ഞ പോലെ ജാതി ചോദിക്കരുത് ജാതി പറയരുത് പക്ഷേ ജാതിയെ മറന്നൊന്നും ചെയ്യരുത്. ഈ നിലയിലാണ് കാര്യങ്ങൾ പോവുന്നത്. മിശ്രവിവാഹങ്ങളും മതാന്തര വിവാഹങ്ങളും ഒക്കെ

നമ്പൂതിരിമാരുടെ കാര്യം നോക്കാം. അനാചാരങ്ങൾ. ബഹുഭാര്യാത്വം. സംബന്ധ സമ്പ്രദായം. കുറച്ച് വൈകീട്ടാണെങ്കിലും മാറ്റത്തിന്റെ കാറ്റ് അവിടെയും ഉണ്ടായി. സാമൂഹ്യമായ അവശതകൾ അന്തർജനങ്ങൾക്കും ഉണ്ടായിരുന്നു. ആ ഘട്ടത്തിലാണ് വി ടി ഭട്ടതിരിപ്പാടിനെപ്പോലുള്ളവർ രംഗത്തു വരുന്നത്. വിധവാവിവാഹം പോലുള്ളവ. മറക്കുടക്കുള്ളിലെ മഹാനരകം, ഋതുമതി, പോലെ നാടകങ്ങൾ. സ്ത്രീവിദ്യാഭ്യാസം എന്ന ആശയം. ഇതെല്ലാം മുന്നോട്ടു വരുന്നത് ആ കാലത്താണ്.



നടക്കുന്നുണ്ടെങ്കിലും ജാതിചിന്ത പണ്ടത്തെക്കാളും പ്രബലമാണ്. പ്രത്യേകിച്ച് വിദ്യാസമ്പന്നരായ ആളുകളുടെ ഇടയിൽ. ജാതിചിന്ത ഉള്ളവരൊക്കെ സമുദായ സംഘടനയിൽ പ്രവർത്തിക്കുന്നു എന്നർത്ഥമില്ല. സമുദായ സംഘടനയിൽ പ്രവർത്തിക്കുന്നവരൊക്കെ പ്രവർത്തിക്കാത്തവരേക്കാൾ ജാതി ചിന്ത ഉള്ളവരാണെന്നും പറയാൻ പറ്റില്ല.

● ജാതിവാലുള്ള എത്ര നായന്മാർ അല്ലെങ്കിൽ നമ്പൂതിരിമാർ ഉണ്ട് ഇപ്പോൾ.

❑എന്റെ തന്നെ ഉദാഹരണം പറയാം. അച്ഛന്റെ അച്ഛന് വാലുണ്ടായിരുന്നു. ശങ്കരപ്പിള്ള. അദ്ദേഹത്തിന് ജാതി ചിന്ത ഉണ്ടായിരുന്നത് കൊണ്ട് അച്ഛനും ജാതിവാൽ ഉണ്ടായിരുന്നു. വാസുദേവൻ പിള്ള. അച്ഛൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകനും നാസ്തികനുമായിരുന്നതു കൊണ്ട് ജാതി ചിന്ത ഉണ്ടായിരുന്നില്ല. അതു കൊണ്ട് എനിക്ക് ജാതിവാൽ ചേർത്തില്ല. ഞാനും അതേ പാറ്റേണിൽ പോവുന്ന ഒരാളായതു കൊണ്ട് കുട്ടികൾക്ക് ജാതിവാൽ ചേർത്തില്ല.

1978 ലെ എസ്.എസ്.എൽ.സി ബാച്ചുകാരനാണ് ഞാൻ. അന്ന് 300 വിദ്യാർത്ഥികളിൽ ഏതാണ്ട് ഇരുപത് ശതമാനം പേർ നായന്മാരാണ്. അതിൽ ജാതിവാൽ മൂന്നോ നാലോ പേർക്കേ ഉണ്ടായിരുന്നുള്ളൂ. പാവപ്പെട്ട വീട്ടിൽ നിന്ന് വരുന്നവർക്ക്. ശശീന്ദ്രൻ നായർ, രാധാകൃഷ്ണൻ നായർ എന്നൊക്കെ. ഇവനെയൊക്കെ പിള്ളാർക്ക് പുച്ഛമാണ്. നായർ എന്ന് പേരിന് കൂടെ ഉള്ളതു കൊണ്ട്. അങ്ങനെ രണ്ടോ മൂന്നോ പേർ മാത്രം. ഒരാൾ മാത്രം പരിഷ്കാരത്തിന്റെ ഭാഗമായി സുരേഷ് ആർ മേനോൻ എന്നു വെച്ചു.

● വാല് മുറിക്കലല്ല, വാലിനിടയിൽ ഇനീഷ്യൽ ചേർക്കൽ. അതു കൊള്ളാം.

❑പുള്ളിയെ എല്ലാവരും മേനോൻ എന്ന് വിളിച്ച് കളിയാക്കിയിരുന്നു. സ്കൂളിൽ ഒരു മേനോനെ ഉണ്ടായിരുന്നുള്ളൂ. അത് ഈ പുള്ളിയായിരുന്നു. നായർ എന്ന് പറയുന്നത് വെറും പാവങ്ങളാ. ശശീന്ദ്രൻ നായർ എന്നൊക്കെ പറഞ്ഞാൽ ചായക്കട നടത്തുന്ന നായരുടെ മകനാണ്.

● മേനോൻ കുറച്ച് സ്ട്രോങ് ആണല്ലേ.

❑മേനോൻ സ്ട്രോങ് ആണ്. മേനോൻ ഒരു ജാതിവാലാണ്. മറ്റത് പാവപ്പെട്ടവന്റെ അച്ഛന് വിവരം ഇല്ലാത്തോണ്ട് പേരിന്റെ കൂടെ വാല് ചേർത്തതാണ്.

● മുമ്പ് മിക്കവാറും എല്ലാവർക്കും ജാതി വാലുണ്ടായിരുന്നു. ഇപ്പോൾ അതില്ല.

❑അല്ലല്ല മിക്കവാറും എല്ലാവരും മക്കളുടെ പേരിന്റെ കൂടെ ജാതിവാല് ചേർക്കുന്നുണ്ട്.

● ഇപ്പോൾ വീണ്ടും തുടങ്ങിയോ

❑നായന്മാരും നമ്പൂതിരിമാരും എന്നു വേണ്ട ജാതിയിൽ അഭിമാനിക്കാവുന്ന എല്ലാജാതിക്കാരും. മേനോൻ പിള്ള നമ്പ്യാർ നമ്പീശൻ അങ്ങനെ...

● ഇല്ല പെൺകുട്ടികൾക്കാണ് ജാതിവാൽ തിരിച്ചു വരുന്നത്. നവ്യാ നായർ, രമ്യ നമ്പീശൻ, മഞ്ജു വാര്യർ, തനൂജ ഭട്ടതിരിപ്പാട്, മഹിമ നമ്പ്യാർ അങ്ങനെയങ്ങനെ. ജാതിയിലെ സ്ത്രീനാമങ്ങളായ അമ്മ, അന്തർജനം, ബ്രഹ്മണിയമ്മ, വാരസ്യാർ, എന്നിവയല്ല അവർ ഉപയോഗിക്കുന്നത്. പുരുഷ വാലുകൾ സ്ത്രീകളാണ് ഉപയോഗിക്കുന്നത്.

❑ഇവളുമാരുടെ പേരിലൊന്നും ശരിക്കും പറഞ്ഞാൽ ഇതില്ല. സിനിമയിൽ വന്നപ്പോൾ ചേർത്തതാണ്.

● ആൺകുട്ടികൾക്ക് വാല് കുറഞ്ഞു വരികയാണെന്ന് തോന്നുന്നു.

❑അല്ലല്ല, സ്കൂൾ രജിസ്റ്റർ നോക്കിയാൽ ഇഷ്ടം പോലെ പിള്ളയും മേനോനും നായരും ഉണ്ട്.

● നമ്പൂതിരി കമ്മ്യൂണിറ്റിയിൽ കുറഞ്ഞു വരികയാണ്. പേരിലോ പെരുമാറ്റത്തിലോ ഭാഷയിലോ ഒന്നും ഒരു സൂചനയും കിട്ടില്ല. അത്രക്ക് മാറിയിട്ടുണ്ട് നമ്പൂതിരി കമ്മ്യൂണിറ്റി. ശരീരത്തിൽ നൂല് ഇല്ല, പേരിൽ വാല് ഇല്ല. ആചരണത്തിലാണെങ്കിൽ വേറെ ഒരു നമ്പൂതിരി ഐ.ഡിയുമില്ല.

❑ഇതിന്റെ വേറൊരു വശം പറയാം. അമേരിക്കയിലുള്ള ഒരു ക്രിസ്ത്യാനി സുഹൃത്ത്. പുള്ളി പറഞ്ഞ

ത് ഹിന്ദുക്കൾ അമേരിക്കയിൽ ചെന്നാൽ ജാതി മതചിന്തയുള്ളവരും ഹിന്ദു ഐഡന്റിറ്റിയെക്കുറിച്ച് വലിയ ബോദ്ധ്യവും അഭിമാനമുള്ളവരുമായി മാറുമെന്നതാണ്. പുള്ളി വിചാരിച്ചു ഇവരൊക്കെ ബി.ജെ.പി കുടുംബത്തിൽ നിന്ന് വരുന്നതാണെന്ന്. പക്ഷേ, അല്ല. മിക്കവരും ഇടതുപക്ഷ പശ്ചാത്തലമുള്ളവരാണ്.

എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചു. ഞാൻ പറഞ്ഞു അമേരിക്ക എന്നു വച്ചാൽ നമുക്ക് വലിയ പരിചയമില്ലാത്ത സ്ഥലമാണല്ലൊ. നമ്മുടെ ഭാഷ സംസാരിക്കുന്നതും നമ്മുടെ മതവിശ്വാസം ആചരിക്കുന്നതും ഒക്കെ അവിടെ കുറവാണ്. അവിടെ ചെല്ലുമ്പോൾ അതുവരെ കമ്മ്യൂണിസ്റ്റുകാരനോ കോൺഗ്രസുകാരനോ ഒക്കെയായി നടക്കുന്നവൻ അവന്റെ ഉള്ളിലെ ഹിന്ദു അല്ലെങ്കിൽ നായർ അല്ലെങ്കിൽ നമ്പൂതിരി പുറത്തു വരും.

കേരളത്തിലെ നായരേക്കാൾ സ്ട്രോങ് ആയ നായരായിരിക്കും അമേരിക്കയിലെത്തുന്ന നായർ. അതിനെപ്പറ്റി മന്നത്തുപദ്മനാഭപിള്ള സാറ് പറഞ്ഞിട്ടുണ്ട്. കോട്ടയം ജില്ലയിലെ പരിപ്പ് എന്നൊരു സ്ഥലത്ത് പുള്ളി കരയോഗം ഉദ്ഘാടനത്തിന് ചെന്നു. പരിപ്പിൽ നായരുണ്ട് എന്നറിയുന്നതിലും നായർക്ക് പരിപ്പുണ്ട് എന്നറിയുന്നതിലും സന്തോഷിക്കുന്നു. നായർക്ക് ഇവിടെ ഉള്ള പരിപ്പല്ല, അമേരിക്കയിലും ബ്രിട്ടനിലും ചെല്ലുമ്പോൾ പരിപ്പ് ശക്തിപ്പെടും. അത് കൾച്ചറൽ പ്രശ്നമാണ്.

● ഈ തമാശ പറയാമെങ്കിലും ആർക്കെങ്കിലും എന്തെങ്കിലും പ്രോബ്ളം ഉണ്ടോ ഇപ്പോൾ. ഒരു പ്രത്യേക സമുദായത്തിൽ ആയതു കാരണം?

❑പല ഘട്ടങ്ങളിലും വിലപേശൽ നടത്തേണ്ടി വരും. സാമുദായികമായിത്തന്നെ ചോദിക്കേണ്ടി വരും. അപ്പോൾ സംഘടന അനിവാര്യമാണ്. അല്ലെങ്കിൽ ഇന്നത്തെ നിലക്ക് നടക്കില്ല. സാമൂഹ്യമായ കാര്യത്തിനായാലും പിഎസ്സി നിയമനത്തിനായാലും സംവണത്തിനായാലും രാഷ്ട്രീയമായാലും ശക്തമായ നിലപാട് എടുക്കാൻ അത് വേണ്ടി വരും. നമ്മുടെ ജനാധിപത്യം ഇപ്പോഴും ശൈശവദശയിൽ തന്നെയാണ്.

● അത് പക്ഷേ, വോട്ട് ബാങ്ക് ഉള്ളവർക്കല്ലേ പറ്റൂ. ചെറിയ സമുദായങ്ങൾക്ക് അതു പറ്റുമോ.

❑അവിടെയാണ് ഞാൻ പറയാൻ വന്നത്. പ്രബല സമുദായങ്ങളെ വച്ച് മറ്റുള്ളവരെ അളക്കരുത്. കേരളത്തിൽ ശരിക്കും നാല് സമുദായങ്ങൾക്കേ വില പേശൽ ശക്തിയുള്ളൂ. നായർ, ഈഴവ, ക്രിസ്ത്യൻ, മുസ്ളീം. നാലും ശക്തമാണ്.

● രണ്ടു ജാതികളും രണ്ടു മതങ്ങളും.

❑അവരുടെ വിലപേശൽ ശക്തി കൂടിയും കുറഞ്ഞുമിരിക്കും. ക്രിസ്ത്യൻ എന്നു പറഞ്ഞാൽ തന്നെ ഒറ്റ യൂണിറ്റല്ല. മുന്നോക്കമായ സുറിയാനി




**പല ഘട്ടങ്ങളിലും വില പേശൽ നടത്തേണ്ടി വരും. സാമുദായികമായിത്തന്നെ ചോദിക്കേണ്ടി വരും. അപ്പോൾ സംഘടന അനിവാര്യമാണ്. അല്ലെങ്കിൽ ഇന്നത്തെ നിലക്ക് നടക്കില്ല. സാമൂഹ്യമായ കാര്യത്തിനായാലും പി എസ് സി നിയമനത്തിനായാലും സംവണത്തിനായാലും രാഷ്ട്രീയമായാലും ശക്തമായ നിലപാട് എടുക്കാൻ അത് വേണ്ടി വരും. നമ്മുടെ ജനാധിപത്യം ഇപ്പോഴും ശൈശവദശയിൽ തന്നെയാണ്.**

ക്രിസ്ത്യൻ ഉണ്ട് പിന്നാക്കമായ ലത്തീൻ ക്രിസ്ത്യാനിയുണ്ട്, അവശക്രിസ്ത്യാനി. പരമദാരിദ്ര്യത്തിൽ കഴിയുന്ന ദളിത് ക്രിസ്ത്യാനിയുണ്ട്. പേരറിയാത്ത നിരവധി അനവധി അവാന്തര വിഭാഗങ്ങളുണ്ട്. ഇവർക്കൊന്നും ഒരു ബാർഗെയിനിംഗ് പവറും ഇല്ല. ക്രിസ്ത്യാനി എന്നു പറഞ്ഞാൽ മാണിസാറിനെയാണ് മനസ്സിൽ കാണുന്നത്. മാണിസാറല്ല ക്രിസ്ത്യാനി. താഴെക്കിടയിൽ നിൽക്കുന്ന ക്രിസ്ത്യാനികൾക്ക് യാതൊരു വിലപേശൽ ശക്തിയുമില്ല. അവന്റെ ശക്തി കൂടി ഉപയോഗിച്ച് മറ്റവനാണ് വിലപേശി കാര്യങ്ങൾ നേടുന്നത്.

● ഈ ഗ്രൂപ്പ് സംഘടിച്ചിട്ട് കാര്യമുണ്ടോ എന്നാണ് ചോദ്യം.?

❑സംഘടിക്കണം. കാര്യമുണ്ടോ എന്നത് വേറെ കാര്യം.

● ഉദാഹരണത്തിന് നമ്പൂതിരി. ജനസംഖ്യ കുറഞ്ഞ സമുദായം.?

❑എൻ എസ് എസ് മുഴുവൻ നായന്മാരെയും റെപ്രന്റ് ചെയ്യുന്നുണ്ടോ എന്നതല്ല ചോദ്യം. ആ സമുദായത്തിന് വേണ്ടി വില പേശാൻ എൻ എസ് എസേ ഉള്ളൂ എന്നതാണ്.

● അതു ശരിയാണ്.




കേരളത്തിൽ ശരിക്കും നാല് സമുദായങ്ങൾക്കേ വിലപേശൽ ശക്തിയുള്ളൂ. നായർ, ഈഴവ, ക്രിസ്ത്യൻ, മുസ്ളീം. നാലും ശക്തമാണ്. നമ്പൂതിരി വിഭാഗത്തിന് വിലപേശൽ ശക്തിയില്ല. അമ്പലവാസികളുടെ കാര്യവും അങ്ങനെ. പുഷ്പക നമ്പീശൻമാര്, പിഷാരടി. വിൽക്കുറുപ്പ് സമുദായം, പത്മശാലിയ, വീരശൈവ. അവർക്കൊന്നും യാതൊരു വിലപേശൽ ശക്തിയുമില്ല. ചീളു കേസുകളാണ്.

❑എല്ലാ ഈഴവരും വെള്ളാപ്പള്ളി നടേശന്റെ നേതൃത്വം അംഗീകരിക്കുന്നുണ്ടോ. തീർച്ചയായിട്ടും ഇല്ല. പക്ഷേ സമുദായത്തിനു വേണ്ടി വില പേശാൻ നടേശനു മാത്രമേ പറ്റുള്ളൂ.

● അതേയതേ.

❑ഞാൻ ഈഴവനാണ് അതിനാൽ സമുദായത്തിനു വേണ്ടി ഞാൻ ചോദിക്കുന്നു എന്നു പറഞ്ഞാൽ ആരും മൈൻഡ് ചെയ്യില്ല. സമുദായത്തിന് വേണ്ടി നടേശഗുരു തന്നെ ചോദിക്കണം. അവിടെയാണ് പ്രശ്നം. അപ്പോൾ അതുകൊണ്ട് സംഘടന വേണം.

● അപ്പോഴും ചെറിയ ജനസംഖ്യയുള്ളവരുടെ കാര്യം നടക്കുമോ?

❑അതാണ് പറയുന്നത്. ചെറിയ ജനസംഖ്യയുള്ളവരുടെ കാര്യം.

● ഉദാഹരണത്തിന് നമ്പൂതിരി. രണ്ട് ലക്ഷത്തിൽ താഴെ മാത്രം.?

❑നമ്പൂതിരി വിഭാഗത്തിന് വിലപേശൽ ശക്തിയില്ല. അമ്പലവാസികളുടെ കാര്യവും അങ്ങനെ. പുഷ്പക നമ്പീശൻമാര്, പിഷാരടി.

● വാര്യർ, മാരാർ.

❑അതേ, മാരാരെ പിന്നെ നായരുടെ കൂട്ടത്തിൽ പെടുത്താം. കരുണാകരൻ മാരാരല്ലേ. ഇവർക്കൊന്നും വിലപേശൽ ശക്തിയില്ല. ഇവരൊക്കെ എണ്ണത്തിൽ കുറവാണ്. അതൊക്കെ പോട്ടെന്ന് വെയ്ക്കാം. ദാരിദ്ര്യത്തിൽ കഴിയുന്ന ചില സമുദായങ്ങളില്ലേ. ഉദാഹരണത്തിന് കുംഭാര സമുദായം. മൺപാത്രം ഉണ്ടാക്കുന്നവർ. അവർ എത്രയോ കുറവാണ്. വിശ്വകർമ്മ സമുദായം, അവരൊക്കെ ചിതറിക്കിടക്കുകയാണ്. ഫലമില്ല. ധീവര സമുദായത്തിന് കുറച്ച് സൗകര്യമുണ്ട്. അവർ തീരദേശത്ത് ഒന്നിച്ച് നിൽക്കുകയാണ്.

● കോവളം, പാറശ്ശാല, നെയ്യാറ്റിൻകര..

❑നാടാർ സമുദായം തെക്കൻ തിരുവിതാംകൂറിൽ മാത്രം. അവർക്ക് പിടിച്ച പിടിയാലേ കാര്യങ്ങൾ നടത്താൻ പറ്റും. അങ്ങനെ അല്ലാത്ത ചെറിയ സമുദായങ്ങളുണ്ട്. കുംഭാരന്മാരെ നോക്കിയാൽ മതി. വിൽക്കുറുപ്പ് സമുദായം, പത്മശാലിയ, വീരശൈവ. അവർക്കൊന്നും യാതൊരു വിലപേശൽ ശക്തിയുമില്ല. ചീളു കേസുകളാണ്.

● എന്റെ പോയിന്റ് ഇതാണ്. ഇവർ സംഘടിച്ചിട്ട് എന്തു കാര്യം.? നാട്ടിൻപുറത്ത് യൂത്ത് ക്ളബ്ബും വായനശാലയും നടത്തുന്ന പോലെ, വൈകീട്ടത്തെ ഒരു ഗെറ്റ് ടുഗെദർ. ഒരു ചായേം പഴം പൊരീം ബിസ്ക്കറ്റും കഴിക്കാം എന്നല്ലാതെ എന്തു കാര്യം.? പൊളിറ്റിക്കൽ ബാർഗെയിനിംഗും പറ്റില്ല, സാമൂഹ്യ പരിഷ്കാരവും പറ്റില്ല. വാർഷിക വരിസംഖ്യ പിരിക്കാം, എവിടെങ്കിലും ഒരു വാർഷിക കുടുംബയോഗം ചേരാം. മറ്റൊന്നും പറ്റില്ല.

❑പത്രത്തിൽ പടം കൊടുക്കാം. സംസ്ഥാന പ്രസിഡണ്ട് സെക്രട്ടറിമാരുടെ.

● എം. എൽ എയോ എം പിയോ വന്നാൽ വന്നു. അത്രയേ ഉള്ളൂ. അവരു പ്രസംഗിച്ചു പോവും.

❑എന്റെ അഭിപ്രായത്തിൽ ഇങ്ങനെയുള്ള സംഘടനകൾക്കെല്ലാം കൂടി ഒരു അമ്പ്രല്ലാ ഓർഗനൈസേഷൻ ഉണ്ടാക്കണം. ഞാനത് വെള്ളാപ്പള്ളി നടേശനെ കാണുമ്പോഴൊക്കെ പറയാറുണ്ട്.

● ബി ഡി ജെ എസ് ഉണ്ടാക്കുമ്പോൾ ഉപദേശം നൽകാൻ പോയ ആളാണല്ലൊ താങ്കൾ ?

❑ബി ഡി ജെ എസ് ഉണ്ടാക്കുമ്പോൾ മാത്രമല്ല പിന്നെയും കാണുമ്പോഴൊക്കെ പറയാറുണ്ട്. പിന്തള്ളപ്പെട്ടു പോയ ഒരു പാട് ചെറിയ സമുദായങ്ങൾ ഉണ്ട്. പട്ടികസമുദായത്തിൽ തന്നെ മണ്ണാൻ, പെരുവണ്ണാൻ തുടങ്ങി ഒരുപാട് പിന്തള്ളപ്പെട്ട സമുദായങ്ങളുണ്ട്. പുലയർക്ക് മാത്രമേ ശരിക്കൊരു വിസിബിലിറ്റി ഉള്ളൂ. സംവരണം കിട്ടും എന്നതൊഴിച്ചാൽ മറ്റൊന്നും കിട്ടാത്തവർ. സംഘടിക്കാനോ വിലപേശാനോ കഴിയുന്നില്ല. എസ് എൻ ഡി പി പോലൊരു സംഘടനയ്ക്ക് അതിന്റെ രക്ഷാകർത്തൃത്വസ്ഥാനത്ത് നിന്നിട്ട്, ഇതിന് മുൻകയ്യെടുക്കാൻ പറ്റും. ശ്രീനാരായണഗുരു ഉദ്ദേശിച്ചത് ഈഴവരുടെ മാത്രം ഉന്നമനമല്ല.

സവർണ്ണ സമുദായക്കാരെ സംബന്ധിച്ച് എൻ എസ് എസും ഇങ്ങനെയൊരു ലീഡ് എടുക്കേണ്ടതാണ്. വാര്യർ സമാജം, ഷാരടി സമാജം പോലുള്ള

സാമഗ്രികളൊക്കെ ഒരു കുടക്കീഴിൽ കൊണ്ടു വരാൻ പറ്റണം. അവിടെ സുകുമാരൻ നായര് വല്യേട്ടൻ മനോഭാവം എടുക്കരുത്. ഒരു ഫെഡറൽ സ്ട്രക്ച്ചറിൽ.

● ആർ എസ് എസ് ഏതാണ്ട് ഇതല്ലേ ചെയ്യുന്നത്. അവർക്ക് ജാതി ഇല്ലല്ലൊ.?

❑അവർക്ക് വേറെ പ്രശ്നമുണ്ട്. ആർ എസ് എസും മാർക്സിറ്റ് പാർട്ടിയും തമ്മിൽ വലിയ സാദൃശ്യമുണ്ട്. മാർക്സിറ്റുകാർ മതത്തിലും ആർ എസ് എസുകാർ ജാതിയിലും വിശ്വസിക്കുന്നില്ല എന്നതാണത്.

● നല്ല ഒബ്സർവേഷൻ.

❑ജാതീയമായ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കാനേ അവർ ശ്രമിക്കൂ. അല്ലാതെ ജാതിയെ എടുത്തു പറഞ്ഞ് ആനുകൂല്യങ്ങൾ മേടിച്ചു കൊടുക്കാൻ ആർ എസ് എസിനു കഴിയില്ല. ജാതിയില്ലാത്ത സൊസൈറ്റിയിലാണ് അവർ വിശ്വസിക്കുന്നത്. സംഘത്തിനകത്ത് ജാതീയമായ ഉച്ചനീചത്വങ്ങൾ ഇല്ല. നമ്പൂരി മുതൽ നായാടി വരെ എല്ലാരും ഉണ്ട്. അതിനകത്ത് പിന്നെ ജാതി എന്ന വാക്ക് അവർക്ക് മിണ്ടാൻ പറ്റില്ല.

● അതു ശരിയാണ്.

❑പിന്തള്ളപ്പെട്ടു പോയ സമുദായത്തെ ഒരുജാതി എന്ന പേരിൽ കൈ പിടിച്ച് ഉയർത്താനോ അവർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ വാങ്ങിക്കൊടുക്കാനോ കഴിയില്ല.

● ജാതി എന്ന സ്പേയ്സ് അംഗീകരിച്ചിട്ടില്ലെങ്കിൽ അതൊരു പ്രശ്നമാണ്.

❑അതേ അതു തന്നെയാണ് മാർക്സിസ്റ്റ് പാർട്ടിയുടെയും പ്രശ്നം. അവർക്കും ഈ പരിമിതിയുണ്ട്. മതമാണ് അവർക്ക് പ്രശ്നം.

● അവരുടെ ജീവൻ മതമില്ലാത്തതാണ് അല്ലേ.?

❑പിന്തള്ളപ്പെട്ട ജാതി ഉണ്ട് എന്ന് പറഞ്ഞാലാണല്ലൊ അവരുടെ പ്രോബ്ളം പരിഹരിക്കേണ്ടതുള്ളൂ. ആർ എസ് എസിന് പിന്തള്ളപ്പെട്ട ഹിന്ദുവിനെ മാത്രമേ കാണാൻ പറ്റൂ. പിന്തള്ളപ്പെട്ട മണ്ണാനെയോ വിൽക്കുറുപ്പിനെയോ അഡ്രസ് ചെയ്യാൻ പറ്റില്ല.

● അതേപോലെ മറ്റൊന്ന് പറയാം. ബ്രാഹ്മണിക്കൽ ഹെജിമണി. ഈ സാധനം ഇല്ലല്ലൊ. കേരളത്തിൽ എടുത്താൽ മൂന്നര കോടി ജനങ്ങളിൽ രണ്ടു ലക്ഷത്തിൽ താഴെയാണ് ബ്രാഹ്മണർ. ഒരു സ്ഥലത്തും പവറിൽ ഇല്ലാത്തവർ. മാക്സിമം ഉണ്ടാവുക എൽ പി സ്കൂൾ മാഷാണ്. അല്ലാതെ സൊസൈറ്റിയിൽ ഡിസിഷൻ എടുക്കാവുന്ന ഒരു പൊസിഷനിലും അവരില്ല. എന്നിട്ടും ഹെജിമണി എന്നു പറയുന്നതിനോട് എന്തു പറയുന്നു.

❑എപ്പോഴും അപരസ്ഥാനത്ത് നിർത്താൻ ഒരു ശത്രു വേണം. ഇന്ന ആളാണ് നമ്മുടെ മുഖ്യശത്രു എന്ന് പറയണം. അതുകൊണ്ടാണല്ലൊ ജർമ്മൻകാർ ജൂതന്മാരെ വെറുത്തത്. ജൂതന്മാരെ പെട്ടെന്ന് അപരന്മാരാക്കാൻ പറ്റും. യൂറോപ്പിന്റെ ആ ഭാഗത്ത് മുസ്ലീങ്ങൾ ഇല്ല. മുസ്ലീങ്ങൾ ഉണ്ടെങ്കിൽ അവരെ



ആക്കാമായിരുന്നു. യൂറോപ്യൻ സംസ്കാരത്തിന് ഒരു നിലയിലും പൊരുത്തപ്പെടാതെ നിൽക്കുന്നത് യഹൂദരാണ്. വളരെ പെട്ടെന്ന് അവരെ അപരവൽക്കരിക്കാൻ പറ്റും. ഹിറ്റ്ലർ ഇത് വളരെ വിജയകരമായി നടപ്പാക്കി. പിന്നെ സ്റ്റാലിനും ഉപയോഗിച്ചു.

അതുപോലെ കേരളത്തിൽ നമുക്ക് വേറെ ഒരാളെ ചൂണ്ടിക്കാണിക്കാൻ പറ്റില്ല, നായന്മാരെ അപര സ്ഥാനത്ത് നിർത്തിയാൽ നല്ല ഇടി വച്ചു കൊടുക്കും. പിന്നെ എല്ലാ പാർട്ടികളുടെയും നായക സ്ഥാനത്ത് നായന്മാർ ഉള്ളതുകൊണ്ട് അങ്ങനെ പറയാൻ പറ്റില്ല.

● അല്ലല്ല അതു മാറുന്നുണ്ട്. ഈഴവരിലേക്ക് എത്തുന്നുണ്ട് നായകസ്ഥാനം.

❑അതല്ല, പിണറായി വിജയന്റെ മന്ത്രിസഭയിൽ പത്തോ പതിനൊന്നോ പേർ നായന്മാരാണ്. ഇത്ര നായർ റെപ്രസെന്റേഷൻ കിട്ടിയ ഒരു മന്ത്രിസഭയില്ല. രാജീവ്, ബാലഗോപാൽ, രാജേഷ്, ഗണേഷ് കുമാർ, രാജൻ, അനിൽ, ശിവൻ കുട്ടി, ബിന്ദു. ഏതു വകുപ്പാണ് ബാക്കിയുള്ളത്.

● എനിക്ക് ഒരു കൗതുകം കൂടിയുണ്ട്. ഒരു കമ്മ്യൂണിസ്റ്റുകാരനായ താങ്കൾ ഇങ്ങനെ കമ്മ്യൂണിറ്റിയിലേക്ക് ഇറങ്ങി ചിന്തിക്കുന്നതിന്റെ ബേയ്സ് എന്താ.

❑ജാതി ഒരു വലിയ സാമൂഹ്യയാഥാർത്ഥ്യമാണ്. നമ്മൾ കണ്ണടച്ച് ഇരുട്ടാക്കിയാലൊന്നും പ്രശ്നം ഇല്ലാതാവില്ല. കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിനു പറ്റിയ ഏറ്റവും വലിയ പരാധീനത അവർ ജാതിയെ അഭിസംബോധന ചെയ്തില്ല എന്നതാണ്.

നമ്മൾ ഹെജിമണിയെ പറ്റിയാണല്ലൊ പറഞ്ഞു വന്നത്. ഹെജിമണി എന്ന് പറയുന്ന സാധനം യഥാർത്ഥത്തിൽ ഇല്ല, പക്ഷേ, വേറൊരു തരത്തിൽ അതുണ്ട്. അത് യഥാർത്ഥത്തിൽ ഇല്ലെങ്കിലും താത്വികമായിട്ട് ഉണ്ട്. കേരളീയ സംസ്കാരം കരുപ്പിടിപ്പിച്ചത് നമ്പൂതിരിമാരും അതിനേക്കാൾ കൂടുതലായി നമ്പൂതിരി സംവിധാനം പിൻതുടരുന്നവരും ചേർന്നാണ്. നമ്പൂതിരിമാരുടെ പൈതൃകം അവകാശപ്പെടുന്ന രണ്ട് പ്രബല സമുദായം കേരളത്തിലുണ്ട്. ഒന്ന് നമ്പൂരി സംബന്ധം കൊണ്ട് അർദ്ധബ്രാഹ്മണരായി തീർന്ന നായന്മാർ.

● മന്നത്തിന്റെ ഒക്കെ അച്ഛൻ നമ്പൂതിരിയാണെന്ന് കേട്ടിട്ടുണ്ട്.

❑അത് വേറെ കഥ. നമ്പൂതിരി നായർ അമ്പലവാസി സമുദായങ്ങളൊക്കെ തമ്മിൽ ആന്തരികമായൊരു ഐക്യമുണ്ട്. അവര് നമ്പൂതിരിമാർ ഉണ്ടാക്കിയ സംവിധാനത്തെ പിൻതുടരുന്നവരാണ്.

● നായന്മാരും അമ്പലവാസികളും ഉൾപ്പെടെയുള്ള ഗ്രൂപ്പ്.

❑അതേ, സാംസ്കാരിക സാഹിത്യമേഖലകളിൽ ഇവരാണ് മുൻ പന്തിയിൽ. വള്ളത്തോൾ നാരായണ മേനോൻ, ഉള്ളൂർ പരമേശ്വര അയ്യർ, ഒ എൻ വി കുറുപ്പ്, എം ടി വാസുദേവൻ നായർ. ഇവരെല്ലാം പിന്തുടരുന്നത് ആ ഒരു സാഹിത്യ പാരമ്പര്യമാണ്. പൊതുവിൽത്തന്നെയും കഥകളി, മോഹിനിയാട്ടം, കൂത്ത് ഓട്ടൻ തുള്ളൽ ഇതൊക്കെ സവർണ്ണ സ്വഭാവമുള്ള കലകളാണ്. ക്ഷേത്രകലകൾ, മ്യൂറൽ പെയിന്റിംഗ്. അങ്ങനെയുള്ള കാര്യങ്ങൾ. സിനിമാപാട്ടുകളിൽപ്പോലും. ഇങ്ങനെ മൊത്തത്തിൽ സവർണ്ണമേധാവിത്വം സാംസ്കാരിക രംഗത്തുണ്ട്.

സുറിയാനി ക്രിസ്ത്യാനികളും നമ്പൂതിരിമാരുടെ പാരമ്പര്യം അവകാശപ്പെടുന്നവരാണ്. ബ്രാഹ്മണ്യം കൊണ്ട് കുന്തിച്ചു കുന്തിച്ചു എന്ന് പറയുന്ന അവസ്ഥയിലാണ് അവർ. അവന്റെ വീട് പറവൂറിനടുത്ത് മാല്യങ്കര ആണെന്ന് പറയും. തോമാശ്ളീഹ വന്നപ്പം മോരിൻവെള്ളം കുടിച്ചത് അവന്റെ വീട്ടിൽ നിന്നാണെന്ന് പറയും. അവന്റെ അപ്പാപ്പന്റെ അപ്പാപ്പൻ മാർപ്പാപ്പയുടെ ഒന്നിച്ച് വന്നതാണെന്നും പറയും. നമ്പൂരിമാരെ തോമാശ്ളീഹ നേരിട്ട് മാർഗ്ഗം കൂട്ടിയവരാണ് എന്നു വിശ്വസിക്കുന്നവർ. സുറിയാനിക്കാരുടെ പുലകുളി പോലും നമ്പൂതിരിമാരെപ്പോലെയാണ്. 41ാം ദിവസമാണ്. നമ്പൂതിരിമാരുടെ ഈച്ചക്കോപ്പിയാണ്. സൂക്ഷിച്ചുനോക്കിയാലേ കാണൂ എന്നു മാത്രം.

● നമ്പൂതിരിമാരുടെ പുല നാല്പത്തൊന്ന് ദിവസം

> പരമ്പരാഗതമായി പാർശ്വവത്കരിക്കപ്പെട്ട വിഭാഗക്കാർക്ക് അല്ലെങ്കിൽ പട്ടികജാതിയിൽ നിന്ന് മതം മാറിയ മുസ്ളീം വിഭാഗങ്ങൾക്ക് അല്ലെങ്കിൽ ഈഴവരാവാം. അവർക്ക് അഭിജാത വിഭാഗം എന്നു പറയുന്ന സുറിയാനി ക്രിസ്ത്യാനികളോടും സവർണ്ണ ഹിന്ദുക്കളോടും ഉള്ള ഈർഷ്യക്ക് പറയുന്ന വേറെ വാക്കാണ് ബ്രാഹ്മണിക്കൽ ഹെജിമണി. ഹെജിമണിക്കകത്ത് നമ്പൂരിമാരോ അല്ലെങ്കിൽ പട്ടന്മാരോ അല്ല വരുന്നത്. സുറിയാനി ക്രിസ്ത്യാനികളും നായന്മാരുമാണ്.





സവർണ്ണ ഫാസിസ്റ്റ് എന്നൊക്കെ പറയുന്ന സാധനം ഉണ്ടല്ലൊ. അതൊക്കെ വെറുതെ കൂട്ടിചേർക്കുന്നതാണ്. അതിന് മലയാളത്തില് വേറെ വാക്ക്ണ്ട്. ഞാനിപ്പം പറയുന്നില്ല. അതൊക്കെ കാലാകാലങ്ങളിൽ പല ആൾക്കാരും വയറ്റിപ്പിഴപ്പിന് വേണ്ടി പറയുന്നതാണ്.



ഇല്ല ട്ടോ.

❑ദീക്ഷ മുറിക്കുന്നത് നാല്പത്തൊന്ന് ദിവസം കഴിഞ്ഞല്ലേ?

● മുമ്പ് ഒരു വർഷത്തെ ദീക്ഷയായിരുന്നു. പിന്നെ നാല്പത്തൊന്നിലേക്ക് ചുരുക്കി.

❑അതുപോലെ കല്യാണം കഴിഞ്ഞ പെണ്ണുങ്ങൾ വീടു വിട്ട് പോവുന്നത് അമ്മി ചവിട്ടിയിട്ടാണല്ലൊ. കല്യാണം കഴിപ്പിച്ചാൽ പിന്നെ ചെക്കന്റെ വീട്ടിലാണല്ലൊ. ആ ഒരു സാധനം ഇവരും ഫോളോ ചെയ്യുന്നുണ്ട്. അവർ അതിൽ ഊറ്റം കൊള്ളുന്നു എന്നാണ് ഞാൻ പറഞ്ഞു വരുന്നത്.

ഇതിൽ പെടാത്തവർക്ക് ഈ വിഭാഗത്തിൽ പെട്ടവരോടുള്ള ഭയങ്കര അസൂയ എന്നാണോ പറയേണ്ടത് എന്നറിയില്ല ഈർഷ്യ എന്നു പറയാം. പരമ്പരാഗതമായി പാർശ്വവത്കരിക്കപ്പെട്ട വിഭാഗക്കാർക്ക് അല്ലെങ്കിൽ പട്ടികജാതിയിൽ നിന്ന് മതം മാറിയ മുസ്ളീം വിഭാഗങ്ങൾക്ക് അല്ലെങ്കിൽ ഈഴവരാവാം. അവർക്ക് അഭിജാത വിഭാഗം എന്നു പറയുന്ന സുറിയാനി ക്രിസ്ത്യാനികളോടും സവർണ്ണ ഹിന്ദുക്കളോടും ഉള്ള ഈർഷ്യക്ക് പറയുന്ന വേറെ വാക്കാണ് ബ്രാഹ്മണിക്കൽ ഹെജിമണി. ഹെജിമണിക്കകത്ത് നമ്പൂരിമാരോ അല്ലെങ്കിൽ പട്ടന്മാരോ അല്ല വരുന്നത്. സുറിയാനി ക്രിസ്ത്യാനികളും നായന്മാരുമാണ്. അതാണ് അതിന്റെയൊരു ശരിക്കുള്ള സാംസ്കാരിക പരിപ്രേക്ഷ്യം. സൈക്കോളജിക്കലായിട്ടാണ് പറഞ്ഞത്. അത് പാവപ്പെട്ട നമ്പൂരിയുടെയോ പട്ടരുടെയോ മേലല്ല തീർക്കുന്നത്. വേറെ രീതിയിലാണ്.

● സവർണ്ണ ഫാസിസ്റ്റ് എന്നൊക്കെ പറയുന്ന സാധനം ഉണ്ടല്ലൊ

❑അതൊക്കെ വെറുതെ കൂട്ടിചേർക്കുന്നതാണ്. അതിന് മലയാളത്തില് വേറെ വാക്ക്ണ്ട് ഞാനിപ്പം പറയുന്നില്ല. അതൊക്കെ കാലാകാലങ്ങളിൽ പല ആൾക്കാരും വയറ്റിപ്പിഴപ്പിന് വേണ്ടി പറയുന്നതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് പറ്റിയ ഒരു കുഴപ്പം. ജാതിയെ അംഗീകരിക്കാത്തതാണ്. വളരെ സങ്കീർണ്ണമായ ഒരു പ്രതിഭാസമാണ് ജാതി. ഇതിനെ ഒരു തരത്തിലും ഇവർ അഭിസംബോധന ചെയ്യാൻ കൂട്ടാക്കിയില്ല.

അവർ കംപ്ളീറ്റ് കാര്യങ്ങളെയും വർഗ്ഗ വിശകലനത്തിൽ അളക്കാൻ ശ്രമിച്ചു. അതായത് ചൂഷകൻ ചൂഷിതൻ, ജന്മിയും കുടിയാനും, മുതലാളിയും തൊഴിലാളിയും. ഈ രീതിയിൽ മാത്രമേ ഇവർക്ക് ചിന്തിക്കാൻ പറ്റൂ. അതാണ് ഈ സംവിധാനം വിജയിക്കാതെ പോയതിന്റെ ഒരു കാരണം. ഇന്ത്യയിൽ ജാതി സംവിധാനത്തെ ആദ്യം മുതൽ അഭിസംബോധന ചെയ്യാൻ ശ്രമിച്ച രണ്ടു നേതാക്കന്മാരേ ഉള്ളൂ. ഒന്ന് അംബേഡ്കർ, മറ്റേത് രാം മനോഹർ ലോഹ്യ.

● നമ്പൂതിരി ജാതിയിലേക്ക് ഒന്നു കൂടി ഇറങ്ങി വന്നാൽ എന്തു തോന്നുന്നു. പുതിയ കാലത്തെ നമ്പൂതിരി ഫേയ്സ് ചെയ്യുന്ന എന്തെങ്കിലും പ്രോബ്ളം, ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ?

❑നമ്പൂതിരിമാർ ഇപ്പോഴും പഴമയുടെ കെട്ടുപാടുകളിൽ നിന്ന് പൂർണ്ണമായും മോചിതരായിട്ടില്ല. അതായത് പഴയകാലത്തിന്റെ ഹാങ് ഓവർ മാറിയിട്ടില്ല. വളരെ പുതിയ തലമുറ അതുകൊണ്ടു തന്നെ പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ സന്നദ്ധമല്ല, അവരെ സജ്ജമാക്കാൻ പഴയ തലമുറക്ക് സാധിച്ചിട്ടുമില്ല.

● പുതിയ തലമുറ ഇപ്പോൾ കമ്മ്യൂണിറ്റിയിൽ നിന്ന് പുറത്തു ചാടിയല്ലൊ.?

❑അതൊക്കെ വെറുതെ പറയുകയാണ്. അവരുടെ സാംസ്കാരിക വ്യക്തിത്വം നിലനിർത്തികൊണ്ടു തന്നെ, അങ്ങനെയാണല്ലൊ പുരോഗമിക്കേണ്ടത്. അല്ലാതെ സാംസ്കാരികമായി എല്ലാം നഷ്ടപ്പെടുത്തികൊണ്ടല്ല.

● അതേ.

❑തമിഴ്നാട്ടിൽ നിന്ന് നാട്വിട്ടു പോവുന്ന തമിഴ് ബ്രാഹ്മണർ അമേരിക്കയിൽ ചെന്നാലും തമിഴ്

കേവലം രണ്ടു ലക്ഷം വരുന്ന നമ്പൂതിരിമാർ മാത്രം മനുഷ്യരായതു കൊണ്ട് ഒരു മാറ്റവും ഉണ്ടാവാൻ പോണില്ല. അതിലും വലിയ ഭോഷ്കത്തരം, അതിലും വലിയൊരു നമ്പൂരി വിഡ്ഢിത്തം ഞാനിതു വരെ കേട്ടിട്ടില്ല. നമ്പൂതിരിമാർ നമ്പൂതിരിമാരാവുക. മറ്റേതിന് ഇനിയും ഒരു പാട് കൊല്ലമെടുക്കും. പതിറ്റാണ്ടുകളല്ല. നൂറ്റാണ്ടുകൾ. സുറിയാനി ക്രിസ്ത്യാനികളും നായന്മാരും ഈഴവരും കുംഭാരരും വിൽക്കുറുപ്പന്മാരും വീരശൈവന്മാരും എന്നു വേണ്ട എല്ലാവരും മനുഷ്യരാവുന്ന ഒരു കാലം വരുന്ന കൂട്ടത്തിൽ നമുക്കും മനുഷ്യരാവാം. അതു വരെ ക്ഷമിക്ക്.

ബ്രാഹ്മണനായി തന്നെ ജീവിക്കും. അമ്മ്യാര് കാലത്തെഴുന്നേറ്റ് വീട്ടിലെങ്കിലും പന്ത്രണ്ട് മുഴം ഉടുക്കും. മുറ്റത്ത് കോലം വരയ്ക്കും. വീട്ടിൽ തമിഴ് മാത്രമേ സംസാരിക്കൂ. എവിടെപ്പോയാലും സാംസ്കാരിക വ്യക്തിത്വം ദൂരെക്കളയില്ല. അതാണ് നമ്മുടെ മാതൃക. അവർ ഇംഗ്ലീഷ് പഠിക്കും ഫ്രഞ്ച് പഠിക്കും ജർമ്മൻ പഠിക്കും. എവിടെപ്പോയാലും പട്ടര് നാലു കാലിലേ വീഴൂ. അവൻ കാഞ്ചീപുരത്തുന്നോ തഞ്ചാവൂരു നിന്നോ കല്യാണം കഴിക്കും.

● ഞാൻ ചോദിക്കാൻ ഉദ്ദേശിച്ച പോയിന്റും ഇതു തന്നെയാണ്. നമ്പർ കുറഞ്ഞ കമ്മ്യൂണിറ്റി. അവരുടെ യൂത്തിന്റെ ഇടയിൽ വല്ലാത്തൊരു ഡൈലമ്മ ഉള്ള പോലെയാണ് കാണുന്നത്. കമ്മ്യൂണിറ്റിയുടെ സ്വത്വം നില നിർത്തികൊണ്ട് മുന്നോട്ടു പോവുക എന്നത് ബുദ്ധിമുട്ടായി വരുമ്പോൾ ഏറ്റവും എളുപ്പപ്പണി കമ്മ്യൂണിറ്റി വേണ്ടെന്നു വയ്ക്കലാണ്.

❑ അത് നിങ്ങൾ തന്നെ തീരുമാനിക്കണം. ഭഗവാൻ ബുദ്ധൻ ശിഷ്യനായ ആനന്ദനോട് പറഞ്ഞത് ആനന്ദാ നിന്റെ വിളക്ക് നീതന്നെ എന്നാണ്. നമ്പൂതിരിമാർ തന്നെ ഉള്ളിലേക്ക് നോക്കണം. ഞാൻ നമ്പൂതിരിയാണ്. എന്റെ ജന്മം കൊണ്ട് അല്ലെങ്കിൽ കർമ്മം കൊണ്ട് ഞാൻ ആർജിച്ച സംസ്കാരം നിലനിർത്തേണ്ടത് എന്റെ ആവശ്യമാണ്. ഞാൻ അതിൽ നിന്ന് വ്യതിചലിക്കുകയില്ല. ഞാൻ ജർമ്മനിയിൽ പോവും ഞാൻ ജപ്പാനിലും പോവും. എവിടെപ്പോയാലും സാംസ്കാരിക വ്യക്തിത്വം നഷ്ടപ്പെടുത്തില്ല. എന്ന് തീരുമാിച്ചാൽ തീരുന്ന പ്രശ്നമേയുള്ളൂ.

● അങ്ങനെ തീരുമാനിക്കാൻ ഒരു സാഹചര്യം വേണ്ടേ, സാമുദായിക സംഘടനകൾ ഉണ്ടായത് അന്നത്തെ സാഹചര്യത്തിലാണല്ലോ. അപ്പോൾ ഇല്ലാതാവാനും സാഹചര്യങ്ങൾ ഉണ്ടാവുമല്ലൊ?

❑ രക്ഷകർത്താക്കൾ മക്കളെ ആ രീതിയിൽ വളർത്തണം. മെൻഡൽ മേയ്ക്കപ്പ്, അവരുടെ സ്വഭാവരൂപീകരണം ആ രീതിയിൽ ആക്കിയെടുക്കണം.

● അങ്ങനെ ചെയ്യേണ്ടതുണ്ടോ, അവിടെയാണ് ചോദ്യം.?

❑ അങ്ങനെ ചെയ്യേണ്ടതുണ്ട്. അല്ലെങ്കിൽ പിന്നെ നമുക്ക് ഈ രാജ്യത്ത് അപ്പൂപ്പൻ താടി പോലെ പറന്നു നടക്കാം. ഞാൻ പറയുന്നത് തമിഴ് ബ്രാഹ്മണരെയാണ് മാതൃകയാക്കേണ്ടത്.

● നമ്പൂതിരിമാര് മനുഷ്യരായിക്കോട്ടെ. നല്ലതല്ലേ.? വെറും രണ്ടു ലക്ഷം പേരല്ലേ ഉള്ളു. അവരുടെ സ്വത്വം തുടച്ചു മാറ്റീട്ട് മനുഷ്യനാവുക, നല്ല ആശയമല്ലേ അത്.?

❑ അങ്ങനെ മനുഷ്യരാവാൻ പാകപ്പെട്ടിട്ടില്ല നമ്മുടെ സമൂഹം. ഒട്ടും സജ്ജമായിട്ടില്ല. സമൂഹം അവരെ സ്വീകരിക്കില്ല. രണ്ട് ലക്ഷം നമ്പൂതിരിമാർ മാത്രം മനുഷ്യനായിട്ട് രാജ്യം നന്നാവുമോ? നല്ല കാര്യം. ഇന്ത്യയുടെ ജനസംഖ്യയെത്രയാണ്. 150 കോടി ആവാറായി. 650 കോടി വരുന്ന ലോക ജനസംഖ്യയിൽ കേവലം രണ്ടു ലക്ഷം വരുന്ന നമ്പൂതിരിമാർ മാത്രം മനുഷ്യരായതു കൊണ്ട് ഒരു മാറ്റവും ഉണ്ടാവാൻ പോണില്ല. അതിലും വലിയ ഭോഷ്കത്തരം, അതിലും വലിയൊരു നമ്പൂരി വിഡ്ഢിത്തം ഞാനിതു വരെ കേട്ടിട്ടില്ല.

● ഇപ്പോൾ നമ്പൂതിരി അങ്ങനെ മനുഷ്യരാവാൻ നോക്കണ്ടാന്ന് അർത്ഥം.

❑ അതേ, നമ്പൂതിരിമാർ നമ്പൂതിരിമാരാവുക. മറ്റേതിന് ഇനിയും ഒരു പാട് കൊല്ലമെടുക്കും. പതിറ്റാണ്ടുകളല്ല. നൂറ്റാണ്ടുകൾ. സുറിയാനി ക്രിസ്ത്യാനികളും നായന്മാരും ഈഴവരും കുംഭാരരും വിൽക്കുറുപ്പന്മാരും വീരശൈവന്മാരും എന്നു വേണ്ട എല്ലാവരും മനുഷ്യരാവുന്ന ഒരു കാലം വരുന്ന കൂട്ടത്തിൽ നമുക്കും മനുഷ്യരാവാം. അതു വരെ ക്ഷമിക്ക്.

● അഡ്വ. ജയശങ്കർ മനുഷ്യനാണോ പിള്ളയാണോ?

❑ നാരായണഗുരു ചോദിച്ച പോലെ കണ്ടിട്ട് മനസ്സിലായില്ലെങ്കിൽ പിന്നെ കേട്ടാൽ മനസിലാവുന്നതെങ്ങനെ.

A. Jayasankar Advocate, Embees building,
Kombara, Market road, Ernakulam,
Kochi Pin 682018 Mobile: 8089040611
പദ്മനാഭൻ നമ്പൂതിരി, മൊബൈൽ: 9400992823

## രക്ഷിതാക്കൾ അറിയേണ്ട പേരന്റിംഗ് അനുഭവം

### മക്കളെ നന്നായി നോക്കിയതു കാരണം അച്ഛനമ്മമാർ

# രാജ് ഭവനിലെത്തി

**ഇത് വിദ്യാരംഭത്തിന്റെ കാലം. പുതിയ കാലത്തിന്റെ ഒരു വിദ്യ പറയാം. മക്കളെ ഏറ്റവും ഉയർന്ന ഉദ്യോഗമായ സിവിൽ സർവീസിൽ എത്തിക്കാനുള്ള വഴി. തന്റെ രണ്ടു മക്കളെയും സിവിൽ സർവീസുകാരാക്കിയ ത്രിവിക്രമൻ പോറ്റിയുടെയും വത്സലയുടെ കഥ.**

**സ്വന്തം ലേഖകൻ**

രണ്ടു മാസം മുമ്പ് ഒരു പോറ്റിക്കും അദ്ദേഹത്തിന്റെ പത്നിക്കും ഗവർണ്ണറുടെ വസതിയായ രാജ്ഭവനിൽ  സ്വീകരണം ലഭിച്ചു. സിവിൽ സർവീസ് കീഴടക്കിയ മക്കൾക്കൊപ്പം. കേരളത്തിലെ വേറൊരു പോറ്റിക്കോ നമ്പൂതിരിക്കോ ഭട്ടതിരിക്കോ എമ്പ്രാന്തിരിക്കോ ലഭിക്കാത്ത ഭാഗ്യം. രണ്ടു മക്കളെയും സിവിൽ സർവീസിലെത്തിച്ച ഒരാളേയുള്ളൂ ഈ വിഭാഗത്തിൽ. തിരുവനന്തപുരം നെടുമങ്ങാട്ടെ വെള്ളനാട് ഗ്രാമത്തിലെ എടമന മഠത്തിലെ ത്രിവിക്രമൻ പോറ്റി.

അദ്ദേഹത്തിന്റെ രണ്ടു മക്കളെയും സ്വസ്തി വായനക്കാർ അറിയും. ആര്യശ്രീയും അഖിലും. രണ്ടുപേരും സ്വസ്തിയുടെ കവർ സ്റ്റോറികളായവരാണ്. ഇതെങ്ങനെ സാധിച്ചു. സംവരണം കാരണം ജോലിയൊന്നും കിട്ടില്ലെന്ന് വിലപിക്കുന്നവർ ധാരാളമുണ്ട് ഇവരിൽ നിന്ന് പഠിക്കാൻ. ആരാണ് ഈ പോറ്റിയും ഭാര്യയും. നമുക്കിടയിലെ ഏറ്റവും മികച്ച രക്ഷിതാക്കൾ.

*ത്രിവിക്രമൻ പോറ്റിയും ഭാര്യ വത്സലയും മക്കളായ ആര്യശ്രീ, അഖിൽ എന്നിവരുമൊത്ത് തിരുവനന്തപുരം രാജ്ഭവനിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനൊപ്പം*






ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനിൽ നിന്ന് അഖിൽ ആദരം ഏറ്റുവാങ്ങുന്നു

## അഭിമാനം തോന്നിയ നിമിഷം

മോൾക്ക് പ്രധാമന്ത്രിയുടെ ഡിന്നറിലേക്ക് ക്ഷണം കിട്ടിയതും മോനെ രാജ്ഭവനിൽ വച്ച് ഗവർണ്ണർ ആദരിച്ചപ്പോൾ ഞങ്ങൾ അച്ഛനമ്മമാർക്കു കൂടി അതിലേക്ക് ക്ഷണം ലഭിച്ചതും. സിവിൽ സർവീസ് ലഭിച്ച കേരളത്തിലെ എല്ലാ കുട്ടികളെയും, അവരുടെ പേരെന്റ്സിനെയും രാജ്ഭവനിൽ നിന്നു ക്ഷണിച്ചിരുന്നു. പ്രോഗ്രാമിന് ശേഷം ചായ സൽക്കാരവും ഉണ്ടായിരുന്നു. വളരെ സന്തോഷം തോന്നി. സ്റ്റേറ്റിന്റെ ഭരണത്തലവൻ എന്ന നിലയിൽ ഗവർണരുടെ ആദരവ് ഈ കുട്ടികൾക്ക് ലഭിക്കുന്നതിൽ. കൂടാതെ ഗവർണരുടെ പ്രസംഗം വളരെ നന്നായിരുന്നു. രാമായണത്തിലെയും ഭഗവദ് ഗീതയിലെയും ശ്ലോകങ്ങൾ പ്രസംഗത്തിലുടനീളം അദ്ദേഹം ഉദ്ധരിച്ചിരുന്നു.

പോറ്റിയാണെങ്കിൽ പത്താം ക്ലാസിൽ രണ്ടു വട്ടം തോറ്റ ആൾ. അമ്മയുടെ ഗർഭത്തിൽ എട്ടുമാസമായിരുന്ന കാലത്ത് തന്നെ കാൻസർ ബാധിച്ച് അച്ഛനെ നഷ്ടപ്പെട്ട ആൾ. പോറ്റിയുടെ പത്നി വത്സലയാണെങ്കിൽ ഒരു ശാന്തിക്കാരന്റെ മകൾ. സ്വസ്തി വായിക്കുന്ന നിങ്ങളിൽ പലരേക്കാളും മോശം അവസ്ഥയിൽ ജനിച്ചു വളർന്നവർ. എന്നിട്ടും, അച്ഛനമ്മമാർ എങ്ങനെയായിരിക്കണമെന്ന് അവർ ജീവിതം കൊണ്ട് കാണിച്ചു. അതിന്റെ റിസൽട്ടാണ് സിവിൽ സർവീസുകാരായ രണ്ടു മക്കൾ.

ശ്രീകൃഷ്ണനെപ്പോലെ എട്ടാമത്തെ സന്തതിയാണ് പോറ്റി. അച്ഛൻ എന്തെന്ന് അനുഭവിച്ചിട്ടില്ല ഇദ്ദേഹം. എന്നാൽ തന്റെ മകനെ അത് നന്നായി അനുഭവിപ്പിച്ചു. സന്തോഷം കൊണ്ട് അച്ഛന്റെ കണ്ണ് നിറയുന്നത് നേരിൽ കാണണമെന്ന് പറഞ്ഞ മകനുണ്ടായി ഈ പോറ്റിക്ക്. അതാണ് ഇമോഷൻ. അതാണ് പാരന്റിംഗ്.

പോറ്റിയുടെ അമ്മ ദ്രൗപദി അന്തർജനം വെറും നാലാം ക്ലാസുകാരിയായിരുന്നു. എന്നിട്ടും, ഭർത്താവ് മരിച്ച കഷ്ടപ്പാടുകളുടെ നടുവിൽപ്പോലും ഏഴുമക്കളെയും സർക്കാർ ജീവനക്കാരാക്കി. ഒരാൾ മാത്രം ശാന്തിക്കാരൻ. പഴയ അനുഭവങ്ങൾ പോറ്റി ഇങ്ങനെ ഓർക്കുന്നു:

'നെടുമങ്ങാട് ഗവ. ഹൈസ്കൂളിലാണ് ഞാൻ പഠിച്ചത്. വർഷത്തിൽ 80 ദിവസം പോലും ക്ലാസുണ്ടാവില്ല. അസംബ്ളി ചേരുമ്പോൾ തന്നെ സമരം. കൂട്ടബെല്ലടിച്ച് സ്കൂൾ വിടും. ട്യൂഷന് വിടാൻ കാശില്ലായിരുന്നു. അങ്ങനെ പത്താം ക്ലാസിൽ തോറ്റു. ഇനിയെന്ത്. ചേട്ടന്മാരെല്ലാം വിവാഹം കഴിഞ്ഞ് വേറെയാണ് താമസം. അമ്മയും ഒരു ചേട്ടനും ഞാനും മാത്രമായി മഠത്തിൽ. പൂജ പഠിച്ചിട്ടില്ലാത്തതിനാൽ മുട്ടുശാന്തിക്കും വഴിയില്ല. ജോലിയില്ലെങ്കിൽ കഴിയാൻ പറ്റാത്ത അവസ്ഥ.'

'ഒരിക്കൽക്കൂടി പരീക്ഷയെഴുതി നോക്കി. തോൽവി തന്നെ ഫലം. എങ്കിൽ ജയിക്കുന്നതു വരെ എഴുതുക. വാശിയായി. ഭാഗ്യം! മൂന്നാം തവണ കടന്നു കിട്ടി. 255 മാർക്കോടെ. ഇനിയോ. കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ പ്രീഡിഗ്രിക്ക് പ്രവേശനം. നാടാർ ക്രിസ്ത്യൻ സമുദായക്കാരുടെ കോളേജാണ് അത്. സമരമില്ല, ബഹളമില്ല. നല്ല അച്ചടക്കം. ജീവിതത്തിൽ ആദ്യമായി സമരമില്ലാത്ത പഠനം അനുഭവിച്ചു. അതായിരുന്നു







ആര്യശ്രീയും അഖിലും. രണ്ടു പേരും സ്വസ്തിയുടെ കവർ സ്റ്റോറികളായവരാണ്. ഇതെങ്ങനെ സാധിച്ചു. സംവരണം കാരണം ജോലിയൊന്നും കിട്ടില്ലെന്ന് വിലപിക്കുന്നവർക്ക് ധാരാളമുണ്ട് ഇവരുടെ അച്ഛനമ്മമാരിൽ നിന്ന് പഠിക്കാൻ. ആരാണ് ഈ പോറ്റിയും ഭാര്യയും? നമുക്കിടയിലെ ഏറ്റവും മികച്ച രക്ഷിതാക്കൾ!!



## ഏറ്റവും കൗതുകം തോന്നിയ സംഭവം

**കവടിയാറിൽ ഒരു മാഷിന്റെ അടുത്ത് മോൾ ട്യൂഷന് പോയിരുന്നു. മോളുടെ നോട്ടുബുക്കുകൾ മാഷ് തിരിച്ചു വാങ്ങിച്ചു. അടുത്തബാച്ചിലെ കുട്ടികളെ കാണിക്കാൻ. ഐ എഫ് എസുകാരിയുടെ നോട്ടുബുക്കാണ് ഇത്. നിങ്ങൾക്കും പറ്റുമെന്ന് മോട്ടിവേറ്റ് ചെയ്യാൻ. കൗതുകം തോന്നി അതിൽ. പിന്നീട് എഴുപതാം റാങ്ക് നേടിയ ഫാബിയാനെയും ആ നോട്ടുബുക്ക് കാണിച്ചിട്ടുണ്ട് മാഷ്.**



*ക്രൈസ്റ്റ് നഗർ സ്കൂളിലെ സ്വീകരണ ചടങ്ങിൽ നിന്ന്*

## റൂഖാൻ ആവാമെങ്കിൽ എന്തുകൊണ്ട് ഷാറൂഖാൻ

തമാശകളിൽ നിന്നു പോലും ചിലപ്പോൾ മോട്ടിവേഷൻ ഉണ്ടാവാറുണ്ട്. ഒരിക്കൽ സ്കൂളിലെ ഒരു സ്റ്റേജ് പരിപാടിയിൽ മകൻ ഷാറൂഖാനെ അനുകരിച്ചു. അവന്റെ ഇഷ്ട നടനാണ് ഷാറൂഖ് ഖാൻ. ടീച്ചർ പറഞ്ഞു നീ റൂഖാനേ ആയിട്ടുള്ളൂ. ഷാറൂഖാൻ ആയിട്ടില്ല. പറഞ്ഞത് തമാശ ആണെങ്കിലും പൂർണ്ണതക്ക് വേണ്ടി വർക്ക് ചെയ്യാനുള്ള പ്രേരണയായി അത്. റൂഖാനെ ഷാറൂഖാൻ ആക്കാൻ ചില അധിക ശ്രമങ്ങൾ വേണം. രക്ഷിതാക്കളും ചില അധികശ്രമങ്ങൾ നടത്തിയാൽ അദ്ഭുതങ്ങൾ സൃഷ്ടിക്കാൻ പറ്റും.

മാറ്റത്തിന്റെ തുടക്കം.'

'സമരമയമായിരുന്ന സർക്കാർ സ്കൂളും സമരമില്ലാത്ത സ്വകാര്യ കോളേജും തമ്മിലുള്ള വ്യത്യാസം അനുഭവിച്ചറിഞ്ഞു. രണ്ടാം ക്ലാസോടെ പ്രീഡിഗ്രി ജയിച്ചു. പിന്നെ, ബി.എ, ബി എഡ്, എം എ അങ്ങനെ നീണ്ടു. ഒറ്റ ദിവസം പോലും വെറുതെയിരിക്കേണ്ടി വന്നില്ല. എം എ പരീക്ഷയുടെ പിറ്റേദിവസം പിഎസ്സി നിയമനം. മലപ്പുറത്തെ താനൂർ പുതിയ കടപ്പുറം സർക്കാർ എൽ പി സ്കൂളിൽ മാഷായി.'

'ഒരു സർക്കാർ സ്കൂൾ എത്ര മോശമായാണ് പ്രവർത്തിക്കുന്നത് എന്ന് വീണ്ടും അനുഭവിച്ചു. പഠിപ്പിക്കാനുള്ള ത്വരയുമായി സ്കൂളിൽ ചേർന്ന മാഷ് ഏറ്റവുമാദ്യം അവിടെ നിന്ന് രക്ഷപ്പെടമെന്ന ചിന്തയിലെത്തി.'

'നിരന്തരം പി.എസ്.സി ടെസ്റ്റുകൾ എഴുതി. വേറെ മൂന്നു ജോലികൾ ഒന്നിച്ച് കിട്ടി. കെ.എസ്.ആർ.ടി.സി കണ്ടക്ടർ, ഹൗസിംഗ് ബോർഡ് അസിസ്റ്റന്റ്, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്. അതിൽ മൂന്നാമത്തേത് സ്വീകരിച്ചു. സ്ഥലം മാറ്റമില്ല, സ്വന്തം നാട്, പിന്നെ ധാരാളം പ്രൊമോഷൻ സാദ്ധ്യതയും. അതായിരുന്നു സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന്റെ ആകർഷണം. പതിനൊന്ന് പ്രൊമോഷന് ഒടുവിൽ ധനകാര്യവകുപ്പിൽ നോൺ ഐ എ എസ് കാഡറിൽ സ്പെഷ്യൽ സെക്രട്ടറിയായി.'

'ആ പദവിക്കും ധനകാര്യമന്ത്രിക്കും ഇടയിൽ രണ്ടു പേർ മാത്രം. അഡിഷണൽ ചീഫ് സെക്രട്ടറിയും എക്സ്പൻഡിച്ചർ സെക്രട്ടറിയും. പത്താം ക്ലാസ് രണ്ടു വട്ടം തോറ്റ ഒരാൾക്ക് എത്താവുന്ന പരമാവധി ഉയരം. തൊട്ടു മുകളിലുള്ളത് ഐ എ എസ് പദവിയിലുള്ള ഉദ്യോഗസ്ഥനാണ്. ധാരാളം ഐ എ എസുകാരുമായി അടുത്ത് ഇടപെട്ടത് പ്രചോദനമായി. മക്കളെ സിവിൽ സർവീസിൽ എത്തിക്കാൻ പ്രേരണയായി.'

>പാരന്റ് എന്ന നിലയിൽ ആദ്യതീരുമാനം?

● സർക്കാർ സ്കൂളിൽ പഠിപ്പിക്കില്ല എന്നത്.

> താങ്കൾ സർക്കാർ സ്കൂളിൽ മാഷായിരുന്നിട്ടും?

● രാഷ്ട്രീയം പഠിക്കാനും പഠിപ്പിക്കാനുമുള്ള കളരിയാണ് സർക്കാർ വിദ്യാലയങ്ങൾ. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സംഘടനാ പ്രവർത്തനമാണ് വലുത്. ഞാൻ അത് അനുഭവിച്ചതാണ്. ആദർശം പ്രസംഗിക്കുന്ന ധാരാളം പേർ തങ്ങളുടെ മക്കളെ സമരമില്ലാത്ത സ്വകാര്യ സ്കൂളുകളിൽ വിടുന്നത് കണ്ടറിയുകയും ചെയ്തു.

>മക്കളെ എവിടെയാണ് ചേർത്തത്

● മകളെ കവഡിയാർ സെന്റ് സാന്താൾ, നന്തൻകോട് നിർമ്മലാ ഭവൻ, പിന്നെ സെന്റ് തോമസിലും. മകനെ ക്രൈസ്റ്റ് നഗറിൽ. മകൾ ബി ടെക്കിനു ശേഷം ഡൽഹി ഐ ഐ ടിയിൽ. അതു കഴിഞ്ഞപ്പോൾ സിവിൽ സർവീസിനു നോക്കി. കിട്ടിയ ജോലി ഉപേക്ഷിച്ചാണ് അവൾ സിവിൽ സർവീസിന് പഠിക്കാൻ തുടങ്ങിയത്. രണ്ടാമത്തെ ശ്രമത്തിൽ ഐ എഫ് എസ് നേടി. മകൻ അഞ്ചാമത്തെ ശ്രമത്തിലാണ് സിവിൽ സർവീസിലെത്തിയത്. അത് കഴിഞ്ഞ ലക്കം സ്വസ്തിയിലുണ്ടല്ലോ.

> മക്കളെ സിവിൽ സർവീസുകാരാക്കാൻ എന്നാണ് തോന്നിയത്.?

● സെക്രട്ടേറിയറ്റിലായിരുന്നല്ലൊ എന്റെ ജോലി. അപ്പോൾ സിവിൽ സർവീസിന്റെ വലിപ്പവും ശക്തിയും തിരിച്ചറിഞ്ഞു. അമ്പലത്തിലെ ശാന്തിക്കാരൻ, വില്ലേജ് ഓഫീസിലെ ക്ളാർക്ക്, എൽ പി സ്കൂളിലെ മാഷ് എന്ന പരമ്പരാഗത ചിന്ത മാറി. എന്റെ അച്ഛൻ മാഷും ഭാര്യയുടെ അച്ഛൻ ശാന്തിക്കാരനുമായിരുന്നു.

> സഹിച്ച ത്യാഗങ്ങൾ?

ഭാര്യ വത്സലയുടെ ഊഴമായി. അവർ വാചാലയാവാൻ തുടങ്ങി.

● ബാങ്കിലായിരുന്നുവല്ലോ ഞാൻ. കുട്ടികളുടെ പഠനം തകരാറിലാവാതിരിക്കാൻ ഞാൻ പ്രൊമോഷൻ ടെസ്റ്റിനു പോയില്ല. മോൾ നിർബന്ധിക്കാൻ തുടങ്ങി. അങ്ങനെയാണ് ടെസ്റ്റ് എഴുതിയത്. പ്രൊമോഷനും ഒപ്പം സ്ഥലം മാറ്റവും. തിരുവനന്തപുരത്ത് നിന്ന് പെരിന്തൽമണ്ണയിലേക്ക്. പ്ളസ് വണ്ണിൽ പഠിക്കുന്ന മകൾ, ആറാം ക്ളാസുകാരനായ മകൻ, സെക്രട്ടേറിയറ്റിൽ ജോലിയുള്ള അച്ഛനും. മൂന്നു പേരടങ്ങുന്ന ആ ജീവിതം ശ്രമകരമായിരുന്നു.

ആ ബുദ്ധിമുട്ടുകൾ ത്രിവിക്രമൻ പോറ്റി വിവരിച്ചു.

'ഞാൻ രാവിലെ നാലു മണിക്ക് എണീക്കും. ഭക്ഷണം തയ്യാറാക്കും. അഞ്ചു മണിക്ക് മോളെ ട്യൂഷന് കൊണ്ടു വിടണം. നാലര കിലോമീറ്റർ അകലെ. പിന്നെ, ട്യൂഷൻ കഴിയുവോളം അവിടെ കാത്തിരിപ്പ്. ഒന്നര മണിക്കൂർ കഴിഞ്ഞാൽ രണ്ടു കിലോമീറ്റർ ദൂരെ മറ്റൊരിടത്ത് മറ്റൊരു ട്യൂഷൻ. തിരിച്ച് വീട്ടിലേക്ക്. ഇതിനിടയിൽ ഭക്ഷണം. മോന് വേണ്ട കാര്യങ്ങൾ ചെയ്യണം. അവനെ സ്കൂളിലെത്തിക്കണം. പിന്നെ ഓഫീസിൽ. വൈകീട്ടും അങ്ങനെത്തന്നെ. രണ്ടു വർഷം ഇതായിരുന്നു ദിനചര്യ. രാവിലെ രണ്ടിടത്ത്, വൈകീട്ട് വേറെ രണ്ടിടത്ത്. ഓരോ വിഷയത്തിനും ഓരോ പ്രഗല്ഭരുടെ കീഴിൽ എന്നതാണ് തിരുവനന്തപുരത്തെ രീതി.'

'താമസം പേരൂർക്കടയിൽ. ജോലി ഏഴു കിലോമീറ്റർ അകലെ സെക്രട്ടേറിയറ്റിൽ. മകളുടെ സ്കൂൾ എട്ടു കിലോമീറ്റർ ദൂരെ മുക്കോലയിൽ. മകന്റെ സ്കൂൾ നാലു കിലോമീറ്റർ അകലെ വെള്ളയമ്പലത്ത്.

## ആൻസർ ടു ദ പോയിന്റ്

● ചെറുതെന്ന് തോന്നുന്ന വലിയ കാര്യം?

❑ കൊടും ചൂട് കാരണം മോൾക്കു വേണ്ടി മുറി എസിയാക്കി.

● പ്രശ്നമുണ്ടായാൽ?

❑ മകൻ പറഞ്ഞ മറുപടിയുണ്ട്. ഫേസ് ഇറ്റ്, നോട്ട് ഫേസ്ബുക്ക് ഇറ്റ്.

● എന്നു വച്ചാൽ?

❑ വാട്ട്സ് അപ്പിൽ സ്റ്റാറ്റസ് ഇട്ടതുകൊണ്ടോ ഫേസ് ബുക്കിൽ പോസ്റ്റ് ഇട്ടതു കൊണ്ടോ നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല.

● അതായത്?

❑ പ്രശ്നം നമുക്കാണെങ്കിൽ പരിഹാരം കാണേണ്ടതും നമ്മൾ തന്നെയാണ്.

● പരീക്ഷ കഴിഞ്ഞു വന്നാൽ ?

❑ ഈസിയാണോ എന്നൊന്നും ചോദിക്കാറില്ല.

● പ്ളസ് ടു മോഡലിന് പരീക്ഷയിൽ നാലു വിഷയത്തിൽ തോറ്റപ്പോൾ ?

❑ മോനെ വഴക്കു പറഞ്ഞിട്ടില്ല. ഹി കാൻ ഡൂ എന്ന് ഉറപ്പുണ്ടായിരുന്നു.

● തോൽവികളെ എങ്ങനെ കാണുന്നു.?

❑ വിജയത്തിന്റെ ചവിട്ടുപടിയായി.

● എങ്ങനെ കഴിയുന്നു അതിന്?

❑ രണ്ടുവട്ടം പത്താം ക്ളാസിൽ തോറ്റിട്ടും സെക്രട്ടേറിയറ്റിൽ എത്തിയതിനാൽ.

● പുസ്തകപ്പുഴു ആവണോ?

❑ ഓവറോൾ പേഴ്സണാലിറ്റി വികസിപ്പിക്കണം. മകനൊക്കെ നല്ല എംപതറ്റിക് ആണ്. ആശുപത്രിയിൽ ബൈസ്റ്റാൻഡർ ആയും മറ്റും പോവാറുണ്ട്.

● കോളേജ് രാഷ്ട്രീയം?

❑ കളിക്കില്ലെന്ന് ഉറപ്പുണ്ടായിരുന്നു. കാരണം ഞങ്ങൾക്ക് രാഷ്ട്രീയമില്ല. സെക്രട്ടേറിയറ്റിൽ ആയിരുന്നതിനാൽ രാഷ്ട്രീയത്തിന്റെ എല്ലാ നെറികേടുകളും അടുത്തു നിന്ന് കണ്ടിട്ടുണ്ട്.

● ത്യജിച്ച കാര്യങ്ങൾ?

❑ ടി.വി കണ്ടിട്ടില്ല. ചിലപ്പോൾ ന്യൂസ് മാത്രം വയ്ക്കും.

● സിനിമ കാണാറില്ലേ?

❑ ഇല്ല എന്നു തന്നെ പറയാം.

● അമ്മാത്ത് പോക്കെല്ലാം?

❑ ചെറുപ്രായത്തിൽ മാത്രമായിരുന്നു.

● ബന്ധുക്കളുടെ വിവാഹം?

❑ ചേട്ടന്റെ മകളുടെ വേളി പരീക്ഷാകാലത്തായിരുന്നു. അതിനാൽ മോളെ കൂട്ടിയില്ല.

● എന്തുകൊണ്ട്?

❑ സീരിയസ് ആയി പഠിക്കുന്നവർക്ക് ഒറ്റ ഫോക്കസേ പാടുള്ളൂ. പാരന്റ്സിനും.

● വീട്ടിലെ വിരുന്നുകാർ?

❑ പ്ളസ് വൺ കാലത്ത് ഗസ്റ്റുകൾ വരരുതേ എന്ന് പ്രാർത്ഥിച്ചിട്ടുണ്ട്. വിരുന്നുകാർ വരുമ്പോൾ ശ്രദ്ധ തിരിയും.



*ആര്യശ്രീയും അഖിലും കുഞ്ഞുങ്ങളായിരുന്നപ്പോൾ അച്ഛനമ്മമാർക്കൊപ്പം*

ഒരേ റൂട്ടിലല്ല ഇവയൊന്നും. അടുക്കളപ്പണിയും വീട്ടുജോലിയും ട്യൂഷന് കൊണ്ടാക്കലും ഓഫീസിൽ പോവലും. എല്ലാം കൂടി ഓട്ടം തന്നെ. പുറംജോലികൾക്ക് മാത്രമായിരുന്നു ഒരു സഹായി. ജോലിക്കാരികളെ അടുക്കളയിൽ കയറ്റുന്ന ശീലം ഉണ്ടായിരുന്നില്ല മഠത്തിൽ.'

>മക്കളെ മോട്ടിവേറ്റ് ചെയ്യിച്ചത്.

● സർക്കാർ ജോലിയെങ്കിൽ പവർ, പദവി, പ്രശസ്തി എല്ലാമുള്ള ജോലി ചെയ്യണമെന്ന് പറയുമായിരുന്നു. അങ്ങനെയാണ് സിവിൽ സർവീസ് എന്ന ആശയം അവരിൽ നിറച്ചത്. ചേച്ചിക്ക് ഐ എഫ് എസ് കിട്ടിയപ്പോൾ അനിയനും അത് ബോധ്യമായി. അവളുടെ ട്രെയിനിംഗ് സമയത്ത് ഒരുദിവസം പ്രധാനമന്ത്രി നരേന്ദ്രമോദി മസ്സൂറിയിൽ വിസിറ്റിന് വന്നു. പ്രധാനമന്ത്രിയോടൊപ്പം ഡിന്നറിൽ പങ്കെടുക്കാൻ അവൾ തിരഞ്ഞെടുക്കപ്പെട്ടു. അത് മകന് വലിയ ഇൻസ്പിറേഷനായി.

>ഈ അഭിമുഖം നമുക്കിടയിലെ സാധാരണക്കാരായ രക്ഷിതാക്കളെ ഉദ്ദേശിച്ചാണ്. എട്ടാം ക്ളാസിൽ പഠിക്കുന്ന കുട്ടികളുടെ അമ്മമാരോട് എന്താണ് പറയാനുള്ളത്.?

● പഠനത്തിൽ കുട്ടികളുടെ കൂടെ നിൽക്കുക. കൺസെപ്റ്റുകൾ നന്നായി പഠിപ്പിക്കുന്നേടത്ത് ട്യൂഷന് വിടുക. നമ്മൾ ടിവി കാണുകയും അവരോട് പഠിക്കാൻ പറയുകയും എന്നത് പറ്റില്ല. നമ്മുടെ പ്രയോറിട്ടി കുട്ടികളുടെ പഠനമാണെന്ന് അവരെ ബോധ്യപ്പെടുത്തുക. എന്റെ അച്ഛൻ മരിക്കുന്ന സമയത്ത് മോൾ പത്താം ക്ളാസിലായിരുന്നു. പെരിന്തൽമണ്ണയിലാണ് എന്റെ വീട്. ഞങ്ങൾ താമസിക്കുന്നത് തിരുവനന്തപുരത്തും. മോളെ കൂട്ടി വന്നു അന്നു തന്നെ അവർ മടങ്ങി. ഞാൻ മാത്രം പെരിന്തൽമണ്ണയിൽ തങ്ങി. ചിലത് ത്യജിക്കേണ്ടി വരും.

>പറ്റിയ അബദ്ധങ്ങൾ

● അവർക്ക് താല്പര്യമില്ലാത്ത ചില ടെസ്റ്റുകൾ എഴുതാൻ നിർബന്ധിച്ചു. എന്തായാലും പഠിക്കുന്നുണ്ടല്ലോ. അപ്പോൾ എല്ലാ ടെസ്റ്റുകളും എഴുതട്ടെ എന്ന് വിചാരിച്ചു. അവർ രണ്ടു പേരും പിന്നീട് ഇക്കാര്യം കംപ്ളയിന്റ് പറഞ്ഞിട്ടുണ്ട്. അങ്ങനെ ചെയ്താൽ ആ ദിവസം ഡിസ്റ്റർബ്ഡ് ആവും.

>വിശ്വാസികളാണോ നിങ്ങൾ.

● അതേ, അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ഭഗവതിയുടെ കീഴേടമായ കുന്നപ്പള്ളി അമ്പലത്തിൽ ശാന്തിക്കാരനായിരുന്നു എന്റെ അച്ഛൻ. ഇനി അവനെയും കൂട്ടി തിരുമാന്ധാംകുന്നിൽ തൊഴാൻ പോണം. ഗുരുവായൂരിൽ തൊഴാനും പ്രാർത്ഥനയുണ്ട്. ആലത്തിയൂർ ഹനുമാൻകാവിൽ അവിൽപറ നിറച്ചു. ഗദവച്ച് പ്രാർത്ഥിച്ചു. തൃപ്രങ്ങോട് ശിവക്ഷേത്രത്തിലും കാടാമ്പുഴ ഭഗവതീ ക്ഷേത്രത്തിലും വഴിപാടുകൾ കഴിച്ചു.

ഡൽഹിയിൽ അവൻ ഇന്റർവ്യൂവിന് പോയപ്പോൾ മുറിയിൽ പ്രാർത്ഥനയിലായിരുന്നു ഞങ്ങൾ. പഴവങ്ങാടി ഗണപതിക്ക് തേങ്ങയുടക്കുകയും ചെയ്തിരുന്നു.

>രണ്ടും മൂന്നും തവണ തോൽക്കുമ്പോൾ

● ആറു വർഷത്തെ ഒരു കോഴ്സാണ് പഠിക്കുന്നത് എന്നു തീരുമാനിക്കുക. അതിൽ ആദ്യവർഷം തന്നെ കിട്ടണമെന്നില്ല. ഓരോ വർഷം കഴിയുമ്പോഴും സ്കിൽ കൂടിക്കൂടി വരും. ഇക്കാര്യം മനസ്സിൽ വച്ചാൽ ആറു വർഷവും മടുപ്പില്ലാതെ എഴുതാൻ കഴിയും. അല്ലെങ്കിൽ രണ്ടു തവണ കഴിഞ്ഞാൽ നിരാശയാവും.

>ഇപ്പോൾ രണ്ടാളും റിട്ടയർ ചെയ്തല്ലോ, എന്താണ് പരിപാടി.

# അച്ഛന്റെ കണ്ണുനിറയുന്നത്

## ആ പരീക്ഷാഫലം അനുഭവിച്ചത് ഇങ്ങനെ

*അഖിൽ പഠിച്ച തിരുവനന്തപുരം ക്രൈസ്റ്റ് നഗർ സ്കൂളിൽ കുട്ടികളുമായി നടത്തിയ ഇന്ററാക്ഷൻ ഈ ക്യു ആർ കോഡിലൂടെ കാണാം കേൾക്കാം*

ഹോളി പി ഡി എഫിൽ നമ്മുടെ പേരുണ്ടാവുമോ. അതാണ് ആകാംക്ഷ. ആ മൊമെന്റ് ഐ വാണ്ട് ടു ഡീൽ വിത്ത് മൈസെൽഫ്. അങ്ങനെയുള്ള സമയത്ത് വാട്ട് അയാം യൂഷലി ഡൂയിംഗ് ഈസ് വാക്കിംഗ് എറൗണ്ട്. ആൻഡ് ഈറ്റിംഗ് ഫുഡ്. അത് ചെയ്യാൻ പറ്റിയ സ്ഥലം ലുലുമാളാണ്. ലുലുമാളിന്റെ ഫുഡ് കോർട്ടിലിരുന്നാണ് ഞാൻ എല്ലാ തവണയും റിസൽട്ട് നോക്കിയത്. എനിക്ക് അവിടൊരു റിസൽട്ട് കോർണറുണ്ട്. ഞാൻ മാത്രമേ കാണൊള്ളൂ. കിട്ടാവുന്ന എല്ലാ സാധനവും മേടിച്ച് ടേബിളിൽ നിരത്തി വക്കും. ഒരു വശത്ത് നിന്ന് ഫുഡ്ഡടി തുടങ്ങും. അതേസമയം റിസൽട്ട് സ്ക്രോൾ ചെയ്തു തുടങ്ങും. ആ സമയം ഭയങ്കര ടെൻഷനാണ്.

നമ്മുടെ എല്ലാ എഫർട്ടും ആ സിങ്കിൾ പർട്ടിക്കുലർ മൊമന്റിൽ തട്ടി നിൽക്കുകയാണ്. വിച്ച് വിൽ എന്റയർലി ടേൺ യുവർ ലൈഫ്. ഐ ഹാവ് സീൻ ബോത്ത് സൈഡ്സ് ഓഫ് ഇറ്റ്. ലാസ്റ്റ് ടൈമിൽ ഇന്റർവ്യൂന് പോയി ലിസ്റ്റിൽ കയറീല. അപ്പോൾ ഞാനിങ്ങനെ വി

# എനിക്കൊന്ന് നേരിട്ട് കാണണമെന്ന് തോന്നി

ചാരിച്ചു. 'റിസൽട്ട് വരുമ്പം ചെക്ക് ചെയ്യണം. വീട്ടിലേക്ക് വിളിച്ച് പറയണം.' അത്രേ വേണ്ടൂ.

പക്ഷേ, വാട്ട് ഹാപ്പെൻഡ് ഈസ് റിസൽട്ട് വന്നപ്പഴേക്കും ചാടിയങ്ങെണീറ്റു. എന്താ ചെയ്യണ്ടേന്നറിയില്ല. ഷർട്ട് ഊരി ഓടണോ, ഇവടന്ന് താഴോട്ട് ചാടണോ എന്താണ് ചെയ്യേണ്ടത്. ഓവർവെമ്മിംഗ് ആയി, കൺട്രോളിന് പുറത്തോട്ട് പോയി. അവിടെയിരുന്ന ഫുഡ് ഒക്കെ ഒഴിവാക്കി നേരെ ചേച്ചീനെ വിളിച്ചു. ബിക്കോസ് ഷി വാസ് മൈ പില്ലർ ഓഫ് സപ്പോർട്ട്. ചേച്ചി ട്രിവാൻഡ്രത്തില്ല. യു കാൻ ഓൺലി കാൾ ഹെർ. വിളിച്ചു പറഞ്ഞു. ചേച്ചി ഭയങ്കര എക്സൈറ്റഡ് ആയി. ഞാനും. ഞാൻ പറഞ്ഞു വീട്ടിലേക്ക് വിളിച്ചു പറയുന്നില്ല പോയി പറയാം. കാരണം അപ്പോഴത്തെ മാനസികാവസ്ഥ ഇങ്ങനെയായിരുന്നു. 'അച്ഛൻ റിട്ടയർ ആയിരുന്നു. അമ്മ ഒരാഴ്ചക്കുള്ളിൽ റിട്ടയർ ആവും. ചേച്ചി ആരോഗ്യ പ്രശ്നങ്ങളുമായി ഒരു കൊല്ലത്തോളമായി ലീവിലുമാണ്. ഞാനാണെങ്കിൽ ജോലിയായിട്ടുമില്ല. എനിക്ക് ഒന്നും കിട്ടിയില്ലെങ്കിൽ ഒരു ജോലിയുമില്ലാത്തവരായി ഞങ്ങൾ നാലുപേരും മുഖത്തോടു മുഖം നോക്കി ഇരിക്കേണ്ടി വരും.'

അച്ഛനാനെങ്കിൽ എംക്സ്ട്രീംമിലി ഇമോഷണൽ മേനാണ്. അമ്മ കല്ലു പോലെയൊക്കെ നിൽക്കുമ്പോൾ അച്ഛനിങ്ങനെ കണ്ണൊക്കെ നിറഞ്ഞാണ് നിൽക്കുക. ഐ ലൈക്ക് ദാറ്റ്. ഹി ഈസ് വെരി ഇമോഷണൽ, വെരി വോക്കൽ. അതായത് അഫെക്ഷൻ കാണിക്കുവാണെങ്കിൽ ഭയങ്കര അഫെക്ഷനായിരിക്കും. സക്സസാണെങ്കിലും സങ്കടമാണെങ്കിലും കണ്ണു നിറയും അച്ഛന്.

അപ്പോൾ. എനിക്കതൊന്ന് നേരിട്ട് കാണണമെന്ന് തോന്നി. ഞാൻ വീട്ടിലേക്ക് കതക് തുറന്ന് കേറുമ്പോൾ അച്ഛൻ രണ്ട് കയ്യിലും കത്തിയുമായി നിൽക്കുവായിരുന്നു. ഫ്രിഡ്ജിലെ ഐസ് കുത്തിക്കളയുകയോ മറ്റോ.

ഞാൻ പറഞ്ഞു. കയറി, ലിസ്റ്റിൽ ഉണ്ട്. അപ്പോൾ ആസ് യൂഷ്വൽ പുള്ളി കണ്ണൊക്കെ നിറഞ്ഞ് കത്തിയുമായി കെട്ടിപ്പിടിക്കുകയാണ്. ഈ കത്തി രണ്ടും കറങ്ങി വന്ന് എന്റെ കണ്ണിന്റെ മുന്നിൽ വന്ന് നിൽക്കയാണ്. യുദ്ധത്തിന് വിടുന്ന കണക്കെ. വല്ലാത്തൊരു ഫീൽ.

അമ്മയോടും പറയണം. ഓടി ബാങ്കിലെത്തി. അത് ഷെയർ ചെയ്തു. അമ്മയ്ക്ക് ആദ്യം മനസിലായില്ല ഇവനെന്താ പറയുന്നത് എന്ന്. കാരണം സ്ഥിരം കേൾക്കുന്നത് തോറ്റു തോറ്റു എന്നല്ലേ, ഇത്പ്പം എന്താ ഇങ്ങനെയൊക്കെ പറയുന്നത്. ഇങ്ങനെയല്ലല്ലൊ നീ സാധാരണ പറയാറ് എന്ന ആറ്റിട്യൂഡ്.

കേറി എന്ന് പറഞ്ഞപ്പോൾ അമ്മ ചോദിച്ചു

'എന്നു വച്ചാൽ? '

'കേറി റിസൽട്ടിലുണ്ട് '

'എന്നു പറഞ്ഞാൽ? '

'അല്ല, ഞാൻ ലിസ്റ്റിലുണ്ട്. ജോലിയായി.? '

'എന്നു വച്ചാൽ.? '

അമ്മയ്ക്ക് വിശ്വസിക്കാനാവുന്നില്ല.

'ഞാൻ സിവിൽ സർവീസ് ലിസ്റ്റിൽ കയറി.'

അപ്പോ ഈ പറഞ്ഞ പോലെ പരിസരമെല്ലാം മറന്ന് അമ്മ എന്നെ കെട്ടിപ്പിടിച്ചു. ബാങ്കിലെ കസ്റ്റമേഴ്സെല്ലാം നോക്കി നിൽക്കുകയാണ്. അമ്മ എന്നെ എല്ലാ സ്റ്റാഫിനെയും ഇൻട്രൊഡ്യൂസ് ചെയ്തു. അവരും വലിയ ഹാപ്പിയായി.അവര് ഒരു കുടുംബം പോലെയാ. അതൊരു നല്ല മൊമന്റായിരുന്നു.●

---

● യോഗക്ഷേമ സഭയുടെ പേരൂർക്കട ഉപസഭ മെമ്പർമാരാണ്. മുമ്പ് അരുവിക്കര ഉപസഭയിലായിരുന്നു. ഭാര്യ വത്സല വനിതാസഭയിൽ തിരുവാതിരകളിക്കും മറ്റും പോവുന്നു. കർക്കിടകമാസത്തിലെ രാമായണ പാരായണത്തിനും പോവാറുണ്ട്. അരുവിക്കര ഉപസഭയുടെ ക്രിയാവാഹിനിയിൽ അംഗമാണ്. ക്രിയകൾക്കും മറ്റും ആവശ്യമെങ്കിൽ അതിൽ നിന്ന് ആവശ്യക്കാരെ നൽകും. അതിന് ആവശ്യമെങ്കിൽ പോവാറുണ്ട്. ഇതു വരെ കാണാതിരുന്ന ടി വി യും സീരിയലുകളും കാണാൻ തുടങ്ങി.

>മകൻ ഒരിക്കൽക്കൂടി എഴുതുന്നുണ്ടല്ലേ.

● അതേ, റാങ്ക് ഉയർത്താൻ ഒരു ചാൻസു കൂടി ഉണ്ട്. അതിന്റെ പ്രലിംസ് കഴിഞ്ഞു. മെയിൻസിൽ ശ്രദ്ധിക്കാൻ വേണ്ടിയാണ് മസൂറിയിലേക്ക് ക്ഷണം കിട്ടിയിട്ടും പോവാതിരുന്നത്.

>മകൻ ആറാം വട്ടം എഴുതുകയാണല്ലോ ഐ എ എസ് തന്നെയാണോ അന്തിമലക്ഷ്യം.

● അതാണ് ആഗ്രഹം പ്രാർത്ഥനയും.

>അതിനായി സ്വസ്തിയുടെ ആശംസകൾ. വായനക്കാരെ മോട്ടിവേറ്റ് ചെയ്തതിന് നന്ദിയും.●

കെ. ത്രിവിക്രമൻ പോറ്റി, എടമന മഠം,
പി ഒ മുണ്ടേല, വഴി വെള്ളനാട്, നെടുമങ്ങാട്,
തിരുവനന്തപുരം ജില്ല. മൊബൈൽ 9447587234
പാനാട് പദ്മനാഭൻ നമ്പൂതിരി
മൊബൈൽ 9400992823


VAIDYARATNAM P.S. VARIER'S
ARYA VAIDYA SALA, KOTTAKKAL
HOUSE OF AUTHENTIC AYURVEDA
Kottakkal
ayurveda
www.aryavaidyasala.com
shop.aryavaidyasala.com
നൂറ്റാണ്ടിന്റെ
ഔഷധസംസ്കാരം
▸ NABH അംഗീകാരമുള്ള ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ – കോട്ടയ്ക്കലും ഡൽഹിയിലും കൊച്ചിയിലും
▸ അത്യാധുനിക സൗകര്യങ്ങളോടെ ആയുർവേദിക് ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, കോട്ടയ്ക്കൽ ഈസ്റ്റ്
▸ കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ ▸ കോട്ടയ്ക്കലും കഞ്ചിക്കോട്ടും നഞ്ചൻകോട്ടും ഔഷധനിർമ്മാണ ഫാക്ടറികൾ
▸ അഞ്ഞൂറ്റിയെൺപതോളം ശാസ്ത്രീയ ഔഷധങ്ങൾ
▸ ഗവേഷണത്തിന്നും പ്രസിദ്ധീകരണത്തിന്നും പ്രത്യേകം വിഭാഗങ്ങൾ ▸ ഔഷധത്തോട്ടങ്ങൾ
▸ ഔഷധസസ്യഗവേഷണകേന്ദ്രം ▸ ആയുർവേദപഠനസൗകര്യങ്ങൾ
▸ 27 ശാഖകൾ, 2000–ൽപരം അംഗീകൃതവിതരണക്കാർ ▸ പി. എസ്. വി. നാട്യസംഘം
▸ വൈദ്യരത്നം പി. എസ്. വാരിയർ മ്യൂസിയം
ഹോസ്പിറ്റൽ സമുച്ചയം, കോട്ടയ്ക്കൽ
ഹോസ്പിറ്റൽ സമുച്ചയം കോട്ടയ്ക്കൽ ഈസ്റ്റ്
ഹോസ്പിറ്റൽ, ദില്ലി
ഹോസ്പിറ്റൽ, കൊച്ചി
ചാരിറ്റബിൾ ഹോസ്പിറ്റൽ, കോട്ടയ്ക്കൽ
മ്യൂസിയം, കോട്ടയ്ക്കൽ
ഫാക്ടറി സമുച്ചയം, കോട്ടയ്ക്കൽ
ഫാക്ടറി, കഞ്ചിക്കോട്
ഫാക്ടറി, നഞ്ചൻകോട്
ക്വാളിറ്റി കൺട്രോൾ ഡിപ്പാർട്ട്മെന്റ്
BRANCHES: Adoor- 0473 4220440, Ahmedabad- 079 27489450, Aluva - 0484 2623549, Bangalore - 080 26572956, Chennai - 044 28251246, 47, Coimbatore - 0422 2491594, Ernakulam - 0484 2375674, Hubballi - 0836 3502905, 0836 4059503, Indore - 0731 2513335, Kannur - 0497 2761164, Kolkata - 033 24630661, Kottakkal - 0483 2743380, Kottayam - 0481 2304817/2562396, Kozhikode - 0495 2302666, Madurai - 0452 2623123, Mangalore - 0824 2443140, Mumbai - 022 24016879, 24015195, Mysore - 0821 2331062, New Delhi - 011 24621790, Palakkad (Vadakanthara) - 0491 2502404, Palakkad (Town) - 0491 2527084, Secunderabad - 040 27722226, Thiruvananthapuram - 0471 2463439, Thiruvananthapuram (Kazhakkoottam) - 0471 2413439, Thrissur - 0487 2380950, Tirur - 0494 2422231, Vijayawada - 0866 2578864/65 AYURVEDIC HOSPITAL & RESEARCH CENTRES: Kottakkal - 0483 2808000, Kottakkal East - 0483 3521000, Kochi - 0484 2554000, Delhi - 011 22106500
ആയുർവേദത്തിന്റെ ആധികാരികമാർഗം
വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902
കോട്ടയ്ക്കൽ–676 503, കേരളം
Tel.: 0483 2808000, 2742216 | E-mail: mail@aryavaidyasala.in



Monsoon Melodies
Organic Farm House & Home Stay
Explore the best Camping Experience
Santhanpara, Munnar
BOOK NOW!
Suite Room
Mushroom Hut
Tree Hut
Dormitory
Homely Food
Open Stage
Trekking
Waterfall
Swimming Pool
Rain Dance
Campfire
Convention Hall Facility Available with Stereo Sound System
0486 - 8204678 97 45 71 72 77




Sruthees Collections
Ph: 9400233501
9447037055
The World of Traditional Designs
SRUTHEES
ശ്രുതീസ്
കളക്ഷൻസ്
A Boutique of Handloom
ഡബിൾ മുണ്ടുകൾ സെറ്റു മുണ്ടുകൾ, സെറ്റു സാരികൾ
മേളം മുണ്ടുകൾ, കാവി മുണ്ടുകൾ, ഖാദി ഷർട്ടുകൾ, വേഷ്ടികൾ
Mazhuvancheril Building, Near Subrahmanyaswami temple, Kidangoor South




## അറിയേണ്ട അന്തർജനം

# വിഘ്നമല്ല വിവാഹം

**നമ്പൂരിപ്പെൺകിടാങ്ങൾ സ്വതേ നന്നായി പഠിക്കും. ഒരു സമയമായാൽ നല്ല ജോലിയും ലഭിക്കാം. ബാക്കി എല്ലാം പതിവുപോലെ. വിവാഹം, കുട്ടികൾ, കുടുംബം. പിന്നെയങ്ങോട്ടൊരു ഒതുങ്ങിക്കൂടലാണ് . എന്നാൽ ഭാര്യയും അമ്മയുമായ ശേഷം പഠനത്തിന്റെ നെറ്റ്‌വർക്ക് വിപുലമാക്കിയ ഒരന്തർ ജനമുണ്ട് നമുക്കിടയിൽ. ഡോക്ടർ രേഷ്മ. ആറ്റുപുറത്തെ മകൾ. പന മനയിലെ ആത്തേമ്മാർ. ഐബിഎമ്മിൽ സോഫ്റ്റ്‌വേർ ഡവലപ്പ്മെന്റ് മാനേജരായ രവിയുടെ സഹധർമ്മിണി. നാലാം ക്ലാസുകാരൻ ധ്യാനിന്റെ അമ്മ.**

● വേളി കഴിഞ്ഞ് പഠനം?

❑വിവാഹം 2011ൽ ആയിരുന്നു. കമ്പൂട്ടർ സയൻസിൽ ബി ടെക് (അമൃത) അന്നേ ഉണ്ട്. കോഗ്നിസന്റിൽ ജോലിയും. കരിയറിൽ തുടരാനും പഠിക്കാനും രണ്ടിടത്തും കട്ട സപ്പോർട്ട്. എറണാകുളം രാജഗിരിയിൽ കമ്പ്യൂട്ടർ സയൻസിൽ എം ടെക്ക് കഴിഞ്ഞു. പിന്നെ ഒരു 'കുഞ്ഞു' ബ്രേക്ക്. ഞങ്ങടെ ഉണ്ണി ധ്യാനിന്റെയൊപ്പം 2 വർഷം.

● പ്രാരബ്ധങ്ങളിൽ കോഴ്സ് ?

❑ഞാനാദ്യം പറഞ്ഞൂലോ, സപ്പോർട്ടിന്റെ പ്രാധാന്യം. വിവാഹ ശേഷം എനിക്ക് 2 സെറ്റ് അച്ഛനമ്മമാരായി. എല്ലാം സൗകര്യപ്പെടുത്താൻ രവിയേട്ടനും. ഞാൻ പിഎച്ച്ഡിക്ക് ചേർന്നപ്പോഴേക്കും ഇവർ







*1.പാലക്കാട് ഐ ഐ ടിയിലെ കോൺവൊക്കേഷനിൽ വച്ച് ഡയറക്ടർ ശേഷാദ്രി ശേഖറിൽ നിന്ന് രേഷ്മ പിഎച്ച്ഡി ബിരുദപത്രം ഏറ്റുവാങ്ങുന്നു. 2.ഭർത്തൃഗൃഹത്തിലെ അച്ഛനമ്മമാരായ കുഞ്ചുവേട്ടൻ (സുബ്രഹ്മണ്യൻ), മീര, മകൻ ധ്യാൻ, ഭർത്താവ് രവി, എന്നിവർക്കൊപ്പം രേഷ്മ. 3. ഇല്ലത്തെ അച്ഛനമ്മമാർക്കും സഹോദരന്റെ കുടുംബത്തിനുമൊപ്പം: ഭർത്താവ് രവി, മകൻ ധ്യാൻ, രേഷ്മ, സഹോദരൻ രഞ്ജിത്, സഹോദരഭാര്യ സോജ, അമ്മ സരള, അച്ഛൻപ്രസാദ് ഭട്ടതിരിപ്പാട്*

# ബോസ്റ്റണിലെ നോർത്ത് ഈസ്റ്റേൺ യൂനിവേഴ്സിറ്റി പ്രോഗ്രാമിലേക്ക് എനിക്ക് സെലക്ഷൻ ആയി



**അച്ഛൻ:** ആറ്റുപുറത്ത് പ്രസാദ് ഭട്ടതിരിപ്പാട്. (വിദ്യാഭ്യാസ വകുപ്പിൽ പി എഫ് ഓഫീസറായി റിട്ടയർ ചെയ്തു. പ്രസാദേട്ടൻ വ്ളോഗ്സുമായി സോഷ്യൽ മീഡിയയിൽ സജീവം)
**അമ്മ:** പുതുമന മകൾ സരള (റിട്ടയേർഡ് അധ്യാപിക)
**സഹോദരൻ:** രഞ്ജിത്, സഹോദരഭാര്യ: സോജ. (രണ്ടു പേരും യു എസ്സിൽ )
**ഭർത്താവ്:** രവി. (ഐ ബി എമ്മിൽ ടെക്നിക്കൽ ഓഫീസർ) 8907066373/ ravikuttan@gmail.com
അച്ഛൻ: സുബ്രഹ്മണ്യൻ, അമ്മ: ഓട്ടൂർ മകൾ മീര. (രണ്ടു പേരും റിട്ടയേർഡ് ബാങ്ക് ജീവനക്കാർ )

ക്കൊപ്പം അഡ്ജസ്റ്റ് ചെയ്യാൻ ധ്യാനുമുണ്ടായി. (അവന് വേറെ വഴി ഇല്ലല്ലോ)

● എം ടെക് കഴിഞ്ഞ് ?

❑തൃക്കാക്കര എഞ്ചിനീയറിംഗ് കോളേജിൽ ജോലി. 2 വർഷം ക്ലാസെടുത്തു.

● ടീച്ചിംഗിൽ നിൽക്കാതെ ഗവേഷണത്തിലേക്ക്?

❑നമുക്കു ചുറ്റും അവസരങ്ങളുണ്ട്. അവ കണ്ടെത്തണം. എനിക്ക് നെറ്റും ജെ ആർ എഫും (ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്) ഉണ്ടായിരുന്നു. പഠിക്കുമ്പോൾ തന്നെ ജോലി പോലെ പണവും കിട്ടും. (ഇന്നത് നാല്പതിനായിരത്തിലേറെ രൂപ). പാലക്കാട് പുതിയ ഐ ഐ ടി വന്ന കാലം. പിഎച്ച്ഡി സ്റ്റുഡന്റ്സിനു വേണ്ടി അവർ നോട്ടിഫൈ ചെയ്തു . ആദ്യം ടെസ്റ്റ്. പിന്നെ ഇന്റർവ്യൂ. പാസ്സായി. അവിടെ ഗവേഷകയായി.ഡോക്ടർ ആൽബർട്ട് സണ്ണി യായിരുന്നു ഗൈഡ്.

● തിസീസ് ടൈറ്റിൽ?

❑ക്വാളിറ്റി ഓഫ് സർവ്വീസ് അവേർ സ്ലൈസ് അലോക്കേഷൻ ഇൻ 5 ജി നെറ്റ് വർക്ക്. റിസർച്ച് എന്നാൽ വേറെ ലെവൽ ആണ്. ഒരു ട്രാൻസ്ഫോർമേഷൻ ആണത്. 5 വർഷമാണ് സമയം. എനിക്ക് നാലരക്കൊല്ലം കൊണ്ട് തിസീസ് നൽകാൻ കഴിഞ്ഞു. ഫാമിലിയുടെ പിന്തുണ അത്ര വലുതായിരുന്നു.

● പിഎച്ച്ഡിക്കാരിയായിട്ടും പഠനം നിർത്തിയില്ല അല്ലേ? യു എസ്സിൽ പോസ്റ്റ് ഡോക്?

❑ജീവിതവും പഠനവും രണ്ടല്ല. താൽപ്പര്യമാണ് പ്രധാനം. ലോകത്തെ വലിയ സർവ്വകലാശാലകളിൽ അവർ പറയുന്ന അക്കാദമിക് യോഗ്യതകൾ നേടുന്ന ആർക്കും അപേക്ഷിക്കാം. ഒഴിവുകൾ ഉണ്ടാവണം. ഇനി അതല്ലാതെ തന്നെ, നമ്മുടെ സ്റ്റഡി ഏരിയയുമായി ബന്ധപ്പെടുന്ന വലിയ പ്രഫസർമാർക്ക് നേരിട്ട് മെയിലും ചെയ്യാം. നമ്മൾ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അവർക്ക് പ്രസന്റ് ചെയ്യണം.അത് വിലയിരുത്തും, വാല്യൂ ചെയ്യും. യു എസ്സിൽ ബോസ്റ്റണിലെ നോർത്ത് ഈസ്റ്റേൺ യൂനിവേഴ്സിറ്റി പ്രോഗ്രാമിലേക്ക് എനിക്ക് സെലക്ഷൻ ആയി. ആദ്യം ഒന്നു പോയി സെറ്റ് ആവണം. ഒ കെ ആയാൽ ഫാമിലി ഷിഫ്റ്റിനെപ്പറ്റി ആലോചിക്കും.

● ഡോക്ടർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. നമ്മളുടെ കുട്ടികളോട് എന്താണ് നിർദ്ദേശിക്കാനുള്ളത്?

❑വിദ്യാദേവി ബുദ്ധിയായി നമ്മുടെ കൂടെയുണ്ട്. മനസ്സുവെച്ചാൽ എന്തും ആവാം. കുടുംബം ഭാരമല്ല, അനുഗ്രഹമാണ്. പുതിയ നെറ്റ് വർക്കുകളിലേക്ക് അറിവിനെ കൊണ്ടുപോവുക. ●

തയ്യാറാക്കിയത്: വിനോദ് മങ്ങത്തായ.
9895621493

ഡോക്ടർ രേഷ്മ, പാലക്കാട്. +919809657783

## തീർത്ഥാടനത്തിന്റെ മീര



രേഷ്മയുടെ ഭർതൃമാതാവ് മീര തീർത്ഥയാത്രകളുടെ ഡയറക്ടർ ആണ്. സ്ഥലം ഫിക്സ് ചെയ്താൽ അവിടത്തെ സർവ്വ ഡീറ്റെയിൽസും സംഘടിപ്പിക്കും. എല്ലാം ടൂർ ഓപ്പറേറ്റേഴ്സിനെ ധരിപ്പിക്കും. തീർത്ഥാടകരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കസ്റ്റമൈസ് ചെയ്യും. ഹിമാലയം തന്നെ പത്തു പ്രാവശ്യമായി. മീര കോർഡിനേറ്റ് ചെയ്യുന്ന യാത്രകൾ നമ്മളെക്കാൾ നമ്മെ കെയർ ചെയ്യുന്നു.ഫോൺ: 9447381730




## നമ്പൂരി വെടിവട്ടം

# സർവ മംഗല മംഗല്യേ

**കൃഷ്ണകുമാർ. എം ടി എം**



മംഗള എക്സ്പ്രസ്സിൽ, എറണാകുളത്തേക്ക് സ്ലീപ്പറിൽ സൈഡ് സീറ്റിൽ മുഖത്തോടു മുഖം നോക്കി വെടുപ്പായി മുറുക്കി വെടിവട്ടം പറയുന്ന രണ്ട് ചെറുപ്പക്കാരോട് തൊട്ടടുത്ത് ഇരിക്കുന്ന മധ്യവയസ്കൻ ചോദിച്ചു.

'നമ്പൂരാരാണല്ലേ? '

'അതെ,' രണ്ടു പേരടേം മറുപടി ഒപ്പമായിരുന്നു.

'ഞാനും നമ്പൂര്യാണ്. നിങ്ങടെ ഭാവോം, വർത്താനോം മുറുക്കും ഒക്കെ കണ്ടപ്പൊ സംശയങ്ങട് മാറ്റാംന്ന് നിരിച്ചു. ആട്ടെ ന്താ, ഇല്ലപ്പേര്? '

അപ്പോൾ രണ്ടിൽ ഒരാൾ മുറുക്കാൻ വായിൽവെച്ച് പ്രതിവചിച്ചു.

'ഞാൻ മംഗലം, യ്യാള് നാമംഗലം. ഞങ്ങള് കസിനാണ്. ച്ചാൽ ഏടത്തി അനിത്തി മക്കൾ. '

മധ്യവയസ്കൻ: 'ന്നാൽ മുഷിയില്ലെങ്കിൽ രണ്ടാൾടേം അമ്മാത്തും അങ്ങട് പറഞ്ഞോളൂ. '

'ഞങ്ങടെ രണ്ടാൾടേം അമ്മാത്ത് കോതമംഗലത്താണ്. '

'എവിടുന്നാ വരണാവോ? '

'ഞങ്ങൾക്ക് രണ്ടാൾക്കും ജോലി കുന്നമംഗലത്താണ്, പ്പൊ അവിടുന്നാണ് വരവ്. '

'മുഷിയില്ലല്ലോ, ന്നാൽ വേളി കഴിച്ചെങ്കിൽ അതും കൂടി അങ്ങട് പറഞ്ഞോളു. '

'വേളി ഒക്കെ കഴിഞ്ഞിരിക്കണു. ഞങ്ങള് കസിൻസാണെന്ന് പറഞ്ഞുലോ. ഏതാണ്ട് ഒപ്പക്കാരുമാണ്. ഞാൻ അണിമംഗലത്തു നിന്നാണ് വേളി കഴിച്ചിട്ടുള്ളത്. യ്യാള് ആമേടമംഗലത്ത് നിന്നും. '

'പ്പൊ, യാത്ര എവിടേയ്ക്കാണാവോ? '

ചെറുപ്പക്കാരിൽ മംഗലം ഇല്ലപ്പേരുള്ള ആൾ സംഭാഷണ ചതുരനായിരുന്നു. നല്ല നമ്പൂരി ശൈലില് അയാൾ മധ്യവയസ്കനും, നമ്പൂരി ആണെന്ന് അവകാശപ്പെട്ട ആളോട് ത്തിരി ഗമയിൽ പറഞ്ഞുതുടങ്ങി.

'ഞങ്ങടെ, അമ്മമാരുടെ വല്ല്യേ ഏടത്തിയെ ച്ചാൽ പേരശ്ശിയെ കൊടുത്തിട്ടുള്ളത് അരയന്ന മംഗലത്തേക്കാണ്. നാളെ കസിന്റെ വേളിയാണ്, യ്യാള് പേരാ

മംഗലത്തേയ്ക്ക് പോയി ഭാര്യം കുട്ട്യോളേം കൂട്ടി നാളെ എത്തും. ഞാൻ നേരെ അരയന്ന മംഗലത്തേക്കാണ്! '

'കസിന്റെ വേളി, അതു മംഗലം തന്നെ ആണോ? '

ചെറുപ്പക്കാരൻ ചിരിച്ചു: 'അതെ, അതെ. ഇത് മഴമംഗലത്ത് നിന്നാണ്. '

'ഇത്രയൊക്കെ ആയ സ്ഥിതിക്ക് നിങ്ങടെ അച്ഛന്റെ അമ്മാത്തും അമ്മേടമ്മാത്തും കൂടി പറേണേന് വിഷമമില്ലല്ലോ? '

'യ്യേയ്, പറയാലോ. ഞങ്ങടെ രണ്ടാൾടേം അമ്മേടെ അമ്മാത്ത് കിള്ളിമംഗലത്താണ്. എന്റെ അച്ഛന്റെ അമ്മാത്ത് ദേശമംഗലത്താണ്. ഇയ്യാൾടെ മുരിമംഗലത്തും. ചോദ്യൊക്കെ ഇങ്ങോട്ടായിരുന്നൂലൊ. ആട്ടെ അങ്ങേടെ ഇല്ലപേര് '

മധ്യവയസ്കൻ ചോദ്യം കേൾക്കാൻ കാത്തിരിക്കുന്ന പോലെ, പെട്ടെന്ന് മറുപടിപറഞ്ഞു:

'ഞാൻ കണ്ടമംഗലം '

'ന്നാൽ അമ്മാത്തും ആയ്ക്കോട്ടെ, പറയ്യാ... '

കണ്ടമംഗലം പറഞ്ഞു: 'അമ്മാത്ത് കോറമംഗലം, പയ്യന്നൂർ ഗ്രാമത്തില്, മാതമംഗലത്തടുത്തുള്ള കുഞ്ഞിമംഗലത്താണ് കോറമംഗലം. '

'വേളി അതോ? '

'അത് നാഗമംഗലത്ത് നിന്ന്. '

കണ്ടമംഗലത്തിന്, മംഗലം, നാമംഗലത്തുകാരെ തോൽപ്പിക്കണംന്നൊരു വാശികൂടിണ്ടോ സംശയം.

'ന്നാൽ കണ്ടമംഗലം അമ്മാത്തും അച്ഛന്റെ അമ്മാത്തും കൂടി പറഞ്ഞോളു. '

'എന്റെ അമ്മാത്ത് നാറാസ്സ് ച്ചാൽ നാരായണ മംഗലം, അച്ഛന്റെ അമ്മാത്ത് ചേരാമംഗലം. അമ്മേടെ അമ്മാത്ത് നെൻമേനി മംഗലം. '

'കണ്ടമംഗലം ഞങ്ങളെ കവച്ച് വെട്ടോ? ന്നാൽപ്പൊ എവിടേയ്ക്കാ യാത്ര? '

'എന്റെ മകളെ കൊടുത്തിട്ടുള്ളത് ചിറമംഗലത്തേയ്ക്കാണ്. കുട്ടീം നമ്പൂരിം, ടീച്ചറും മാഷൻമാരൊക്കാണ്. അവര് നാട്യമംഗലത്ത് ഒരു സ്കൂളിലാണ്. '

'ന്താ, കണ്ടമംഗലം ഏർപ്പാട്? '

'ഞാൻ തന്ത്രി ചേന്നാസ്സിന്റൊപ്പാ, ച്ചാൽ ചേന്ദമംഗലം. '

'ഒപ്പം ഉള ആള് ആരാ അന്യേനാ? '

'അല്ല, യ്യാള് അഞ്ഞൂറ്റി മംഗലമാണ്, ഞങ്ങൾ രണ്ടാളും ചേന്നാസ്സിന്റെ കൂടെയാണ്. '

പണ്ട് താത്രികുട്ട്യേ സ്മാർത്തവിചാരം ചെയ്തപ്പോൾ 64 പേരുടെ കണക്ക് കൊടുത്തൂത്രെ. താത്രിക്കുട്ടി. ഇനി വേണോ എന്ന് ചോദിച്ചപ്പോൾ രാജാവ് മതി മതി എന്ന് പറഞ്ഞപോലെ മംഗലവും, നാമംഗലവും തെല്ല് നിരാശരായി. വീണ്ടും മുറുക്കാൻ പൊതി കെട്ടഴിച്ചു.

മംഗളയിൽ കണ്ടമംഗലത്തിന്റെ മുന്നിൽ ഇരിക്കുന്ന സിന്ദൂരക്കുറിക്കാരൻ നമ്പൂരാരുടെ വർത്തമാനം കേട്ട്, താനും ഒരു ബ്രാഹ്മണനാണെന്ന് മൂവ്വരോടും കന്നഡ കലർന്ന മലയാളത്തിൽ പറഞ്ഞു.

'ഹേയ് മിസ്റ്റർ ഞങ്ങൾ, ഞങ്ങളുടെ ചാർച്ചക്കാരുടെ ഇല്ലപ്പേരാണ് പറയണത്. അല്ലാതെ ഇതൊരു അന്താക്ഷരി മംഗലകളിയൊന്നുമല്ല. ആട്ടെ താനാരാ? '

സിന്ദൂരക്കുറിക്കാരൻ: 'ഞാൻ ഭട്ടാണ്. മംഗൾപ്പാടിക്കാരനാണ്. മലയാലം അരിയും. '

'ഭട്ടേ, ന്താ പേര്? '

'മഞ്ജുനാഥ മംഗളേശ്വര ഭട്ട് '

'ഒപ്പം ഉള്ളത് ഭാര്യയാണോ? '

'അതെ, സർവ്വ മംഗളാദേവി. '

'സ്റ്റേറ്റ് മാറോണ്ടാണോ, നിങ്ങള് ആദി മംഗലത്ത്കാരാണല്ലേ? ' ഫലിതം പറഞ്ഞപോലെ മംഗലം ചിരിച്ചു.

'അപ്പൊ ഭട്ടേ, എവിടുന്നാ വരണ? '

'മംഗലാപുരത്ത് നിന്ന് '

'മഠത്തിന്റെ പേര്? മംഗളാപൂർണ്ണ മഠംന്നാണ്. '

'അമ്മയുടെ മഠത്തിന്റെ പേരോ? '

'വിശ്വമംഗളാലയം. '

'പ്പൊ കുടുംബായി എങ്ങോട്ടാ യാത്ര? ഞങ്ങള് പാലക്കാട്ടെ മംഗലാംകുന്നിലേക്കാണ്. ഭാര്യവീട് മംഗലാംകുന്നിലാണ്. ഇല്ലപ്പേര് മംഗലപ്പിള്ളി. '

'ഭാര്യവീട്ടിൽ വല്ല വിശേഷോം ണ്ടോ? '

'ഭാര്യവീട്ടിലല്ല. ഭാര്യയുടെ അമ്മാത്താണ്. തിരൂരിനടുത്ത് മംഗലം ന്നൊരു സ്ഥലണ്ട്. ചമ്രവട്ടത്ത്. മംഗലശ്ശേരിയാണ് അമ്മാത്ത്. മംഗലാംകുന്നിൽ പോയിട്ട് വേണം മംഗലശ്ശേരിയ്ക്ക്. '

'മംഗലശ്ശേരില് വേള്യോ, പെങ്കൊട്യോ? '

'ഭാര്യേടെ അമ്മാമന്റെ മകളുടെ പെങ്കൊട. '

'അത് എവിടേയ്ക്കാ? '

'ശങ്കരമംഗലത്തുള്ള തിരുമംഗലം എന്ന ഇല്ലത്തേയ്ക്കാണ്. '

'ഹാവൂ സമാധാനായി ഭട്ടേ. ' കണ്ടമംഗലവും മറ്റ് രണ്ടുപേരും നെടുവീർപ്പിട്ടു. 'ഭട്ടേ, ആദിമംഗലത്ത് നിന്ന് അന്ത്യമംഗലത്തേയ്ക്ക് എത്തിലൊ. സമാധാനമായി. ഒക്കെ മംഗളാവട്ടെ അതല്ലേ വേണ്ടത്. '

മംഗളാ എക്പ്രസ്സിൽ ഒരു മംഗലം കൂട്ടായ്മ. ഭട്ടും കണ്ടമംഗലവും മറ്റുള്ള ചെറുപ്പക്കാരുടെ ഒപ്പം നന്നായി ഒന്നുമുറുക്കി. ബലേഭേഷ്. മംഗളം മംഗളം, സർവ്വമംഗളം. ●

കൃഷ്ണകുമാർ. എം ടി എം
മറവഞ്ചേരി തെക്കേടത്ത് മന, പി.ഓ കാടഞ്ചേരി, കാലടി, മലപ്പുറം ജില്ല 679582, മൊബൈൽ :9656736423

# ബഹിരാകാശത്തെ അക്ഷരത്തെറ്റ്

**മഞ്ചേരിക്കാരനായ ഞാൻ 1984 ലാണ് തുമ്പയിലെ വേളി റിസർച്ച് കോംപ്ലക്സിലെത്തുന്നത്. കമ്പ്യൂട്ടർ പ്രിന്റൗട്ടുമായി അങ്ങോട്ടുമിങ്ങോട്ടും ധൃതിയിൽ നീങ്ങുന്ന സീനിയർ സയിന്റിസ്റ്റുകളും എഞ്ചിനിയർമാരും! ഇരിക്കുന്ന റൂമിലോ കോൺഫറൻസ് ഹാളിലോ മാത്രമല്ല, കോറിഡോറുകളിലും ലിഫ്റ്റിലും കാപ്പികുടിക്കാൻ കിയോസ്ക്കിലേയ്ക്ക് പോകുമ്പോഴും കാന്റീനിലേക്ക് ഊണ് കഴിക്കാൻ പോകുമ്പോഴും വരെ പരസ്പരം സാങ്കേതിക ചർച്ചകളിൽ ഏർപ്പെട്ട് തല പുകയ്ക്കുന്നവർ! ബി.ടെക്ക് കഴിഞ്ഞ ഉടനെ ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴി വന്ന ഒരു പയ്യന് ഇതെല്ലാം അത്ഭുതമായിരുന്നു.**

**വിദ്യാരംഭത്തിന്റെ ഈ സമയത്ത് ബഹിരാകാശ വിദ്യയിലെ ഒരു അക്ഷരത്തെറ്റും അതുണ്ടാക്കിയ വലിയ വീഴ്ചയും ഓർത്തെടുക്കുകയാണ് വി.എസ്.എസ്.എസിയുടെ മുൻ അസോസിയേറ്റ് ഡയറക്ടറായ അനിയൻ മാങ്ങോട്ട്രി**



*വി.എസ്.എസ്.സി ഡയറക്ടർ ഡോ. ഉണ്ണികൃഷ്ണൻ നായർ, ഇസ്രോ ചെയർമാൻ ഡോക്ടർ സോമനാഥ് എന്നിവരോടൊപ്പം ലേഖകൻ അനിയൻ മാങ്ങോട്ട്രി ഒരു പി. എസ്. എൽ. വി വിക്ഷേപണത്തിനുമുമ്പ് ശ്രീഹരിക്കോട്ടയിൽ.*



എ.എസ്.എൽ.വി യുടേയും വരാൻ പോകുന്ന വലിയ പദ്ധതിയായ പി.എസ്.എൽ.വിയുടേയും ഹാർഡ്‌വെയറും സോഫ്റ്റ്‌വെയറും ഡെവലപ്പ് ചെയ്തിരുന്നത് അഞ്ചാം നിലയിലുള്ള കൺട്രോൾ ആൻഡ് ഗൈഡൻസ് ഡിവിഷനിൽ ആയിരുന്നു. ഉപഗ്രഹവിക്ഷേപണ വാഹനങ്ങളുടെ രൂപകല്പനയും ടെസ്റ്റിങ്ങും നടന്നുകൊണ്ടിരുന്ന കാലം. ഇന്നത്തെപ്പോലെ പുതുതായി ചേർന്നവർക്കുള്ള ഓറിയന്റേഷനും പരിശീലനങ്ങളും ഒന്നുമില്ല. നേരിട്ട് ജോലിയിലേയ്ക്ക് ഉന്തിയിടുന്ന ഒരുതരം ധൃതി, അനിവാര്യത ഒക്കെയുണ്ടായിരുന്നു അക്കാലത്ത്.

അക്കാലത്ത് ഒരു അക്ഷരം പിഴച്ചതും അതു വഴി ഉണ്ടായ വലിയ വീഴ്ചയും അനുസ്മരിക്കുകയാണ് ഇവിടെ. ഉപഗ്രഹ വിക്ഷേപണ രംഗത്തും അക്ഷരത്തെറ്റുകൾക്ക് കൊടുക്കേണ്ടി വരുന്ന വലിയ വില ഓർമ്മിപ്പിക്കുകയും കൂടിയാണ്. അക്ഷരം തെറ്റിയാൽ വാക്ക് പിഴയ്ക്കും. വാചകം പിഴയ്ക്കും. ആശയവും അതുവഴി നടക്കേണ്ട കാര്യങ്ങളുമെല്ലാം

**1993 നടന്ന പി.എസ്.എൽ.വിയുടെ ആദ്യവിക്ഷേപണം വലിയൊരു പരാജയമായിരുന്നു. അക്കാലത്ത് കമ്പ്യൂട്ടർ ഭാഷയിലെ ഒരു അക്ഷരം പിഴച്ചതും അതു വഴി ഉണ്ടായ വലിയ വീഴ്ചയും അനുസ്മരിക്കുകയാണ് ഇവിടെ. ഒന്നും രണ്ടും ഘട്ടങ്ങൾ ഭംഗിയായി പ്രവർത്തിച്ചു. മൂന്നാം ഘട്ടത്തിലെ ജ്വലന ശേഷം ഉടൻതന്നെ നിയന്ത്രണം നഷ്ടമായി കടലിൽ പതിച്ചു. നിങ്ങളെന്താ ഉപഗ്രഹങ്ങളെ കടലിൽ ഇടാനാണോ റോക്കറ്റുണ്ടാക്കുന്നത് ? എന്ന് നാട്ടുകാർ ചോദിച്ചിരുന്ന കാലം!**



*അനിയൻ മാങ്ങോട്ട്രി വി.എസ്.എസിയിലെ ഓഫീസ് മുറിയിൽ*

പിഴയ്ക്കും. കമ്പ്യൂട്ടറിൽ ഭാഷയെന്നത് അതിനെ നിയന്ത്രിക്കുന്ന പ്രോഗ്രാമുകളാണ്. അതിലൂടെ കൊടുക്കുന്ന നിർദ്ദേശങ്ങളനുസരിച്ച് വലിയ പവർ പ്ലാന്റുകളും ഉപഗ്രഹവിക്ഷേപണ വാഹനങ്ങളും എ ഐ യന്ത്രമനുഷ്യരും പ്രവർത്തിക്കുന്നു. അതിൽ പറ്റുന്ന ഒരു പിഴവ് വലിയ അപകടങ്ങളിലേക്കും പരാജയങ്ങളിലേക്കും നയിക്കുന്നതിന് കാരണമാവാം.

1993 നടന്ന പി.എസ്.എൽ.വിയുടെ ആദ്യവിക്ഷേപണം വലിയൊരു പരാജയമായിരുന്നു. ഒന്നും രണ്ടും ഘട്ടങ്ങൾ ഭംഗിയായി പ്രവർത്തിച്ചു. മൂന്നാം ഘട്ടത്തിലെ ജ്വലന ശേഷം ഉടൻതന്നെ നിയന്ത്രണം നഷ്ടമായി കടലിൽ പതിച്ചു. 'നിങ്ങളെന്താ ഉപഗ്രഹങ്ങളെ കടലിൽ ഇടാനാണോ റോക്കറ്റുണ്ടാക്കുന്നത്? എന്ന് നാട്ടുകാർ ചോദിച്ചിരുന്ന കാലം! ആ തെറ്റ് എങ്ങനെ സംഭവിച്ചു എന്ന് തിരിച്ചറിഞ്ഞതും തിരുത്തിയതുമാണ് ഇനി പറയാൻ പോവുന്നത്.

അല്പം ചരിത്രം പറയാം. 1970കളിൽ ഉപഗ്രഹ വിക്ഷേപണ രംഗത്തെ ആദ്യകാൽവെപ്പായി എസ്.എൽ. വി. പരീക്ഷണം നടത്തി. മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം ആയിരുന്നു ആ പ്രോജക്റ്റിന്റെ ഡയറക്ടർ. ആദ്യമായി 'മൈക്രോ പ്രോസസർ' അടിസ്ഥാനമാക്കിയള്ള കമ്പ്യൂട്ടറിന്റെ ഉപയോഗം ഇന്ത്യൻ ഉപഗ്രഹവിക്ഷേപണ വാഹനത്തിൽ തുടങ്ങിയത് എ.എസ്.എൽ.വിയിലാണ്.

കമ്പ്യൂട്ടറിന്റെ കണക്കുകൾ കൂട്ടാനുള്ള സർക്യൂട്ടുകളും അതിന്റെ നിയന്ത്രണ യൂണിറ്റുമെല്ലാം ഒരു ചെറിയ ചിപ്പിൽ ഒതുക്കിയതിനെയാണ് മൈക്രോ പ്രോസസർ എന്ന് പറയുന്നത്. വിക്ഷേപണ വാഹനത്തിന്റെ ഗതി നിയന്ത്രണം, അതുപോലെ എപ്പോഴെപ്പോൾ സ്റ്റേജുകൾ കത്തണം, കത്തിത്തീർന്നവ അടർന്നു മാറണം എന്നൊക്കെ തീരുമാനിക്കുന്ന സോഫ്റ്റ്‌വെയർ ഒരു കറുത്ത തേരട്ടയുടെ വലിപ്പമുള്ള ഈ മൈക്രോ പ്രോസസറും മറ്റു ഇലക്ട്രോണിക് സർക്യൂട്ടുകളും ചേർന്ന ഓൺബോർഡ് കമ്പ്യൂട്ടർ ആണ് നിർവഹിക്കുന്നത്.

അക്കാലത്ത്  ഓൺ ബോർഡ് കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ എഴുതിയിരുന്നത് അസംബ്ലി ലാംഗ്വേജിൽ ആയിരുന്നു. ADD,SUB,MUL,NEG...( കൂട്ടുക,കുറയ്ക്കുക,ഗുണിക്കുക, ചിഹ്നം മാറ്റി നെഗറ്റീവ് ആക്കുക...) തുടങ്ങിയ പല പല നിമോണിക്സുകൾ ചേർന്നതാണ് അസംബ്ലി ലാംഗ്വേജ്. ഇപ്പോൾ പ്രചാരത്തിലുള്ള കമ്പ്യൂട്ടർ ഭാഷകളൊന്നും ഉപയോഗിക്കത്തക്കവണ്ണം വികാസം പ്രാപിച്ചില്ലായിരുന്നു.

പി.എസ്.എൽ.വിയുടെ പരാജയ വിശകലനങ്ങളിൽ നിന്നാണ് കമ്പ്യൂട്ടർ പ്രോഗ്രാമിലെ അക്ഷരത്തെറ്റു മനസ്സിലായത്. വാഹനത്തിന്റെ സ്വയം നിയന്ത്രണ സോഫ്റ്റ്‌വെയറിൽ ഒരു കുത്തും L എന്ന അക്ഷരവും  ഉണ്ടായിരുന്നുവെങ്കിൽ അങ്ങനെ ഒരു പരാജയം സംഭവിക്കില്ലായിരുന്നു. .L എന്ന് ഉണ്ടായിരുന്നെങ്കിൽ അത്  NEG (നെഗേറ്റ്) എന്ന് വായിക്കപ്പെടും. അതായത് ഒരു സംഖ്യയെ നെഗറ്റീവ് ആക്കൽ എന്ന നിർദ്ദേശമായി മാറും. അങ്ങനെ മാറാതിരുന്നതാണ് എല്ലാം തകരാൻ കാരണം. വ്യാവഹാരികരംഗങ്ങളിൽ സ്ലിപ്പ് ഓഫ് എ ടങ് അല്ലെങ്കിൽ ടൈപ്പ് ചെയ്തപ്പോൾ വന്ന അക്ഷരത്തെറ്റ് എന്നൊക്കെ പറഞ്ഞൊഴിയാൻ പറ്റുന്ന ഒരു തെറ്റ് കമ്പ്യൂട്ടർ നിർദ്ദേശത്തിൽ വന്നപ്പോൾ സംഭവിച്ച വിന നോക്കൂ!

കമ്പ്യൂട്ടറുകളിലെ സംഖ്യാസമ്പ്രദായം ദശാംശ സമ്പ്രദായം അല്ല. അത് ബൈനറി സിസ്റ്റമാണ്.

**വാഹനത്തിന്റെ സ്വയം നിയന്ത്രണ സോഫ്റ്റ്‌വെയറിൽ ഒരു കുത്തും L എന്ന അക്ഷരവും ഉണ്ടായിരുന്നുവെങ്കിൽ അത് NEG (നെഗേറ്റ്) എന്ന് വായിക്കപ്പെടും. അതായത് ഒരു സംഖ്യയെ നെഗറ്റീവ് ആക്കൽ എന്ന നിർദ്ദേശമായി മാറും. അങ്ങനെ മാറാതിരുന്നതാണ് എല്ലാം തകരാൻ കാരണം. വ്യാവഹാരികരംഗങ്ങളിൽ സ്ലിപ്പ് ഓഫ് എ ടങ് അല്ലെങ്കിൽ ടൈപ്പ് ചെയ്തപ്പോൾ വന്ന അക്ഷരത്തെറ്റ് എന്നൊക്കെ പറഞ്ഞൊഴിയാൻ പറ്റുന്ന ഒരു തെറ്റ് കമ്പ്യൂട്ടർ നിർദ്ദേശത്തിൽ വന്നപ്പോൾ സംഭവിച്ച വിന നോക്കൂ!**



*അനിയൻ മാങ്ങോട്ട്രി ഐ എസ് ആർ ഒ ചെയർമാൻ എസ് സോമനാഥുമൊത്ത്*

ഇലക്ട്രോണിക് സർക്യൂട്ട് ഉപയോഗിച്ച് കണക്കുകൂട്ടാനുള്ള എളുപ്പം കൊണ്ടാണ് രണ്ടിനെ ആധാരമാക്കിയുള്ള ബൈനറി സമ്പ്രദായം ഉപയോഗിക്കുന്നത്. അതുപോലെ അസംബ്ലി ഭാഷയിലെ പ്രോഗ്രാമുകളിലെ ബൈനറി നമ്പറുകളെ സൗകര്യപൂർവ്വം പ്രതിനിധീകരിക്കാൻ ഹെക്സാഡെസിമൽ സമ്പ്രദായവും ഉപയോഗിക്കുന്നു.

കമ്പ്യൂട്ടറിനും ബൈനറി സമ്പ്രദായത്തിൽ പോസിറ്റീവും നെഗറ്റീവും നമ്പറുകളെ ഉപയോഗിക്കേണ്ടതുണ്ട്. അതിന് 2 'എസ് കോംപ്ലിമെന്റ് എന്ന സമ്പ്രദായം ഉപയോഗിക്കുന്നു. അതനുസരിച്ച് മൈനസ് പത്തിന്റെ ബൈനറി നമ്പറിനെ ഹെക്സാഡെസിമൽ സമ്പ്രദായത്തിൽ എഴുതുമ്പോൾ അത് 8000 എന്നാണ് വരുക. ഈ ബൈനറി നമ്പറിന് ഒരു പ്രശ്നമുണ്ട്. അതിനെ നെഗറ്റീവ് ആക്കാൻ 2 ' എസ് കോംപ്ലിമെന്റ് എടുത്ത് മൈനസ് നമ്പർ ആക്കിയാൽ അതും 8000 എന്നാണ് വരിക. അതായത് –10 ന്റെ നെഗറ്റീവ് പ്ലസ് 10 ആകുന്നതിനു പകരം –10 എന്നു തന്നെ കമ്പ്യൂട്ടറിൽ വരും.

ഇനി പി.എസ്.എൽ.വിൽ എന്ത് സംഭവിച്ചു എന്ന് പറയാം. വാഹനത്തിന്റെ ത്വരണം(Acceleration ), പ്രവേഗം (Velocity ) ആകാശത്തിലുള്ള സ്ഥാനം (Position ), അഭിവിന്യാസം (Orientation) തുടങ്ങിയവയെല്ലാം അതിനകത്തുള്ള മൈക്രോപ്രോസസറിലെ സോഫ്റ്റ്‌വെയർ, കണക്കുകൂട്ടലുകൾക്കായി ഉപയോഗിക്കുന്നുണ്ട്. ഇതെല്ലാം ഉദ്ദേശിച്ച രീതിയിൽ ആവാൻ ഓരോ 20 മില്ലി സെക്കൻഡിലും റോക്കറ്റിന്റെ നോസിൽ വേണ്ട ദിശയിൽ തിരിക്കാൻ നിർദേശം കൊടുത്തു കൊണ്ടിരിക്കും. ഡിജിറ്റൽ നമ്പറിലുള്ള നിർദ്ദേശം ഡിജിറ്റൽ ടു അനലോഗ് കൺവെർട്ടർ ചിപ്പ് വഴിയാണ് വോൾട്ടേജ് രൂപത്തിൽ കൺട്രോൾ സിസ്റ്റത്തിലേക്ക് അയയ്ക്കുന്നത്. അതനുസരിച്ച് നോസിൽ വേണ്ട രീതിയിൽ ദിശ മാറും. അതായത് നമ്മൾ കാറോടിക്കുമ്പോൾ സ്റ്റിയറിങ് തിരിക്കുന്നത് പോലെ. മനുഷ്യന് പകരം കമ്പ്യൂട്ടറും സെൻസറുകളും നോസിലിൽ ഘടിപ്പിച്ചിട്ടുള്ള ആക്ചേറ്ററുകളും അത് നിർവഹിക്കുന്നു.

പി.എസ്.എൽ.വിയിൽ രണ്ടാംഘട്ടം ജ്വലിച്ചു തീർന്ന് റോക്കറ്റിൽ നിന്നും വിട്ടു മാറിയപ്പോൾ, മുന്നോട്ടു പോകാനുള്ള ബാക്കി റോക്കറ്റിന് വലിയ കുലുക്കവും ഗതിവ്യത്യാസവും വരുകയുണ്ടായി. ഉപയോഗിച്ചു തീർന്ന ഭാഗത്തെ അടർത്തിമാറ്റുന്ന മെക്കാനിക്കൽ സിസ്റ്റത്തിലെ ചില ചെറിയ പ്രശ്നങ്ങളാണ് അതുണ്ടാവാനുള്ള കാരണം. ഈ ഗതിവ്യത്യാസം ശരിയാക്കാനായി മൂന്നാംഘട്ട നോസിലിന് വലിയ ഒരു തിരിച്ചിൽ കൊടുക്കേണ്ടതായി വന്നു. കമ്പ്യൂട്ടർ പ്രോഗ്രാമിൽ മൈനസ് 10 എന്ന അക്കത്തിന്റെ 32 ബിറ്റ് ബൈനറി രൂപമായ 80000001 എന്ന് വന്നു. ശരിയായ രീതിയിൽ തുടർന്ന് മുന്നോട്ടുപോകാൻ ഇതിന്റെ ചിഹ്നം മാറ്റിയാണ് നോസിൽ തിരിക്കേണ്ട നിർദ്ദേശമായി പോകേണ്ടത്. ഇത്തരമൊരു സംഖ്യ വരുമ്പോൾ അവസാനത്തെ അക്കം പൂജ്യം ആവാതെ ഒന്നിൽ നിർത്തണം എന്ന് സോഫ്റ്റ്‌വെയർ ഡിസൈനർക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് ശരിയായി 80000001 എന്ന് വന്നത്. പക്ഷേ നിർദ്ദേശം പോകുന്ന ഡിജിറ്റൽ ടു അനലോഗ് കൺവേർട്ടറാവട്ടെ ഏറ്റവും പ്രധാനമുള്ള 16 ബിറ്റുകൾ, ഇവിടെ അതായത് 8000 മാത്രമേ എടുക്കുകയുള്ളു.

**ഒരു കുത്തിന്റെയും L എന്ന അക്ഷരത്തിന്റെയും കുറവ് സ്റ്റീയറിങ്ങിനെ തെറ്റായ ദിശയിൽ തിരിച്ചുകൊണ്ടിരുന്നു. അങ്ങനെ വാഹനം നിയന്ത്രണം മാറി കടലിലേക്ക് കൂപ്പുകുത്തി വീണു. വിക്ഷേപണത്തിനു മുമ്പുള്ള നിരവധി പരിശോധനകളിലൊന്നും ആ തെറ്റ് കണ്ടുപിടിക്കാതെ പോയി. കണ്ടുപിടിക്കാതെ എന്നതിനേക്കാൾ ശ്രദ്ധിക്കാതെ പോയി എന്ന് പറയുന്നതാവും ശരി. ആ ഒരു തെറ്റ് കാണാതെ കിടന്ന് മറ്റേതെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള ദൗത്യങ്ങളിൽ വന്ന് വലിയ വലിയ പ്രശ്നങ്ങളിലേക്ക് നയിക്കുമായിരുന്നു.**

ചിഹ്നം മാറ്റാനുള്ള നെഗേറ്റ് എന്ന നിർദ്ദേശം 80000001 എന്ന നമ്പറിൽ പ്രവർത്തിച്ച് അതിനെ വീണ്ടും 8000 എന്ന് തന്നെയാക്കി. 16 ബിറ്റ് മൈക്രോപ്രോസസർ വെറും നെഗേറ്റ് എന്ന് കൊടുത്താൽ മോസ്റ്റ് സിഗ്നിഫിക്കറ്റ് 16 ബിറ്റ് മാത്രമേ എടുക്കുകയുള്ളു. അതായത് പ്ലസ് പത്തിന് പകരം –10 തന്നെ പോയി. നേരെമറിച്ച് NEG.L ആയിരുന്നെങ്കിൽ 80000001 എന്ന –10 സൂചിപ്പിക്കുന്ന നമ്പറിനെ ശരിയായി ചിഹ്നം മാറ്റി +10 ആക്കുകയും ശരിയായ നിർദ്ദേശം പോവുകയും ചെയ്യുമായിരുന്നു.

ഒരു കുത്തിന്റെയും L എന്ന അക്ഷരത്തിന്റെയും കുറവ് സ്റ്റീയറിങ്ങിനെ തെറ്റായ ദിശയിൽ തിരിച്ചുകൊണ്ടിരുന്നു. അങ്ങനെ വാഹനം നിയന്ത്രണം മാറി കടലിലേക്ക് കൂപ്പുകുത്തി വീണു. വിക്ഷേപണത്തിനു മുമ്പുള്ള നിരവധി പരിശോധനകളിലൊന്നും ആ തെറ്റ് കണ്ടുപിടിക്കാതെ പോയി. കണ്ടുപിടിക്കാതെ എന്നതിനേക്കാൾ ശ്രദ്ധിക്കാതെ പോയി എന്ന് പറയുന്നതാവും കൂടുതൽ ശരി. കാരണം പിന്നീട് അറിഞ്ഞു, ഒരു ടെസ്റ്റിൽ ആ തകരാറു കാരണമുള്ള ചില നിരീക്ഷണങ്ങൾ കണ്ടിരുന്നു എന്ന്. വാഹനത്തിന് വലിയ തോതിലുള്ള കറക്ഷൻ വേണ്ട ഒരു ടെസ്റ്റ് കേസ് ആയിരുന്നു അത്. പക്ഷേ അന്നത് എന്തോ നോയിസ് സിഗ്നൽ കടന്നുകൂടിയതാവാം അല്ലെങ്കിൽ ടെസ്റ്റ് സെറ്റപ്പ് പ്രശ്നങ്ങളാകാം എന്ന നിഗമനത്തോടെ മുന്നോട്ട് പോവുകയായിരുന്നു. കാരണം നോർമലായ ചെറിയ ചെറിയ കറക്ഷനുകളെല്ലാം സോഫ്റ്റ്‌വെയർ ഭംഗിയായി നിർവഹിക്കുന്നുണ്ടായിരുന്നു.

ആദ്യവിക്ഷേപണത്തിൽത്തന്നെ രണ്ടാം ഘട്ടം വിട്ടുമാറുമ്പോൾ ഇങ്ങനെ ഒരു വ്യതിയാനം വന്നതും നോസിലിനെ വലിയ രീതിയിൽ തിരിക്കേണ്ടിവന്നതും അതിലൂടെ ഈ ഒരു സോഫ്റ്റ്‌വെയറിലെ തെറ്റ് പുറത്തുവന്നതും ദൈവത്തിന്റെ ഓവർടൈം പ്രവൃത്തി എന്ന് തന്നെ പറയേണ്ടിവരും. അല്ലെങ്കിൽ ആ ഒരു തെറ്റ് കാണാതെ കിടന്ന് മറ്റേതെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള ദൗത്യങ്ങളിൽ വന്ന് വലിയ വലിയ പ്രശ്നങ്ങളിലേക്ക് നയിക്കുമായിരുന്നു. അതെ നിരവധി പേർ രാവെന്നും പകലെന്നും ഇല്ലാതെ അശ്രാന്ത പരിശ്രമം ചെയ്യുമ്പോൾ ദൈവവും അവർക്കൊപ്പം നിന്ന് ഓവർ ടൈം ജോലി ചെയ്യും.

'ഇഫ് യൂ ആർ നോട്ട് ചേസിംഗ് ദ പ്രോബ്ലം പ്രോബ്ലം വിൽ ചേസ് യൂ... ' എന്നാണല്ലോ. പരാജയങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് ഉത്സാഹത്തോടെ മുന്നോട്ട് പോയി. ഈ ഒരു സോഫ്റ്റ്‌വെയർ തകരാറ് കണ്ടെത്തിയശേഷം സോഫ്റ്റ്‌വെയർ ഡെവലപ്മെൻറ് പ്രക്രിയയിലും അതിന്റെ ശരിയായ പ്രവർത്തനം വിലയിരുത്താനുള്ള വിശകലനങ്ങളിലും സോഫ്റ്റ്‌വെയറും ഹാർഡ്‌വെയറും ഒന്നിച്ച് സംയോജിപ്പിച്ചുള്ള ടെസ്റ്റുകളിലും കാതലായ പല മാറ്റങ്ങളും വരുത്തുകയുണ്ടായി. അതിനൊക്കെ വേണ്ട പുതിയ സംവിധാനങ്ങൾ വന്നു. മിഷൻ സിമുലേഷൻ ആൻഡ് സിന്തസിസ് ഗ്രൂപ്പ് തന്നെ ഉണ്ടായി. പിന്നീട് സംഭവിച്ച പി.എസ്.എൽ.വിയുടെ വിജയഗാഥകൾ എല്ലാവർക്കും അറിയാം. രാജ്യം ഇന്ന് ചന്ദ്രന്റെ ദക്ഷിണധ്രുവം തൊട്ട ആദ്യ രാജ്യം എന്ന നിലയിലേക്ക്, അതും ഏറ്റവും മൃദുവായും സൂക്ഷ്മമായും പറന്നിറങ്ങാൻ സാങ്കേതികമായി പുരോഗമിച്ച രാജ്യം എന്ന നിലയിലേക്ക് ഉയർന്നു കഴിഞ്ഞു. വരാൻ പോകുന്ന ഗഗൻയാൻ പോലുള്ള പദ്ധതികളിലൂടെ ആ വിജയഗാഥ ഇനിയും തുടർന്നു കൊണ്ടേയിരിക്കും.

1984 ൽ തുടങ്ങിയ ഔദ്യോഗിക ജീവിതം അസോസിയേറ്റ് ഡയറക്ടറുടെ ഓഫീസിൽ, അവസാന ഫയലും ഒപ്പുവെച്ച്, 2022 ൽ ഔദ്യോഗികമായ വിരമിക്കൽ എന്ന ദിശാവ്യതിയാനങ്ങളിലൂടെ കടന്നു പോകുമ്പോൾ ഉള്ളിൽ ഓർക്കാൻ ഇങ്ങനെ മറക്കാനാവാത്ത ചില ഓർമ്മകൾ! ഇഷ്ടപ്പെട്ട ഒരു മേഖലയിൽ പല പ്രഗത്ഭരോടുമൊത്ത് പ്രവർത്തിക്കാനായതിന്റെ നിറവ് ഇന്നും ഉള്ളിൽ തുളുമ്പിയൊഴുകുന്നു. ●

(അനിയൻ മാങ്ങോട്ട്രി എന്ന് തുലികാനാമമുള്ള എം. നാരായണൻ നമ്പൂതിരിപ്പാട് വി.എസ്.എസിയുടെ മുൻ അസോസിയേറ്റ് ഡയറക്ടറാണ്) അനിയൻ മാങ്ങോട്ട്രി എം ആർ എ 139ആശ്രമം റോഡ്, മണ്ണാമൂല, പി.ഒ: പേരൂർക്കട, തിരുവനന്തപുരം, പിൻ: 695005 മൊബൈൽ: 9496080045

തനിക്ക് കവിത പിറക്കുന്ന വഴികളെപ്പറ്റി സുനിത എഴുമാവിൽ എഴുതുന്നു

# യക്ഷിയുടെ പാലക്കൊമ്പിൽ കവിതയൂറുമ്പോൾ



സുനിത എഴുമാവിൽ. മലപ്പുറം ജില്ലയിലെ എടപ്പാളിനടുത്ത് കുറ്റിപ്പാലയിൽ ജനനം. കിഴക്കേ കുത്തുള്ളി സാവിത്രി അന്തർജനം, കെ. കെ. കൃഷ്ണൻ നമ്പൂതിരി - അമ്മയുമച്ഛനും. തൃശ്ശൂർ ഗവ. ലോ കോളേജിൽനിന്ന് നിയമത്തിൽ ബിരുദാനന്തര ബിരുദം. ഡഹ്റാഡൂണിലെ പെട്രോളിയം യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ്. മുംബൈയിൽ നിയമാധ്യാപിക. കുടുംബം - സതീഷ് എഴുമാവിൽ, മക്കൾ (ഭദ്ര, കൃഷ്ണൻ)

*സുനിത എഴുമാവിൽ എഴുതിയ കവിതാസമാഹാരം പ്രിയ നഗരമേ നിനക്ക് എന്നതിലെ യക്ഷി എന്ന കവിത ഈ ക്യൂ ആ കോഡിൽ കേൾക്കാം. ശബ്ദം: രാജീവ് കാറൽമണ്ണ*

തോന്നിയ പോലെ മേഘക്കൂട്ടിൽ കയറിവന്ന് പെയ്തുനിറയുന്ന മഴത്തുള്ളികൾ പോലെയാണ് കവിതയെന്നു തോന്നാറുണ്ട്. തന്നിഷ്ടക്കാരി. നോക്കി നോക്കിയിരുന്നാൽ മുഖംതിരിച്ചു പറന്നുപോയ്ക്കളയും. കാത്തിരിപ്പിന്റെ അസന്നിഗ്ധതയെ മൂടിക്കെട്ടി ഇരുട്ടാക്കി അസ്വസ്ഥതകൊണ്ട് പുഴുക്കും. എന്നാലവൾക്ക് വേണമെന്ന് തോന്നിയാലോ. ആർത്തലച്ച് വന്നു പുണർന്ന് ഉള്ളോളം ചേർത്തുപിടിക്കും. കുളിർപ്പിക്കും നനുപ്പിക്കും. നേർത്ത തൂവലാക്കി കാറ്റത്ത് പറത്തിവിടും. അവളെക്കുറിച്ച് പറഞ്ഞ് ആർക്കാണ് മടുത്തിട്ടുണ്ടാവുക? മതിയായിട്ടുണ്ടാവുക?

വായനയുടെ ഏതോ രാത്രിയിൽ യക്ഷി പാർക്കുന്ന പാലമരത്തിന്റെ മുകളിൽ കയറ്റിയിരുത്തിയാണ് കവിതയെന്നെ ആദ്യം പരീക്ഷിച്ചത്. പ്രിയ എഴുത്തുകാരി ഗ്രേസിയുടെ ചെറുകഥ ദേവീമാഹാത്മ്യം വായന മനസ്സിൽ വരച്ച ചിത്രങ്ങളിൽ നിന്ന് പിടിവിടാനാകാതെ അലയുമ്പോഴാണത്. കണ്ണടച്ചാൽ ആകാശക്കാഴ്ചകൾ മാത്രം! ചുറ്റും സുഗന്ധം! പക്ഷേ, പാടവും നിലാവും മരവും കാറ്റും. എല്ലാം മുകളിൽ നിന്ന് കാണുന്നപോലെ!

താഴെയിറങ്ങി മണ്ണിൽ നിൽക്കാനായി ഞാൻ പിടഞ്ഞു, കൈകാലിട്ടടിച്ചു.ദിവസങ്ങളോളം. പറഞ്ഞു കേട്ടവരൊക്കെ ചിരിച്ചുതള്ളി. ഭ്രാന്തിന്റെ വകഭേദങ്ങളിലൊന്നെന്ന് തമാശയാക്കി.

വിങ്ങൽ എനിക്കു മാത്രമാണെന്നറിയുന്ന കവിത ആകാശക്കാഴ്ചകൾ മാത്രം പിന്നേയും കാണിച്ച് രസിച്ചു. ഒടുവിൽ എഴുതാൻ തുടങ്ങി. കണ്ടത് അതുപോലെ. പോകെപ്പോകെ വിങ്ങലിന്റെ സാന്ദ്രത നേർത്ത് അനർഘമായ ഒരു അനുഭവമായി അലിഞ്ഞുചേർന്നു.യക്ഷി എന്ന കവിത പിറക്കുന്നതങ്ങിനെയാണ്.

അക്ഷരച്ചൂണ്ണാമ്പല്ലാതെ മറ്റൊന്നും തരാനില്ലാത്ത ഞാൻ എന്നുമെന്നെ മോഹിപ്പിക്കണേയെന്ന് കണ്ണടച്ചു കരഞ്ഞു. വിസ്മയങ്ങളുടെ വിഭ്രമലോകം ഒരൽപം കാണിച്ചവൾ മിന്നിമറഞ്ഞു.

മറ്റൊരിക്കൽ ഭാവനാകാശത്ത് മേഘത്തിൽ തിണ്ടുകുത്തുന്ന കൊമ്പനാന കണക്ക്.ഒരു പുരുഷവിഗ്രഹം കാണിച്ചു തന്നു, അക്കിത്തത്തിന്റെ നിത്യമേഘം എന്ന കവിത. മനസ്സലയാൻ തുടങ്ങി, ആ വെള്ളമേഘത്തിനൊപ്പം. ചെന്നു നിന്നത് ശ്രിപ്രാനദിയുടെ തീരത്തുള്ള പഴകിപ്പൊളിഞ്ഞ ആ കാളീക്ഷേത്രത്തിൽ. ഒരു വൈകുന്നേരം. അകത്തു കാളിയും പുറത്തു ദാസനും. അകലെ നിന്ന് അവരെ കാണുന്ന ഞാനും.

കാലുകൾ അനക്കാൻ സാധിക്കാതെ, നിന്നിടത്തുനിന്നനങ്ങാനാവാതെ, കവിതയെന്നെ പിടിച്ചുനിർത്തി. കാണുന്നതെഴുതുകയല്ലാതെ എന്തു സാധിക്കും? ദീപശിഖ എന്ന കവിത തെളിഞ്ഞു കത്തിയതങ്ങിനെയാണ്.

വാക്കുകളെ ജീവൻ വയ്പിക്കുന്ന മായാജാലം കവിതയ്ക്ക് കരസ്ഥിതമാണ്. അത് എവിടെയും സ്വന്തം ഇഷ്ടപ്രകാരം പകർന്നുവിരിയിച്ച് അവൾ മന്ത്രവാദക്കളങ്ങളിൽ ഉറഞ്ഞുതുള്ളും. വേനലറുതികളിൽ തെളിനീരായി തൊണ്ടനനയ്ക്കും. ആടിമാസത്തിലെ കുഞ്ഞുസൂര്യനും അതിരരാത്രിയിലെ തീക്കട്ടയുമാകും. വാക്കിന് പകരാൻ കഴിയാത്ത പ്രണയവും പൊള്ളലുമാവും. ഓരോ കവിതയും വന്നിറങ്ങുന്നതും, ഒഴുകിനിറയുന്നതും വേറെവേറെ അനുഭവങ്ങളാണ്. ഒരു കവിതയും മറ്റൊന്നിനെപ്പോലെയല്ല! ●

Sunitha Ezhumavil,15/301,
Angelica, Highland Residency
Dhokali-Balkum Road
Thane West, Maharashtra, Pin-code: 400607, Mob:9833536130



# ഗൗരിയും രൂപേഷും

മണ്ണാർക്കാട് പെരിമ്പടാരി ഹിൽവ്യൂനഗറിൽ കാവിൽ പടിഞ്ഞാറേടത്ത് മന യ്ക്കൽ കെ.വി. സന്തോഷ്കുമാറിന്റെയും എൻ.ബി. അമൃതയുടെയും മകൾ ഗൗരിയും ( കാവിൽ പടിഞ്ഞാറേടം വാസുദേവൻ നമ്പൂതിരി ഉമാദേവി അന്തർജനം, നെല്ലിപ്പറ്റ ബാണത്തൂർ എൻ.ബി നാരായണൻ നമ്പൂതിരിപ്പാടിന്റെയും ചന്ദ്രിക അന്തർജനത്തിന്റെയും പൗത്രി) പട്ടാമ്പി ഓങ്ങല്ലൂർ പാക്കത്ത് മനയ്ക്കൽ പി.എം വാസുദേവന്റെയും പി.ഇ രാധയുടെയും മകൻ രൂപേഷും തമ്മിലുള്ള വിവാഹം 2024 ജൂൺ 02 (1199 എടവം 19) ഞായറാഴ്ച പട്ടാമ്പി വാടാനാംകുറുശ്ശി എം.ടീസ് കൺവെൻഷൻ പാലസിൽ വെച്ച് നടന്നു.

ഫോൺ: 9446974797, 9495036755, 9037112272



## അക്ഷയ് ശ്രീധറും ആര്യയും

കോഴിക്കോട് ഓമശ്ശേരി കല്ലുരുട്ടി ശ്രീ നിലയത്തിൽ (കൊളങ്ങര കാരാട്) ശ്രീധരനുണ്ണിയുടെയും ലതയുടെയും മകൻ അക്ഷയ് ശ്രീധറും തൃശൂർ മാറത്തൻകോട് പെരുമ്പിള്ളി മന സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും ലത അന്തർജനത്തിന്റെയും മകൾ ആര്യയും 2024 സെപ്തംബർ 1 ന് തിരുവമ്പാടി എം.സി. ഓഡിറ്റോറിയത്തിൽ വിവാഹിതരായി.



## നീരജും സൗമ്യയും

മഞ്ഞപ്പറ്റ (സാകേതം, പരത്തിപ്ര, ഷൊർണൂർ) ഭവദാസൻ/മിനി ദമ്പതിമാരുടെ മകൻ നീരജും പൊത്തോപ്പുറം മുല്ലക്കൽ ഇല്ലം (പുതുവേലി,കോട്ടയം ജില്ല) രാജൻ/രേഖ ദമ്പതിമാരുടെ മകൾ സൗമ്യയും 2024 ജൂലൈ 13 ശനിയാഴ്ച ഷൊർണൂർ കുളപ്പുള്ളി 'പള്ളിയാലിൽ' ഓഡിറ്റോറിയത്തിൽ വിവാഹിതരായി.



# അറിയാം, വിദ്യാരംഭത്തിന്റെ പുതിയ വഴികളെപ്പറ്റി

**കാശ് കൊടുത്ത് ഒരു ടീച്ചർ ജോലി സമ്പാദിക്കുന്നതാണ് ഇപ്പോഴും പലരുടെയും സ്വപ്നം.**
**തൃശൂർ അന്നമനട തുറനെല്ലൂർ മനയിലെ നന്ദന പക്ഷേ, വേറെ ലെവലാണ്. എം എസ് സി ഫിസിക്സ് കഴിഞ്ഞ നന്ദന ആസ്ട്രേലിയയിൽ സർക്കാർ ഫണ്ടോടു കൂടി ഗവേഷണം ചെയ്യുകയാണ്.**

## സ്കോളർഷിപ്പോടെ ആസ്ട്രേലിയയിൽ

**ക്വീൻസ്ലാൻഡിലെ ഗ്രിഫിറ്റ്സ് യൂനിവേഴ്സിറ്റിയിലാണ് ക്വാണ്ടം ഒപ്ടിക്സിൽ പി എച്ച് ഡി ചെയ്യുന്നത്**

ഞങ്ങടെ ഫിസിക്സ് സാറാണ് ഫിസിക്സിന്റെ ലോകത്തുള്ള ഹയർ സാധ്യതകൾ പറഞ്ഞു തന്നത്. പി എച്ച് ഡിക്കു പോവണമെങ്കിൽ അവ അറിയാൻ വെബ് സൈറ്റുകൾ ഉണ്ട്. ജർമനിയിൽ ഡാഡ്ഇന്ത്യ (DAAD) യൂറോപ്പിൽ EURAXESS, ഓസ്ട്രേലിയയിൽ വിവിധ യൂനിവേഴ്സിറ്റികളുടെ സൈറ്റുകൾ. നമ്മൾ മെയിൽ ചെയ്യണം. പ്രൊഫസർമാർക്ക് നേരിട്ടും റെസ്യൂമേ അയക്കാം. ബ്രീഫ് ആയി അവരുടെ / ആ പ്രൊഫസറുടെ റിസർച്ച് സബ്ജെക്ട് നമ്മൾ ഇഷ്ടപ്പെട്ടതിന്റെ കാരണമെഴുതണം. നമ്മുടെ സ്കിൽ സി വിയിൽ പ്രത്യേകം കാണിക്കണേ. നാട്ടിൽ ഏതെങ്കിലും റിസർച്ച് പ്രൊജക്ടിൽ ആറു മാസമെങ്കിലും അസോസിയേറ്റ് ആവുന്നതും നന്നാവും. അതും അപേക്ഷയിൽ സൈറ്റ് ചെയ്യണം.

പുറം രാജ്യങ്ങളിൽ മാസ്റ്റർ ബിരുദക്കാർക്ക് റിസർച്ച് എക്സ്പീരിയൻസ് ഉണ്ടാവും. നമ്മുടെ എം എസ് സിയിൽ അതില്ല. അത് വേറെ ഉണ്ടാക്കണം. താൽപ്പര്യമുള്ളവ കണ്ടെത്തി അപേക്ഷിക്കണം.

പലതിനും റെസ്പോൺസ് ഉണ്ടാവണമെന്നില്ല. വീണ്ടും ശ്രമിക്കുക. നമുക്ക് യോജിച്ചത് നമ്മെ തിരഞ്ഞു വരും. പിന്നെ എവിടെയെങ്കിലും ആക്സപ്റ്റഡ് ആയാൽ തന്നെ ഫൈനൽ സെലക്ഷൻ വലിയ പ്രോസസാണ്. ധാരാളം മെയിലുകൾ നൽകേണ്ടി വരാം. സമയമെടുത്ത ഇന്റർവ്യൂ ഉണ്ടാവും. പി എച്ച് ഡി കഴിഞ്ഞുള്ള പ്രവർത്തനങ്ങളും വ്യക്തമാക്കണം.

ഞാനിപ്പോൾ ആസ്ട്രേലിയയിലെ ക്വീൻസ്ലാൻഡിലെ ഗ്രിഫിറ്റ്സ് യൂനിവേഴ്സിറ്റിയിൽ ഫിസിക്സിൽ - ക്വാണ്ടം ഒപ്ടിക്സ് പി എച്ച് ഡി ചെയ്യുന്നു. നല്ല ഫീസുണ്ട്. കിട്ടുന്ന സ്കോളർഷിപ്പ് കൊണ്ട് ഫീസ് മീറ്റ് ചെയ്യും. പെഴ്സനൽ എക്സ്പൻസിന് സ്റ്റൈപ്പൻഡ് തരുന്നുണ്ട്. പേടിക്കേണ്ട, അത്യാവശ്യം മിച്ചവുമുണ്ടാവും. യൂനിവേഴ്സിറ്റിയിൽ അക്കോമഡേഷൻ ഉണ്ട്. പുറത്തും നിൽക്കാം. എവിടെ ആയാലും ഫുഡ് നമ്മൾ ഉണ്ടാക്കേണ്ടി വരും.

വർക്കിംഗ് കണ്ടീഷൻ സൂപ്പറാണിവിടെ. വളരെ ഫ്ളക്സിബിൾ. ഗവേഷണം ഫുൾ ടൈം ആയതിനാൽ വേറെ പണിക്കു പോയി പൈസ ഉണ്ടാക്കാനൊന്നും സമയമുണ്ടാവില്ല. ഇവിടെ എജുക്കേഷന് ഒരു ക്വാളിറ്റി ഉണ്ട്. ഫണ്ടിംഗ് ഉള്ളതിനാൽ അഡ്വാൻസ്ഡ് എക്വിപ്മെന്റ്സ് ഉള്ള എൻവയോൺമെന്റിൽ വർക്ക് ചെയ്യാം. പിന്നെ സൂപ്പർവൈസർക്ക് നാട്ടിലെ പോലെ സാർ ഈഗോകൾ ഒന്നുമില്ല. നമുക്ക് പേര് വിളിക്കാം.

നമ്മൾ ഡോക്ടറേറ്റ് നേടിയാൽ ലോകത്തിനെന്തെങ്കിലും നേട്ടം അതു കൊണ്ടുണ്ടാവണം അതാണ് ഇവിടത്തെ ലൈൻ. ലോകം വിശാലമാണ്. നമുക്കും അവിടെ സ്പെയിസ് ഉണ്ട്. അത് കണ്ടെത്തണം. എന്തേലും സംശയം ഉണ്ടെങ്കിൽ എനിക്ക് വാട്സ് ആപ്പാം. സമയം പോലെ മറുപടിയും തരാം. എല്ലാർക്കും വിജയദശമി ആശംസകൾ. ●

നന്ദനയുടെ കുടുംബം: അമ്മ സുമ, നന്ദന, അനിയത്തി ദേവിക, അച്ഛൻ രവീന്ദ്രനാഥ് ടി.എൻ.തുറനെല്ലൂർ മന, അന്നമനട തൃശൂർ, നന്ദന : വാട്സ് ആപ്: 8589098518

### ലോകസഞ്ചാരം എന്ന വിദ്യാഭ്യാസം

**സത്യലോകമടക്കം ഏഴുലോകങ്ങളും സഞ്ചരിച്ചു തിരിച്ചെത്തി ഭൂമി തൊട്ടു വന്ദിക്കുന്നതാണല്ലൊ നമ്പൂതിരിമാരുടെ സന്ധ്യാവന്ദനത്തിലെ ധ്രുവാസി. ദക്ഷിണ ധ്രുവമായ അന്റാർട്ടിക്കയും ഉത്തര ധ്രുവമായ ആർട്ടിക്കും തൊട്ട് ഭൂമിയെ വലം വച്ച കെ.എം. എസ്. ഭട്ടതിരിപ്പാട് എഴുതുന്ന അനുഭവം**

# അങ്ങനെ ശരിക്കും ധ്രുവാസി ചൊല്ലി

**കെ.എം. എസ്. ഭട്ടതിരിപ്പാട്**



അലാസ്കൻ യാത്ര കഴിഞ്ഞെത്തിയ ദിവസം സുഹൃത്ത് നാരായണൻ വിളിച്ചു.

'എഫ് ബി യിൽ കണ്ടു. അപ്പൊ ദക്ഷിണധ്രുവവും ഉത്തരധ്രുവവുമായി. ഇനി മതി 'ധ്രുവാസി ' ചൊല്ലാം' സന്ധ്യാവന്ദനത്തിൽ പ്രണവോപാസനയോടെ സത്യലോകമടക്കം ഏഴുലോകങ്ങളും സഞ്ചരിച്ചു തിരിച്ചെത്തി ഭൂമി തൊട്ടു വന്ദിക്കുന്നതാണല്ലൊ ധ്രുവാസി. അശീതി കടന്ന ഞാൻ ധ്രുവാന്തരയാത്രകളിൽ ചാടിപ്പുറപ്പെടുന്നതിന്റ സാഹസികത്വം ഓർമ്മിപ്പിക്കുന്നതാണ് സ്നേഹമുള്ളവർ.

ലാസ്റ്റ് ഫ്രോൺടിയറായ അലാസ്കയുടെ ചില കണക്കുകളും സവിശേഷതകളും അത്ഭുതപ്പെടുത്തും. ചരിത്രത്തിൽ അലാസ്ക പ്രത്യക്ഷപ്പെട്ടിട്ടു 283 വർഷമേ ആയിട്ടുള്ളു. അലാസ്കയ്ക്കു വടക്കു ഉത്തരധ്രുവത്തെ ചുറ്റി ആർട്ടിക്ക് സമുദ്രമാണ്. ദക്ഷിണധ്രുവമായ അന്റാർട്ടിക്കയുടെ പെൻഗ്വിൻ ആണെങ്കിൽ ഉത്തരധ്രുവത്തിൽ സാൽമണും കരടിയും തിമിംഗലവുമാണ്. ഉത്തരധ്രുവത്തിൽ കൂടിയ തണുപ്പ് മൈനസ് 40 ഡിഗ്രിയാണെങ്കിൽ ദക്ഷിണ ധ്രുവത്തിൽ മൈനസ് 117 വരെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഉത്തരധ്രുവത്തിലാണ് അലാസ്ക. അമേരിക്കയുടെ 48ാമത്തെ സംസ്ഥാനം. 72 ലക്ഷം ഡോളറിന് റഷ്യയിൽ നിന്നു 1867ൽ അമേരിക്ക വാങ്ങിയത്. സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന സാർ ചക്രവർത്തിക്കു നിൽക്കക്കള്ളിയില്ലാതെ വിൽക്കേണ്ടി വന്നതാണ്. ചതുരശ്ര കി.മീറ്ററിന് ഏതാണ്ട് നാലു ഡോളർ വെച്ച്. ആ വിലയ്ക്ക് കേരളത്തിന്റെ വില 155000 ഡോളർ, ഒരു കോടി മുപ്പതുലക്ഷം രൂപ മാത്രം!

അലാസ്കയുടെ കൊടി നമ്മുടെ സപ്തർഷി നക്ഷത്ര സമൂഹവും ധ്രുവനക്ഷത്രവുമാ



*അലാസ്കയുടെ കൊടി നമ്മുടെ സപ്തർഷി നക്ഷത്ര സമൂഹവും ധ്രുവനക്ഷത്രവുമാണ്.*

ഞങ്ങൾ തിരിച്ചെത്തിയ ആഴ്ച തന്നെ ഒരു വേളിയിൽ പങ്കെടുത്തു. ഒരു കൂട്ടത്തിൽ സംസാരിക്കെ ഞങ്ങൾ അലാസ്ക യാത്ര കഴിഞ്ഞെത്തിയതെയുള്ളുവെന്നു പറയുകയുണ്ടായി. ആളൊന്നുക്ക് ഏതാണ്ട് 7 ലക്ഷം രൂപ ചെലവുവന്നുവെന്നും. പരിചയപ്പെട്ട ഒരു മാഷ് ഉടനെ ചോദിച്ചു.

'ഏഴുലക്ഷം രൂപയ്ക്കുള്ള ഫലശ്രുതിയുണ്ടോ ആ യാത്രക്ക് ' എങ്ങനെയും വ്യാഖ്യാനിക്കാവുന്ന ഒരു ചിരിയിലൊതുക്കി എന്റെ മറുപടി.

പിന്നീടു മാഷ് പോയപ്പോൾ മറ്റൊരു സുഹൃത്താരാഞ്ഞു.

'എന്തേ മാഷുടെ ചോദ്യത്തിന് മറുപടി പറയാഞ്ഞ്.'

'മാഷുടെ രൂപയ്ക്കും എന്റെ രൂപയ്ക്കും ഒരേ മൂല്യമല്ല. എന്റെ കണക്കിൽ ആരോഗ്യത്തിനും, യാത്രക്കും, പാവങ്ങളെ സഹായിക്കാനും ചെലവാക്കുന്ന രൂപയുടെ മൂല്യം ആർ.ബി.ഐ. ഗവർണ്ണറല്ല നിശ്ചയിക്കുന്നത്.'

ണ്. സുനീതിയുടെ പുത്രനായ ധ്രുവൻ അച്ഛൻ ഉത്താനപാദന്റ മടിയിലിരിയ്ക്കാനാഗ്രഹിച്ചു. സപത്നിയായ സുരുചിയെ ഭയന്നു രാജാവ് അനുവദിച്ചില്ല. ആറു വയസ്സുകാരൻ ധ്രുവൻ വിഷ്ണുവിനെ തപസ്സു ചെയ്തു നക്ഷത്രങ്ങളുടെ നാഥനായി ഉൽകൃഷ്ട പദവിയിൽ എത്തിയ കഥ നമുക്കു സ്വന്തം. എന്നാൽ അവർക്കാണത് കൂടുതൽ ചേരുക. അവരുടെ നേരെ മുകളിൽ അവരെ കാത്തു കൊണ്ടിരിക്കയാണ് ധ്രുവൻ. അലാസ്കക്ക് ഇന്ത്യയുടെ 0.52% വലുപ്പമുണ്ട്. ജനസംഖ്യ ഒരു ചതുരശ്ര കി.മീറ്ററിൽ 2.34 താഴെ മാത്രം. തലസ്ഥാനമായ ജൂനോ മൂന്നാമത്തെ വലിയ നഗരമാണ്. ആങ്കറേജ് ആണ് വലിയ നഗരം. പിന്നെ ഫേർബാങ്ക്സ്. ജൂനോയിൽ 32000 നിവാസികളെ ഉള്ളൂ.

ജൂൺ 17 രാത്രി കൊച്ചിയിൽ നിന്നു സിംഗപ്പൂരിലേക്ക്. രാവിലെ 6 മണിക്ക് സിംഹപുരത്തിറങ്ങി. 'സിംഹപുര ' മാണത്രെ സിംഗപ്പൂരായത്. തമിഴിൽ സിങ്കമാണല്ലൊ സിംഹം. കാംബോജം കമ്പോഡിയയാവാമെങ്കിൽ ഇതും ശരിയായിരിക്കാം. മഹാഭാരതം സഭാപർവ്വത്തിൽ 27 അധ്യായത്തിൽ 20-ശ്ലോകത്തിൽ അർജുനൻ കിഴക്കുള്ള സിംഹപുരം രാജാവായ ചിത്രായുധനെ തോല്പിച്ചുവെന്നു പറയുന്നുണ്ട്. ആ സിംഹപുരം ഇതുതന്നെയാവില്ലെ.! 18-ന് രാവിലെ 9 മണിക്കു വിമാനം കയറി. അന്നു തന്നെ രാവിലെ 8.30 ന് അമേരിക്കയിലെ സിയാറ്റിലിറങ്ങി. അരമണിക്കൂർ ലാഭം. പടിഞ്ഞാട്ട് സഞ്ചരിക്കുമ്പോൾ അങ്ങനെയാണ്.

സിയാറ്റിലെ ഗ്ലാസ്സ് മ്യൂസിയം ഭാവനവിടർത്തുന്നതാണ്. മ്യൂസിയത്തിൽ ഗ്ലാസ്സു കൊണ്ടു അമ്പരപ്പിക്കുന്ന ഡിസൈനുകളിൽ വർണ്ണഭംഗിയാർന്ന രൂപങ്ങളാണ്. പിറ്റേന്ന് കാനഡ വഴി വാൻകൂവറിൽ എത്തിയപ്പോൾ ഗൈഡ് ജെഫ് റഡിയായി നില്പുണ്ടായിരുന്നു.

ഇന്ത്യൻ റസ്റ്റോറണ്ടിലെ ഭക്ഷണത്തിനു ശേഷവും നഗര പ്രദക്ഷിണം തുടർന്നു. ഗൈഡിനെ ഒറ്റക്കു കിട്ടിയപ്പോൾ ചോദിച്ചു.

'ജെഫ് ഇന്ത്യയിൽ വന്നിട്ടുണ്ടോ? '

'ഇല്ല. വരണമെന്നുണ്ട്.. '

'ഇന്ത്യൻ ടൂറിസ്റ്റുകളെപ്പറ്റിയെന്താണ് അഭിപ്രായം '

അയാളുടെ ചിരിക്കുന്ന മുഖത്ത് ഒരു സംശയത്തിന്റെ നിഴൽ. പിന്നെ പറഞ്ഞു.

'ഇന്ത്യക്കാർ പൊതുവെ ഇന്ത്യയെപ്പറ്റി കുറ്റം പറഞ്ഞുകൊണ്ടിരിക്കും. വേറെ രാജ്യക്കാരാരും ഇങ്ങനെ പതിവില്ല. ഒന്നാലോചിച്ച ശേഷം അയാൾ



*കപ്പലിലെ തിയേറ്ററും ജാക്കുസി എന്ന കളിക്കുളവും*

  



*1.സിയാറ്റിൽ ഗ്ലാസ്സ് മ്യൂസിയത്തിൽ 2. മരത്തിന്റെ തടികളിൽ കൊത്തിയ ടോടെം പോൾ 3.ഗൊണ്ടോളാ റോപ് വേ*

സോറി എന്നു കൂട്ടിച്ചേർത്തു.

പിന്നെ വിസ്‌ലർ പർവ്വത നിരകളിലെക്കുള്ള ഗൊണ്ടോള യാത്രയാണ്. വിസ്ലർ എന്ന ഈ ചെറിയ ടൗൺ അടുത്തുണ്ടായതാണ്. ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഗൊണ്ടോളയാത്രയും. ഭൂകമ്പമോ ടെക്റ്റോണിക് പ്ലേറ്റുകളുടെ ചലനമോ കൊണ്ടു കടലിൽ നിന്നു പൊന്തി വന്നതാണ് ഈ കടലോര പ്രദേശം. കേരളത്തെപ്പോലെത്തന്നെ, അവിടെ പക്ഷെ, പരശുരാമ പുരാണം ഇല്ല. നമ്പൂതിരി ഗ്രാമങ്ങളുമില്ല. സംഭവം കടലിൽ നിന്ന് പൊന്തി വന്ന കര തന്നെ.

ഗൊണ്ടോളാ ഒരു തരം റോപ് വേയാണ്. ഏതാണ്ട് അരമണിക്കൂറെടുത്ത് ഒരു മല ശിഖരത്തിലെത്തി. രണ്ടു ഭാഗത്തും വെയിലത്തു തിളങ്ങുന്ന ഹിമാനി പാളികൾ ( ഗ്ളേസിയറുകൾ ). ഇവിടെ നൂറുമീറ്റർ നടന്നാൽ ഹിമപാളികളിലെത്താം. ഞങ്ങളും ഗ്ലേഷ്യർ വരെ പോയി തൊട്ടു വന്നു. ഗൊണ്ടോളയിൽ കയറി അടുത്ത പീക്കിൽ. ഗൊണ്ടോളാ യാത്രയും കയ്യെത്താവുന്ന ദൂരത്തു മഞ്ഞുമലകളും തരുന്ന ത്രിൽ ഒന്നു വേറെത്തന്നെ.

പിന്നെ പഴയ ബ്രിട്ടിഷ് കൊളമ്പിയയായ വാൻകൂവർ. അവിടത്തെ വിക്ടോറിയ സിറ്റി. അവിടന്ന് ക്രൂയ്സ്  കപ്പലിൽ യാത്ര. അലാസ്കയിലെത്താൻ ഒരാഴ്ച വേണം.15 നിലയുള്ള സെലിബ്രിറ്റി സോൾസ്റ്റിസ്. അതിന്റെ 7289 ാം കാബിനായിരുന്നു ഞങ്ങൾക്ക്. ഏഴ് രാത്രിയും പകലും. ഡെക്കിലും ഭക്ഷണശാലകളിലും തിയേറ്ററിലും ലൈബ്രറിയിലും മറ്റും ചുറ്റിയടിച്ചു മടുത്തപ്പോൾ ശാന്ത സമുദ്രത്തിന്റെ വിവിധ ഭാവങ്ങൾ പഠിക്കാൻ ശ്രമിച്ചു. ഭൂമിയുടെ മൂന്നിലൊന്നു ഭാഗം ശാന്ത സമുദ്രമാണല്ലൊ.

വല്ലപ്പോഴും കാണുന്ന തിമിംഗലങ്ങളെ മൊബൈലിൽ പകർത്തി. ഓർക തിമിംഗലങ്ങളെപ്പറ്റിയുള്ള ഒരു ഫീച്ചർ തിയേറ്ററിലിരുന്നു കണ്ടു. ഡോൾഫിൻ വംശത്തിൽ പെട്ടതാണ് ഓർക്ക. എങ്കിലും ശൌര്യവും സംഘം ചേർന്നു വളഞ്ഞു അക്രമിക്കുന്ന രീതിയുംകൊണ്ടു തിമിംഗലങ്ങൾക്കു പോലും ഇവയെ പേടിയാണ്. ഒരു ഒറ്റപ്പെട്ട തിമിംഗലത്തെ അഞ്ചോ ആറോ ഓർക്കകൾ ചേർന്നു പോരടിച്ചു തളർത്തി തിന്നു രസിക്കുന്നത് സ്ക്രീനിൽ കണ്ടത് എന്നെ അസ്വസ്ഥനാക്കി.

അലാസ്കയുടെ ഔദ്യോഗിക മത്സ്യം സാൽമണാണ്. കടൽ ജീവികളിൽ ഇത്രയും അവിശ്വസനീയമായ ജീവിതം നയിക്കുന്ന മറ്റൊരു വർഗ്ഗമുണ്ടാവില്ല. രണ്ടാഴ്ച കൂടി കഴിഞ്ഞാലെ അവരുടെ പ്രഗമനം (മൈഗ്രേഷൻ ) തുടങ്ങൂ എന്നാണ് ഗൈഡ് പറഞ്ഞത്. കുംഭകർണ്ണനെപ്പോലെ ആറുമാസം ഉറങ്ങുന്ന കരടികളുടെ പ്രധാന ഭക്ഷണം ഈ സാൽമണാണ്

തദ്ദേശീയർക്ക് പറയാൻ അവിടത്തെ പുരാണകഥകളുണ്ട്. അവരുടെ കനാഗൂ എന്ന ദേവത സ്വയം ശിലാരൂപം സ്വീകരിച്ചു സ്കാഗ്വെ കടലിന്നക്കരെ പർവതത്തിലിരുന്നു. ആ ദേവതയാണ് ഉൾക്കടലിനെ പ്രക്ഷുബ്ധമാക്കുന്നത്. അപ്പോൾ ഓർത്തത് പത്മപുരാണത്തിലെ കഥയാണ്. ശ്രീകൃഷ്ണന്റെ കൂടെ അവതരിച്ച മായാദേവി കംസൻ വധിക്കാൻ ഒരുങ്ങിയപ്പോൾ രക്ഷപ്പെട്ടു പൂർവ്വരൂപം പ്രാപിച്ചു. പിന്നീടു കന്യാകുമാരിയിൽ സ്വയം ഭൂവായി. ആ ദേവിയാണ് അവിടെ കടലിനെയും കടൽജീവികളെയും രക്ഷിച്ചരുളുന്നത്. അലാസ്കയിലും സ്വയംഭൂ വിഗ്രഹങ്ങൾ ഉണ്ടെന്നത്



*ഒരു ഹിമാനി ഉൾക്കടലിലെക്ക് ചേരുന്നു.*

കൗതുകമുണർത്തി.

അന്നു വൈകുന്നേരം ക്യാപ്റ്റന്റെ ആവർത്തിച്ചുള്ള പ്രസ്താവന കാബിനിൽ മുഴങ്ങി. 'നാളെ രാവിലെ അഞ്ചര മണിക്കു എന്റിക്കോട്ടു കടലിടുക്കിൽ കപ്പലിന്റെ ഒരു പ്രകടനമുണ്ട്. നേരത്തെ ഡെക്കിലെത്തുക.' ഉദയം 4.24നും അസ്തമയം രാത്രി 11.41 മായതിനാൽ നാലരക്കു തന്നെ അലാറം വെച്ചുകിടന്നു. റസ്റ്റോറന്റ് ആറുമണിയോടെയേ തുറക്കൂ. അതിനാൽ കാബിനിൽ തന്നെ ചൂടു കാപ്പിയുണ്ടാക്കി. 4–45 നു തന്നെ ഡെക്കിലെത്തി. മിനുട്ടുകൾക്കുള്ളിൽ രണ്ടു ഭാഗത്തുമുള്ള മലശിഖരങ്ങളെല്ലാം പൊന്നണിഞ്ഞു കഴിഞ്ഞു. പലയിടത്തായുള്ള ഹിമാനികളെ കതിരവൻ തിരഞ്ഞു സ്വർണ്ണം പൂശുന്ന തിരക്കിലായിരുന്നു. ഒരു നനുത്ത ശീതക്കാറ്റ് ഞാനിട്ട അഞ്ചു ഉടുപ്പുകളെയും തുളച്ചുകയറാൻ തുടങ്ങിയിരുന്നു.

കാപ്റ്റൻ പയ്യെ പയ്യെ കപ്പലിനെ പ്രദക്ഷിണമായി തിരിക്കാൻ തുടങ്ങി. ചെറുതും വലുതുമായ മഞ്ഞിൻ കട്ടകൾ കപ്പലിന് ചുറ്റും പാറി നടക്കുന്നുണ്ട്. ഒരു വലിയ ഹിമാനി കടലിലേയ്ക്കിറങ്ങി നില്പുണ്ട്. അതിൽ നിന്നു അടർന്നു പോരുന്നവയാണ് ഈ കുഞ്ഞൻമാർ. അവിടമാകെ പച്ചയും ഇളം നീലയും കലർന്ന ചെറിയ ഐസ്ബർഗുകളെ ഉദയസൂര്യൻ സ്വർണ്ണം ചാർത്തുന്നത് ഒരു കാഴ്ചയാണ്. കപ്പൽ ചുറ്റുന്നതിനനുസരിച്ചു ഓരോന്നും കാണാം.

ഏഴുമണിയോടെ എല്ലാം കഴിഞ്ഞു കപ്പൽ മുന്നോട്ട്. ഇനി അലാസ്കയുടെ തലസ്ഥാനമായ ജൂനൊവിലേക്ക്. സ്വർണ്ണനിക്ഷേപം കൊതിച്ചെത്തിയ ജൂനോവും ഹാരിസ്സുമാണ് ഇവിടം പ്രസിദ്ധമാക്കിയത്, 19– നൂറ്റാണ്ടിന്റെ അവസാനം. ക്രമേണ ഇത് ജൂനോ എന്ന പേരിലറിയപ്പെട്ടു. ഉച്ചതിരിഞ്ഞു തിമിംഗലക്കാഴ്ചക്കായി ബോട്ടിൽ കടലിൽ കറങ്ങി. രണ്ടിടത്തു ദൂരെ തിമിംഗലം ദർശനം കിട്ടി. കടൽ സിംഹങ്ങളുടെ കോളനിയിൽ മുപ്പതോളം വരുന്ന വലിയ കുടുംബം വെയിലു കായുന്നുണ്ടായിരുന്നു, കുറച്ചു നേരം അതു നോക്കി നിന്നു, അവരെ ഭയപ്പെടുത്താതെ.

അലാസ്കയിലെ 2670 അറിയപ്പെടുന്ന ദ്വീപുകളിലെ ഒന്നിലാണ് കെച്ചിക്കൻ പട്ടണം. എന്നെ ആകർഷിച്ചത് ടോടെം പോളുകളാണ്. വലിയ മരത്തിന്റെ തടികളിൽ കലാപരമായി കൊത്തിവെക്കുന്നതാണ് ടോടെം പോൾ. പല അർത്ഥതലങ്ങളും ടോടെം പോളിൽ നിന്നു വായിച്ചെടുക്കാം. കെച്ചിക്കനിൽ പ്രധാന കവലകളിൽ ഇവ കാണാം. വെളുത്ത പൂടയുള്ള തലയെടുപ്പുമായി, മഞ്ഞക്കൊക്കുള്ള പരുന്ത് (ബാൾഡ് ഈഗിൾ) ഇവിടുത്തെ ഒരു ലെജന്ററി പക്ഷിയാണ്. ഞങ്ങൾ ഒഴിഞ്ഞ ബീച്ചിലിരുന്നു കുറെ ഫൊട്ടൊ എടുത്തു. കെച്ചിക്കൻ വിടുന്നതിന് മുമ്പു 3 മണിക്കൂർ നേരം തിമിംഗലത്തെ കാണാൻ ബോട്ടിൽ കറങ്ങുകയുണ്ടായി. രണ്ടിടത്തു കാഴ്ചയിൽ പെട്ടു. ഫോട്ടോയും എടുക്കാനായി.

മടങ്ങുന്നതിന്റെ തലേന്നു രാത്രി പത്തുമണിയോടെ ഈ യാത്രയിലെ ഒരപ്രതീക്ഷിത സംഭവം വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചു. പെട്ടെന്നു രജനി വയറിന്റെ വലത്തു ഭാഗത്തു രൂപം കൊള്ളുന്ന വേദന കൂടുന്നുവെന്നു പറഞ്ഞു. ഈ ലക്ഷണം നല്ലവണ്ണം അറിയാവുന്നതുകൊണ്ടു എന്റെ മനസ്സുകാളി. ഇതിനു മുമ്പ് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഇത് നാലഞ്ചു തവണ വന്നു പോയതാണ്. നാലഞ്ചു മണിക്കൂർ ആസ്പത്രിവാസവും ഗ്ലൂക്കോസും ഈ.സി.ജിയും മറ്റു അകമ്പടി ടെസ്റ്റുകളും നടത്തിയെ മടങ്ങാനാവൂ. പലപ്പോഴും രാത്രി അസമയത്താവും ഇതെല്ലാം.




പതിവുപോലെ തുടർച്ചയായ ഛർദ്ദിയും ചെറിയ തോതിൽ ഡിസൻററിയും തുടങ്ങി. പലപ്പോഴും നിമിഷങ്ങൾ നീളുന്ന ബോധക്ഷയവും വന്നു പേടിപ്പിക്കാറുണ്ട്. അതെല്ലാം ഇവിടെയുമുണ്ടായി. ഞാൻ തുടക്കത്തിലെ ഞങ്ങളുടെ ഗൈഡിനെ ഉറക്കത്തിൽ നിന്നുണർത്തി. ഛർദ്ദി തുടങ്ങിയ ഉടനെയാണ് ആദ്യം വിളിച്ചത്. അദ്ദേഹം വരുമ്പോഴെക്കും രണ്ടാമത്തെ ഛർദ്ദി കഴിഞ്ഞു തളർന്നു കിടക്കുകയായിരുന്നു രജനി. ഞങ്ങളുടെ കൂടെ 3 ഡോക്ടർമാർ ഉണ്ടായിരുന്നു. വിളിച്ചിട്ടാരെയും കിട്ടിയില്ല. ഒരു സഹയാത്രികന്റ കയ്യിലുണ്ടായിരുന്ന ഗ്യാസ്ട്രബിളിനുള്ള മരുന്ന് താൽകാലികാശ്വാസം നൽകിയെങ്കിലും 2 മണിയോടെ ഛർദ്ദി കലശലായി. ഡോക്ടർമാരെ വിളി തുടർന്നെങ്കിലും കിട്ടിയില്ല. സൈലൻറ് മോഡിലായിരുന്നു ഫോണെല്ലാം. 4 മണിയോടെ അഞ്ചു തവണ ഛർദ്ദിച്ചു വെങ്കിലും പിന്നീടും വൃഥാശ്രമങ്ങൾ തുടർന്നിരുന്നു. നാട്ടിൽ നിന്നു 20000 കി.മീ. ദൂരെ ഇത്തരം ഒരവസ്ഥയിൽ അകപ്പെട്ടതോർത്ത് കുറച്ചൊന്നുമല്ല ഞങ്ങൾ നൊമ്പരപ്പെട്ടത്.

പെട്ടെന്നു, ഞങ്ങൾ കപ്പലിലെ റെസ്റ്റോറന്റിൽ വെച്ചു പരിചയപ്പെട്ട ഡോ. മേരിയെ ഓർത്തു. ഗൈഡ് രോഹിത് ബന്ധപ്പെട്ടു. അവർ 40 കൊല്ലത്തിലെറെയായി ന്യൂയോർക്കിൽ ഭർത്താവുമൊത്ത് പ്രാക്ടീസു ചെയ്യുകയാണ്. പെട്ടെന്നു തന്നെ അവർ ഒരു മരുന്നു കൊടുത്തയച്ചു. അതു കഴിച്ച ഉടനെ എന്തെന്നില്ലാത്ത ആശ്വാസവും ഒരുണർവും അനുഭവപ്പെട്ടു. രജനി ആദ്യമായൊന്നു മയങ്ങി. ഞാൻ ശ്രദ്ധിച്ചു കൊണ്ടു ഒരു പുസ്തകം വായിച്ചു ആറുമണിയാക്കി. വാതിൽ മുട്ടുകേട്ടു തുറന്നപ്പോൾ ഡോ. മേരി. ഞാൻ അത്ഭുതപ്പെട്ടു.

വിവരങ്ങളന്വേഷിച്ച ശേഷം അവർ പറഞ്ഞു.

'ഇനി ഒരു കട്ടൻ കാപ്പിയും റൊട്ടിയും കൊടുക്കാം. സാറ് മുകളിൽ പോയി വന്നോളൂ. ഞാനിവിടെകാവലിരിക്കാം. 7 മണിക്ക് കപ്പലിൽ നിന്നിറങ്ങണ്ടേ '

ഡോക്ടറുടെ കാരുണ്യവും കരുതലും നിറഞ്ഞ വാക്കുകൾ. ഞാൻ മുകളിൽ പതിനാലാംനിലയിൽ പോയി ഇമിഗ്രേഷനു കൊടുത്തിരുന്ന പാസ്സ്പോർട്ടു വാങ്ങി, രണ്ടു കട്ടൻകാപ്പിയുമായി മടങ്ങി. പ്രാതലിനു നിന്നില്ല. രജനിയുടെ അവസ്ഥയായിരുന്നു മനസ്സിൽ. ഇനി കപ്പലിൽ നിന്നിറങ്ങി ലഗ്ഗേജും തൂക്കി ബസ്സുവരെ പോണം. മൂന്നാലു മണിക്കൂർ ഓടണം സിയാറ്റിൽ എത്താൻ. രജനി വാടിത്തളർന്ന താളിൻ തണ്ടുപോലെ കുഴഞ്ഞിരുന്നു. ആകെ ആശങ്കയായിരുന്നു. ഹോട്ടലിലെത്തി രാത്രി വിശ്രമത്തോടെ രജനി ഉഷാറായി. പകൽ മുഴുവൻ ഡോ. അശോകും ഡോ. ജയശ്രീയും രജനിയുടെ ആരോഗ്യത്തിൽ അതീവ ശ്രദ്ധാലുക്കളായിരുന്നു.

ലോകത്തിലെ ഏറ്റവും വലിയ ബോയിങ് വിമാനക്കമ്പനി കാണുന്നതായിരുന്നു യാത്രയിലെ അവസാനപരിപാടി. ഹെക്ടർ കണക്കിനു സ്ഥലത്താണ് പല തരത്തിലുള്ള ഫാക്ടറികൾ. വിമാനത്തിന്റ 11000 ലധികം വിവിധ ഭാഗങ്ങൾ കമ്പനി പുറമെ നിന്നുവാങ്ങുകയാണ്. ചൈനയാണ് പ്രധാന വെണ്ടർ. 8400 കോടി രൂപയുടെ വിമാനഭാഗങ്ങൾ ഇന്ത്യയിലെ 300 ലേറെ കമ്പനികളും കൊടുക്കുന്നുണ്ടത്രെ.

പിറേറന്നു രാവിലെ ഹോട്ടലിൽ നിന്ന് എയർപോർട്ടിലേക്ക്. 10.40 നാണ് സിംഗപ്പൂർ ഫ്ലൈറ്റ്. ഈ സിംഗപ്പൂർ യാത്രയിൽ ഇരട്ടി സമയം എടുക്കുന്നു, ഉത്തര ധ്രുവത്തിന്റെ മുകളിലെവിടെയോ വച്ച് ഒരു ദിവസം നഷ്ടമായി. പടിഞ്ഞാറ് നിന്ന് കിഴക്കോട്ടുള്ള യാത്ര അങ്ങനെയാണല്ലൊ. അവസാനത്തെ അതിർത്തിയായ അലാസ്ക കണ്ടു തിരിച്ചെത്തിയപ്പോൾ ലോകത്തിൻെ അവസാനമായ അന്റാർട്ടിക്കയിൽ നിന്നു മടങ്ങിയപ്പോൾ തോന്നിയ അപൂർണ്ണത മാറി. ഭൂമിമാതാവിന്റ ആപാദചൂഡ ദർശനം കിട്ടിയ നിർവൃതി.●

കെ.എം. എസ്. ഭട്ടതിരിപ്പാട്.
കാവനാട്ടു മന,കോട്ടപ്പടി ,കോട്ടക്കൽ.
മൊബൈൽ 9744999300.

# SREE SANKARA TRUST

Advaitha Bhavan, Sree Sankarapuram, Valayanchirangara P.O.
Perumbavoor, Pin : 683556, Phone : 0484 2657338
www.sreesankaratrust.org
manager.ssv@gmail.com



## SREE SANKARA VIDYAPEETOM COLLEGE

Valayanchirangara P.O., Perumbavoor Pin : 683556. Phone : 0484 2656938
(Affiliated to M.G. University) (NAAC Accredited at the "A++" Level)
www.ssvcollege.ac.in ssvidyapeetom@gmail.com

**U G COURSES**

- B.A. History, B.A. Economics, B.A. English, B.A. Hindi
- B.Sc. Mathematics, B.Sc. Physics, B.Sc. Chemistry
- B.Sc. Computer Science
- B.Com Taxation, B.Com Computer Application
- B.Voc. Tourism and Hospitality Management

**P G COURSES**

- M.A. History
- M.Com Finance, M.Com International Business
- M.Sc. Chemistry

*HOSTEL FACILITY FOR WOMEN*

## V.T. BHATTATHIRIPAD COLLEGE

Sreekrishnapuram, Mannampatta P.O., Palakkad Dt., Pin - 679517. Phone : 0466 - 2268927
(Affiliated to University of Calicut) (NAAC Accredited at the "B+" Level)
principalvtb@gmail.com

**U G COURSES**

- B.A. Sanskrit, B.A. History,
- B.A. Economics Foreign Trade and Practice
- B.Sc. Mathematics
- B.Com, B.B.A

**P G COURSES**

- M.Sc. Computer Science
- M.Com
- M.Sc. Mathematics with Data Science

## SREE SANKARA COLLEGE

Nagaroor P.O., Kilimanoor, Pin - 695601, Phone : 0470-2678898
(Affiliated to University of Kerala). sscollegenagaroor@gmail.com

**COURSES** B.Sc. Physics, B.A. Economics, B.Com Taxation

## SREE SANKARA VIDYAPEETOM COLLEGE

Nagaroor P.O., Kilimanoor. Pin : 695601, Phone 0470-2677241, 2678899
(Affiliated to University of Kerala) ssvcn@md3.vsnl.net.in

**U G COURSES**

- B.B.A., B.A. English
- B.Com Computer Application, B.Com Co-operation
- B.Sc. Computer Science, B.Sc. Psychology

**P G COURSES**

- M.Com Finance
- M.Sc. Computer Science
- M.A. English

## SREE SANKARA VIDYAPEETOM ENGLISH MEDIUM SCHOOL

Nagaroor P.O., Kilimanoor, Thiruvananthapuram, Pin - 695601
Phone : 0470 - 2678610 ssvpems@gmail.com
**LKG to 12 (CBSE)**

**Temples Managed by Sree Sankara Trust**

Raloor Kavu Devi Temple, Nagaroor
Thekkinkadu Shiva Temple, Nagaroor
Vishnu Temple, Nagaroor

*"Thamaso Ma Jothir Gamaya"*




*പന്നിയൂർ വരാഹമൂർത്തി ക്ഷേത്രം പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്കിൽ തൃത്താല ആനക്കര ഗ്രാമപഞ്ചായത്തിലാണ് ശ്രീ വരാഹമൂർത്തി ക്ഷേത്രം. ഏകദേശം 4000 വർഷത്തോളം പഴക്കമുള്ളതാണെന്ന് കരുതപ്പെടുന്ന ഈ ക്ഷേത്രം പരശുരാമൻ നിർമ്മിച്ചതാണെന്നാണ് ഐതിഹ്യം*



# ഓത്തില്ലാത്ത നമ്പൂതിരി എങ്ങനെ ഉണ്ടായി?

**ശൂദ്രമക്ഷരസംയുക്തം ദൂരതഃപരിവർജ്ജയേൽ എന്ന സ്മൃതിയ്ക്ക് വേണ്ടതിലധികം കുപ്രസിദ്ധി ലഭിച്ചിട്ടുണ്ട്. അക്ഷരം പഠിക്കുന്നതിൽ നിന്ന് ശൂദ്രനെ വിലക്കിയ ബ്രാഹ്മണന്റെ ഹെജിമണി. എന്നാൽ ഒന്നറിയുക. വിദ്യയുടെ ലോകത്ത് നിന്ന്, വേദത്തിന്റെ പഠനത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ട ബ്രാഹ്മണരും ഉണ്ടായിരുന്നു. അതേപ്പറ്റി എഴുതുന്നു നമ്പൂതിരി സർവസ്വത്തിന്റെ പ്രസാധകനായ പ്രമുഖ എഴുത്തുകാരൻ**

**പണിക്കത്ത് അപ്പു നമ്പൂതിരി**

കേരളത്തിൽ 600 കൊല്ലം മുമ്പുവരെ എല്ലാ നമ്പൂതിരിമാർക്കും വേദാധികാരമുണ്ടായിരുന്നു. പന്നിയൂർ ഗ്രാമത്തിൽ നടന്ന ചില സംഭവങ്ങളാണ് ഓത്തില്ലാത്തവർ എന്ന വിഭാഗമുണ്ടാവാൻ കാരണം. പന്നിയൂരിൽ മാത്രമേ ഇങ്ങനെ ഉണ്ടായിട്ടുള്ളു. അവർക്കും ബ്രഹ്മചര്യക്കാലത്ത് ഒരു പ്രാവശ്യം വേദജ്ഞനായ ഗുരുവിൽനിന്ന് വേദം ശ്രവിച്ച് ചൊല്ലാം. ബാക്കി എല്ലാ ഷോഡശക്രിയകളും വേദാധികാരികൾക്കും അല്ലാത്തവർക്കും ഒന്നുതന്നെയാണ്.

ഈ വിവരങ്ങൾ ശേഖരിക്കാനുണ്ടായ കാരണം പറയാം. അഡ്വ. ആത്രശ്ശേരി അഗ്നിശർമ്മൻ നമ്പൂതിരി അറുപതുകൊല്ലത്തെ ഗവേഷണഫലമായി ശേഖരിച്ച ചരിത്രങ്ങളും കേട്ടറിവുകളും 2021–2022 കാലത്ത് ഞാൻ നമ്പൂതിരി സർവ്വസ്വം എന്ന പേരിൽ ഏഴു വാല്യങ്ങളായി പ്രസിദ്ധീകരിച്ചു.

ഇതിൽ കേരളത്തിൽ നമ്പൂതിരി രാജാക്കന്മാരായി പറവൂർ രാജാ, ഇടപ്പള്ളി രാജ, അമ്പലപ്പുഴ രാജാ എന്നീ മൂന്ന് രാജാക്കന്മാരെപറ്റി പരാമർശമുണ്ട്. അതുവായിച്ച് പന്നിയൂർ ഗ്രാമക്കാരനായ ശല്ലിയിൽ രാമൻ നമ്പൂതിരി എന്നോടു ചോദിച്ചു, ഒരു നമ്പൂതിരി രാജാവുകൂടി ഉണ്ടായിരുന്നു, അത് എന്താ എഴുതാതിരുന്നതെന്ന്. അത് പന്നിയൂർ ഗ്രാമത്തിലെ പൊന്നാനി തിരുമനശ്ശേരി രാജാവായിരുന്നു. എനിക്ക് ഈ രാജവംശത്തെപ്പറ്റി ഒന്നും അറിയുമായിരുന്നില്ല.

ഞാൻ എടപ്പാൾ വള്ളത്തോൾ വിദ്യാപീഠത്തിൽ നിന്ന് പതിനഞ്ചോളം ചരിത്രപുസ്തകങ്ങളും ഗ്രന്ഥാ

വരികളും (തീക്കനൽ -തിരുമധുരം) സി.രാധാകൃഷ്ണന്റെ ചരിത്രനോവലും, രാജൻ ചുങ്കത്ത്, ഡോ. എൻ.എം. നമ്പൂതിരി, രാജേന്ദു, തിരൂർ ദിനേശ്, കരിയന്നൂർ ദിവാകരൻ നമ്പൂതിരി എന്നിവരുടെ പുസ്തകങ്ങളും ശേഖരിച്ചു. അതിൽനിന്നു കിട്ടിയ വിവരങ്ങളാണ് ഈ ലേഖനത്തിന് അടിസ്ഥാനം.

കേരളത്തിലെ 32 ഗ്രാമങ്ങളിൽ ശ്രേഷ്ഠഗ്രാമങ്ങളായി കണക്കാക്കിയിരുന്നത് പെരിഞ്ചല്ലൂർ, പന്നിയൂർ, ശുകപുരം, പെരുമനം എന്നിവയാണ്. പിന്നെ തൊട്ടുതാഴെ കരിക്കാടും ഇരിങ്ങാലക്കുടയും. പന്നിയൂർ, ശുകപുരം ഗ്രാമങ്ങൾ തമ്മിലുള്ള കൂറുമത്സരങ്ങൾ വളരെ കുപ്രസിദ്ധമാണല്ലൊ. കരിയന്നൂർ ദിവാകരൻ നമ്പൂതിരിയുടെ പ്രാഗ്വംശം എന്ന നോവലിൽ ഇതിനെപ്പറ്റി  പറയുന്നുണ്ട്. മറ്റു ഗ്രാമങ്ങളിലും ഇതുപോലുള്ള കൂറുമത്സരങ്ങൾ നടന്നിട്ടുണ്ട്.

പെരുമാൾ ഭരണം അവസാനിച്ചു കൊച്ചി രാജാവും, തിരുവിതാംകൂർ രാജാവും, മലബാറിൽ സാമൂതിരി രാജാവും ഉണ്ടായിട്ട് ഏകദേശം 800 കൊല്ലമേ ആയിട്ടുള്ളു. അതിനുശേഷം 600 കൊല്ലം മുമ്പത്തെ സാമൂതിരിക്ക് തോന്നി തന്റെ രാജ്യത്തെ ശ്രേഷ്ഠഗ്രാമങ്ങളായ പന്നിയൂർ, ശുകപുരം ഗ്രാമത്തിലെ നമ്പൂതിരിമാരുടെ കൂടെ പന്തിഭോജനം വേണമെന്ന്. കൊച്ചി രാജാവൊക്കെ അങ്ങിനെ ചെയ്യുന്നുണ്ടല്ലൊ. ( താനും രണ്ടാംകിട രാജാവല്ല ). ശുകപുരത്ത് ഏകദേശം അഞ്ഞൂറോളം കൗഷീതക നമ്പൂതിരിമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. പന്നിയൂരിൽ നാലായിരത്തിൽപരം ഇല്ലങ്ങളും. ഇതിൽ ഭൂരിപക്ഷവും ഋഗ്വേദി ആശ്വലായന ചരണക്കാരാണ്. കുറേ ബൗധായനചരണ യജുർവേദികളും, കുറച്ചു യജുർവേദി ബാധൂരലകരും, പിന്നെ കുറച്ച് സാമവേദികളും.

സാമൂതിരി, ആദ്യം ശുകപുരം ഗ്രാമക്കാരോട് ഈ പന്തിഭോജനത്തിന്റെ കാര്യം പറഞ്ഞു. അവർ പറഞ്ഞത് തിരുവിതാംകൂർ രാജാവു ചെയ്യുന്നതു പോലെ ഹിരണ്യഗർഭം എന്ന ചടങ്ങു നടത്തിയാൽ ഞങ്ങൾ സമ്മതിക്കാം. പക്ഷേ, അതു നടപ്പാക്കണമെങ്കിൽ പന്നിയൂർകാർ കൂടി അംഗീകരിക്കണം. എന്നാലേ നടപ്പാക്കൂ എന്നു പറഞ്ഞു. ഈ നിർദ്ദേശം ഉപദേശിച്ചത് വരിക്കാശ്ശേരി നമ്പൂതിരിയായിരുന്നു എന്നും പറയുന്നുണ്ട്. അതിന്റെ നന്ദി സൂചകമായി സാമൂതിരി കുറേഭൂമി അവർക്കു ദാനമായി നൽകി.

ഈ കാലം വരേയും സാമൂതിരിപ്പാടിന്റെ അവരോധന ചടങ്ങ് നടത്തി കൊടുത്തിരുന്നത് പൊന്നാനിയിലെ തിരുമനശ്ശേരി നമ്പൂതിരി രാജാവും, കല്പകഞ്ചേരി തമ്പ്രാക്കളും കോതരയ്ക്കലാഢ്യനും കൂടിയായിരുന്നു. പന്തിഭോജനത്തിന്റെ കാര്യം പറഞ്ഞപ്പോൾ ഈ മൂന്നുപേരും ശാസ്ത്രവും, പ്രമാണവും പറഞ്ഞ് എതിർത്തു. തിരുവിതാംകൂർ രാജാവിനുള്ള




ചരിത്രഗവേഷകനും ഗ്രന്ഥകാരനുമായ പണിയ്ക്കത്ത് അപ്പു നമ്പൂതിരി കൊച്ചി ഫാക്ടിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ആയിരുന്നു. റിട്ടയർ ചെയ്ത ശേഷം പാരമ്പര്യത്തെ തേടിയുള്ള യാത്രയിൽ തൃശൂർ തെക്കേ മഠം മൂപ്പിൽ സ്വാമിയാർ ശങ്കരാനന്ദ ബ്രഹ്മാനന്ദഭൂതി, മള്ളിയൂർ ശങ്കരൻ നമ്പൂതിരി,അഡ്വ. ആത്രശ്ശേരി അഗ്നിശർമ്മൻ നമ്പൂതിരി, കിളിമാനൂർ വലിയ തമ്പുരാൻ സി. ആർ. കേരളവർമ്മ എന്നീ ഗുരുക്കന്മാരെ കിട്ടി. തുടർന്നര നിരന്തര പഠനങ്ങളും എഴുത്തുമായി കഴിയുന്നു. നമ്പൂതിരി സർവസ്വം എന്ന അതിബൃഹത്തായ ഗ്രന്ഥപരമ്പര ഇദ്ദേഹത്തിന്റെ ശ്രമഫലമായാണ് വെളിച്ചം കണ്ടത്.

**സാമൂതിരിക്ക് തോന്നി തന്റെ രാജ്യത്തെ ശ്രേഷ്ഠഗ്രാമങ്ങളായ പന്നിയൂർ, ശുകപുരം ഗ്രാമത്തിലെ നമ്പൂതിരിമാരുടെ കൂടെ പന്തിഭോജനം വേണമെന്ന്. കൊച്ചി രാജാവൊക്കെ അങ്ങിനെ ചെയ്യുന്നുണ്ടല്ലൊ. താനും രണ്ടാംകിട രാജാവല്ല .**

കുലമഹിമ സാമൂതിരിക്കില്ല എന്നുകൂടി പറഞ്ഞപ്പോൾ സാമൂതിരിക്ക് ഇവരോട് ഭയങ്കര ശത്രുതയായി. ഇവരെ ദ്രോഹിക്കാൻ തുടങ്ങി. വേദജ്ഞരായതിനാലുള്ള അഹന്ത കൊണ്ടാണ് തന്നെ അപമാനിച്ചത് എന്നു കരുതി, ഈ മൂന്നു ഇല്ലക്കാരേയും അവരുടെ ബന്ധുമിത്രാദികളായ നമ്പൂതിരിമാരേയും വേദോപാസനക്കർഹരല്ലാത്തവരായി രാജശാസനം ചെയ്തു.

ഋഗ്വേദികളിൽ ആശ്വലായരും, യജുർവേദി ബൗധായനചരണക്കാരുമായിരുന്നു ഈ ബന്ധുമിത്രാദികൾ. ഇവർ ഏതെങ്കിലും അമ്പലത്തിൽ വേദം ചെല്ലുന്നുണ്ടോ എന്നുനോക്കി ശിക്ഷിക്കാൻ തളിപ്പറമ്പിൽനിന്ന് കുറച്ചു നമ്പ്യാർ കുടുംബങ്ങളെ ഇവിടങ്ങളിൽ കുടിയിരുത്തി. അങ്ങിനെയാണ് കേരളത്തിൽ വേദാധികാരമില്ലാത്ത നമ്പൂതിരിമാർ ഉണ്ടാകാൻ കാരണം.



*മധ്യപ്രദേശിലെ ഓംകാരേശ്വരിൽ സർക്കാർ സ്ഥാപിച്ച 108 അടി ഉയരമുള്ള ആദിശങ്കര പ്രതിമ. ശങ്കരാചാര്യരുടെ ജന്മദേശമായ കേരളത്തിൽ പോലും ഇങ്ങനെയൊന്നില്ല*

**വേദജ്ഞരായതിനാലുള്ള അഹന്ത കൊണ്ടാണ് തന്നെ അപമാനിച്ചത് എന്നു കരുതി, സാമൂതിരി ഈ മൂന്നു ഇല്ലക്കാരേയും അവരുടെ ബന്ധുമിത്രാദികളായ നമ്പൂതിരിമാരേയും വേദോപാസനക്കർഹരല്ലാത്തവരായി രാജശാസനം ചെയ്തു. ഇവർ ഏതെങ്കിലും അമ്പലത്തിൽ വേദം ചെല്ലുന്നുണ്ടോ എന്നുനോക്കി ശിക്ഷിക്കാൻ തളിപ്പറമ്പിൽനിന്ന് കുറച്ചു നമ്പ്യാർ കുടുംബങ്ങളെയും ഇവിടങ്ങളിൽ കുടിയിരുത്തി. അങ്ങനെയാണ് വേദാധികാരമില്ലാത്ത നമ്പൂതിരിമാർ ഉണ്ടായത്.**

അതിനുശേഷം ഈ വൈരാഗ്യം കൊണ്ട് പന്നിയൂർ ക്ഷേത്രം കത്തിക്കുകയും പന്നിയൂർ ഗ്രാമക്കാരായ നമ്പൂതിരിമാരെ ദ്രോഹിക്കുകയും ചെയ്തു തുടങ്ങി. സാമൂതിരിയുടെ ദ്രോഹങ്ങളിൽനിന്ന് രക്ഷപ്പെടാൻ ആശ്വലായനചരണക്കാരായ ഋഗ്വേദികളും കുറച്ചു യജുർവേദികളും ശുകപുരം ഗ്രാമത്തിലേക്ക് മാറി. ഇന്ന് പന്നിയൂർ ഗ്രാമത്തിൽ നാൽപതോളം നമ്പൂതിരി ഇല്ലങ്ങളേ ഉള്ളൂ.

പന്നിയൂർ നിന്ന് നമ്പൂതിരിമാരുടെ കൂട്ടപാലായനം നാല് ഘട്ടങ്ങളിലാണ്. ആദ്യം ആറാം നൂറ്റാണ്ടിൽ വരാഹമൂർത്തിയെ ചുട്ടുപൊട്ടിച്ചപ്പോൾ. പിന്നെ പതിനാലാം നൂറ്റാണ്ടിൽ സാമൂതിരി പന്നിയൂർ ക്ഷേത്രം കത്തിച്ചപ്പോൾ. മൂന്നാമത് പതിനെട്ടാം നൂറ്റാണ്ടിൽ ടിപ്പുവിന്റെ പടയോട്ടക്കാലത്ത്. ഏറ്റവുമവസാനം 1921ലെ മാപ്പിളലഹളക്കാലത്ത്.

ആറാം നൂറ്റാണ്ടിനുശേഷമാണ് വേദനാട്ടുഗ്രാമം ഉണ്ടായത്. ഇരിഞ്ഞാലക്കുട ഗ്രാമവും, അവിട്ടത്തൂർ ഗ്രാമവും പണ്ട് ഋഗ്വേദികളുടെ ഗ്രാമമായിരുന്നു. പിന്നീട് യജുർവേദി ഗ്രാമമായതാണ്. അവിട്ടത്തൂർ ഗ്രാമത്തിൽ ഇന്നുള്ളവർ യജുർവേദി ഓത്തില്ലാത്തവരാണ്. അവർ പതിനെട്ടാം നൂറ്റാണ്ടിൽ പന്നിയൂർ ഗ്രാമത്തിൽ പരപ്പനങ്ങാടിക്കടുത്ത് വള്ളിക്കുന്നു ദേശത്ത് നിന്ന് പലായനം ചെയ്ത് തൃശൂർ, പാലക്കാട് പ്രദേശങ്ങളിൽ താമസമാക്കി. ഈ ഇല്ലപ്പേരുള്ള പറമ്പുകൾ വള്ളിക്കുന്നിൽ ഇപ്പോഴും ഉണ്ട് എന്ന് വള്ളിക്കുന്ന് ഇടശ്ശേരി നീലകണ്ഠൻ മാഷ് പറയുകയുണ്ടായി.

അദ്ദേഹത്തിന്റെ ഇല്ലവും, അടുത്തുള്ള ആട്ടേരും പണ്ട് കുന്നംകുളത്തിനടുത്ത് ഉണ്ടായിരുന്ന കാട്ടകമ്പാൽ ദേശത്തെ 64 ഇല്ലങ്ങളിൽ നിന്ന് ഓടിപ്പോയവരാണ്. ആ ഇല്ലങ്ങളൊന്നും ഇന്ന് കാട്ടകാമ്പാൽ ദേശത്ത് ഇല്ല. ഗുരുവായൂരടുത്തുള്ള അരിയന്നൂരു നിന്നും, തുറവൂരടുത്തുള്ള തിരുനെട്ടൂർ നിന്നും മറ്റും ഇതുപോലെ കൂട്ടപാലായനം ഉണ്ടായിട്ടുണ്ട്. വള്ളിക്കുന്നുനിന്ന് പാലക്കാട്ടേക്ക് പോയ കുടുംബങ്ങൾ പാലക്കാട്ടു രാജാവിന്റെ അപ്രീതിക്ക് ഇരയായി ഓടിപോന്നിട്ടുള്ളവരാണ് ഇന്നുള്ള അവിട്ടത്തൂർകാർ. പല പാലായനങ്ങളും രാജകോപം കൊണ്ടുണ്ടായതാണ്. ചുരുക്കത്തിൽ നമ്മൾ ആരും ഇന്നുള്ള സ്ഥലത്ത് ഉണ്ടായിരുന്നവരല്ല എന്നർത്ഥം.

ആറാം നൂറ്റാണ്ടിൽ പന്നിയൂരിന്ന് പതിത്വം വന്നപ്പോൾ നിരവധി ഇല്ലങ്ങൾ തെക്കോട്ട് പാലായനം ചെയ്തു കുറേ നമ്പൂതിരിമാർ ബുദ്ധമതത്തിൽ ചേർന്നു. അക്കാലത്ത് ബുദ്ധമതം കേരളത്തിൽ ഉണ്ടായിരുന്നു. ശങ്കരാചാര്യരുടെ കാലശേഷം ഇവർ നമ്പൂതിരി സമുദായത്തിലേക്ക് തിരിച്ചുവരുവാൻ ശ്രമിച്ചു. അത് അന്നത്തെ ബ്രാഹ്മണൻ സമ്മതിച്ചില്ല. അവർ ഒന്നിച്ച് ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മതം മാറിയോ, മാറ്റിച്ചോ മുസ്ലീമായി. അതുകൊണ്ടാണ് കേരളത്തിൽ മുസ്ലീമുകളെ ബൗദ്ധർ എന്നു പറയുന്നത്. മുസ്ലീം മതത്തിലേക്ക് ഏറ്റവും കൂടുതൽ നമ്പൂതിരിമാർ മതം മാറ്റപ്പെട്ടതു പൊന്നാനി താലൂക്കിൽ നിന്നായിരുന്നു.

ഈ ചരിത്രങ്ങൾ പരിശോധിച്ചാൽ, യോജിപ്പില്ലായ്മയും അനുഷ്ഠാനത്തെക്കാൾ പ്രാധാന്യം ആചാരങ്ങൾക്കു കൊടുത്തതുമാണ് നമ്പൂതിരിമാരുടെ അധഃപതനത്തിനു കാരണമെന്നു കാണാം. പരശുരാമന്റെ ശാപമാണ് യോജിപ്പില്ലായ്മക്ക് കാരണമായി പറയുന്നത്. കേരളത്തിൽ മാത്രമേ ബ്രാഹ്മണർക്ക് അദ്ധ്യാത്മിക ആചാര്യൻ ഇല്ലാതുള്ളൂ. കേരളത്തിൽ ജനിച്ച ശ്രീശങ്കരാചാര്യരെ മറ്റു സംസ്ഥാനങ്ങളിലുള്ളവർ അദ്ധ്യാത്മിക ആചാര്യനായി കണക്കാക്കുമ്പോൾ, നമ്മൾ മാത്രം എന്തുകൊണ്ട് ഇങ്ങനെയായി എന്നു ചിന്തിക്കേണ്ടതാണ്. നമുക്ക് വേണ്ടത് സർവസമ്മതനായ ഒരു ആചാര്യനെയാണ്. കാലോചിതമായി തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തിയുള്ള ഒരാചാര്യനെ. ●


പണിയ്ക്കത്ത് അപ്പു നമ്പൂതിരി
പണിയ്ക്കത്ത് മന, കെ.ടി.ആർ.എ 93,
കണ്ണൻതൃക്കോവിൽ ലെയിൻ, തൃപ്പൂണിത്തുറ,
പിൻ: 682301, ഫോൺ : 8547286111



സപ്തതി ആശംസകൾ
2024 ജൂലൈ 14

## ഗിരിജ അന്തർജനം

W/o കുമാരൻ മൂസ്സത്, കവിത, ഉദയനഗർ, മഞ്ചേരി

*ആശംസകളോടെ,*
സീത, രവികുമാർ, സൗമ്യ, വിക്രം, ഗായത്രി, ഉല്ലാസ്, വിനയ്, വിസ്മയ, അർജുൻ



ഷഷ്ട്യബ്ദപൂർത്തി– ജൂലൈ 24 ബുധൻ
കർക്കിടക മാസത്തിലെ അത്തം
(പെരുമൻപുറ ക്ഷേത്രം അഗ്രശാല ഓഡിറ്റോറിയം)

**മണിയഞ്ചേരി കൃഷ്ണനുണ്ണി നമ്പൂതിരി (മുരളി),**
(ചേവായൂർ ഉപസഭ, കോഴിക്കോട്)
സഹധർമ്മിണി: ഉമ അന്തർജനം.
മൊബൈൽ 99618 23923

സപ്തതി ആഘോഷിച്ചു (2024 ജൂലായ് 6)



**നളിനി അന്തർജനം ചെറില്ലത്ത് കണ്ടമംഗലം**
W/o Late സി.കെ. രാമൻ നമ്പൂതിരി
ആശംസകളോടെ: രമേശ് സി.കെ, രാകേശ് സി കെ
അപർണ്ണ രമേശ്, കവിത രാകേശ്,
സാരംഗ് റാം, ശ്രീരംഗ് ദേവ്, കൃഷ്ണവേണി
മറ്റു ബന്ധുമിത്രാദികൾ



## നളിനി അന്തർജനം @ 70

(കീഴ്മുണ്ടയൂർ മകൾ)
W / o Late അഴകത്ത് ശാസ്ത്രശർമ്മൻ നമ്പൂതിരിപ്പാട്
സപ്തതി: ജൂലൈ 20, 2024 / കർക്കിടകം 5,1199
നിറഞ്ഞ സ്നേഹത്തോടെ ആശംസകൾ

മകൾ: രമാദേവി, മരുമകൻ: മിഥുൻ മാധവൻ പടിഞ്ഞാറെപ്പാട്,
പേരക്കുട്ടി: ഭുവൻ മാധവൻ& ബന്ധുമിത്രാദികൾ.
മൊബൈൽ: രമാദേവി, ബെംഗളൂരു:9035030950.

## യാഗം ചെയ്താൽ ചോമാതിരിപ്പാടെങ്കിൽ ചെസ്സിനെ കീഴ്പ്പെടുത്തിയാലോ?

# ചെസ്സാതിരിപ്പാട്!

### ആദ്യത്തെ നാലു നീക്കത്തിൽ മുപ്പതു കോടി സാദ്ധ്യതകൾ

ചെസ്സ് എന്ന വിഷയത്തിൽ കളിക്കാരനും സംഘാടകനും പ്രചാരകനും ഗ്രന്ഥകാരനും മാത്രമല്ല ജീനിയസായ ആൾ റൗണ്ടർ ആണ് എറണാകുളം തോട്ടറ പുതുവാ ഇല്ലത്തെ നാരായണൻ നമ്പൂതിരിപ്പാട്




**പ്രായം തോല്പിക്കുന്ന എൺപത്തിയാറിന്റെ ചെറുപ്പം**
*തോട്ടറ പുതുവാ ഇല്ലത്തെ നാരായണൻ നമ്പൂതിരിപ്പാട്*

**ഉദയൻ നമ്പൂതിരിപ്പാട്**



നമ്പൂതിരിമാർ പൊതുവേ താല്പര്യം കാണിക്കാത്ത മേഖലയാണ് സ്പോർട്സ്. എന്നാൽ ചെസ്സിനെ ജനകീയമാക്കുന്നതിനു ജീവിതകാലം മുഴുവൻ ശ്രമിച്ച ഒരു നമ്പൂതിരിയുണ്ട്. പി. വി.എൻ എന്ന പേരിൽ അറിയപ്പെടുന്ന തോട്ടറ പുതുവാ ഇല്ലത്തെ നാരായണൻ നമ്പൂതിരിപ്പാട്. അദ്ദേഹം മലയാളം അദ്ധ്യാപകനായിരുന്നു. പ്രഭാഷകനായിരുന്നു. എഴുത്തുകാരനും കവിയുമായിരുന്നു. അക്ഷരശ്ലോക സദസ്സുകളിലെ താരമായിരുന്നു.

മലയാളത്തിൽ ചെസ്സിന്റെ സാദ്ധ്യതകളെ പറ്റി ആരും എഴുതിയിരുന്നില്ല. കൂടുതൽ ആളുകൾ ഈ കളിയിലേക്ക് ആകർഷിക്കപ്പെട്ടുവെങ്കിലും ചിട്ടയായി പഠിപ്പിക്കാൻ സ്ഥാപനങ്ങളോ ആചാര്യന്മാരോ കേരളത്തിൽ ഉണ്ടായില്ല. കളികൾ വിശകലനം ചെയ്തു റിപ്പോർട്ട് ചെയ്യാൻ വിദഗ്ദ്ധരായ റിപ്പോർട്ടർമാരോ, കളി നിയന്ത്രിക്കാൻ യോഗ്യതയുള്ള റഫറിമാരോ ഉണ്ടായിരുന്നില്ല. ആ ഇടത്തിലേക്കാണ് നാരായണൻ നമ്പൂതിരിപ്പാട് കടന്നുവന്നത്.

ആദ്യകാലത്ത് ഇല്ലത്തിരുന്ന് ചതുരംഗം വെക്കാറുണ്ടെങ്കിലും ചെസ്സിന്റെ സാദ്ധ്യതകളെ പറ്റി




*പി.വി.എൻ നമ്പൂതിരിപ്പാടിന്റെ പുസ്തകങ്ങളിൽ ചിലത്*

വലിയ അറിവൊന്നും ഉണ്ടായിരുന്നില്ല. അമ്മാമൻ അവണപ്പറമ്പു ശങ്കരൻ നമ്പൂതിരിപ്പാടും ചാർച്ചക്കാരനായ വടക്കില്ലത്തു ഗോദൻ നമ്പൂതിരിപ്പാടുമാണ്, ചെസ്സിന്റെ ലോകത്തിലേക്കു തിരിച്ചുവിട്ടത്. അതായിരുന്നു ടേണിങ്ങ് പോയന്റ്. തിയറിയുടെ ഒരു പിൻബലവുമില്ലാതെ തന്നെ കേരളം മുഴുവൻ ഓടിനടന്ന് കളിക്കാൻ തുടങ്ങി.

പിന്നെ അടിത്തറ ബലപ്പെടുത്താൻ, വിദേശങ്ങളിൽ മാത്രം ലഭ്യമായിരുന്ന പുസ്തകങ്ങൾ വലിയ വില കൊടുത്തു വാങ്ങി പഠിച്ചു. ലോകോത്തര താരങ്ങളുടെ മത്സരങ്ങൾ ഉണ്ടാവുമ്പോൾ അവരുടെ ഒരോ നീക്കവും ശ്രദ്ധയോടെ വീക്ഷിച്ചു. ചെസ്സിൽ മാത്രം മുഴുകി. തനിക്കിണങ്ങിയതു കളിക്കാരന്റെ വേഷമല്ലെന്നു തിരിച്ചറിഞ്ഞു, സംഘാടകനും പ്രചാരകനുമായി. ക്ലാസുകളിലൂടെയും ലേഖനങ്ങളിലൂടെയും മറ്റുള്ളവർക്ക് അറിവ് പകർന്നു.

കേരളത്തിലും, വിദേശ രാജ്യങ്ങളിലും നടക്കുന്ന ഒരോ മത്സരങ്ങളുടേയും റിപ്പോർട്ടുകളും വിശകലനങ്ങളും പത്രങ്ങളിലും സ്പോർട്സ് മാസികകളിലും എഴുതി. മാതൃഭൂമി ആഴ്ചപതിപ്പിൽ ചെസ്സിന്റെ വിവിധ മേഖലകളേയും പ്രവണതകളേയും പരിചയപ്പെടുത്തുന്ന ലേഖനങ്ങൾ പ്രധാന്യത്തോടെ പ്രസിദ്ധീകരിക്കാനും വായനക്കാർ അതീവ താല്പര്യത്തോടെ വായിക്കാനും തുടങ്ങി. ആകാശവാണിയിൽ നടത്തിയിരുന്ന തുടർ പ്രഭാഷണങ്ങൾ ശ്രോതാക്കൾ താല്പര്യത്തോടെ കേട്ടു. ക്രമേണ ചെസ്സിനെ കേരളം മുഴുവൻ പരിചയപ്പെടുത്തിയ മുന്നണി പോരാളിയായി അറിയപ്പെട്ടു തുടങ്ങി.

പി.വി.എൻ നിരവധി പേർക്ക് ചെസ്സിൽ ശിക്ഷണം നല്കിയിട്ടുണ്ട്. വളർന്നു വന്നിരുന്ന ചെസ്സു കളിക്കാർക്ക് സ്പോൺസർമാരെ കണ്ടെത്തി സഹായിച്ചിട്ടുമുണ്ട്. എന്നാൽ അതൊന്നുമല്ല വിലമതിക്കാനാവാത്ത സംഭാവന. ചെസ്സിനെ കുറിച്ചു അഞ്ചു മഹദ്ഗ്രന്ഥങ്ങൾ വിനോദ സാഹിത്യത്തിന് നല്കി. 'ചെസ്സിന്റെ ലോകം, ചെസ്സ് എന്ന ബുദ്ധി വിനോദം, ചെസ്സിനൊരു പാഠപുസ്തകം, ലോക ചെസ്സ് ചാപൃന്മാർ, ചെസ്സും ചതുരംഗവും'. ഈ അഞ്ചു ഗ്രന്ഥങ്ങളും ചേർന്നാൽ ചെസ്സിന്റെ സർവ്വവിജ്ഞാനകോശം തന്നെയായി.

ആദ്യരണ്ടു പുസ്തകങ്ങൾ ചെസ്സിന്റെ ഉത്ഭവം ചരിത്രം മുതലായവയെപ്പറ്റി പറയുന്നു. മൂന്നാമത്തെത് പാഠപുസ്തകം പോലെ അനായാസമായി ചെസ്സു പഠിക്കാൻ സഹായിക്കുന്നു. ആയിരത്തിലധികം പേജുകളുള്ള ഈ ഗ്രന്ഥം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ആണ് പ്രസിദ്ധീകരിച്ചത്. നാലാമത്തെ പുസ്തകത്തിലൂടെ അതികായന്മാരായ ലോക ചാംപ്യന്മാരെ പരിചയപ്പെടുത്തുന്നു. ദശകങ്ങൾ നീണ്ട ശ്രമഫലമായി രചിക്കപ്പെട്ട ഇവ ചെസ്സ് രംഗത്തെ അപൂർവ്വ കൃതികൾ തന്നെയാണ്.

അറുപത്തിനാല് കള്ളികളിൽ കരുക്കൾ ഉപയോഗിച്ചു നടത്താവുന്ന

## ആരാണ് പി വി എൻ

എറണാകുളത്ത് അരയൻ കാവിനടുത്താണ് തോട്ടറ പുതുവാ മന. വാസുദേവൻ നമ്പൂതിരിപ്പാടിന്റേയും കാളി അന്തർജനത്തിന്റേയും മകനായി 1937 ൽ ജനനം. തൃശൂർ കേരള വർമ്മ കോളേജിൽ നിന്നു മലയാള ഭാഷയിൽ ബിരുദം നേടി. പിന്നീടു ട്രെയിനിങ്ങ് കഴിഞ്ഞ് ഭാഷാ അദ്ധ്യാപകനായി. മൂന്നു പതിറ്റാണ്ടു പല ഹൈസ്ക്കൂളുകളിലും അദ്ധ്യാപകനായി. 1992 ൽ വിരമിച്ചു. 2021 ൽ ശതാഭിഷേകം. ഭാര്യ:പാഴൂർ പടുതോൾ ശാന്താ അന്തർജനം, മക്കൾ: ഗീത, മോഹനൻ, പ്രീത. യോഗക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡൻണ്ടും ജനറൽ സെക്രട്ടറിയുമായിരുന്ന പി ഡി വി നമ്പൂതിരിപ്പാടും ഇപ്പോഴത്തെ സംസ്ഥാന വൈസ് പ്രസിഡണ്ട് ശിവദാസനും സഹോദരന്മാരാണ്. സംസ്ഥാനത്തെ ഏറ്റവും വലിയ ഉപസഭയായിരുന്ന ചോറ്റാനിക്കര ഉപസഭയുടെ ഭാരവാഹിത്വവും വഹിച്ചിട്ടുണ്ട്.






*യോഗക്ഷേമസഭയുടെ ഗുരുശ്രേഷ്ഠ അവാർഡ് ശ്രീശങ്കരാ ട്രസ്റ്റ് മുൻ സെക്രട്ടറി ശീവൊള്ളി കൃഷ്ണനിൽ നിന്നും പി.വി.എൻ നമ്പൂതിരിപ്പാട് സ്വീകരിക്കുന്നു.*

നീക്കങ്ങളുടെ സാധ്യത കേട്ടാൽ നാം അമ്പരന്നു പോകും. ചെസ്സിന്റെ ലോകത്തിൽ അത് 169,518,829,100,544,000,000,000,000 എന്നാണ് പി.വി. എൻ പറയുന്നത്. ആദ്യത്തെ നാലു നീക്കങ്ങൾ തന്നെ മുപ്പതു കോടിയിലധികം തരത്തിൽ ചെയ്യാമത്രെ. കളത്തിനു ഇരുവശത്തും ഇരിക്കുന്ന രണ്ടു പേർക്കും അനന്ത സാധ്യതകളാണ്. ചിലപ്പോൾ ഒരു കളി തന്നെ മണിക്കൂറുകളും, ദിവസങ്ങളും നീണ്ടു നിൽക്കാറുണ്ട്. ഒരു കരു നീക്കുന്നതിനു മുമ്പ് മനസ്സിൽതന്നെ ഒരു യുദ്ധം നടക്കുന്നു. കടന്നാക്രമണത്തിന്റ, പ്രതിരോധത്തിന്റെ കീഴ്പ്പെടുത്തലിന്റെ ഒഴിഞ്ഞുമാറലിന്റെ അടിയറവു പറയിപ്പിക്കുന്നതിന്റെ സാധ്യതകൾ മനസ്സിൽ നടക്കുന്നു. മറ്റു കളികളെ പോലെ കളിക്കാരന്റെ കായികശേഷി വിജയത്തിനുള്ള ഘടകമേയല്ല. പൂജ്യം ശതമാനം ഭാഗ്യത്തിന്റേയും നൂറുശതമാനം കഴിവിന്റേയും, ബുദ്ധിശക്തിയുടേയും കളിയാണ് ചെസ്സ് എന്നു പി വി എൻ തന്നെ പറയുന്നു.

ഒരു കുട്ടിക്കു പോലും വലിയൊരു കളിക്കാരനെ പരാജയപ്പെടുത്താനാവും. മാഗ്നസ് കാൾസൻ ഗ്രാൻഡ് മാസ്റ്ററായത് പതിമൂന്നു വയസ്സിലായിരുന്നു. പ്രഗ്നാനന്ദ പന്ത്രണ്ടു വയസ്സിൽ പ്രശസ്തരായ പല മുതിർന്ന കളിക്കാരേയും തോല്പിച്ച് ഗ്രാൻഡ് മാസ്റ്ററായി. ഈ കൊല്ലം ഏപ്രിലിൽ നടന്ന കാൻഡിഡേറ്റ്സ് ചെസ്സിൽ ചരിത്രമെഴുതി തമിഴ്നാട്ടുകാരനായ ഗുകേഷ് ലോക ചാമ്പ്യൻ പേരാട്ടത്തിനു അർഹത നേടി. വിശ്വനാഥൻ ആനന്ദിനു ശേഷം കാൻഡിഡേറ്റ്സ് ചാമ്പ്യൻഷിപ്പിൽ ജേതാവാകുന്ന പ്രായം കുറഞ്ഞ താരമാണ് ഈ പതിനേഴുകാരൻ. ഈ കളി എപ്പോഴും മനസ്സിനേയും ബുദ്ധിയേയും ഉത്തേജിപ്പിച്ച് ഉണർത്തി വെക്കുന്നു. വളരുന്ന കുട്ടികളുടെ ബുദ്ധി വികാസത്തിനു ഏറ്റവും പറ്റിയ വ്യായാമം ചെസ്സുകളിയാണെന്നും അദ്ദേഹം പറയാറുണ്ട്. ചെസ്സിനെ കുറിച്ചുള്ള പുസ്തകങ്ങളും മാഗസിനുകളും, പേപ്പർ കട്ടിങ്ങുകളും സൂക്ഷിക്കുന്ന ഒരു അപൂർവ്വ ലൈബ്രറി



*അശീതി ആഘോഷവേളയിൽ കാലടി സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ കെ.ജി പൗലോസിനോടൊപ്പം.*

## ആദിരൂപമായ

വേദങ്ങൾ പോലെ ചെസ്സിന്റെ ആദിരൂപമായ ചതുരംഗം പിറന്നതും ഭാരതത്തിലാണ്. കുരുക്ഷേത്ര യുദ്ധത്തിൽ ആന, കുതിര, രഥം, കാലാൾ ഇവയെ വ്യന്യസിച്ചിരുന്നത് ചതുരംഗ പലകയിലേതു പോലെയായിരുന്നു.

നളരാജാവിനു സർവ്വസ്വവും നഷ്ടപെട്ടത് ചൂതുകളിയിലൂടെയായിരുന്നല്ലോ. കഥകളി കമ്പക്കാരെപോലെ ചതുരംഗ കമ്പക്കാരായും ധാരാളം നമ്പൂതിരിമാർ ഉണ്ടായിരുന്നു. വാഴയണ വെട്ടി കരുവുണ്ടാക്കി കളിക്കുന്നത് നമ്പൂതിരിമാരുടെ ഇഷ്ട വിനോദമായിരുന്നു. പഴയ



# ചതുരംഗം പിറന്നതും ഭാരതത്തിൽ

നമ്പൂതിരി തറവാടുകളിലെല്ലാം ഇപ്പോഴും ചതുരംഗ പലകകൾ കാണാം.

ഇന്ത്യയിൽ പിറന്ന ചതുരംഗ മാണ് പിന്നീട് ലോകം മുഴുവൻ പടർന്നത്. കാലങ്ങൾ കൊണ്ട് കളിയിൽ ധാരാളം മാറ്റങ്ങളു ണ്ടായി. മന്ത്രിയും രാജാവും കളിയിൽ കൂടുതൽ ശക്തരായി. വെളുപ്പും കറുപ്പും നിറമുള്ള കള്ളികളും കരുക്കളും ഉണ്ടാ യി. ചെസ്സ് എന്ന പേരും വന്നു. റഷ്യയിൽ അതു ദേശീയ വി നോദമായി. ലോകം മുഴുവൻ പ്രചാരമുള്ള വിനോദങ്ങളിൽ ഏറ്റവും പഴക്കമുള്ളത് ചെസ്സു തന്നെയാണ്.

2023 ആഗസ്റ്റ് മാസം ചെന്നൈ യിൽ നടന്ന വേൾഡ് കപ്പ് മത്സ രം ലോകത്തിന്റെ മുഴുവൻ ശ്രദ്ധ ആകർഷിച്ചിരുന്നു. ഇന്ത്യക്കാര നായ പ്രഗ്നാനന്ദ എന്ന ഏറ്റവും പ്രായം കുറഞ്ഞ ഗ്രാൻറ് മാസ്റ്റ റും മാഗനസ് കാൾസൻ എന്ന മുൻ ലോകചാമ്പ്യനും തമ്മി ലുള്ള മത്സരമായിരുന്നു അത്. മത്സരപരിചയം കുറഞ്ഞ പ്രഗ്നാ നന്ദ തോറ്റുപോയെങ്കിലും അറു പതുലക്ഷം രൂപ സമ്മാനമായി ലഭിച്ചു. ചാമ്പ്യനായ കാൾസന് ഒരു കോടിയിലധികമായിരുന്നു സമ്മാനം. ചെസ്സ് എന്ന വിനോദ ത്തിനു കായിക ലോകം നല് കുന്ന പ്രാധാന്യത്തേയാണ് ഈ സമ്മാന തുക വ്യക്തമാക്കുന്നത്.

ഇരുപതാം നൂററാണ്ടിന്റെ അവസാന കാലത്താണ് ചെസ്സ് കമ്പം ലോകം മുഴുവൻ വ്യാപി ച്ചത്. അതിനു കാരണമായത് ബോബി ഫിഷറും സ്പാസിക്കി യും തമ്മിൽ നടന്ന ദിവസങ്ങ ളോളം നീണ്ടുനിന്ന മത്സരമാണ്. അതിനു ശേഷം ഇന്ത്യയിലും പ്രത്യേകിച്ചു കേരളത്തിലും ചെ സ്സ് കമ്പക്കാരുണ്ടാവാൻ തുട ങ്ങി. കളിക്കാരും , ക്ലബുകളും , മത്സരങ്ങളും ഉണ്ടായി തുടങ്ങി. തുടർന്നു ഭാരതത്തിൽ നിന്നു വിശ്വനാഥൻ ആനന്ദ് എന്നൊരു ലോക ചാമ്പ്യനുമുണ്ടായി ●



യും ഇല്ലത്തു ഒരുക്കി വെച്ചിരിക്കുന്നു.

കർമ്മ രംഗം ചെസ്സാണെന്നു തിരിച്ചറിഞ്ഞപ്പോഴും മറ്റു മേഖലകളെ കൈവിട്ടില്ല. നിമിഷകവിയായിരുന്നു അദ്ദേഹം. 'കാവ്യബിന്ദുക്കൾ' എന്ന പേരിൽ കാവ്യസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബന്ധുക്കൾക്കും മിത്ര ങ്ങൾക്കും ശ്ലോകക്കത്തെഴുതുന്നത് ഹോബിയായിരുന്നു. അക്ഷരശ്ലോക സദസ്സുകളിലെ സ്ഥിരസാന്നിദ്ധ്യവുമായിരുന്നു. അക്ഷരശ്ലോക മത്സരങ്ങ ളിൽ സുവർണ്ണ മുദ്രകൾ നേടിയിട്ടുണ്ട്. അഗ്നിസാക്ഷി, ബാല്യകാലസ ഖി, ഇഷ്ടി എന്നീ സിനിമകളിലും അഭിനയിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ അച്ഛൻ തുടങ്ങിയ ആദ്യകാല നമ്പൂതിരി വിദ്യാലയ ങ്ങളിലൊന്നായ തോട്ടറ സംസ്കൃത സ്കൂൾ ഈ വർഷം തൊണ്ണൂറാം പിറന്നാൾ ആഘോഷിക്കുന്നു. നാട്ടിൽ വരുന്ന ഏതൊരു പൊതു സ്ഥാപ നത്തിനും സ്ഥലം സൗജന്യമായി കൊടുത്തിരുന്ന അവർ അടുത്ത കാല ത്താണ് ചോറ്റാനിക്കര ഉപസഭാമന്ദിരത്തിനു സ്ഥലം കൊടുത്തത്.

ചെസ്സിന്റെ കേരളത്തിലെ കുലപതിയായി പലരും അദ്ദേഹത്തെ വിശേ ഷിപ്പിക്കാറുണ്ട്. ഈ വിനോദ രംഗത്തുള്ള സംഭാവനകളെ ആദരിച്ചുകൊ ണ്ട് നിരവധി സംഘടനകളിൽ നിന്നു ബഹുമതിപത്രങ്ങളും അവാർഡു കളും ലഭിച്ചിട്ടുണ്ട്. എൺപത്തിയാറാം വയസ്സിലും ചെസ്സിന്റെ ലോകത്ത് സജീവവുമാണ്. ഈ കളിയെ പറ്റിയുള്ള ഏതുതരം സംശങ്ങൾക്കും എപ്പോഴും അദ്ദേഹത്തെ വിളിക്കാം ●



*പിറവം എം എൽ എ അനൂപ് ജേക്കബിൽ നിന്നു പി.വി.എൻ നമ്പൂതിരിപ്പാട് ആദരം ഏറ്റുവാങ്ങുന്നു.*

വിലാസം . പുതുവാമന, സോപാനം, പോസ്റ്റ് കാഞ്ഞിരമറ്റം,
എറണാകുളം 682315, മൊബൈൽ: 9947236831.
ഉദയൻ നമ്പൂതിരിപ്പാട്, മറവഞ്ചേരി കിഴക്കേടത്തു മന
വയപ്പാറപടി , മഞ്ചേരി , പിൻ: 676121, മൊബൈൽ: 8281926325

# ശരിക്കും കമ്പമുള്ള ആൾ



**കഥകളിക്കമ്പം മൂത്താൽ ഇങ്ങനെ വേണം. നല്ലൂർപ്പള്ളി വാമനൻ നമ്പൂതി രിയെപ്പോലെ. കളിവിളക്കിനു മു ന്നിൽ വെറുതെ സ്ഥാനം പിടിച്ചാൽ പോരാ. സ്വന്തമായി ഒരാട്ടക്കഥ എഴുതിയുണ്ടാക്കി മികച്ച കളിക്കാ രെ ക്ഷണിച്ചുവരുത്തി ഇല്ലത്ത് വെച്ച് രണ്ട് ദിവസത്തെ റിഹേഴ്സൽ നടത്തി മൂന്നു ലക്ഷത്തോളം ചെലവാക്കി വേദിയൊരുക്കി കഥകളി ആസ്വാദക രുടെ മുന്നിൽ അരങ്ങ് തകർക്കണം. അതാണ് ഇദ്ദേഹം ചെയ്തത്.**

**രാമപ്രസാദ് നരിക്കാട്ടിരി**



കുടുംബാംഗങ്ങളും നാട്ടുകാരും സുഹൃത്തക്കളും യോഗക്ഷേമസഭ പാലക്കാട് യൂണിറ്റിലെ ക്ഷണിതാക്കളായ ഉപസഭാംഗങ്ങളും ഒരുമിച്ചിരുന്ന് കളി കണ്ടാസ്വദിയ്ക്കാനായി ഇല്ലത്തിനടുത്തു തന്നെ ഒരു ക്ഷേത്രാങ്കണത്തിൽ സ്വന്തം കയ്യിൽ നിന്ന് പണം ചിലവാക്കി വേദിയൊരുക്കി. കളിച്ചതാകട്ടെ പ്രതീക്ഷിച്ചതിനേക്കാൾ എത്രയോ മടങ്ങ് കഥകളിഅസ്വാദകരുടെ മുന്നിൽ വെച്ച്. 2022 ഏപ്രിൽ മാസത്തിൽ.

ശ്രീകൃഷ്ണാവതാരമാണ് ആദ്യമെഴുതിയ ആട്ടക്കഥ. 1993 ൽ അത് ഗുരുവായൂർ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിലാണ് അരങ്ങേറിയത്. കലാമണ്ഡലം കേശവൻ നമ്പൂതിരി ചിട്ടപ്പെടുത്തി. തുടർന്നു വരാഹമിഹിരൻ ഉൾപ്പെടെ വാമനൻ നമ്പൂതിരി എഴുതിയ കഥകളെല്ലാം ചിട്ടപ്പെടുത്തിയതും ഇദ്ദേഹം തന്നെ. ശ്രീകൃഷ്ണാവതാരം കഥഅരങ്ങിലെത്തിക്കാൻ വേഷം, പാട്ട്, ചെണ്ട, ചുട്ടി തുടങ്ങി ഏകദേശം മുപ്പതോളം കലാകാരൻമാർ വേണം. ധാരാളം സമയവും.

'ഇപ്പോൾ പുതിയൊരു കഥ ചിട്ടപ്പെടുത്തി അരങ്ങിലെത്തിച്ചിട്ടുണ്ടെന്ന് കേട്ടു.'

'വരാഹമിഹിരൻ. ഇതെന്റെ അഞ്ചാമത്തെ ആട്ടകഥയാണ്. 2024 സെപ്തംബർ ഒന്നിന് ചെത്തല്ലൂർ കൃഷ്ണകുട്ടി ഗുപ്തൻ അനുസ്മരണത്തിനാണ് ഇത് അരങ്ങില്ലെത്തിച്ചത്. അരങ്ങേറ്റത്തിന് മുമ്പ് തന്നെ വരാഹമിഹിരൻ ജനശ്രദ്ധ നേടി. പലേടത്തു നിന്നും അന്വേഷണമുണ്ട്

'ഇങ്ങിനെ ഒന്ന് എഴുതാനുണ്ടായ പ്രചോദനം'

'സ്നേഹിതരായ ഒരുപാട് ജ്യോതിഷ പണ്ഡിതന്മാരുടെ ഒരാഗ്രഹമായിരുന്നു. ഒരു രാത്രി ഏകദേശം രണ്ടരമണിക്കൂർ കൊണ്ട് എഴുതിത്തീർക്കാനായി. അത് എനിയ്ക്ക് തന്നെ അദ്ഭുതായി തോന്നുന്നു. വിക്രമാദിത്യകഥയിൽ നിന്നെടുത്ത ഒരു ഭാഗമാണിത്. അതിങ്ങനെ. കൊട്ടാരത്തിൽ പിറന്നുവീണ കുട്ടിയുടെ ജാതകത്തെ പ്രകീർത്തിച്ചു കൊണ്ട് പലരും പ്രകീർത്തിച്ചപ്പോൾ നവരത്ന പണ്ഡിതരിൽ ഹോരശാസ്ത്രം എഴുതിയ ജോതിഷ പണ്ഡിതനായ വരാഹമിഹിരൻ താലിയോലയിൽ എഴുതിയതിങ്ങനെയായിരുന്നു.'പിറന്നുവീണ കുഞ്ഞ് ബാല്യത്തിൽ തന്നെ വരാഹത്തിന്റെ തേറ്റ കൊണ്ട് മരണം വരിക്കും ' അത് അതുപോലെ സംഭവിയ്ക്കുകയും ചെയ്യുന്നു.... അതാണ് കഥ.

രണ്ട് മണിക്കൂറിലേറെയുള്ള ഈ കഥയിൽ 7 വേഷങ്ങൾ അരങ്ങിലെത്തുന്നുണ്ട്. അമൃതാനന്ദമയിയെക്കുറിച്ചും ഒരു ആട്ടക്കഥ എഴുതിട്ടുണ്ട്.2012 ൽ ആണ് അത് എഴുതിക്കൊടുത്തത്.

കഥകളിയൊക്കെ കലക്കിക്കുടിച്ച ഒരു ഫ്രഞ്ച് വനിതയ്ക്ക് വേണ്ടി 2004 ൽ ഇതേ പോലെ ഒരൊറ്റ ആവേശത്തിൽ ഒരൊറ്റ രാത്രി കൊണ്ട് എഴുതി ഉണ്ടാക്കിയ ആട്ടകഥയാണ് ശ്രീയേശുചരിതം. അതും മൂന്നരമണിക്കൂർ നീണ്ട ഒരു കഥ. നമ്മുടെ കംസനെ പോലുള്ള ഒരു കഥാപാത്രമായ ഹെറോദസ് രാജാവിന്റെ കത്തിവേഷം. അന്ന് ആകഥ അരങ്ങേറിയ ആറൻമുളയിലെ കഥകളി അരങ്ങ് ആകെ ഇളകി മറിഞ്ഞു. കളി കാണാനെത്തിയ സായ്പ്പൻമാരും മദാമ്മകളുമടങ്ങുന്ന

സദസ് കയ്യടിച്ചും കെട്ടിപ്പിടിച്ചും സന്തോഷം പ്രകടിപ്പിയ്ക്കുന്നതു കണ്ടപ്പോൾ പറഞ്ഞറിയിയ്ക്കാനാവാത്ത സന്തോഷം തോന്നി. ആ കഥ പിന്നീട് 15 ലധികം പള്ളികളിലും വിദേശത്തും പലവട്ടമായി അരങ്ങേറി.

2020 കോവിഡ് കാലത്ത് എഴുതിയതാണ് ശിബിചക്രവർത്തി എന്ന ആട്ടകഥ. നിർഭാഗ്യമെന്ന് പറയട്ടെ അത് ഇതുവരെ അരങ്ങിലെത്തിയ്ക്കാൻ കഴിഞ്ഞില്ല എന്നൊരു വിഷമമുണ്ട്. എല്ലാത്തിനും ഒരു സമയമുണ്ടല്ലോ.

ചെറുപ്പത്തിൽ വാഴേങ്കടയിൽ കളികാണാൻ പോവുക പതിവായിരുന്നു. കഥകളിയും കളിക്കാരുമൊക്കെയായുള്ള ബന്ധം അവിടുന്ന് തുടങ്ങിയതാണ്. പിന്നീട് അക്ഷരശ്ലോകത്തിനോടായി കമ്പം. അതിന്റെ ഫലമായി തൃശൂർ പൂരത്തിന്റെ മത്സരവേദിയിൽ നിന്ന് സ്വർണ്ണമുദ്ര. പിന്നീട് തൃശൂർ കെ കെ രാജാ മത്സരത്തിൽ ഒന്നാംസ്ഥാനം. കോഴിക്കോട് അക്ഷരശ്ലോകവേദിയിൽ നല്ല അവതരണത്തിനുള്ള പ്രത്യേക സമ്മാനം. ഒപ്പം തൃശൂർ, കോഴിക്കോട് ആകാശവാണി അക്ഷരശ്ലോക പരിപാടിയിലൊക്കെ പങ്കെടുത്തു.

1947 ൽ അലനല്ലൂരിലെ കർക്കിടകാംകുന്നിൽ ജനനം. അമ്മ സാവിത്രി അന്തർജനം (വെള്ളലം, ഒല്ലൂർ) ഒന്നാം വയസിൽ മരിച്ചു. അച്ഛൻ നാരായണൻ നമ്പൂതിരി പിന്നീട് ശിറ്റശ്ശിയെ വേട്ടു. വാമനൻ നമ്പൂതിരിയ്ക്ക് 13 വയസ്സുള്ളപ്പോൾ അച്ഛനും യാത്രയായി. പിന്നീട് സ്വപ്രയ്തം ഒന്നു കൊണ്ടാണ് എല്ലാം. പത്താം ക്ളാസ് കഴിഞ്ഞ് വൈകാതെ തന്നെ ഇറിഗേഷൻ സോയൽ കൺസർവേഷനിൽ ജോലി ലഭിച്ചു 1980 ആദ്യം ജോലിയിൽ കയറിയത് മൂലത്തറ ഡാമിലായിരുന്നു, പിന്നിട് അട്ടപ്പാടി, പെരിന്തൽമണ്ണ എന്നിവിടങ്ങളിലായി. 1999 ൽ റിട്ടയർമെന്റിനുശേഷം, പൂജ, താന്ത്രികക്രിയങ്ങൾ പശ്നപരിഹാര പൂജ എന്നിവയൊക്കെയായി മണ്ണാർക്കാട് താമസം. പത്നി രമണി മക്കൾ: സതി, സത്യൻ.2010 മുതൽ യോഗക്ഷേമസഭ മണ്ണാർക്കാട് ഉപസഭയുടെ സജീവ പ്രവർത്തകനും പ്രസിഡന്റുമാണ്. ●



*കലാമണ്ഡലം കേശവൻ നമ്പൂതിരി*
*വരാഹമിഹിരനായി രംഗത്ത്*

രാമപ്രസാദ് നരിക്കാട്ടിരി 9496234515
നല്ലൂർപ്പള്ളി വാമനൻ നമ്പൂതിരി 9447024793



*പുതിയ ആട്ടകഥയായ വരാഹമിഹിരൻ രംഗത്തെത്തിക്കാൻ പ്രയത്നിച്ചവർ: ഇരിക്കുന്നത് ഇടത്ത് നിന്ന് കലാമണ്ഡലം കൃഷ്ണദാസ്, സദനം മണികണ്ഠൻ, കലാമണ്ഡലം ശിവദാസ്, മങ്കട കൃഷ്ണകുമാരൻ തമ്പുരാൻ, കലാമണ്ഡലം കേശവൻ നമ്പൂതിരി, വാമനൻ നമ്പൂതിരി, ജോത്സ്യൻ വിജയകുമാർ, നാരായണൻകുട്ടി മാസ്റ്റർ, നിൽക്കുന്നവർ ഇടത്തുനിന്ന് ബാബുവാരിയർ, ജോത്സ്യൻ ഉണ്ണികൃഷ്ണൻ, കലാമണ്ഡലം ജയപ്രസാദ്, സദനം ശിവദാസ്, സദനം സദാനന്ദൻ, പനയൂർ കുട്ടൻ, വെള്ളിനേഴി ഹരിദാസ്*




# ടീച്ചറെ എന്ന വിളി ടീച്ചൂ എന്നായി

**ഡോ. എൻ അദിതി**



പഠന മാധ്യമം സ്നേഹമായിരിക്കട്ടെ എന്ന അച്ഛന്റെ ( വിഷ്ണുനാരായണൻ നമ്പൂതിരിയുടെ) അനുഗ്രഹവും ആശീർവാദവും വാങ്ങി തിരുവനന്തപുരത്ത്, മഹാത്മാ ഗാന്ധി കോളേജിൽഅദ്ധ്യാപികയാവുമ്പോൾ എനിക്ക് 23 വയസ്സ്. വിദ്യാർത്ഥിനിയുടെ ഇരിപ്പിടങ്ങൾ വിട്ട് അദ്ധ്യാപികയുടെ അധികാരക്കസേരയിലേക്ക് നിലപാടുകൾ ഉറപ്പിക്കുമ്പോഴും മനസ്സ് അസ്വസ്ഥമായിരുന്നു.

മുപ്പത്തി മൂന്നു വർഷങ്ങൾ കൗമാരമനസ്സുകളോട് നടത്തിയ മന:ശാസ്ത്രപരമായ ഇടപെടലുകൾ തരുന്ന ഉൾക്കാഴ്ചകൾ കുറച്ചൊന്നുമല്ല. ഇച്ഛാശക്തി, ജ്ഞാനശക്തി, ക്രിയാശക്തി എന്നിവയുടെ വിളനിലമായ കൗമാരത്തെ ജീവിതത്തിലെ ഏറ്റവും ഫലഭൂയിഷ്ഠമായ കാലമായി തിരിച്ചറിയാനും പരിപോഷിപ്പിക്കുവാനുമുള്ള നിർദ്ദേശങ്ങൾ അടുത്തിടെ മാത്രമാണ് പടിഞ്ഞാറുള്ള മനഃശാസ്ത്രം ആരംഭിച്ചത്. ഭാരതീയ മനഃശാസ്ത്രം തലമുറകളിലൂടെ അതെന്നോ പഠിപ്പിച്ചു പാടിത്തന്നിരിക്കുന്നു!

തുടിപ്പും പ്രസരിപ്പും എനിക്ക് ഹരമായിരുന്നു. അത് നഷ്ടപ്പെടാതിരിക്കാൻ കാംപസിന്റെ ആത്മാവിലേക്ക്, കുട്ടികളിലേക്ക്, ഇറങ്ങിച്ചെല്ലുകയേ വഴിയുണ്ടായിരുന്നുള്ളൂ. കുട്ടികൾക്കിടയിൽ കുട്ടിച്ചാത്തന്മാരും ഉണ്ടാകും എന്നറിയാഞ്ഞിട്ടല്ല. വലിയൊരളവിൽ അവരെ തിരിച്ചറിയാനും എനിക്ക് കഴിഞ്ഞത് മുഖം മൂടികൾ ഇല്ലാതെ, അധികാര ജാടകളില്ലാതെ ശിഷ്യർക്കിടയിലേക്ക് കടന്നിരിക്കാൻ കഴിഞ്ഞത് കൊണ്ടാണ് .

ഉച്ചഭക്ഷണത്തിന്റെ ഇടവേളകളിൽ എന്റെ ഒഴിവു കാത്ത് തൂണിന്റെ മറവിലും ജനാലപ്പടിയിലും മറഞ്ഞുകാത്തു നിൽക്കുന്ന ഒരു വിദ്യാർത്ഥിനി ഉണ്ടായിരുന്നു, ദീപ. പഠിപ്പിക്കുമ്പോൾ പറഞ്ഞതും പുസ്തകഭാഗങ്ങളിലും ഉള്ള കാര്യങ്ങൾ ഒന്ന് മലയാളത്തിൽ പറഞ്ഞു തരുമോ എന്നതായിരുന്നു ആവശ്യം. പച്ചയായ ഭാഷയിൽ അതു പറഞ്ഞുകൊടുക്കുമ്പോൾ മടിച്ചു മടിച്ചു അവൾ സംശയങ്ങൾ ചോദിക്കും. മടിക്കുന്നതെന്തിന് എന്ന ചോദ്യത്തിന് അവൾ പറഞ്ഞു, ചില അദ്ധ്യാപകരെങ്കിലും, സംശയം ചോദിക്കുന്നത് ഇഷ്ടപ്പെടാത്തവരും അതിനെ അഹങ്കാരമായി കണക്കാക്കുന്നവരും ആണത്രേ.

വിടർന്ന കണ്ണുകളോടെ, കൗതുകത്തോടെ, അറിയാനുള്ള ആഗ്രഹത്തോടെ ശ്രദ്ധിച്ചും ശ്രവിച്ചും അവൾ മുന്നിലിരിക്കുമ്പോൾ, അദ്ധ്യാപനത്തിന്റെ ആഹ്ലാദം ഞാനറിഞ്ഞു. അവളും അവളെപ്പോലെ മറ്റു ചിലരു

**എല്ലാ സ്നേഹവും പ്രണയത്തിനും രതിക്കും വിവാഹത്തിനും വേണ്ടി അല്ലെന്ന് ഉറക്കെ പറഞ്ഞുകൊണ്ട് ജീവിക്കുന്ന ആൺ –പെൺ സുഹൃത്തുക്കൾ, ചാരിത്ര്യം എന്നൊരു നിർബ്ബന്ധം തങ്ങൾക്കും ഉണ്ടെന്ന് വിളിച്ചുപറഞ്ഞ ആൺ കുട്ടികൾ, ഒരിക്കലും ഒന്നിക്കാൻ ആവില്ലെന്നറിഞ്ഞിട്ടും ഞങ്ങൾ വെറുതേ സ്നേഹിച്ചോട്ടെ എന്ന് ചോദിച്ച കുഞ്ഞു കമിതാക്കൾ, ജീവിത പുസ്തകങ്ങളിൽ അനന്യമായ, അപൂർവ്വമായ എത്രയെത്ര താളുകൾ!**

മാണ് അതിന്റെ ഗൗരവവും ഉത്തരവാദിത്വവും ഒക്കെ എനിക്ക് മനസ്സിലാക്കിത്തന്നത്. ദീപ പിന്നീട് പ്രശസ്ത സ്ഥാപനങ്ങളിലെ റാങ്കുകാരിയും ചികിത്സകയും ഒക്കെയായി. അദ്ധ്യാപിക എന്ന നിലയിൽ കിട്ടിയിട്ടുള്ള സ്നേഹാദരങ്ങൾ ഒന്നടങ്കം എന്നെ പഠിപ്പിക്കാൻ പഠിപ്പിച്ച, ചിന്തിക്കാൻ പ്രേരിപ്പിച്ച, ദീപയെപ്പോലെ, അനിയെപ്പോലെ, ബിജോയെപ്പോലെ 'സംശയാലുക്കളായ' ശിഷ്യസമ്പത്തിന് സമർപ്പിക്കുന്നു.

സൗഹൃദത്തിന്റെയും പ്രണയത്തിന്റെയും രതിയുടെയും സങ്കൽപ്പങ്ങളിൽ പോലും കൗമാരക്കാർ എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. എല്ലാ സ്നേഹവും പ്രണയത്തിനും രതിക്കും വിവാഹത്തിനും വേണ്ടി അല്ലെന്ന് ഉറക്കെ പറഞ്ഞുകൊണ്ട്, ഇന്നും തെളിയിച്ചുകൊണ്ട് ജീവിക്കുന്ന ആൺ –പെൺ സുഹൃത്തുക്കൾ, ചാരിത്ര്യം എന്നൊരു നിർബ്ബന്ധം തങ്ങൾക്കും ഉണ്ടെന്ന് വിളിച്ചുപറഞ്ഞ ആൺ കുട്ടികൾ, ഒരിക്കലും ഒന്നിക്കാൻ ആവില്ലെന്നറിഞ്ഞിട്ടും ഞങ്ങൾ വെറുതേ സ്നേഹിച്ചോട്ടെ എന്ന് ചോദിച്ച കുഞ്ഞു കമിതാക്കൾ, ആഴമേറിയ ബന്ധങ്ങൾക്കുള്ളിലെല്ലാം പ്രണയത്തിന്റെ അടിയൊഴുക്കുകൾ ഉണ്ട് എന്ന് തിരിച്ചറിഞ്ഞ വിവേകികൾ, വേണ്ടെന്നു വച്ച് പിരിഞ്ഞ സ്നേഹം ക്ഷമയോടെ കാത്തിരുന്നു വർഷങ്ങൾക്ക് ശേഷം തിരിച്ചു പിടിച്ച വിപ്ലവകാരികൾ... ഒപ്പം നിന്നാൽ, ആത്മാർത്ഥതയോടെ, വിശ്വസ്തതയോടെ കേൾക്കാനും പങ്കിടാനും തയ്യാറായാൽ, അവർ തുറക്കുന്ന ജീവിത പുസ്തകങ്ങളിൽ അനന്യമായ, അപൂർവ്വമായ എത്രയെത്ര താളുകൾ!

ഒരിക്കൽ, കാന്റീൻ മുറ്റത്തെ തറക്കെട്ടിൽ അങ്ങനെ ഏതോ താളുകൾ മറിച്ചു നിൽക്കവേ, ശിഷ്യരിൽ ഒരാളോട് ഞാൻ ചോദിച്ചു, 'ആളിന് എന്തു പ്രായം വരും?'

'ഏയ്, അങ്ങനെ അധികം പ്രായമൊന്നുമില്ല, ഏതാണ്ട് നമ്മുടെയൊക്കെ പ്രായം വരും'. ഒരു നിമിഷത്തെ നിശ്ശബ്ദത. പിന്നെ കൂട്ടച്ചിരിയ്ക്കിടയിൽ വാക്കുകൾ മുങ്ങിപ്പോയി.

ഇന്നത്തെ കുഞ്ഞുങ്ങളെ നാളെയുടെ നാളുകളിൽ ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് അച്ഛനമ്മമാരെപ്പോലെ അദ്ധ്യാപകരുടെയും ധർമ്മം. ക്ലാസ്സ് മുറികൾക്കകത്തും പുറത്തും കുട്ടികളുമായുള്ള ഇടപഴകലുകളിലൂടെ മാത്രമേ അത്തരം കാര്യങ്ങൾ പഠിപ്പിക്കാൻ കഴിയൂ. മറ്റൊരു വിഷയത്തിലും ഉൾപ്പെടുത്താൻ ആകാത്ത പ്രായോഗികവും പുരോഗമനപരവും ആരോഗ്യകരവും ആയ പെരുമാറ്റരീതികളും കാഴ്ചപ്പാടുകളും വ്യക്തിത്വ പരിശീലനങ്ങളും മന:ശാസ്ത്ര പഠനത്തിന്റെ ഭാഗമാണ്. അക്കാദമിക് ആയതും അല്ലാത്തതുമായ ഉത്തരവാദിത്വങ്ങൾ വിശ്വസിച്ച് ഏൽപ്പിച്ചും കലർപ്പില്ലാത്ത സൗഹൃദങ്ങൾ കഴിയുന്നത്ര പ്രോൽസാഹിപ്പിച്ചും ജീവിതസാഹചര്യങ്ങളുടെ നേർക്കാഴ്ചകൾ പകർന്നും ഒക്കെ ആ ദൗത്യം നിർവ്വഹിക്കുമ്പോൾ അകം നിറഞ്ഞആത്മസംതൃപ്തിയാണ് തോന്നുക.

മാത്രമല്ല, കോളേജിലും പുറത്തും പൊതുപരിപാടികൾക്കും വരെ 'ഒരു പിടി നല്ല കുട്ടികളെ വേണം' എങ്കിൽ ആദ്യം അന്വേഷിക്കുന്നത് മന:ശാസ്ത്രവിഭാഗത്തിലെ കുട്ടികളെയാണ് എന്നത്, അഭിമാനവും ആത്മവിശ്വാസവും തന്നിരുന്ന കാര്യം തന്നെ. സ്നേഹം മാത്രമല്ല, ഒരുപാട് കൃതജ്ഞതയും കടപ്പാടും ഉണ്ട്, അദ്ധ്യാപനത്തിലേക്ക് എന്നെ വഴി തിരിച്ചു വിട്ട ആദർശ മാതൃകയായ അച്ഛനോട്, അയ്യപ്പപ്പണിക്കർ സാറും നബീസ ഉമ്മാൾ ടീച്ചറും പ്രസാദ് സാറും ബേബിസാറും കുഞ്ഞികൃഷ്ണൻ മാഷും കുമാരി ടീച്ചറും ഒക്കെ ഉൾപ്പെട്ട എന്റെ അദ്ധ്യാപകരോട്.

പിന്നെ ശിഷ്യ ഗണങ്ങളിൽ അനിയേയും സുനിയെയും മറക്കുക വയ്യ. ഒപ്പം ബിജോയ്, പ്രിയ, ടിൻസി, വാണി, അർച്ചന, ദേവിക, വിദ്യ, ദിവ്യ.......മാഡം, മിസ്സ് വിളികളുടെ ഡിപ്ലോമസി മണക്കുന്ന പ്ലാസ്റ്റിക് ഇതളുകൾക്കപ്പുറത്തുള്ള സുഗന്ധമൂറുന്ന ആത്മാർത്ഥതയുടെ, സ്നേഹത്തിന്റെ വെളുത്ത പൂങ്കുലകൾ . എത്രയെത്ര നൂലാമാലകൾ കുരുക്കഴിക്കാനും കീറാമുട്ടികൾ പൊളിച്ചടുക്കാനും അവരെനിക്ക് ഒപ്പം നിന്നിട്ടുണ്ട് ! കുഞ്ഞറിവുകളും ജീവിതപാഠങ്ങളും പകർന്നു നൽകുന്ന എത്രയോ വഴികളിൽ അവരെനിക്ക് സഹായമായിട്ടുണ്ട്, സഹയാത്രികരായിട്ടുണ്ട് ! ആദരവും സ്നേഹവും കലർന്ന ടീച്ചറെ എന്ന നീട്ടിവിളികൾ കാലങ്ങൾക്കിപ്പുറം ടീച്ചൂ എന്ന് സ്നേഹപൂർവ്വം കുറുക്കിവിളിക്കാൻ തങ്ങളുടെ കുഞ്ഞുതലമുറകളെ കൂടി അവർ പഠിപ്പിച്ചിരിക്കുന്നു. ●

(ഡോ. എൻ അദിതി, സൈക്കോളജി വിഭാഗം മുൻ മേധാവിയും റിട്ട.അസോസിയേറ്റ് പ്രൊഫസറുമായ ലേഖിക കവി വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മകളാണ്. തേവലശ്ശേരി പടിഞ്ഞാറ്റിടത്ത് ഇല്ലം, ഇല്ലത്തുമേൽപ്പുറം, വെൺമണി, ആലപ്പുഴ, പിൻ 689509
മൊബൈൽ : 9447033691)




*കാസർകോട് നീലേശ്വരം ശ്രീവത്സം ഓഡിറ്റോറിയത്തിൽ യോഗക്ഷേമസഭ സംസ്ഥാന വാർഷിക*

# സാമ്പത്തിക സംവരണം നടപ്പാക്കണം:

**മുഡുവമ്പ്രം ശ്രീകുമാർ**

കാസർകോട്: സാമ്പത്തിക സംവരണം നടപ്പാക്കണമെന്നും ജാതിസംവരണത്തിൽ കാലോചിത മാറ്റം വേണമെന്നും യോഗക്ഷേമസഭ സംസ്ഥാന കൗൺസിൽ സമ്മേളനം ആവശ്യപ്പെട്ടു. ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വിവാഹവേളയിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. സമാപനസമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. എടനീർ മഠാധിപതി സ്വാമി സച്ചിദാനന്ദ ഭാരതി ദീപ പ്രോജ്ജ്വലനം നടത്തി. യോഗക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട് അധ്യക്ഷനായി.

സപ്തഭാഷാ ഭൂമിയായ കാസർകോട്ടെ നീലേശ്വരം വേദിയായതിനാൽ സപ്തപ്രഭ 2024 എന്ന പേരിലായിരുന്നു സെപ്തംബർ 21 , 22 തീയതികളിൽ നീലേശ്വരം ശ്രീവത്സം ഓഡിറ്റോറിയത്തിൽ യോഗക്ഷേമസഭ സംസ്ഥാന സമ്മേളന വാർഷിക കൗൺസിലും പൊതുസമ്മേളനവും സംഘടിപ്പിച്ചത്.

അർഹിക്കുന്ന പരിഗണന ലഭിക്കാതെ അവഗണിക്കപ്പെട്ട ബ്രാഹ്മണസമൂഹം ഉയിർത്തെഴുന്നേൽക്കാൻ സമയമായെന്ന ശക്തിപ്രഖ്യാപനമായി സമ്മേളനം. ശാന്തി ഉപജീവന മാർഗമായി സ്വീകരിച്ച ബ്രാഹ്മണ സമൂഹത്തെ ക്ലാസ് ഫോർ ജീവനക്കാരായിട്ടാണ് പരിഗണിക്കുന്നത്. ഇതിൽനിന്ന് മോചനം അനിവാര്യമാണ്. സമ്മേളനം ആവശ്യപ്പെട്ടു.

സംഘടനാ മുൻ സാരഥികളായ പി.പരമേശ്വരൻ എമ്പ്രാ







*മികച്ച ഉപസഭയ്ക്കുള്ള അവാർഡ് സംസ്ഥാന പ്രസിഡന്റ് അക്കീരമൻ കാളിദാസ ഭട്ടതിരിപ്പാടിൽ നിന്നും അയ്മനം കുടമാളൂർ ഉപസഭ സെക്രട്ടറി കെ.എൻ കൃഷ്ണൻ നമ്പൂതിരി ഏറ്റ് വാങ്ങുന്നു. മികച്ച പ്രവർത്തകനായി സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട കൃഷ്ണൻ കാരയ്ക്കാട് (തൃശ്ശൂർ ജില്ല)*



*കൗൺസിൽ പൊതുസമ്മേളന സമാപനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനംചെയ്യുന്നു*

# യോഗക്ഷേമസഭ സംസ്ഥാന കൗൺസിൽ

ന്തിരി, എം.ഗണപതി നമ്പൂതിരി, എ.പി.ബാലകൃഷ്ണൻ എമ്പ്രാന്തിരി, ടി.ശങ്കരൻ നമ്പൂതിരി എന്നിവരെയും ഉയർന്ന വിജയം നേടിയ വിദ്യാർഥികളെയും ചടങ്ങിൽ അനുമോദിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി കൊടപ്പുന്ന കൃഷ്ണൻ പോറ്റി, കെ.ഡി. ദാമോദരൻ നമ്പൂതിരി, പാലമംഗലം മുരളിധരൻ, ഐ.കെ. വാസുദേവൻ വാഴുന്നവർ, സൂര്യനാരായണ ഭട്ട്, വിഷ്ണു പുത്തില്ലത്തായർ, രാമാനന്ദ എടമലൈ, ഡോ. സത്യനാഥ് കളനാട്, പി.എസ്. രാമനാഥ അയ്യർ, ശങ്കരനാരായണൻ, പി വി ശിവദാസ്, പി. എം ദാമോദരൻ, കല്പമംഗലം നാരായണൻ നമ്പൂതിരി, മനോജ് തരുപ്പ, മല്ലിക നമ്പൂതിരി, കെ. എ ശങ്കരൻ നമ്പൂതിരി, പി എസ് പദ്മനാഭൻ നമ്പൂതിരി, തുടങ്ങിയവർ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി കൊടുപ്പുന്ന കൃഷ്ണൻ പോറ്റി സ്വാഗതവും കാസർകോട് ജില്ലാ സെക്രട്ടറി ഗോവിന്ദൻ നമ്പൂതിരി നന്ദിയും പറഞ്ഞു.

രാവിലെ നടന്ന യുവജനവിഭാഗം സമ്മേളനം സംസ്ഥാന സെക്രട്ടറി ശ്രീഹരി പെരുവന ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡണ്ട് ശ്രീജിത്ത് കൃഷ്ണൻ നമ്പൂതിരി അദ്ധ്യക്ഷനായി. ഇതിഹാസങ്ങളും നമ്മളും എന്ന വിഷയത്തിൽ മാതൃഭൂമി ന്യൂസ് സീനിയർ ഡെപ്യൂട്ടി എഡിറ്റർ കെ. മധു പ്രഭാഷണം നടത്തി കെ.എൻ. വിഷ്ണു. ജി.പ്രശാന്ത്, എം.എസ് രേവതി, കൈലാസ് പാലൂർ എന്നിവർ സംസാരിച്ചു. യുവശ്രേഷ്ഠ പുരസ്കാരവിതരണവും നടന്നു. വനിതാവിഭാഗംകൗൺസിൽ യോഗം അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട് ഉദ്ഘാടനം ചെയ്തു. കാസകോട് ജില്ലാ വനിതാ സഭയുടെ മെഗാ തിരുവാതിരയും അരങ്ങേറി. ●





*കാസർകോട് ജില്ലാ കമ്മറ്റി അവതരിപ്പിച്ച മെഗാ തിരുവാതിര കളി. മികച്ച വനിതാ പ്രവർത്തക കണ്ണിപറമ്പ് ഉപസഭയിലെ കോടി തലപ്പണ ഇല്ലത്ത് ലത തലപ്പണ (കോഴിക്കോട് ജില്ല) മികച്ച വനിതാ സഭക്കുള്ള പുരസ്കാരം മിലപ്പുറം ജില്ലയിലെ പ്രവർത്തകർ ഏറ്റുവാങ്ങുന്നു*



# നമ്പൂതിരി സർവസ്വം

**(വാല്യങ്ങൾ 12,13,14 സമർപ്പണവും പ്രകാശനവും)**

**ഭൂലോക വൈകുണ്ഡവും തലപ്പിള്ളി സ്വരൂപവും**
**പെരുവനം ക്ഷേത്ര ഗ്രന്ഥവരിയിൽ നിന്ന്**
**ശ്രീ ശങ്കരാചാര്യ ചരിത്രവും കേരള പരമ്പരയും**

എന്നീ മൂന്ന് വാല്യങ്ങൾ 1/9/24 ന് തൃപ്പൂണിത്തുറ ശ്രീ പൂർണ്ണത്രയീശന് സമർപ്പിച്ചു തന്ത്രി പുലിയന്നൂർ പ്രസാദ് നാരായണൻ നമ്പൂതിരിപ്പാടിനും ഓതിക്കൻ തോട്ടയ്ക്കാട്ട് കൃഷ്ണകുമാർ നമ്പൂതിരിക്കും മേൽശാന്തി രമേശൻ എമ്പ്രാന്തിരിക്കും നൽകി പ്രകാശനം ചെയ്തു.

**4000 രൂപ മുഖവിലയുള്ള 14 വാല്യങ്ങൾ 3200 രൂപയ്ക്ക്**
**രജിസ്റ്റേർഡ് പാർസൽ ആയി ലഭിക്കുന്നു**

താല്പര്യമുള്ളവർ കനറാ ബാങ്കിന്റെ തൃപ്പൂണിത്തുറ ശാഖയിലെ ഐ എഫ് എസ് സി CNRB 0000818 SB A/C 0818101039164 എന്ന അക്കൗണ്ട് നമ്പറിലേക്ക് പണം അടച്ച് അതിന്റെ സ്ക്രീൻഷോട്ട് സഹിതം വിലാസം അറിയിക്കുക.

**മുമ്പ് പ്രസിദ്ധീകരിച്ച നമ്പൂതിരി സർവസ്വം 11 വാല്യങ്ങൾ പൂർണ്ണമായോ ഭാഗികമായോ ആവശ്യമുള്ളവർക്ക് 20% കിഴിവോടെ അയക്കുന്നതാണ്. ഓരോ കുടുംബത്തിലും ഇവ ഒരു റഫറൻസ് ഗ്രന്ഥമായി ഉണ്ടായാൽ അത് അടുത്ത തലമുറയ്ക്ക് ഉപകരിക്കും.**

*കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: പണിക്കത്ത് അപ്പു നമ്പൂതിരി, പണിക്കത്ത് മന, കണ്ണൻതൃക്കോവിൽ ലെയിൻ, കെ.ടി.ആർ.എ 93, തൃപ്പൂണിത്തുറ, പിൻ: 682301,*

**മൊബൈൽ: 8547286111**

നമ്പൂതിരി സർവസ്വം ലഭിക്കുന്ന സ്ഥലങ്ങൾ

കാണിപ്പയ്യൂർ പഞ്ചാംഗം പുസ്തകശാല, കുന്നംകുളം, മൊബൈൽ:9495693442
കൊല്ലോറ്റ നന്ദി നമ്പൂതിരി, ഗുരുവായൂർ, മൊബൈൽ: 9446435088
കോയമ്പത്തൂർ ആര്യവൈദ്യശാല, തൃപ്പൂണിത്തുറ, മൊബൈൽ: 9847433266
അനന്തപുരി അന്യോന്യം, തിരുവനന്തപുരം, മൊബൈൽ: 9447744915
മധു മരങ്ങാട്, കണ്ണൂർ, മൊബൈൽ: 9447547224



**ശ്രീരാഘവപുരം സഭായോഗത്തിന്റെ ചെറുതാഴം, അറത്തിൽ, തൃച്ചംബരം, കുറിച്ചിത്താനം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന നാല് പാഠശാലകൾ, തൃശൂർ ബ്രഹ്മസ്വം മഠം പാഠശാല, ഇരിങ്ങാലക്കുട യജുർവ്വേദ പാഠശാല എന്നിവിടങ്ങളിലായി ആകെ 75 വിദ്യാർത്ഥികളാണ് ഇന്ന് കേരളീയ ശൈലിയിൽ സാമ്പ്രദായിക ഗുരുകുലവേദാദ്ധ്യയനം ചെയ്യുന്നവരായുള്ളത്.**

# ഒരേയൊരു സാമവേദപാഠശാല

*ഗുരുവായൂർ മുൻ മേൽശാന്തി ഡോ. ശിവകരൻ നമ്പൂതിരി*

കേരളത്തിൽ ഇന്ന് വേദത്തിന്റെ മൂലരൂപത്തിന്റെ സംരക്ഷണം വലിയ പ്രതിസന്ധിയിലാണ്. ഒരു വേദസംഹിത എങ്കിലും ഹൃദിസ്ഥമാക്കി നിത്യസ്വാദ്ധ്യായം ചെയ്യുന്നവർ നിലവിൽ അമ്പതിൽ താഴെ പേർ മാത്രം. സംഹിതയോടൊപ്പം ബ്രാഹ്മണം എന്ന ഭാഗവും പഠിച്ച് ഒരു വേദശാഖ മുഴുവനായും സ്വായത്തമാക്കിയവർ വിരലിലെണ്ണാവുന്നവർ മാത്രം. ഇക്കാരണങ്ങൾ കൊണ്ട് കേരളീയ വേദപാഠത്തെ യുനെസ്കോ അതീവശ്രദ്ധയോടെ സംരക്ഷിക്കപ്പെടേണ്ട സാംസ്കാരിക പൈതൃകങ്ങളുടെ പട്ടികയിൽ പെടുത്തിയിരിക്കുന്നു.

കുറഞ്ഞത് 12 വർഷത്തെ ത്യാഗപൂർണ്ണമായ പരിശ്രമത്തിലൂടെ മാത്രമേ ഒരു വേദമെങ്കിലും വേദാംഗങ്ങളോടു കൂടി ഗുരുമുഖത്ത് നിന്ന് ശ്രുതിരൂപത്തിൽ അഭ്യസിക്കുവാൻ സാധിക്കു. അവിച്ഛിന്ന പരമ്പരയിലൂടെ തുടർന്നുവരുന്ന ഷോഡശ സംസ്കാരങ്ങൾ വേദപഠനത്തിന്റെ അടിസ്ഥാനയോഗ്യതയായി കണക്കാക്കുന്നു.

**കേരളീയ വേദപാഠത്തെ യുനെസ്കോ അതീവശ്രദ്ധയോടെ സംരക്ഷിക്കപ്പെടേണ്ട സാംസ്കാരിക പൈതൃകങ്ങളുടെ പട്ടികയിൽ പെടുത്തിയിരിക്കുന്നു.**

കേരളീയശൈലിയിൽ ജൈമിനീയ സാമവേദസംഹിത കൈകാര്യം ചെയ്യുന്നവരായി ഇന്ന് അവശേഷിക്കുന്നത് പാഞ്ഞാൾ തോട്ടം ഡോ. ശിവകരൻ നമ്പൂതിരിയും ജ്യേഷ്ഠൻ തോട്ടം കൃഷ്ണൻ നമ്പൂതിരിയും മാത്രമാണ്.

ഗുരുവായൂർ മുൻ മേൽശാന്തി കൂടിയായ ഡോ. ശിവകരൻ നമ്പൂതിരി ശ്രീരാഘവപുരം സഭായോഗം കോട്ടയം ജില്ലയിലെ കുറിച്ചിത്താനത്ത് നടത്തുന്ന തോട്ടം സുബ്രഹ്മണ്യൻ നമ്പൂതിരി സ്മാരകവേദപാഠശാലയിൽ ശിഷ്യരെ വേദം അഭ്യസിപ്പിക്കുന്നു. കേരളത്തിലെ ഏകസാമവേദപാഠശാലയാണ് കുറിച്ചിത്താനത്തുള്ളത്.

വിവിധ ജില്ലകളിൽ നിന്ന് 4 വിദ്യാർത്ഥികളാണ് ഇവിടെ താമസിച്ച് സാമവേദം പഠിക്കുന്നത്. ഇവർ വേദാ ദ്ധ്യയനത്തോടൊപ്പം മറ്റു കുട്ടികളെ പോലെ സ്കൂൾ വിദ്യാഭ്യാസവും ചെയ്യുന്നു. സജ്ജനങ്ങളിൽ നിന്നുള്ള സംഭാവനകൾ വഴിയാണ് ഇന്ന് എല്ലാ വേദപാഠശാലകളും പ്രവർത്തിക്കുന്നത്.

വേദപാഠശാലകളെയും മറ്റ് സാംസ്കാരികപൈതൃക സ്ഥാപനങ്ങളെയും സംരക്ഷിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും കാര്യമായ പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് വേണ്ടതുണ്ട്. പൈതൃകസ്നേഹികളുടെ അടിയന്തരശ്രദ്ധ പതിഞ്ഞില്ലെങ്കിൽ കേരളത്തിന്റെ തനത് വേദപാഠങ്ങൾ അന്യം നിന്നു പോകുന്ന സ്ഥിതിവി ശേഷം ഉണ്ടായേക്കാം.



*കുറിച്ചിത്താനത്തെ തോട്ടം സുബ്രഹ്മണ്യൻ നമ്പൂതിരി സ്മാരകവേദപാഠശാലയിൽ ശിഷ്യരെ വേദം അഭ്യസിപ്പിക്കുന്ന ഡോ. ശിവകരൻ നമ്പൂതിരി*

കൂടുതൽ വിവരങ്ങൾക്ക് വിളിക്കാം ഡോ. ശിവകരൻ നമ്പൂതിരി
മൊബൈൽ 9447456737



# വയനാട് ദുരന്തത്തിൽ സ്വസ്തിയുടെ കണ്ണീർ പ്രണാമം

# കർമ്മഫലം

**അനിയൻ മണ്ണാനിക്കാട്**

മലമാന്തി മരം വെട്ടി
വെടിയൊച്ച സഹിയാതെ
മലദൈവം കലിതുള്ളി
താണ്ഡവ സംഹാരമാടി
ഭവനങ്ങൾ തറയോടെ
പുഴ പൊക്കിത്തരിശാക്കി

ജനതയെ ജഡമാക്കി
മലവെള്ളം ഒഴുകിപ്പോയ്.
വധുക്കളോ നിരവധി
വിധവയായനാഥരായ്
കുരുന്നുകളൊരുപാട്
വിരിയാതെ കൊഴിഞ്ഞുപോയ്
നിമിഷാർദ്ധം മതിയായി
മധുരമാം പ്രതീക്ഷകൾ
നിലം പൊത്തിയുടഞ്ഞുപോയ്

പൊരുളാരും മറക്കൊലാ!
ജനിക്കുന്ന നിമിഷത്തെ
ശിരോരേഖ തിരുത്തീടാൻ
ഒരുത്തനും കഴിയില്ല
വിധാതാവിൻ വിധിയല്ലൊ!! ●

അനിയൻ മണ്ണാനിക്കാട്
ശ്രീനിലയം പി.ഒ: എടയാറ്റൂർ
മേലാറ്റൂർ പിൻ: 679326
മൊബൈൽ: 9633167578

❑email: swasthitrimonthly@gmail.com ❑website: swasthi.org ❑Mob:9495369337

യോഗക്ഷേമസഭ സ്വസ്തി ത്രൈമാസിക

*An Exclusive Publication on Namboodiri Life &Life style*

യോഗക്ഷേമ സഭ കോഴിക്കോട് ജില്ലാകമ്മിറ്റി പ്രസിദ്ധീകരണം

**ഓണപ്പതിപ്പ് മുതലുള്ള പരസ്യ നിരക്ക് താഴെ കൊടുക്കുന്നു**

| | |
|---|---|
| ബാക്ക് കവർ | 18000 |
| ഫ്രണ്ട് &ബാക്ക് ഇന്നർ കവർ | 12000 |
| ഫുൾ പേജ് കളർ | 7500 |
| ഹാഫ് പേജ് കളർ | 4000 |
| ക്വാർട്ടർ പേജ് കളർ | 2000 |
| ഫുൾ പേജ് ബ്ളാക്ക് &വൈറ്റ് | 4000 |
| ഹാഫ് പേജ് ബ്ളാക്ക് &വൈറ്റ് | 2500 |
| ക്വാർട്ടർ പേജ് ബ്ളാക്ക് &വൈറ്റ് | 1300 |
| വേളി പംക്തിയിൽ | 1800 |
| ജാതകം/ആശംസകൾ | 1000 |

**വാർഷിക പാക്കേജ്**
ബാക്ക് കവർ: 60000
ഫ്രണ്ട് &ബാക്ക് ഇന്നർ കവർ: 40000
ഫുൾപേജ് കളർ:26000
ബ്ളാക്ക് &വൈറ്റ് ഫുൾ പേജ്: 14000

Net Banking / Google Pay
**Name of A/c:** Yogakshema Sabha Kozhikode Dt. Committee
**Bank:** DhanalkshmiBank **Branch:** Chevarambalam
**A/c No.** 013303800000664 **IFSC** DLXB0000133

വാർഷിക വരിസംഖ്യ
Rs/**300**
അയക്കാൻ ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

വരിസംഖ്യ കാലാവധി വിവരങ്ങൾ അറിയാൻ
**9447332611**

**കസ്റ്റമർ കെയർ**
**9495379337**

യോഗക്ഷേമസഭ ജില്ലാ കമ്മിറ്റി, ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട് 673017

# അനുവിന്ദും കൃഷ്ണപ്രിയയും



കോഴിക്കോട് മുത്താലം കൊറ്റിവട്ടത്തില്ലത്ത് ജയരാജൻ നമ്പൂതിരിയുടേയും സുജ അന്തർജനത്തിന്റേയും മകൻ ഡോ: അനുവിന്ദും തൃപ്പുണിത്തുറ അമ്പിളിനഗർ കൗസ്തുഭത്തിൽ രാജീവ് വർമ്മയുടേയും മോഹിനീ വർമ്മയുടേയും മകൾ കൃഷ്ണപ്രിയയും തമ്മിലുള്ള വിവാഹം 2024 ആഗസ്റ്റ് 18 ഞായറാഴ്ച മുത്താലം ഷാംഗ്രില കൺവെൻഷൻ സെന്ററിൽ വെച്ച് നടന്നു.






# ആദ്യത്തെ സർപ്പക്ഷേ

## മേപ്പള്ളിൽ ഇ



താമരക്കുളം ദിവാകരൻ നമ്പൂതിരി



ഒരാഴ്ച നീണ്ടു നിൽക്കുന്ന പ്രത്യേക ചടങ്ങുകളും പൂജകളോടെയുള്ള തിരുവുത്സവമാണ് ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന വെട്ടിക്കോട്ടായില്യം. കന്നിമാസത്തിലെ ആയില്യം അനന്തഭഗവാന്റെ തിരുനാളാണ്. ദർശനപുണ്യം തേടി പതിനായിരങ്ങൾ. വിവിധ സ്റ്റേജുകളിലായി കലാപരിപാടികൾ. ദൂരെ ദി ക്കുകളിൽ നിന്നു പോലും എത്തുന്ന ഭക്തർ. അന്ന് സർക്കാർ പ്രാദേശിക അവധി നൽകി വരുന്നു.

ആയില്യം മഹോത്സവത്തിന്റെ ഏറ്റവും പ്രധാന ചടങ്ങാണ് മേപ്പള്ളിൽ ഇല്ലത്തേക്കുള്ള എഴുന്നള്ളിപ്പ്. ആയില്യം നാളിൽ ഉച്ചയോടെ സർവ്വാലങ്കാരവിഭൂഷിതനായ നാഗരാജാവിനെ പഞ്ചവാദ്യത്തിന്റേയും, നാഗസ്വരത്തിന്റേയും, പുള്ളുവൻ പാട്ടിന്റേയും താലപ്പൊലിയുടേയും അകമ്പടിയോടെ ഇല്ലത്തെ നില




മേപ്പള്ളിൽ ഇല്ലം ഓച്ചിറ

വറയിലേക്ക് എഴുന്നള്ളിക്കുന്നു. വഴി നീളെ കാത്തു നിൽക്കുന്ന ഭക്തജനങ്ങൾ. ഈയൊരൊറ്റ ദർശനം ഒരു വർഷത്തേക്ക് സർപ്പഭയം ഇല്ലാതാക്കുന്നു. വിശേഷാൽ പൂജകൾക്ക് ശേഷം പുള്ളുവൻ പാട്ടോടു കൂടി തിരിച്ചെ ഴുന്നള്ളിച്ച് സർപ്പബലി നടത്തുന്നു. മകത്തിൻനാൾ ഇള നീരഭിഷേകം. ശുദ്ധിയോടെ ചടങ്ങുകൾ തീരുന്നു.

2024ലെ ആയില്യ മഹോത്സവം സെപ്തംബർ 22 മുതൽ 29 വരെയായിരുന്നു. കൊട്ടിപ്പാടി സേവ, ഓട്ടൻ തുള്ളൽ നങ്യാർ കൂത്ത് മാനസജപലഹരി വയലിൻ കച്ചേരി, പാഞ്ചാരിമേളം, നാഗസ്വര സേവ, മേജർ സെറ്റ് കഥകളി, പഞ്ചവാദ്യം തുടങ്ങി വിവിധങ്ങളായ കലാപ രിപാടികളോടെയായിരുന്നു ആഘോഷം.

പരശുരാമൻ മഴുകൊണ്ട് മണ്ണ് വെട്ടിക്കൂട്ടി അതി ന്മേൽ പ്രതിഷ്ഠിച്ച നാഗ ക്ഷേത്രമാണ് വെട്ടിക്കോ ട്ട് ശ്രീനാഗരാജസ്വാമി ക്ഷേത്രം. വെട്ടിക്കോട്ട് എന്ന പേര് അതിനാൽ വന്നതാണ്. ലോകത്തിലെ തന്നെ ആദ്യത്തെ സർപ്പക്ഷേത്ര മായതിനാൽ ആദിമൂലം വെ ട്ടിക്കോട് എന്നറിയപ്പെടുന്നു. കായംകുളം പുനലൂർ റോ ഡിൽ കായംകുളത്ത് നിന്നും 10 കി മീ കിഴക്ക് മാറിയും അടൂർ നിന്നും 18 കി മീ പടിഞ്ഞാറോട്ട് മാറിയുമാണ് വെട്ടിക്കോട്.

ഗോകർണം മുതൽ കന്യാകുമാരി വരെയുള്ള ദേശം സമുദ്രത്തിൽ നിന്നു വീണ്ടെടുത്തതിനു ശേഷം ആ പ്രദേശത്ത് ധാരാളം സർപ്പങ്ങളേയും മറ്റു പാമ്പു വർഗ്ഗ ങ്ങളേയും കാണാൻ തുടങ്ങി. വെള്ളത്തിനാണെങ്കിൽ ഭയങ്കര ഉപ്പുരസവും. പരശുരാമൻ പരമശിവന്റെ നിർ ദേശമനുസരിച്ച് അനന്തഭഗവാനെ പ്രാർത്ഥിച്ച് പ്രത്യ ക്ഷപ്പെടുത്തി. അനന്തഭഗവാൻ തന്റെ അനുയായികളെ അയച്ച് ആ പ്രദേശത്തെ വാസയോഗ്യമാക്കി. സന്തുഷ്ട നായ പരശുരാമൻ നാടിന്റെ രക്ഷക്കായി നാഗങ്ങളെ പ്രതിഷ്ഠിച്ചു. സർപ്പങ്ങളുടെ വാസത്തിനായി സർപ്പ ക്കാവുകളും നൽകി. പ്രാചീന കേരളത്തെ അഹിർഭൂമി (നാഗങ്ങളുടെ നാട്) എന്നാണ് വിളിച്ചിരുന്നത്. മൂലാ ധാര ചക്രത്തിൽ കിടന്നുറങ്ങുന്ന കുണ്ഡലിനീശക്തി യെ (ചുരുണ്ടു കിടക്കുന്ന പെൺപാമ്പിന്റെ രൂപത്തിൽ) സർപ്പശക്തിയെന്നാണ് വിളിക്കുന്നത്.



# ആദിമൂലം വെട്ടിക്കോട് ശ്രീ നാഗരാജ സ്വാമി ക്ഷേത്രം.

## വെട്ടിക്കോട്ടായില്യം

കന്നിമാസത്തിലെ ആയില്യം ദേവന്റെ തിരുനാളായി തിരുവുത്സവമായി വെട്ടിക്കോട്ടായില്യം എന്ന പേരിൽ നടത്തപ്പെടുന്നു. മുഴുവൻ നാട്ടുകാരും ദൂരെ ദിക്കിൽനിന്നും വരുന്ന ഭക്തജനങ്ങളും അടക്കം പതിനായിരങ്ങൾ പങ്കെടുക്കുന്ന അന്ന് സർക്കാർ പ്രാദേശിക അവധി നൽകി വരുന്നു. ആയില്യത്തിന് ഒരാഴ്ച മുൻപു മുതൽ ക്ഷേത്രത്തിൽ വിശേഷാൽ പൂജകളും ചടങ്ങുകളും ആരംഭിക്കുന്നു. ആയില്യം നാളിൽ രാവിലത്തെ പൂജകളെല്ലാം കഴിഞ്ഞ് ഉച്ചയോടെ സർവ്വാലങ്കാര വിഭൂഷിതനായ നാഗരാജാവിനെ വാദ്യമേളങ്ങളോടെ ഇല്ലത്തേക്ക് എഴുന്നള്ളിച്ച് വിശേഷാൽ പൂജകൾ നടത്തുന്നു. പുള്ളുവൻ പാട്ടോടു കൂടി തിരിച്ചെഴുന്നള്ളിച്ച് , സർപ്പബലി നടത്തുന്നു. മകത്തിൻനാൾ ഇളനീരഭിഷേകം, ശുദ്ധിയോടെ ചടങ്ങുകൾ തീരുന്നു. 2004ലെ ആയില്യ മഹോത്സവം സപ്തമ്പർ 22 മുതൽ 29 വരെ കൊട്ടിപ്പാടി സേവ, ഓട്ടൻ തുള്ളൽ. നങ്യാർ കൂത്ത്. മാനസജപലഹരി. വയലിൻ കച്ചേരി,പാഞ്ചാരിമേളം, നാഗസ്വര സേവ, മേജർ സെറ്റ് കഥകളി, പഞ്ചവാദ്യം തുടങ്ങി വിവിധ ങ്ങളായ കലാപരിപാടികളോടെ ആഘോഷിക്കപ്പെടുന്നു.



ശ്രീലത അന്തർജനം, ശ്രീനിവാസൻ നമ്പൂതിരി, സന്തു എസ്. നമ്പൂതിരി, ആര്യാ കൃഷ്ണൻ, ശ്രീറാം ശ്രീനിവാസൻ, ഇന്ദുലക്ഷ്മി അന്തർജനം

പരശുരാമൻ അസുരശിൽപിയായ മയനെ കൊണ്ട് വിഗഹമുണ്ടാക്കിച്ചാണ് അനന്ത ഭഗവാന്റെ പ്രതിഷ്ഠ നടത്തിയത്. പ്രതിഷ്ഠാ കർമ്മത്തിന്റെ മുഹൂർത്തം കുറിച്ചത് ബ്രഹ്മാവും ദക്ഷിണ സ്വീകരിച്ചത് പരമശിവനുമായിരുന്നു എന്നാണ് വിശ്വാസം. അങ്ങിനെ വെട്ടിക്കോട്ടെ നാഗ രാജപ്രതിഷ്ഠയിൽ ബ്രഹ്മാവിഷ്ണുമഹേശ്വര തേജസ്സുകളുടെ സമന്വയമുണ്ടായി.

പ്രധാന പ്രതിഷ്ഠ അനന്തഭഗവാനാണ്. വിഗ്രഹം പുറ്റിന്റെ മുകളിലാണ്. അനന്തഭഗവാൻ ഒരു മൂർത്തി അല്ല ശിവൻ തന്നെയാണ്. ശിവ ചൈതന്യത്തിനാണ് പൂജ ചെയ്യുന്നത്. മേപ്പള്ളിൽ ഇല്ലക്കാർക്ക് പുല വന്നാൽ ക്ഷേത്രത്തിൽ ശിവപൂജ മാത്രമേ നടത്താറുള്ളു. നാഗയക്ഷി വിഷ്ണുമായയാണ്. രണ്ട് ശ്രീകോവിലുകളിലായി അനന്തന്റെ ഷഢാധാരപ്രതിഷ്ഠയും, ഭഗവതിയും.




## സർപ്പങ്ങൾക്കിടയിലും ചാതുർവർണ്യമുണ്ട്

കൗതുകമായി തോന്നാം. സർപ്പങ്ങൾക്കിടയിലും ചാതുർവർണ്യമുണ്ട് എന്നാണ് വിശ്വാസം. അത് ഇങ്ങനെയാണ്

അനന്തൻ, ഗുളികൻ - ബ്രാഹ്മണൻ
വാസുകി, ഷൺമുഖാനന്ദൻ - ക്ഷത്രിയൻ
പദ്മൻ, കാർക്കോടകൻ - വൈശ്യൻ
തക്ഷകൻ, മഹാപദ്മൻ - ശൂദ്രൻ

കശ്യപ പ്രജാപതിക്ക് കദ്രു എന്ന പത്നിയിൽ ജനിച്ച എട്ടു നാഗശ്രേഷ്ഠമാരാണ് അഷ്ടനാഗങ്ങൾ എന്നറിയപ്പെടുന്നത്. നാഗരാജാക്കന്മാരായ അനന്തൻ, ഗുളികൻ, വാസുകി, ശംഖപാലകൻ, തക്ഷകൻ, മഹാപത്മൻ, പത്മൻ, കാർക്കോടകൻ എന്നിവരെ ക്രമത്തിൽ പ്രതിഷ്ഠിച്ച ഏക അഷ്ടനാഗത്തറ വെട്ടിക്കോട്ടാണുള്ളത്. സർപ്പദോഷം, അഭീഷ്ഠസിദ്ധി, നാഗപ്രീതി എന്നിവക്കായി അഷ്ടരാഗങ്ങൾക്ക് അഭിഷേകം, അഷ്ടനാഗപൂജ, നൂറും പാലും എന്നിവ ഇവിടെ നടത്തപ്പെടുന്നു. നൂറും പാലും എന്നതിന് അമൃത് എന്നാണ് സങ്കൽപ്പം. ഉണക്കലരി പൊടിച്ചത്, പശുവിൻപാല്, കമുകിൻ പൂക്കുല, നെയ്യപ്പം, കദളിപ്പഴം എന്നിവയാണ് നൂറും പാലും വഴിപാടിന് വേണ്ടത്

**ക്ഷേത്ര ദർശന സമയം**
<u>തിങ്കൾ മുതൽ ശനി വരെ</u>
രാവിലെ 6 മുതൽ ഉച്ചക്ക് 11:30 വരെ
വൈകീട്ട് 5.00 മുതൽ 7:30 വരെ
<u>ഞായറും ആയില്യം നാളിലും</u>
രാവിലെ 5 മുതൽ ഉച്ചക്ക് 1 മണി വരെ
വൈകീട്ട് 5.00 മുതൽ 7:30 വരെ

അനന്തഭഗവാന്റെ കേരളത്തിലെ പ്രധാനക്ഷേത്രമാണ് വെട്ടിക്കോട് നാഗരാജാ ക്ഷേത്രം. കിഴക്കോട്ടാണ് ദർശനം. ക്ഷേത്രത്തിന് ചുറ്റും ധാരാളം നാഗപ്രതിമകളും ശിൽപ്പങ്ങളുമുണ്ട്. 27 പ്രാവശ്യം ഈ ക്ഷേത്രം പൊളിച്ച് പണിതിട്ടുണ്ട് . ഒരു ലക്ഷത്തിഎണ്ണായിരം സുഷിരങ്ങൾ ഉണ്ട് ശ്രീകോവിലിന്. ശശമംഗല യോഗമുള്ള മൂർത്തിയാണ് അനന്തഭഗവാൻ.

ചൈന, ശ്രീലങ്ക, ജപ്പാൻ, ജാവ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ സർപ്പാരാധാന ഉണ്ടായിരുന്നു. തക്ഷശില തക്ഷകന്റെ രാജ്യമായിരുന്നു എന്നാണ് സങ്കൽപ്പം. സർപ്പങ്ങൾ 3 തരത്തിലാണ് എന്നു വിശ്വസിക്കുന്നു സൂര്യന് മുകളിലുള്ള എനർജി രൂപത്തിലുള്ള സർപ്പം. സൂര്യൻ തൊട്ട് ഭൂമിയുടെ ഉപരിതലം വരേയുള്ളതും എനർജി രൂപത്തിൽ, ഭൂമിക്കടിയിലും മാളങ്ങളിലും വൃക്ഷങ്ങളിലും കാണപ്പെടുന്നത്. ഇതു മാത്രമേ ദൃഷ്ടിഗോചരമായിട്ടുള്ളു.

ചെറുപ്പത്തിൽ മുറ്റത്തും അമ്പലത്തിലുമൊക്കെ ധാരാളം സർപ്പങ്ങളെ കണ്ടിരുന്നു ശ്രീനിവാസൻ നമ്പൂതിരി. ഒരിക്കൽ ഉത്സവത്തിനിടയിൽ പ്രത്യക്ഷപ്പെട്ട സർപ്പത്തെ എലാവരും ഫോട്ടോ എടുത്ത് വലിയ വാർത്തയാക്കി എഫ്ബിയിലുമൊക്കെ പോസ്റ്റ് ചെയ്തിരുന്നു. 2009 ൽ ക്ഷേത്രം പണിക്കിടെ 25 അടി നീളമുള്ള ഒരു സർപ്പത്തെ കണ്ടതിൻ പ്രകാരം പണി കുറച്ചു കാലം നിർത്തി വെച്ചിരുന്നു.

### സർപ്പാരാധനയിലെ ശുദ്ധാശുദ്ധങ്ങൾ

ഏറ്റവും ശുദ്ധം വേണ്ടത് സർപ്പാരാധനക്കാണ്. അമ്പലക്കുളത്തിൽ കുളിച്ച് കോടി ഉടുത്തു മാത്രമേ ക്ഷേത്രത്തിൽ പ്രവേശനമുള്ളൂ. അഷ്ടനാഗത്തറയിൽ നൂറുംപാലും വഴിപാടിന് ശേഷവും കുളിച്ചാണ് അമ്പലത്തിൻ എത്തുന്നത്. ഒരിക്കൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ കന്നിമാസത്തെ ആയില്യത്തിന് പ്രാദേശിക അവധിക്കുവേണ്ടി അദ്ദേഹത്തെ കാണുവാനായി ചെന്നു. അദ്ദേഹം വളരെ പോസിറ്റീവ് ആയി പ്രതികരിച്ച് അന്നത്തെ ചീഫ് സെക്രട്ടറി ജയകുമാറിനെ കാണുവാൻ പറഞ്ഞു. അദ്ദേഹം വെട്ടിക്കോട്ടെ സർപ്പബലിയെ കുറിച്ചും കുളിച്ച് തൊഴുന്ന രീതിയെക്കുറിച്ചും ചോദിച്ചറിയുകയും പ്രാദേശിക അവധിയാക്കിയ ഓർഡർ നൽകുകയും ചെയ്തു. പിന്നീട് ഒരു ദിവസം ജയകുമാർ കുടുംബസമേതം വരികയും അമ്പലക്കുളത്തിൽ കുളിച്ച് കോടിയുടുത്ത് വിധിയാംവണ്ണം തൊഴുകയും സർപ്പബലി നടത്തുകയും ചെയ്തു. സുരേഷ് ഗോപി, രമേശ് ചെന്നിത്തല, കെ.സി വേണുഗോപാൽ, ശോഭാ സുരേന്ദ്രൻ തുടങ്ങിയ വി ഐ പി കളും ക്ഷേത്രദർശനം നടത്താറുണ്ട്.

## ഓരോ ദിവസത്തിനും ഓരോ സർപ്പം

ബ്രഹ്മാവ് ആഴ്ചയിലെ ഓരോ ദിവസത്തിന്റേയും അധിപതികളായി ഓരോ നാഗങ്ങളെ നിശ്ചയിച്ചിട്ടുണ്ട്. ഇവരെ സ്മരിച്ചു കൊണ്ടുള്ള ദിനാരംഭം ഐശ്വര്യദായകമാണ്.

ഞായർ – അനന്തൻ
തിങ്കൾ – വാസുകി
ചൊവ്വ – തക്ഷകൻ
ബുധൻ – കാർക്കോടകൻ
വ്യാഴം – പത്മൻ
വെള്ളി – മഹാപത്മൻ
ശനി – ശംഖപാലൻ, കാളിയൻ –



പരശുരാമ പ്രതിഷ്ഠ

## വെട്ടിക്കോട്ടും മണ്ണാർ ശാലയും.

തിരുവിതാംകൂർ പ്രദേശത്തെ പ്രശസ്തമായ നാഗ ക്ഷേത്രങ്ങളാണ്. വെട്ടിക്കോട്ടും മണ്ണാർ ശാലയും. ഇവർ തമ്മിൽ അടുത്ത ബ ന്ധവുമുണ്ട്. വെട്ടിക്കോട്ടു നിന്ന് മണ്ണാർശാലയിലേക്ക് ഒരു കന്യകയെ വേളി കഴിച്ചു കൊടുത്തു. കൊടിയ ദാരിദ്ര്യം കാരണം ഒരു പിടി മണ്ണ് മാത്രമാണ് സ്ത്രീധനമായി കൊടുത്തത്. മണ്ണാർശാലയിലെത്തിയ കന്യകയുടെ മറക്കുടയിൽ നിന്നും ഒരു സർപ്പം അകത്തേക്ക് പോയത്രേ. ആ ഒരുപിടി മണ്ണിൽ നിന്നാണത്രേ മണ്ണാ ർശാല എന്ന പേരുണ്ടായത്. മണ്ണാർ ശാലയി ലെ ഭഗവതിയെയാണ് വെട്ടിക്കോട്ട് പ്രതിഷ്ഠിച്ചത്. 160 വർഷം മുൻപു വരെ കന്നിമാസത്തിലെ പൂരത്തിന് മണ്ണാർ ശാലയിലുള്ളവർ ഇവിടത്തെ ഭഗവതി ക്ഷേത്രത്തിൽ ചതുശ്ശതം കഴിക്കാറുണ്ടായിരുന്നു. ചതുശ്ശതമുണ്ടാക്കാൻ അടുപ്പു കൂട്ടിയിരുന്ന വലിയകല്ലുകൾ ഇപ്പോഴും ക്ഷേത്ര പരിസരത്തുണ്ട്. മണ്ണാർ ശാലയിൽ നിന്നും ഒരു കന്യകയെ വെട്ടിക്കോട്ടേക്ക് വേളി കഴിച്ചു കൊണ്ടുവന്നു എന്ന ഒരു പക്ഷവുമുണ്ട്. ഏതു തരത്തിലായാലും രണ്ടു ഇല്ലക്കാരും തമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല. വെട്ടിക്കോട്ടെ ശ്രീദേവി എന്ന മാറാപ്പേര് മണ്ണാർ ശാലയിൽ നിന്നു വന്ന താണ്. പുള്ളുവൻ പാട്ടിലെ വരികൾ ശ്രദ്ധേയമാണ്. 'ആദിമൂലം വെട്ടിക്കോട്ടും പിന്നെ മണ്ണാർ ശാലയിലും വാണരുളുന്ന......'

## ക്ഷേത്രാചാരങ്ങളും പൂജകളും

ഈ ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങൾ മറ്റ് ക്ഷേത്രങ്ങളിൽ നിന്നും തികച്ചും വ്യ ത്യസ്തമാണ്. രാവിലെ പുണ്യാഹം, സപ്തശുദ്ധി, ത്രിശുദ്ധി. പുരുഷ സൂക്തം എന്നിവ കൊണ്ട് അഭിഷേകം. കദളിപ്പഴം പാൽ എന്നിവ നിവേദ്യം. പിന്നീട് ഉഷ

**ഈ ക്ഷേത്രത്തിലെ ആചാരാനുഷ്ഠാനങ്ങൾ മറ്റ് ക്ഷേത്രങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. രാവിലെ പുണ്യാഹം, സപ്തശുദ്ധി, ത്രിശുദ്ധി. പുരുഷ സൂക്തം എന്നിവ കൊണ്ട് അഭിഷേകം. കദളിപ്പഴം പാൽ എന്നിവ നിവേദ്യം. പിന്നീട് ഉഷപൂജ രാവിലത്തെ പൂജയ്ക്ക് മണിമുട്ടാറില്ല.**

പൂജ രാവിലത്തെ പൂജയ്ക്ക് മണിമുട്ടാറില്ല. തുടർന്ന് മധ്യാഹനത്തിനു മുമ്പായി ഉച്ചപൂജ. പാൽപ്പായസം,പായസം, വെള്ള നിവേദ്യം തുടങ്ങിയവ യോട് കൂടി സപരിവാരം പൂജയായിട്ടാണ് അനന്ത ഭഗവാന്റെ ഉച്ച പുജ. ഇടക്ക, സോപാന സംഗീതം, നാഗ സ്വരം എന്നും പതിവുണ്ട്. വൈകുന്നേരം വിളക്ക് വെക്കൽ മാത്രമേ പതിവുള്ളു. കന്നി, തുലാം മാസങ്ങളിലെ പൂയം, ആയില്യം നാളുകളിൽ ദീപാരാധനയും അത്താഴ പൂജയും നടത്താറുണ്ട്.

എല്ലാ മാസങ്ങളിലെ ആയില്യത്തിനും, കന്നി മാസത്തിലെ ആയില്യം മുതൽ ഇടവമാസം വരേയുള്ള ഞായറാഴ്ചകളിലും നൂറുംപാലും എന്ന വിശേഷാൽ പൂജ നടത്തുന്നു. കുംഭത്തിലെ ആയില്യം, ശിവരാത്രി, ബലഭദ്രജയന്തി എന്നിവയും വിശേഷാൽ ചടങ്ങുകളോടെ ആ ചരിക്കുന്നു. ഇടവ മാസത്തിലെ ആയില്യം മുതൽ കന്നി മാസത്തിലെ ആയിലും വരെ സർപ്പ ങ്ങൾക്ക് പുറ്റടവ് കാലം ആയതിനാൽ സർപ്പ ബലി നടത്താറില്ല. നാൽപ്പതോളം ജീവനക്കാരുമുണ്ട് വെട്ടിക്കോട്ട്.

## അഷ്ടനാഗത്തറ

കശ്യപ പ്രജാപതിക്ക് കദ്രു എന്ന പത്നിയിൽ ജനിച്ച എട്ടു നാഗശ്രേഷ്ഠമാരാണ് അഷ്ട നാഗങ്ങൾ എന്നറിയപ്പെടുന്നത്. നാഗരാജാക്കന്മാരായ

## ക്ഷേത്രത്തിന്റെ ഊരായ്മ മേപ്പള്ളിൽ ഇല്ലക്കാർക്ക്

വെട്ടിക്കോട് നാഗരാജാ ക്ഷേത്രത്തിന്റെ ഊരായ്മ മേപ്പള്ളിൽ ഇല്ലക്കാർക്കാണ്. തന്ത്രിമാരും മേൽശാന്തിമാരും ഇവർ തന്നെ. ക്ഷേത്ര പ്രതിഷ്ഠ കഴിഞ്ഞ് പരശുരാമൻ പരദേശത്തു നിന്നുകൊണ്ടുവന്ന ബ്രാഹ്മണരുടെ പിൻമുറക്കാരാണിവർ. തളിപ്പറമ്പിൽ ആണ് മേപ്പള്ളിൽ തറവാടിന്റെ മൂലസ്ഥാനം. അവിടെ ഇപ്പോഴും മേപ്പള്ളിൽ ഇല്ലവും ആൾക്കാരുമുണ്ട്

സർപ്പവുമായി ബന്ധപ്പെട്ട് ഇല്ലത്ത് ഒരു നിലവറ മാത്രമേ ഉള്ളൂ. തേവാരവും മൂലസ്ഥാനവും അതിനടുത്തു തന്നെ. ഇവിടെ വർഷത്തിൽ ഒരിക്കൽ , തുലാമാസത്തിലെ ആയില്യം കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് നൂറും പാലും നടത്തുന്നത്. നിലവറയിൽ കേറിയാലും ഇല്ലക്കാർ കുളിച്ചേ അമ്പലത്തിൽ കയറാറുള്ളൂ.

മുത്തച്ഛൻ നാരായണൻ നമ്പൂതിരിക്ക് 3 ആൺമക്കൾ.

1 പരമേശ്വരൻ നമ്പുതിരി

2 മുരളീധരൻ നമ്പൂതിരി

3. വിക്രമൻ നമ്പൂതിരി

ഒരു വർഷത്തെ ഊഴമാണ് ഓരോ താവഴിക്കും. ആ താവഴിയിലെ അംഗങ്ങൾ വർഷത്തിലെ മാസങ്ങൾ വീതിച്ചെടുക്കുകയാണ് പതിവ്. 2024 ജൂലായ് മുതൽ ഡിസംബർ വരെ രണ്ടാം താവഴിയിലെ ശ്രീനിവാസൻ നമ്പൂതിരിയുടെ ഊഴമാണ്. ട്രസ്റ്റിന്റെ നിയമാവലിയനുസരിച്ച് ഈ ആറുമാസക്കാലത്തെ അമ്പലത്തിലെ മുഴുവൻ കൈകാര്യങ്ങളും ശ്രീനിവാസൻ നമ്പൂതിരിയുടെ ഉത്തരവാദിത്വമാണ്. എം.എ. ഇംഗ്ലീഷ് ബിരുദധാരിയായ ശ്രീനിവാസൻ നമ്പൂതിരിയുമായുള്ള ഇന്റർവ്യൂവിന്റെ ഭാഗമാണ് ഈ ലേഖനം.

**താവഴി 1** പരമേശ്വരൻ നമ്പൂതിരിക്ക് രണ്ടു മക്കൾ. വേണുഗോപാലൻ നമ്പൂതിരിയും (മക്കൾ -അനന്തദർശൻ , ശ്രീവാണി ) വിനായകൻ നമ്പൂതിരിയും ( മക്കൾ -ദേവൻ പരമേശ്വരൻ, ശ്രീദേവി )

**താവഴി 2** മുരളീധരൻ നമ്പൂതിരിക്ക് 2 മക്കൾ ശ്രീനിവാസൻ നമ്പൂതിരിയും 9446916707 ( മകൻ സന്തു എസ് നമ്പൂതിരി, സഹധർമ്മിണി ആര്യ കൃഷ്ണൻ. പേരക്കുട്ടി ശ്രീരാം ശ്രീനിവാസൻ, മകൾ ഇന്ദു ലക്ഷ്മി അന്തർജനം.) നാഗരാജൻ നമ്പൂതിരിയും (മക്കൾ - മിഥുല , ജനനി )

**താവഴി 3** വിക്രമൻ നമ്പൂതിരിക്ക് 3 മക്കൾ നാരായണൻ നമ്പൂതിരിയും ( മക്കൾ -അനന്തു, അരവിന്ദ് ) ശ്രീകുമാരൻ നമ്പുതിരിയും ( മക്കൾ -ആദർശ് , വിനീത് ) ശ്രീവത്സൻ നമ്പൂതിരിയും ( മക്കൾ മാളവിക., ആദി ശങ്കരൻ )

ഈ മൂന്ന് താവഴിക്കാർ 7 ഇല്ലങ്ങളിലായി താമസിക്കുന്നു.മേപ്പള്ളിൽ ഇല്ലക്കാർക്ക് പറവൂർ മുതൽ കന്യാകുമാരി വരെ തന്ത്രം ഉണ്ട്.

അനന്തൻ, ഗുളികൻ, വാസുകി, ശംഖപാലകൻ , തക്ഷകൻ, മഹാപത്മൻ, പത്മൻ, കാർക്കോടകൻ എന്നിവരെ ക്രമത്തിൽ പ്രതിഷ്ഠിച്ച ഏക അഷ്ടനാഗത്തറ വെട്ടിക്കോട്ടാണുള്ളത്. സർപ്പദോഷം,അഭീഷ്ടസിദ്ധി, നാഗപ്രീതി എന്നിവക്കായി അഷ്ടനാഗങ്ങൾക്ക് അഭിഷേകം, അഷ്ടനാഗപുജ, നൂറുംപാലും എന്നിവ ഇവിടെ നടത്തപ്പെടുന്നു. നൂറുംപാലും എന്നതിന് അമൃത് എന്നാണ് സങ്കൽപ്പം. ഉണ ക്കലരി പൊടിച്ചത്, പശുവിൻ പാല്, കമുകിൻ പുക്കുല, നെയ്യപ്പം, കദളിപ്പഴം എന്നിവയാണ് നൂറും പാൽ വഴിപാടിന് വേണ്ടത്

### ആഗമ സർപ്പക്കാവ്

ശുദ്ധമായ ജീവവായുവും ഭൂമിക്ക് തണുപ്പും തണലും നൽകുന്ന കൂറ്റൻ വൃക്ഷങ്ങളും ഔഷധച്ചെടികളും കൊണ്ട് നിബിഢമായ സർപ്പക്കാവുകൾ കുളങ്ങളേയും കിണറുകളേയും ജലസമൃദ്ധമാക്കി നിലനിർത്തിയിരുന്നു. 'കാവു തീണ്ടല്ലേ കുളം വറ്റും' എന്ന ചൊല്ല് എത്ര അന്വർത്ഥമാണല്ലേ?

മറ്റു സ്ഥലങ്ങളിലെ സർപ്പക്കാവുകളിൽ നിന്നും ആവാഹിച്ചു കൊണ്ടുവരുന്ന ചൈതന്യത്തെ കുടിയിരുത്തുന്നത് പ്രത്യേക സ്ഥലമായ ആഗമ സർപ്പക്കാവിലാണ്. ഇവിടെ വർഷത്തിൽ ഒരിക്കൽ തുലാമാസത്തിൽ നൂറുംപാലും നടത്തുന്നു.

### സർപ്പദോഷങ്ങളും പരിഹാരങ്ങളും

സർപ്പക്കാവ് വെട്ടിനശിപ്പിക്കുക, സർപ്പത്തിന്റെ മുട്ടകളെ നശിപ്പിക്കുക, നാഗങ്ങൾക്കോ വാസസ്ഥ



*വെട്ടിക്കോട്ട് ആയില്യം നാളിൽ അനുഭവപ്പെട്ട ഭക്തജനത്തിരക്ക്*

ലങ്ങൾക്കോ നാശം വരുത്തുക, നാഗങ്ങളെ കൊല്ലു കയോ മുറിവേൽപ്പിക്കുകയോ ചെയ്യുക, ആരാധിച്ചു പോരുന്ന നാഗബിംബങ്ങൾ നശിപ്പിക്കുക എന്നിവ ജന്മങ്ങൾ കൊണ്ടും തീരാത്ത സർപ്പകോപം വരുത്തുന്നു. അൽപ്പായുസ്സ്, വംശനാശം, മാറാ രോഗങ്ങൾ, ദാരിദ്ര്യം, ഭ്രാന്ത്, അനപത്യത എന്നിവയാണ് സർപ്പകോപം കൊണ്ട് സംഭവിക്കാവുന്നത്.

സർപ്പദോഷം കൊണ്ട് ത്വക് രോഗങ്ങൾ ഉള്ള വർക്ക് അമ്പലത്തിലെ അഭിഷേകതീർത്ഥം കൊണ്ട് ധാര. നാഗരാജ വിഗഹത്തിൽ ആടിയ എണ്ണയും സിദ്ധൗഷധമാണ്.

## രാഹുദോഷ ശാന്തി

വിശേഷാൽ നിവേദ്യങ്ങൾ അർപ്പിച്ച് പ്രത്യേക സൂക്തം കൊണ്ട് പുഷ്പാഞ്ജലി. ഭജനമിരിക്കൽ എന്നിവയാണ് പരിഹാരമായി പറയുന്നത് . രാഹു ദോഷ ദുരിതങ്ങൾക്ക് വെട്ടിക്കോട്ട് ചെന്ന് ഭജിക്കുക എന്നൊരു ചൊല്ലുതന്നെയുണ്ട്.

കുടുംബപരമായ സർപ്പദോഷം ദോഷത്തിനനു സരിച്ച്, നൂറുംപാലും, അഷ്ടനാഗ പൂജ , സർപ്പബലി എന്നിവയാണ് ചെയ്യേണ്ടത്.

## സർപ്പബലി

അനന്ത ഭഗവാനെ സഹോദരന്മാരായ മറ്റു അഷ്ട നാഗങ്ങളോടും, നാഗയക്ഷിയോടും ചക്രവർത്തി തുല്യമായ ഉപചാരങ്ങളോടെ പൂജിച്ച് വിശേഷങ്ങളായ നിവേദ്യങ്ങൾ അർപ്പിക്കുന്നു. മറ്റു സർപ്പശ്രേഷ്ഠർക്കും നാഗഭൂതങ്ങൾക്കും ദേവന്മാർക്കും ഹവിസ്സും സമർപ്പിക്കുന്നു. ഈ പൂജയിൽ പ്രീതരായ സർപ്പശ്രേഷ്ഠന്മാർ ദോഷങ്ങൾ നീക്കി സന്തോഷവും



ഉരുളി കമിഴ്ത്തൽ

പൂർവ്വ ജന്മകൃതമായ പാപങ്ങളാൽ സന്തതികൾ ഇല്ലാത്തവർക്കാണ് ഉരുളി കമിഴ്ത്തൽ വഴിപാട്. മുജ്ജന്മ പാപങ്ങളെ താൽക്കാലികമായി മാറ്റി നിർത്തുകയാണി വിടെ ചെയ്യുന്നത്. ദമ്പതിമാർ പ്രാർത്ഥിച്ച് വഴിപാടുകൾ നടത്തി ഭക്തിപൂർവ്വം പുതിയ ഉരുളി കമിഴ്ത്തി വെക്കുന്നു. കുട്ടിയുണ്ടായി ചോറൂൺ കഴിഞ്ഞ് തൊഴുവിച്ച് ഉരുളി മലർത്തണം. ആയിരക്കണക്കിന് അനുഭവസ്ഥർ കഴിയുന്ന സമയത്തെല്ലാം ക്ഷേത്ര ദർശനം നടത്തുന്നു.

ഐശ്വര്യവും ആയുസ്സും സന്താനങ്ങളേയും നൽകി അനുഗ്രഹിക്കുന്നു. നാഗങ്ങൾക്ക് ഏറ്റവും ശ്രേഷ്ഠമായ വഴിപാടാണിത്.

വെട്ടിക്കോട്ട് നാഗരാജാ ക്ഷേത്രത്തിലെ സർപ്പബലിക്കുമുണ്ട് ചില പ്രത്യേകതകൾ. സർപ്പബലികല്പം അനുസരിച്ചാണ് ഇവിടത്തെ സർപ്പബലി. നടുക്ക്



*വെട്ടിക്കോട്ട് ആയില്യം നാളിലെ മറ്റൊരു ദൃശ്യം*

അനന്തനും വലതു വശത്ത് ശിവനും ഇടതു വശത്ത് നാഗയക്ഷിയും , കോൺ സ്വഭാവത്തിലുള്ള പ്രത്യേ കതരം പത്മവുമാണ് ഇവിടത്തെ സർപ്പബലിക്ക്. ഒരു സർപ്പബലി നടത്താൻ ചുരുങ്ങിയത് രണ്ടേകാൽ മണിക്കൂർ വേണം. കൂടാതെ പുറ്റും മുട്ടയും, ഉപ്പും മഞ്ഞളും, കർപ്പൂരം, ചന്ദനത്തിരി, മഞ്ഞൾപ്പൊടി, ആൾരൂപം, സർപ്പരൂപം എന്നിവ ദേവസ്വം സ്റ്റാളിൽ നിന്നും വാങ്ങി നടക്കൽ സമർപ്പിക്കാവുന്നതാണ്

ഇന്നത്തെ മാവേലിക്കര, കരുനാഗപ്പള്ളി, കാർ ത്തികപ്പള്ളി താലൂക്കുകൾ ചേർന്ന ഓണാട്ടുകര യിലെ മാവേലിക്കരയിലാണ് വെട്ടിക്കോട് നാഗരാജാ ക്ഷേത്രം. തെക്ക് കന്നേറ്റി മുതൽ വടക്ക് തോട്ടപ്പ ള്ളി വരെ വിസ്തൃതമായിരുന്ന കായംകുളം രാജ്യം സമ്പൽ സമൃദ്ധമായിരുന്നു. തിരുവിതാംകൂർ ഭരിച്ച മാർത്താണ്ഡ വർമ്മ ദീർഘകാലത്തെ യുദ്ധത്തിനു ശേഷമാണ് കായംകുളത്തെ തോൽപ്പിച്ചത്. സ്വാഭാ വികമായി വെട്ടിക്കോട് ക്ഷേത്രവും തകർക്കപ്പെട്ടു. 27 പ്രാവശ്യമാണത്രേ ഈ ക്ഷേത്രം പുതുക്കിപണി തത്. യോഗക്ഷേമസഭയുടെ പന്തളം കാർത്തിക (ഉപസഭയുടെ പഴയ പേര്) യിൽ പെട്ടതായിരുന്നു മേപ്പള്ളിൽ ഇല്ലവും ക്ഷേത്രവും.

## മേപ്പള്ളിക്കുറ്റി ആശുപത്രി

മേപ്പള്ളിൽ ഇല്ലക്കാർ സൗജന്യമായി കൊടുത്ത 25 ഏക്കർ സ്ഥലത്ത് 1948 ൽ തുടങ്ങിയ മേപ്പള്ളി ക്കുറ്റി ആശുപത്രിയാണ് ഇന്നത്തെ പ്രശസ്തമായ സെന്റ്തോമസ് മിഷൻ ഹോസ്പിറ്റൽ ആൻഡ് ഇൻ സ്റ്റിട്ട്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്. ഇപ്പോഴും മേപ്പള്ളിക്കുറ്റി ആശുപത്രി എന്ന് ഹോസ്പിറ്റൽ ബോർഡിൽ കാണാം.

## നാഗരാജവിലാസം യുപി സ്കൂൾ

പ്രദേശവാസികളുടെ വിദ്യാഭ്യാസാർത്ഥം 1950 ലാണ് മേപ്പള്ളിൽ ഇല്ലക്കാർ കായംകുളം വിദ്യാ ഭ്യാസ ഉപജില്ലയിൽ വെട്ടിക്കോട് നാഗരാജവിലാസം യു.പി.എസ് തുടങ്ങുന്നത്. ഇന്നും നല്ല നിലയിൽ നടന്നു വരുന്നു.

## ക്ഷേത്രത്തിലെ അന്നദാനം

നാഗരാജ ഭഗവാന്റെ അനുഗ്രഹത്താൽ വെട്ടി ക്കോട്ട് നാഗരാജാ ക്ഷേത്രത്തിൽ എന്നും വരുന്നവർ ക്കെല്ലാം ഉച്ചക്ക് അന്നദാനമുണ്ട്. ഞായറാഴ്ചകളിൽ കഞ്ഞിയാണ് പതിവ്. ഉത്സവനാളുകളിലും പതിനാ യിരങ്ങളെ ഊട്ടുന്നു.

ഇപ്പോൾ ക്ഷേത്ര കാര്യദർശി രണ്ടാം താവഴിയി ലെ ശ്രീനിവാസൻ നമ്പൂതിരിയാണ്. ഭാര്യ പന്തളം ചെമ്പകശ്ശേരി തട്ട വി.എൻ. ശ്രീലത അന്തർജനം. വെട്ടിക്കോട്ടെ സ്വന്തം സ്കൂളായ നാഗരാജവിലാ സം യു പി സ്കൂളിൽ നിന്ന് റിട്ടയർ ചെയ്തു. മകൻ സന്തു എസ് നമ്പൂതിരി അമൃതയിൽ റിസർച്ച് അസോസിയേറ്റായി ജോലി ചെയ്യുന്നു. സഹധർമ്മി ണി ആര്യ കൃഷ്ണൻ. പേരക്കുട്ടി ശ്രീരാം ശ്രീനി വാസൻ, മകൾ ഇന്ദുലക്ഷ്മി അന്തർജനം ഡിഗ്രിക്ക് പഠിക്കുന്നു. ●


**ശ്രീനിവാസൻ നമ്പൂതിരി**
(ക്ഷേത്ര കാര്യദർശി) 9446916707
ആദിമൂലം വെട്ടിക്കോട് ശ്രീ നാഗരാജ സ്വാമി ക്ഷേത്രം, വെട്ടിക്കോട് പി.ഒ, പള്ളിക്കൽ, ആലപ്പുഴ ജില്ല. 690503. ഫോൺ:8547515000, 04792339933.
www.vetticodenagarajatemple.in
**താമരക്കുളം ദിവാകരൻ നമ്പൂതിരി**: 9447337337



## അപൂർവമായ ഒരു ഗുരുശിഷ്യബന്ധം

**ദേവരാജന് യൂറോളജി സംബന്ധമായ ശസ്ത്രക്രിയ വേണ്ടി വരുമെന്നുറപ്പായ ഘട്ടത്തിലാണ് കോഴിക്കോട്ടെ ബേബി മെമ്മോറിയൽ ആശുപത്രിയിലെത്തിയത്. ഡോ റോയി ചാലിയെ കാണാൻ. ഞാനും സഹായത്തിന് ചെന്നു. ആ സമയത്ത് ദേവരാജൻ മാഷിന്റെ ഭാര്യ ലീലാമണി ഒരു നല്ല കണിയാരെ കണ്ടാൽ നന്നായി രുന്നുവെന്ന് അഭിപ്രായം പ്രകടിപ്പിച്ചു. ഞാൻ അരീക്കുളങ്ങര സോമൻ പണിക്ക രെ കണ്ടു. ഓപ്പറേഷൻ കൂടാതെ തന്നെ രോഗം ഭേദമാവുമെന്ന് പ്രശ്ന ചിന്തയിൽ തെളിഞ്ഞു. തൃപ്രങ്ങോട് ശംഖാഭിഷേകം ധാര എന്നിവയും ഒഴിവു കണ്ടു. അതെ ല്ലാം ചെയ്യാൻ ഏർപ്പാടാക്കിയതും എന്നെ ത്തന്നെ ആയിരുന്നു.**

**പത്താംക്ലാസിനു ശേഷം അത്യാവശ്യം അമ്പലവും പൂജയും പരികർമ്മവുമായി നടന്ന ഒരു നമ്പൂതിരി പിൽക്കാലത്ത് സിനിമാസംഗീതലോകത്തെ അതികായനായ സംവിധായകൻ ദേവരാജന്റെ അടുപ്പക്കാരനായി. ആകാശവാണിയുടെ ഗ്രേഡഡ് ആർട്ടിസ്റ്റ് ആയി. കഴിഞ്ഞ ഇരുപത് വർഷത്തോളമായി ജില്ലാ, സബ്ജില്ലാ, കേരളോത്സവം, ബിസോൺ കലോത്സവം തുടങ്ങിയ നിരവധി വേദികളിൽ വിധികർത്താവായി പ്രവർത്തിച്ചുവ രുന്നു. വിദേശങ്ങളിലടക്കം ധാരാളം ശിഷ്യഗണങ്ങളും. യോഗക്ഷേമസഭ ഉൾപ്പെടെ വിവിധ മേഖലകളിൽ നിന്ന് ആദരവും ലഭിച്ചു. സംഗീതം എന്ന സരസ്വതീ ദേവിയുടെ സവിധത്തിലെത്തിയ ആ വഴികളെപ്പറ്റി**

# അങ്ങനെ ദേവരാജൻ മാഷിൽ നിന്ന് ചിലത് പഠിക്കാൻ പറ്റി

**പി. എം ഗോപിനാഥൻ നമ്പൂതിരി**



ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ്. കോഴിക്കോട് ജില്ലാതലത്തിൽ നടന്ന സ്കൂൾ കലോത്സവത്തിൽ പാട്ടിന് ഒന്നാം സമ്മാനം കിട്ടി. പിന്നെ ഹൈസ്കൂൾ കാലത്തും യുവജനോത്സവജേതാവായി. എന്നാൽ പഠിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും അന്ന് ആരും ഉണ്ടായിരുന്നില്ല. പത്താം ക്ലാസ് ജയിച്ചെങ്കിലും കോളേജിൽ പോവലൊന്നും ഉണ്ടായില്ല. അങ്ങനെ, പാലശ്ശേരി വിഷ്ണു അപ്ഫന്റെ കീഴിൽ പൂജപഠിച്ചു. ശാന്തിയും പരികർമ്മവുമായി കുറച്ചുനാൾ.

സംഗീതത്തോട് ചെറുപ്പത്തിലേ താല്പര്യമുണ്ടായിരുന്നു. അതിനാൽ പാലക്കാട് ചെമ്പൈ സ്മാരക കോളേജിലും ചെറുതുരുത്തി കേരള കലാമണ്ഡലത്തിലും അപേക്ഷ കൊടുത്തു. എന്നാൽ, അവിടെയൊന്നും അഡ്മിഷൻ കിട്ടിയില്ല. ( ഇപ്പോൾ മകളെ കലാമണ്ഡലത്തിൽ ചേർത്ത് പഴയ ആ ഖേദം തീർത്തു. ശ്രീഭദ്ര കലാമണ്ഡലത്തിൽ കർണ്ണാടക സംഗീതം രണ്ടാം വർഷ ഡിഗ്രി വിദ്യാർത്ഥിയാണ്. ഗുരുവായൂർ മേച്ചേരി ഇല്ലത്തെ ദേവിയാണ് പത്നി. അവരും സംഗീതജ്ഞ. കർണ്ണാടക സംഗീതം പഠിച്ച അവർ കോഴിക്കോട് ആകാശവാണിയിൽ അനൗൺസറാണ്.) വീണ്ടും ശാന്തിപ്പണിയിലേക്ക്. ഒഴിവു സമയങ്ങളിൽ സംഗീതവും.

അങ്ങനെയിരിക്കെ കോഴിക്കോട് ഒരമ്പലത്തിൽ ശാന്തിക്കു വന്ന പയ്യന്നൂർ സ്വദേശി തെക്കില്ലം ശ്രീധരൻ നമ്പൂതിരിയെ പരിചയപ്പെടാനിടയായി. അദ്ദേഹം



സംഗീത സംവിധായകൻ
അർജുനൻ മാസ്റ്ററുമൊത്ത്
ഗോപിനാഥൻ നമ്പൂതിരി

പുല്ലാങ്കുഴൽ വിദഗ്ധനായിരുന്നു. ഏതാണ്ട് ഒന്നര വർഷത്തോളം അദ്ദേഹത്തിന്റെ കീഴിൽ വർണ്ണം വരെയുള്ള പാഠങ്ങൾ അഭ്യസിച്ചു.

ആയിടക്ക് കുറച്ചുകാലം താനൂരിലെ തൃക്കൈക്കാട്ട് മഠത്തിൽ സ്വാമിയാരുടെ പരിചരണവും ശാന്തിയുമായി കഴിയാനിടയായി. അവിടെ വെച്ച് വയലിൻ വിദ്വാനായ പ്രഭാകരൻ സാറിനെ പരിചയപ്പെട്ടു. അദ്ദേഹത്തിന് വായ്പ്പാട്ടും വശമായിരുന്നു. അദ്ദേഹത്തിന്റെ കീഴിൽ വായ്പ്പാട്ട് അഭ്യസിച്ചു തുടങ്ങി. താല്പര്യമുള്ള പക്ഷം ഫ്ളൂട്ട് നന്നായി പഠിപ്പിച്ചിരുന്ന ഒരു ഗുരുവിനെ കണ്ടെത്താൻ അദ്ദേഹം നിർദ്ദേശിച്ചു.

അക്കാലത്ത് പ്രമുഖ പുല്ലാങ്കുഴൽ വിദഗ്ദ്ധൻ കല്പാത്തി സൂര്യനാരായണൻ സാർ ക്ലാസ്സെടുക്കാൻ എല്ലാ ആഴ്ചയും കോഴിക്കോട് വരുമായിരുന്നു. കല്പാത്തിക്ക് വരികയാണെങ്കിൽ വിശദമായി പറഞ്ഞു തരാമെന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് എല്ലാ ആഴ്ചയും പാലക്കാട്ട് കല്പാത്തി വരെ പോയി ഫ്ളൂട്ട് പഠനം ആരംഭിച്ചു.

ഹരിവരാസനം, രാധികാ കൃഷ്ണാ രാധിക തുടങ്ങിയ പാട്ടുകൾ കേൾക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു താല്പര്യം തോന്നിയിരുന്നു. ദേവരാജൻ മാഷിന്റേതാണ് ഈ പാട്ടുകൾ എന്നറിഞ്ഞപ്പോൾ അദ്ദേഹത്തോടുള്ള ആരാധന കൂടിക്കൂടി വന്നു. അതിനിടെ ദേവരാജൻ മാസ്റ്ററെ കുറിച്ച് ഒരു ലേഖനം കാണാനിടയായി. അദ്ദേഹത്തിന്റെ സംഗീത സംവിധാന രീതികളും താമസസ്ഥലം കരമനയിലാണെന്നും മറ്റുമുള്ള വിവരങ്ങൾ ലേഖനം വായിച്ചപ്പോൾ മനസ്സിലായി.

തൃക്കൈക്കാട്ടെ സ്വാമിയാർ മഠത്തിൽ താമസിക്കുന്ന കാലത്ത് രാത്രി കുറേ സമയം ഫ്ളൂട്ട് വായിക്കുമായിരുന്നു. ഏറെയും ദേവരാജൻ മാസ്റ്ററുടെ പാട്ടുകൾ. മഠത്തിനടുത്ത് താമസിക്കുന്ന ദിനേശ് കുമാർ എന്നയാൾ എന്റെ ഫ്ളൂട്ട് വായന ശ്രദ്ധിക്കുമായിരുന്നു. പോലീസ് ഡിപ്പാർട്ട്മെന്റിൽ വിരലടയാളവിദഗ്ദ്ധനായിരുന്നു അദ്ദേഹം. ദേവരാജൻ മാസ്റ്ററുടെ കടുത്ത ആരാധകനും.

സ്വാമിയാർ മഠത്തിൽ നിന്ന് സാധാരണ കേൾക്കേണ്ടത് വേദമന്ത്രങ്ങളും മറ്റുമാണല്ലൊ. ഇതിപ്പോൾ പുല്ലാങ്കുഴലിലൂടെ വരുന്നത് ദേവരാജൻ മാസ്റ്ററുടെ പാട്ടുകൾ. അത് വായിക്കുന്നത് മഠത്തിലെ ചെറുപ്പക്കാരനായ ഒരു തിരുമേനിയാണെന്ന് ആരോ അദ്ദേഹത്തോട് പറഞ്ഞു. അതാരെന്നറിയാൻ അദ്ദേഹം മഠത്തിലേക്ക് വന്നു. മാസ്റ്ററുടെ ആരാധകരായിരുന്ന രണ്ടു പേർക്കും മനസ്സ് തുറന്ന് സംസാരിക്കാനുള്ള ഒരു അവസരമായി അത്. മാസ്റ്ററുടെ പാട്ടുകളെപ്പറ്റിത്തന്നെയായിരുന്നു ചർച്ച. ജോലി സംബന്ധമായി മൂന്ന് മാസം അദ്ദേഹത്തിന് തിരുവനന്തപുരത്ത് താമസിക്കേണ്ടി വന്ന കാര്യവും ആരാധന മൂത്ത് ഒരു ദിവസം കരമനയിലെ വീട്ടിൽ പോയി ദേവരാജൻമാസ്റ്ററെ കണ്ട കാര്യവും എല്ലാം അദ്ദേഹം പറഞ്ഞു.

എനിക്കും ആയിടെ തിരുവനന്തപുരത്ത് പോകേണ്ട ഒരു ആവശ്യമുണ്ടായി. ദിനേശൻ പറഞ്ഞു തന്ന അറിവുകളുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ ചെന്ന് കാണാൻ തീരുമാനിച്ചു. ബസ്സിറങ്ങി വീട് ലക്ഷ്യം വെച്ച് നടന്നു. സംഗീതത്തിൽ അഗ്രഗണ്യനും കർക്കശ




*1 കോഴിക്കോട് ആകാശവാണിയിൽ ഒരു ലളിതഗാനത്തിന്റെ റിക്കോർഡിംഗിനു ചെന്നപ്പോൾ*
*2 മകൾ ശ്രീഭദ്ര, പത്നി ദേവി മുല്ലപ്പള്ളി എന്നിവർക്കൊപ്പം*

സ്വഭാവക്കാരനുമായ ഒരു വ്യക്തിയെ ഒരു സാധാരണക്കാരൻ സമീപിക്കുമ്പോളുള്ള അവസ്ഥ എന്താകുമെന്നോർത്തോർത്ത് മനസ്സിൽ പല ചിന്തകളും മിന്നിമറഞ്ഞു. വലിയ വലിയ സംഗീതജ്ഞരെപ്പോലും ഇറക്കിവിട്ട ആളാണ് ദേവരാജൻ മാസ്റ്റർ. ഇന്നതേ പറയൂ എന്നില്ല. ശ്രീകുമാരൻ തമ്പിയെപ്പോലുള്ള ഗാനരചയിതാക്കൾ പോലും മാഷുമായി ഉടക്കിപ്പിരിഞ്ഞിട്ടുണ്ട്. മാഷെപ്പറ്റി കേട്ടതിൽ അധികവും ഇത്തരം പേടിപ്പെടുത്തുന്ന കഥകളാണ്.

വീടിനടുത്തെത്താറായി. ചങ്കിടിപ്പ് കൂടിക്കൂടി വന്നു. ദൂരെ നിന്നു തന്നെ ആളെ കണ്ടു. ഫ്ളാറ്റിൽ രണ്ടാമത്തെ നിലയിൽ വെള്ളമുണ്ടുടുത്ത് ഒരു കൈലി ത്തോർത്ത് തോളിലിട്ട് വലത്തേ കൈ അടുത്തുള്ള തൂണിൽ പിടിച്ച് റോഡിലേക്ക് നോക്കിനിൽക്കുകയാണ് മാസ്റ്റർ. നേരിട്ടു കാണുമ്പോഴുള്ള പ്രതികരണമെന്താകുമെന്നോർത്ത് ആശങ്ക വർദ്ധിച്ചു. വരുന്നത് വരട്ടെ, രണ്ടും കൽപ്പിച്ച് അദ്ദേഹത്തെ കാണാൻ തീരുമാനിച്ചു.

നേരെ വീട്ടിലേക്ക് കയറിച്ചെന്നു. കണ്ടപാടെ അടിമുടിയൊന്നു നോക്കി. എന്തേ വന്നത്....? എന്ന അർത്ഥത്തിൽ ഒന്നു നീട്ടി മൂളൽ. വേറെ വാക്കൊന്നുമില്ല. ഒന്നു കാണാൻ വേണ്ടി മാത്രം വന്നതാണെന്ന് മറുപടി പറഞ്ഞു. സിനിമയിൽ പാടാൻ ചാൻസ് ചോദിച്ച് വന്നതല്ലെന്ന് ഉറപ്പായപ്പോൾ കയറിയിരിക്കാൻ പറഞ്ഞു. കൈയ്യിൽ കരുതിയിരുന്ന ഏത്തപ്പഴവും ഓറഞ്ചും അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്ത് നമസ്കരിച്ചു. ശേഷം അദ്ദേഹം ചൂണ്ടിക്കാണിച്ച സ്ഥലത്ത് പോയി ഇരുന്നു. പിന്നെ, എന്നെപ്പറ്റി കൂടുതൽ വിവരങ്ങളൊക്കെ ചോദിച്ചു. അദ്ദേഹത്തിന്റെ പാട്ടുകൾ ചിലത് പാടി കേൾപ്പിക്കാൻ പറഞ്ഞതനുസരിച്ച് അറിയാവുന്ന വിധത്തിൽ പാടി. അതോടെ മഞ്ഞുരുകി. അന്തരീക്ഷത്തിന്റെ ഘനം കുറഞ്ഞു. അദ്ദേഹത്തിന്റെ സംഗീതത്തെ ഇഷ്ടപ്പെടുന്ന ആളോടുള്ള താല്പര്യം അനുഭവപ്പെട്ടു തുടങ്ങി.

ഇറങ്ങാൻ നേരം അദ്ദേഹം പറഞ്ഞു.

'ആദ്യമായി വന്നതല്ലേ ഒരു ഗ്ലാസ് ചായ കഴിച്ചു പോവാം.'

സഹായികളാരും വന്നിട്ടില്ലെന്ന് പറഞ്ഞ് അദ്ദേഹം തന്നെ ചായ ഉണ്ടാക്കാനായി പുറപ്പെട്ടു. അപ്പോൾ ചായ ഞാൻ ഉണ്ടാക്കാമെന്ന് പറഞ്ഞു. ഷുഗർ പേഷ്യന്റായ അദ്ദേഹം തമാശ രൂപത്തിൽ പറഞ്ഞു.

'എനിക്കുള്ള പഞ്ചസാര എന്റെ കയ്യിലുണ്ട്'

അങ്ങനെ മാഷിന് പഞ്ചസാര ഇടാത്ത ചായ ഉണ്ടാക്കിക്കൊടുത്ത് ഒരു ഗ്ലാസ് ഞാനും കഴിച്ചു. പല പല ആശങ്കകളോടെയാണ് മാസ്റ്ററെ സമീപിച്ചത്. എങ്കിലും തിരിച്ചു പോരുമ്പോൾ മനസ്സ് തുറന്ന സമീപനമാണ് അനുഭവപ്പെട്ടത്. പിന്നീട് പലപ്പോഴും മാസ്റ്ററുടെ വീട്ടിൽ പോവുന്ന സമയങ്ങളിലൊക്കെ ചോറും കറികളും വെച്ചുകൊടുക്കാനുള്ള അവസരവും കിട്ടിയിട്ടുണ്ട്. അത് ഒരു അടുപ്പമായി വളർന്നു. ഒരു സംഗീതജ്ഞനും ആരാധകനും തമ്മിലുള്ള അടുപ്പം.

അക്കാലത്ത് മൂത്രാശയസംബന്ധമായ അസുഖത്തിന് ദേവരാജൻ മാഷ് ചികിത്സക്ക് തിരുവനന്തപുരത്ത് ചില ഡോക്ടർമാരെ കണ്ടിരുന്നു. അവരുടെയെല്ലാം അഭിപ്രായം സർജറി വേണമെന്നായിരുന്നു. ഷുഗറും, പ്രഷറും ഉള്ളതിനാലും ഒരു തവണ പക്ഷാഘാതം വന്നതുകൊണ്ടും ഓപ്പറേഷൻ ചെയ്യുന്നത് മാസ്റ്റർക്ക് ഒട്ടും താല്പര്യമില്ലായിരുന്നു. ഓപ്പറേഷനില്ലാതെ രോഗം മാറുമോ എന്നറിയാനായി മലബാറിലെ ചില ആശുപത്രികളിലും അന്വേഷണം തുടങ്ങി. അങ്ങനെയാണ് കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയെപ്പറ്റി അറിയുന്നത്. അക്കാലത്ത് പ്രഗത്ഭനായ യൂറോളജിസ്റ്റ് ഡോക്ടർ റോയ് ചാലി അവിടെ വിസിറ്റ് ചെയ്തിരുന്നു.

അദ്ദേഹത്തെ കാണാനായി താൻ കോഴിക്കോട്ട് ചികിത്സക്ക് വരുന്നുണ്ടെന്ന് മാസ്റ്റർ അറിയിച്ചു. ഓപ്പറേഷൻ കൂടാതെ തന്നെ ഭേദമാക്കാമെന്നു അദ്ദേഹം പറഞ്ഞു. അതിനു മുമ്പായി ചില ടെസ്റ്റുകൾ ചെയ്യേണ്ടതുണ്ടായിരുന്നു. ആ ദിവസങ്ങളിലെല്ലാം മാസ്റ്ററുടെ ആരാധകനായ ദിനേശ്കുമാറും ഞാനും അദ്ദേഹത്തോടൊപ്പം തന്നെ ഉണ്ടായിരുന്നു. ഈ സമയത്ത് ഭാര്യയായ ലീലാമണി ദേവരാജൻ ഒരു കണി

യാനെ കണ്ടാൽ നന്നായിരുന്നുവെന്ന് അഭിപ്രായം പ്രകടിപ്പിച്ചു.

സ്വതവേ കമ്മ്യൂണിസ്റ്റ് അനുഭാവിയായിരുന്നു മാസ്റ്റർ. ഭാര്യ ലീലാമണി ഈശ്വരവിശ്വാസിയും. ഭാര്യയുടെ ഈ അഭിപ്രായത്തോട് അദ്ദേഹം എതിർപ്പൊന്നും പ്രകടിപ്പിച്ചില്ല. എനിക്ക് അദ്ഭുതം തോന്നി. അങ്ങനെയാണ് അദ്ദേഹത്തിനു വേണ്ടി ജ്യോതിഷപണ്ഡിതനായ അരീക്കുളങ്ങര സോമൻ പണിക്കരെ ചെന്നു കണ്ടത്. ഓപ്പറേഷൻ കൂടാതെ മരുന്നുകൊണ്ടുതന്നെ രോഗം പൂർണ്ണമായി ഭേദമാക്കാമെന്നു പ്രശ്നചിന്തയിൽ തെളിഞ്ഞു. ഒട്ടുംതന്നെ ആശങ്ക വേണ്ടെന്നു അദ്ദേഹം ഉറപ്പുപറയുകയും ചെയ്തു. ഏഴു മാസം സമയദോഷമുള്ള കാലമാണെന്നും അതുകൊണ്ട് തൃപ്രങ്ങോട് ശംഖാഭിഷേകം, ധാര ഇവ ചെയ്യണമെന്നും പറഞ്ഞു. അതുപ്രകാരം ഞാൻ തന്നെയാണ് ഇപ്പറഞ്ഞ വഴിപാടുകളെല്ലാം ചെയ്യാൻ ഏർപ്പാടാക്കിയത്.

അപ്പോഴാണ് മാസ്റ്റർ ചില രസകരമായ കാര്യങ്ങൾ പറഞ്ഞത്. മാസ്റ്ററുടെ ജനനസമയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചില വിവരങ്ങൾ. കൊല്ലം ജില്ലയിലെ കോട്ടപ്പുറത്തെ ഒരു സാധാരണ കുടുംബമായ പന്നക്കാടാണ് ജനനം. അവിടത്തെ കൊച്ചുഗോവിന്ദൻ -കൊച്ചുകുഞ്ഞ് ദമ്പതികളുടെ കടിഞ്ഞൂൽ സന്തതി. കൊല്ലവർഷം 1103 കന്നി മാസം പതിനൊന്നിന്. 1927 സെപ്തംബർ 27ന്. അത്തം നക്ഷത്രത്തിൽ ആൺകുഞ്ഞ്. ആൺകുഞ്ഞിനെ പ്രസവിച്ചാൽ കുരവ ഇടീൽ തിരുവിതാംകൂർ ഭാഗത്ത് നാട്ടിൻപുറങ്ങളിലെ ഒരു ചടങ്ങാണ്. പിറന്നത് ആൺകുഞ്ഞാണെന്ന് അയൽക്കാർക്ക് നൽകുന്ന ഒരറിയിപ്പാണിത്.

പന്നക്കാട് വീടിന്റെ കിഴക്കേതിൽ താമസിച്ചിരുന്നത് പരവൂരിലെ അന്നത്തെ പ്രസിദ്ധ ജ്യോതിഷപണ്ഡിതൻ കെ.രാമൻ ജ്യോത്സ്യനാണ്. കുരവ കേട്ട ഉടൻ ആ കുഞ്ഞിന്റെ ഗ്രഹനില നോക്കി അദ്ദേഹം പ്രവചിച്ചുവത്രേ. ഇവൻ പരവൂറിന് സൽപ്പേരുണ്ടാക്കും. ഈ കഥയെല്ലാം ഓർമ്മയുള്ളതുകൊണ്ടാണ് കണിയാരെ കാണാനുള്ള ഭാര്യയുടെ താല്പര്യത്തെ വിലക്കാതിരുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. കണിയാൻ പറഞ്ഞപ്രകാരം ഓപ്പറേഷൻ കൂടാതെ തന്നെ അസുഖം പൂർണ്ണമായും മാറിക്കിട്ടുകയും ചെയ്തു.

ചികിത്സ കഴിഞ്ഞ് തിരുവനന്തപുരത്തേക്ക് മടങ്ങുമ്പോൾ ട്രെയിൻ കയറ്റാനായി കൂടെ പോയിരുന്നു. വണ്ടി പുറപ്പെടാൻനേരം അദ്ദേഹം എന്നെ വിളിച്ചു. ഒരാഴ്ച തിരുവനന്തപുരത്ത് വന്നു കൂടെ താമസിക്കണമെന്നും സംഗീതത്തെക്കുറിച്ച് കുറച്ചു കാര്യങ്ങളൊക്കെ പറഞ്ഞുതരാമെന്നും പറഞ്ഞു. അതനുസരിച്ച്, സമയം കിട്ടുമ്പോഴൊക്കെ ചെന്ന് കാണുക പതിവായി. കർണ്ണാടക സംഗീതത്തിലുള്ള കുറച്ചു വർണ്ണങ്ങളും കൃതികളും അദ്ദേഹം പഠിപ്പിച്ചു തന്നു. കേദാര ഗൗള വർണ്ണം, ശഹാന വർണ്ണം, കാംബോജി അടതാള വർണ്ണം, കന്നടഗൗള രാഗത്തിലുള്ള ഓരജ്ജുബുജു. ശുദ്ധ സന്യാസി രാഗത്തിൽ പ്രാണപതേ, കാപ്പി നാരായണീ രാഗത്തിൽ സരസ സാമദാന എന്നിവ അവയിൽ ചിലത് മാത്രമാണ്. ഗുരുകുല സമ്പ്രദായം പോലെയായി തുടർന്നങ്ങോട്ടുള്ള ഇടപെടലുകളൊക്കെ തന്നെ.

ആശുപത്രി വാസത്തിനുശേഷം സാറിന് നാട്ടുവൈദ്യ നിർദ്ദേശപ്രകാരം നാളികേരം വെന്ത വെളിച്ചെണ്ണ ഉപയോഗിക്കേണ്ടതായി വന്നു. ഇല്ലത്ത് അമ്മ വെന്ത വെളിച്ചെണ്ണ ഉണ്ടാക്കുന്നത് കണ്ടു ഒരു വിധം പഠിച്ചു വെച്ചിട്ടുണ്ടായിരുന്നു. അത് പ്രകാരം നാളികേരം ചിരകി പാല് പിഴിഞ്ഞ് അടുപ്പത്ത് വെച്ച് കുറുക്കി വെന്ത വെളിച്ചെണ്ണ ഉണ്ടാക്കിക്കൊടുത്തു. അതോടെ അദ്ദേഹം വല്ലാതെ സന്തോഷം പ്രകടിപ്പിച്ചു. അദ്ദേഹത്തിന് എന്നിലുള്ള മതിപ്പും താല്പര്യവും വർദ്ധിച്ചതായറിഞ്ഞു. വളരെ പ്രകടമായിരുന്നു സന്തോഷം.

സാറിന്റെ അടുത്ത് ഇടപെടുന്ന രീതി കണ്ട് അവിടെ വരുന്നവർ എന്നെ ചൂണ്ടി, ഇത് മകനാണോ എന്ന് വരെ ചോദിച്ചിട്ടുണ്ട്. സ്വതവേ കർക്കശ സ്വഭാവമാണെങ്കിലും അദ്ദേഹം മറുപടി പറയുന്നതും കേട്ടിട്ടുണ്ട്.

'മകനെപ്പോലെ തന്നെയാണ്' ഈ ബന്ധം അദ്ദേഹം മരിക്കുന്നത് വരെ നിലനിന്നു പോന്നു. ഇപ്പോഴും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുമായി വളരെ അടുത്ത ബന്ധം തന്നെയാണുള്ളത്.

പിന്നീടും പല പ്രമുഖ വ്യക്തികളെയും ഗുരുക്കന്മാരായി കിട്ടി. ആകാശവാണിയിലെ സ്റ്റാഫ് ആർട്ടിസ്റ്റായ ഗീതാദേവി വാസുദേവനിൽ നിന്ന് വായ്പ്പാട്ട്. ആകാശവാണിയിൽ സ്റ്റേഷൻ ഡയറക്ടറായി റിട്ടയർ ചെയ്ത പ്രസിദ്ധ സംഗീതജ്ഞനും പുല്ലാങ്കുഴൽ വിദഗ്ധനുമായ ഗുരുവായൂർ ശ്രീകൃഷ്ണനിൽ നിന്ന് പുല്ലാങ്കുഴൽ. ശ്രീകൃഷ്ണൻ സാർ മരിച്ച ശേഷം ചെന്നൈ ആകാശവാണിയിൽ സ്റ്റേഷൻ ഡയറക്ടറും പുല്ലാങ്കുഴൽ വിദഗ്ധനുമായ സംഗീത കലാനിധി പത്മശ്രീ ഡോക്ടർ എൻ രമണി സാറിന്റെ പ്രധാന ശിഷ്യനായ പ്രപഞ്ചം എസ് ബാലചന്ദ്രൻ സാറിന്റെ കീഴിൽ. അത് ഇപ്പോഴും തുടരുന്നുണ്ട്. ഇങ്ങനെയുള്ള മഹാഗുരുക്കന്മാരെ കിട്ടാനുണ്ടായ ഭാഗ്യം സരസ്വതീ കടാക്ഷമായി തന്നെ കാണുന്നു. അവരെയൊക്കെ ഇങ്ങനെയൊരിടത്ത് ഗുരുദക്ഷിണ പോലെ അനുസ്മരിക്കാൻ കഴിഞ്ഞതും വലിയ ഭാഗ്യം. ഗുംഗുരുഭ്യോ നമഃ ●


പി. എം ഗോപിനാഥൻ നമ്പൂതിരി
പുളിയപ്പിലാശ്ശേരി മുല്ലപ്പള്ളി ഇല്ലം
പി. ഒ പന്തീരാങ്കാവ്. പിൻ 673019
കോഴിക്കോട് ജില്ല മൊബൈൽ 9846479428



ഓർമ്മക്കുറിപ്പ്

# അവർ വീണ്ടും

**മിനി ഭട്ടതിരി**



അമ്പതു കൊല്ലം മുമ്പൊരു രാത്രീല് പന്തളത്തെ ചേന്നാത്തില്ലത്തു കേറിയ കള്ളൻ കട്ടെടുത്ത സാധനങ്ങളിൽ രണ്ടു കുട്ട്യോൾടെ വിലപ്പെട്ട വസ്തുക്കളുണ്ടാർന്നു. ഏട്ടന്റെ നാണയ ശേഖരവും അനിയന്റെ കഥയും. ഏട്ടന്റെ നാണയങ്ങൾ പൊതിയാൻ അനിയൻ കഥയെഴുതിയ പേപ്പറാണ് കള്ളനെടുത്തത്.  ആ കള്ളൻ അത് എവിട്യേങ്കിലും പ്രസിദ്ധീകരിച്ചാല് അയാളെ പിടിക്കാൻ എളുപ്പായീലോന്ന് നിഷ്കളങ്കമായി, ഏഴു വയസ്സുകാരൻ കൊച്ചുമോൻ സമാധാനിച്ചു. പക്ഷേ, കള്ളൻ അതെവിടെയോ കളഞ്ഞു. അങ്ങനെ പരമേശ്വരൻ ഭട്ടതിരിയെന്ന ഞങ്ങടെ കൊച്ചുമോന്റെ ആ കഥ വെളിച്ചം കണ്ടില്ല്യ.

വർഷങ്ങൾക്കിപ്പുറം മാതൃഭൂമിയിൽ വന്ന വാർത്ത ഏട്ടൻ പറഞ്ഞുകേട്ട ആ പഴയ കഥയിലേയ്ക്കെന്നെയെത്തിച്ചു. പ്രശസ്ത മറാഠി കവി നാരായണദാസ സുർവെയുടെ വീട്ടിൽ നിന്നാണ് താൻ മോഷ്ടിച്ചതെന്നറിഞ്ഞപ്പോൾ മോഷ്ടിച്ച സാധനങ്ങളെല്ലാം തിരികെ കൊണ്ടുവെച്ച കള്ളൻ മാപ്പും എഴുതിവെച്ചൂത്രേ. നന്നായി. ഇന്ന്യേങ്കിലും കളവ് നിർത്ത്യാമത്യാർന്നു.

ഇന്നത്തെക്കാലത്ത് സർവ്വസാധാരണായി കേൾക്കണ സാഹിത്യ മോഷണത്തെക്കുറിച്ചല്ല ഞാനിനി പറയണത്. പത്തുമുപ്പത്തെട്ടുകൊല്ലം മുമ്പു നടന്ന ഒരു ഞെട്ടിയ്ക്കുന്ന സാഹിത്യനിധി മോഷണത്തെക്കുറിച്ചാണ്. ന്റെ അനിയേട്ടന്റേം ഗീത ചേച്ചീടേം വീട്ടിൽ നടന്ന ഒരു മോഷണം.

ഗീതാ ഹിരണ്യൻ. ഗീതേടെ ഹിരണ്യനും ഹിരണ്യന്റെ ഗീതയും. മലയാള സാഹിത്യ തറവാട്ടിലെ തിളങ്ങുന്ന നക്ഷത്രങ്ങൾ. ഗീത ചേച്ചിയെപ്പോലെ ഞങ്ങളും വിളിച്ചു അനിയേട്ടാന്ന്.

അനിയേട്ടന്റേം ഗീത ചേച്ചീടേം അമൂല്യ സമ്പാദ്യമായ ആനുകാലികങ്ങൾടേം മറ്റു പ്രസിദ്ധീകരണങ്ങൾടേം അത്യപൂർവ്വശേഖരം കള്ളൻ സ്വന്തമാക്കീയത് ചേട്ടനും ചേച്ചിയും അത്യാവശ്യമായി അഞ്ചാറു ദിവസത്തേയ്ക്ക് വീട്ടിൽ നിന്നും മാറി നിന്നപ്പോഴായിരുന്നു. പാറമേക്കാവമ്പലത്തിന്റെ പിന്നിലെ വഴീലെ വീട്ടിൽ വാടകക്കാരായിരുന്നു അക്കാലത്ത്  ഗീത ചേച്ചീം അന്യേട്ടനും.

പത്തുപതിനഞ്ചു കൊല്ലക്കാലം മലയാളത്തിലിറങ്ങിയ ഒട്ടുമിക്ക മികച്ച രചനകളാൽ സമ്പന്നമായ ആ ആനുകാലികങ്ങൾ ചേച്ചിയ്ക്കും അന്യേട്ടനും മാത്രല്ല

# ഗീതാഹിരണ്യന്മാരായി



## അദ്ധ്യാപക ദമ്പതികൾ

കവിയും സാഹിത്യ വിമർശകനും സാഹിത്യ ചരിത്ര പണ്ഡിതനുമെല്ലാമായ ഹിരണ്യൻ 70 സുൽത്താൻബത്തേരി, മലപ്പുറം, കൊടുങ്ങല്ലൂർ, തൃശൂർ എന്നിവിടങ്ങളിൽ കോളേജ് അദ്ധ്യാപകനായിരുന്നു. അച്ഛൻ തൃശൂർ കടവത്ത് ഉള്ളന്നൂർ ഇല്ലത്ത് കുഞ്ഞുണ്ണി നമ്പൂതിരി, അമ്മ സാവിത്രി അന്തർജനം. ഭാര്യ കൊട്ടാരക്കര കോട്ടവട്ടത്ത് ശ്രീധരൻ പോറ്റിയുടേയും വസുമതിദേവിയുടേയും മകൾ പരേതയായ ഗീതാ ഹിരണ്യൻ. അവരും കഥാകൃത്തും കോളേജ് അദ്ധ്യാപികയായിരുന്നു. 1974 ൽ മാതൃഭൂമി വിഷുപ്പതിപ്പിൽ വന്ന ദീർഘപാംഗൻ എന്ന കഥയിലൂടെ ശ്രദ്ധിക്കപ്പെട്ടു. അർബുദരോഗത്തെ തുടർന്ന് 2002 ജനുവരി 2 ന് മരിച്ചു. ഗീതയുടെ മരണത്തോടെ ഹിരണ്യൻ ഉൾവലിഞ്ഞ നിലയിലായിരുന്നു. ഇപ്പോൾ ഹിരണ്യനും യാത്രയായി. ഉമ, ആനന്ദ് എന്നിവർ മക്കൾ. മരുമകൻ കെ കെ കൃഷ്ണകുമാർ.

**എട്ടാംക്ലാസിൽ പഠിക്കുമ്പോഴേ മാതൃഭൂമിയുടെ കവിതാമത്സരത്തിൽ ഒന്നാമനായ ആൾ**
**കേരളവർമ കോളേജിലെ മാഗസിൻ എഡിറ്ററായിരുന്ന ആൾ**
**സാഹിത്യ അക്കാദമിയിൽ ഒരു സ്ഥിരം സാന്നിധ്യമായിരുന്ന ആൾ**
**എഴുതുന്നതിനേക്കാൾ എഴുത്തുകാരെ പ്രോത്സാഹിപ്പിച്ച ആൾ**
**തന്റെ സാഹിത്യശേഖരം ഒന്നാകെ കള്ളൻ കട്ടുകൊണ്ടു പോയപ്പോൾ ഖിന്നനായ ആൾ**
**എഴുത്തുകാരന്റെ രചനകൾ വന്ന ലക്കവും തീയതിയും കാണാപ്പാഠമായ ആൾ**
**ഒറ്റ പുസ്തകം പോലും പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സാഹിത്യകാരൻ**

വായന ഇഷ്ടപ്പെടുന്ന ഓരോത്തർക്കും വിലപ്പെട്ട നിധി തന്ന്യാർന്നു. മാതൃഭൂമി, കലാകൗമുദി, ഭാഷാപോഷിണി. കൂടാതെ അനവധി ഓണപ്പതിപ്പുകളും വിശേഷാൽ പ്രതികളും കോളേജ് മാഗസിനുകളും. അവയിൽ പലതും ഒരു കോപ്പി പോലും മറ്റാരുടേം കയ്യിലില്ലാത്തവയുമായിരുന്നു. അതാണ് ഒന്നു പോലും അവശേഷിപ്പിയ്ക്കാതെ ആ കള്ളൻ കട്ടു കൊണ്ടുപോയത്. അതിശയം എന്താ നിശ്ചണ്ടോ ആ കള്ളൻ വീട്ടിലുണ്ടായിരുന്ന പാത്രങ്ങളോ മറ്റു വിലപിടിപ്പുള്ള അടുക്കള ഉപകരണങ്ങളോ ഒന്നും എടുത്തില്ല്യ. സാഹിത്യനിധിശേഖര മോഷണം മാത്രമായിരുന്നു അയാൾടെ ലക്ഷ്യം. എത്രത്തോളം സങ്കടംണ്ടാവുംന്ന് ആലോചിച്ചാൽ മനസ്സിലാവൂലോ. ഞാനിതുവരെ ങ്ങനൊരു മോഷണത്തിനെപ്പറ്റി കേട്ടിട്ട്ല്ല്യ.

ന്നാലും വായനയ്ക്ക് ഇത്ര ഭ്രമള്ള കള്ളന്മാരോന്ന് പറഞ്ഞ് സങ്കടപ്പെട്ടു ഗീതചേച്ചി. ആ ശേഖരത്തിനു പിന്നിലെ മനസ്സുകളെ ആ കള്ളൻ കാണാഞ്ഞതെന്തേ?

അറിവ് ആർക്കും മോഷ്ടിയ്ക്കാൻ പറ്റില്ല്യല്ലോന്ന് സമാധാനിയ്ക്കാൻ നോക്കി ചേച്ചി. മറ്റുള്ളവരുടെ രചനകളുടെ സൂക്ഷ്മാംശങ്ങൾ വരെ ഓർത്തുവയ്ക്കുന്ന ശീലണ്ടാർന്നു അനിയേട്ടന്. ഏതെഴുത്തുകാരന്റെയും രചനകൾ വന്ന ലക്കവും തീയതിയും കാണാപ്പാഠമായിരുന്നു. ഓരോന്നും വായിച്ച് എഴുതിയോരെ വിളിച്ച് അഭിനന്ദിക്ക്യേം ചെയ്തേർന്നു അന്യേട്ടൻ. സഞ്ചരിക്കുന്ന സാഹിത്യ വിജ്ഞാനകോശം എന്നാണ് അനിയേട്ടനെപ്പറ്റി കൂട്ടുകാർ പറഞ്ഞേർന്നത്. എന്തൊരറിവായിരുന്നു അനിയേട്ടന്. എന്തൊരോർമ്മയായിരുന്നു. ആ അനിയേട്ടനാണ് കഴിഞ്ഞ പത്തു കൊല്ലായിട്ട് ഓർമ്മ മങ്ങി മറ്റൊരാളായി കഴിഞ്ഞിരുന്നതെന്നോർക്കുമ്പോൾ.

ഒരു സങ്കടേള്ളു അനിയേട്ടന്റേതായി ഒരു പുസ്തകം പോലും പ്രസിദ്ധീകരിച്ചിട്ടില്ല. ധാരാളം വർത്തമാനം പറയണ ഗീത ചേച്ചീം നന്നേ കുറച്ച് സംസാരിയ്ക്കണ അന്യേട്ടനും എന്റെ കൗമാരത്തിലെ ഏറ്റവും നല്ല സൗഹൃദങ്ങളായിരുന്നു. കാപ്പി വിളയുന്ന ബ്രസീലാണ് തന്റെ അടുക്കളയെന്ന് ചേച്ചി തന്നെ എഴുതീട്ടുണ്ട്.

അനിയേട്ടന് വല്ല്യേ ഷ്ടള്ള ചാത്തപ്പുളിശ്ശേരി ണ്ടാക്കിക്കൊടുത്തത് നിയ്ക്ക് ഇപ്പ്ഴും നല്ല ഓർമ്മേണ്ട്. നന്ദകുമാറും രമണീം ഞാനും കൊച്ചനീമൊക്കെക്കൂടി ചേച്ചീടെ അടുക്കള ഒരു പരീക്ഷണശാലയാക്ക്യേർന്ന ആ ഞായറാഴ്ച ഓർമ്മകൾക്ക്  ഇന്നും എന്തൊരു തെളക്കാണ്.

അന്നൊരിക്കൽ ഞാൻ അമ്മോട് ചോദിച്ചു. ഈ ചാത്തപ്പുളിശ്ശേരി എങ്ങന്യാണ്ടാക്കണേ. ഗീത ചേച്ചി അമ്മോട് ചോദിയ്ക്കാൻ പറഞ്ഞു. അനിയേട്ടന് (ഹിരണ്യന്) വല്ല്യേ ഷ്ടാത്രേ അത്. ചേച്ചീടെ അടുക്കള



*ഹിരണ്യൻ, ഭാര്യ ഗീതാഹിരണ്യൻ,*
*മക്കൾ ഉമ, ആനന്ദ് എന്നിവർ*

സഹായിയ്ക്ക് അതൊന്നുണ്ടാക്കാൻ അറിയില്ല്യ.

വായിച്ചേർന്ന പേപ്പർ മടക്കി വെച്ച് അമ്മ ചാത്തപ്പുളിശേരി ണ്ടാക്കണതെങ്ങന്യാണെന്ന് പറഞ്ഞു തന്നു. ങ്ങക്കെല്ലാർക്കും നിശ്ചയണ്ടോന്നറിയില്ല്യ ചാത്തത്തിനു ണ്ടാക്കണതിനൊന്നിനും ചൊമന്ന മൊളകോ പച്ച മൊളകോ ചേർക്കില്ല്യ. കുരുമൊളക് മാത്രേ ചേർക്കൂ. ഒരു പ്രത്യേക സ്വാദാണ് ആ കൂട്ടാനുകൾക്ക്. അമ്മ പറഞ്ഞുതന്ന പോലെ തൊട്ടടുത്ത അവധി ദിവസം ഞങ്ങൾ ചാത്തപ്പുളിശ്ശേരി ണ്ടാക്കി. എല്ലാരും കൂടീള്ള പാചക പരീക്ഷണങ്ങൾ ഗീത ചേച്ചീടെ അടുക്കളയെ കൂടുതൽ പ്രകാശമുള്ളതാക്കി.

വേറൊന്ന് പറയാം.

മിനീ, കുട്ട്യേ ആ പട്ടേരി കൂട്ടിക്കൊണ്ടു പോയാൽ പിന്നെ ന്റെ മണിക്കുട്ടിയ്ക്കാരാ താരാട്ടു പാട്ടുകള് പാടിക്കൊടുക്ക്വാ. അനിയേട്ടാ, നമ്മക്കിന്ന് മിനീടെ പാട്ടുകള് റെക്കോർഡ് ചെയ്യാം. അത്യുത്സാഹത്തോടെ ഗീത ചേച്ചി ടേപ്പ് റെക്കോർഡർ എടുത്തു കൊണ്ടു വന്നു. ചെമ്പുക്കാവ് മേലേടത്ത് ലെയ്നിലെ ആ വാടക വീട്ടിൽ അന്നു വൈകുന്നേരം അനിയേട്ടനും ഗീത ചേച്ചിയും ന്റെ പാട്ടുകള് റെക്കോർഡ് ചെയ്തു. മണിക്കുട്ടിയെന്ന കുഞ്ഞുമയ്ക്കായി.

മറ്റൊരിക്കൽ.

എന്റെ കല്യാണാലോചന വന്നപ്പോൾ തന്നെ തിരുവനന്തപുരത്ത് ആളെക്കുറിച്ചന്വേഷിയ്ക്കാൻ സാവിത്ര്യേടത്തി, അനിയേട്ടനെ ചുമതലപ്പെടുത്തി. അനിയേട്ടൻ കവി ഡി. വിനയചന്ദ്രനോട് ചോദിച്ച് ഏട്ടനെക്കുറിച്ച് ( കലിഗ്രഫർ നാരായണ ഭട്ടതിരി) മനസ്സിലാക്കി വിവരം അറിയിച്ചു. ഒന്നു കൂടി അറിയാൻ ചിത്രഭാനുവിനോടും ചോദിച്ചു. അഭിപ്രായം ഒന്നു തന്ന്യാർന്നു. ധൈര്യമായി നടത്തിക്കോളു ഈ കല്യാണം. ഭട്ടതിരി, മിനിയ്ക്കു പറ്റിയ ആളന്ന്യാണ്.

അമല കാൻസർ സെന്ററിലെ ഗീത ചേച്ചീടെ ചികിത്സാക്കാലത്താണ് ചേച്ചിയും അനിയേട്ടനുമായി ഞാൻ അടുപ്പത്തിലാകണത്. അന്ന് ഞാൻ കേരളവർമ്മേല് പഠിക്ക്യാണ്. ന്റെ സാവിത്ര്യേടത്തീടെ അപ്ഫന്റെ മകളാണ് ഗീത ചേച്ചി. സ്വന്തം ഏടത്തീം ഏട്ടനും തന്ന്യാർന്നു ഗീത ചേച്ചീം അനിയേട്ടനും എനിയ്ക്കെന്നും.അതുകൊണ്ട് ആ വീട്ടിൽ ആ സ്വാതന്ത്ര്യവും അനുഭവിച്ചു.

അനിയേട്ടാ, ദ് വേറാരല്ല, നമ്മടെ ചെമ്പുക്കാവിലെ മിന്യാണ്. ആളാരാണെന്നറിഞ്ഞാലേ അനിയേട്ടൻ പലപ്പോഴും മുറിയ്ക്കു പുറത്തേയ്ക്ക് വന്നേർന്നുള്ളു. ധാരാളം തമാശേം വർത്തമാനോം പറയണ ചേച്ചിയും നന്നേകുറച്ച് സംസാരിയ്ക്കണ അനിയേട്ടനും.

അനിയേട്ടന്റെ ബന്ധുക്കളായ രമണീം നന്ദകുമാറുമൊക്കെ എന്നെപ്പോലെ അക്കാലത്ത് ചേച്ചീടെ വീട്ടിലെ നിത്യ സന്ദർശകരാർന്നു. ഇരുപത്തി നാലു കൊല്ലത്തെ കാത്തിരിപ്പിന് ശേഷം അനിയേട്ടൻ, ഗീത ചേച്ചീടൊപ്പം ചേർന്നൂന്നെ ഞാൻ കരുത്ണുള്ളു. അങ്ങനെ അവർ ഗീതാ ഹിരണ്യനായി വീണ്ടും. ഇപ്പോൾ അന്ന്യേട്ടനെ കണ്ടപ്പോൾ ഗീത ചേച്ചി എന്താവും പറഞ്ഞിട്ടുണ്ടാവ്വാ.? അറിയില്ല്യ. അവർ വീണ്ടും ഗീതാ ഹിരണ്യനായി എന്നുമെന്നും.


മിനി ഭട്ടതിരി
സി – 11, ഫോറസ്റ്റ് ഓഫീസ് ലെയ്ൻ
വഴുതക്കാട്, തിരുവനന്തപുരം
മൊബൈൽ: 94465 77475


## ഒന്നാം സമ്മാനക്കാരന് മൂന്നാമന്റെ തിലോദകം

എത്രയോ സാഹിത്യവേദികളിൽ ഞങ്ങൾ ഒന്നിച്ച് ഉണ്ടായിരുന്നു. മാതൃഭൂമിയിലെ ബാലപംക്തിയിലെ കുട്ടിക്കവിതാമത്സരം.1969ലാണ്. വിഷയം കുട്ടിക്കുട. 'കുട്ടിക്കുടയിത്, വട്ടക്കുടയിത്, കുട്ടികൾ ചൂടും, മൊട്ടുക്കുട '

ഹിരണ്യന് ഒന്നാം സമ്മാനം.രണ്ടാം സമ്മാനക്കാരനെ ഓർമ്മയില്ല. എനിക്ക് മൂന്നാം സമ്മാനം. എന്റെ ഒരുപാടുകഥകളെ ഹിരണ്യൻ പ്രോത്സാപ്പിച്ചിട്ടുണ്ട്. ആദ്യകഥാസമാഹാരം 'ഭാരതപ്പുഴ' യുടെ പ്രകാശനച്ചടങ്ങ് തൃശൂരിൽ സാഹിത്യഅക്കാദമി ഹാളിൽ അഷ്ടമൂർത്തി ഒരുക്കിയപ്പോൾ സമയം വൈകിയതുകൊണ്ട് ഒറ്റവാക്കിൽ നന്ദിപ്രകടനം നടത്തിയത് ഹിരണ്യനാണ്. പലതവണ ഹിരണ്യന്റെ തൃശ്ശൂരിലെ വസതിയിൽ ഞങ്ങൾ കൂടിയിട്ടുണ്ട് .

മൂന്നുവർഷം മുമ്പെ ഗുരുവായൂരിലെ മകളുടെ ഫ്ളാറ്റിൽ വെച്ചാണ് അവസാനം കണ്ടത്. അപ്പോഴും മാതൃഭൂമിയിലെ പഴയ കഥകളെപ്പറ്റി പറഞ്ഞു. നല്ല വായനക്കാരൻ. ഏതു കഥയെക്കുറിച്ചു ചോദിച്ചാലും കൃത്യമായ ഉത്തരം. കവിതയെക്കുറിച്ചാണെങ്കിൽ വരികൾ ഉദ്ധരിച്ചാവും വിവരണം. മാതൃഭൂമിയുടെ ലക്കങ്ങൾ മുടങ്ങാതെ സൂക്ഷിച്ചിരുന്നു. പലരുടെയും സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും അവസാന അത്താണി ഹിരണ്യന്റെ ഓർമ്മശക്തിയായിരുന്നു. ഇനി അങ്ങനെയൊരു സഹൃദയൻ ഇല്ലല്ലോ എന്ന അറിവ് സങ്കടമാണ്.

**പി.എൻ. വിജയൻ. 94963 04123**

*Wishes for future active endeavours*



## Dr Usha Thekkedath

(W/o Dr Ramachandran Thekkedath, )

Director of Surgical Innovations at University of California, San Francisco (UCSF).
Director, UCSF-Stanford Pediatric Device Consortium,
Mentor, UC Berkley-UCSF Master of Translational Medicine Program.

## 60th Birthday

Sunday, October 6, 2024
Visakham, Kanni 20, 1200

**Congratulatios:**

Ramachandran, Rajath, Sarath, Devadas,
Geetha, Savithri, Sathi, Ravi, Narayanan,
Vasanthi, Sajitha, Rema, Geetha
Mob.9633326497



## ഷഷ്ടിപൂർത്തിയും വിവാഹ വാർഷികവും

തളിപ്പറമ്പ് ഈറ്റിശ്ശേരി
മന (നന്ദീശ്വരം)
സുജാത
അന്തർജനത്തിന്റെ
ഷഷ്ടിപൂർത്തിയും
സുജാത – ദാമോദരൻ
ദമ്പതിമാരുടെ 39 ാം
വിവാഹ വാർഷികവും
ജൂലൈ 15 ന് ഒറ്റപ്പാലം
പിഷാരടിസ്
ഓഡിറ്റോറിയത്തിൽ
വച്ച് സമുചിതമായി
ആഘോഷിച്ചു

S&P
Service Products

സർവീസ് ആൻഡ് പ്രൊഡക്ട്സ്
എന്ന സ്വസ്തിയുടെ ഈ പംക്തി
യിൽ വളരെ അപൂർവമായ ഒരു
സംരംഭകയെ പരിചയപ്പെടുത്തുന്നു

# സമ്മാനം കൊണ്ടും സംരംഭകയാവാം

**ഗൗരി എസ് മൂർക്കന്നൂർ**

സമ്മാനപ്പൊതികൾ കൊടുക്കാൻ എനിക്ക് ഏറെ ഇഷ്ടമാണ്.'സമ്മാനപ്പൊതി' എന്ന ഈ സംരംഭം തുടങ്ങാൻ പ്രേരണയായതും ഒരു സമ്മാനപ്പൊതിയാണ്. നാലര മാസം മുൻപ് അനിയത്തിയുടെ ഒരു വിശേഷത്തിന് ഞാനൊരു സമ്മാനപ്പൊതി കൊടുത്തിരുന്നു. അനിയത്തിയുടെ ഇഷ്ടമറിഞ്ഞ് കസ്റ്റമൈസ് ചെയ്ത ഒന്ന്. അത്തിഷ്ടമായി.

ഇങ്ങനെ ആവശ്യക്കാരുടെ ഇഷ്ടത്തിനനുസരിച്ച് കസ്റ്റമൈസ് ചെയ്ത സമ്മാനങ്ങൾ ഉണ്ടാക്കിയാൽ വിപണി സാദ്ധ്യത ഉണ്ടാവുമെന്ന് അതിലൂടെ തിരിച്ചറിഞ്ഞു. ഞാനാണെങ്കിൽ പക്കാ വീട്ടമ്മയായി കഴിയുകയായിരുന്നു.

2017 ൽ കോമേഴ്സിൽ ബിരുദാനന്തര ബിരുദം നേടിയെങ്കിലും ഉടനെ വേളി കഴിഞ്ഞു. 2018 ൽ മകളുമായി. അതിനു ശേഷം അമ്മ എന്ന റോൾ നന്നായി നിർവഹിക്കാനായി 5 വർഷം ജോലിക്കൊന്നും പോയില്ല. മാത്രമല്ല, അതിനു മുൻപും പിൻപും പല ജോലികളും നോക്കിയെങ്കിലും ഒന്നും ശരിയായില്ല.

ഓരോ വിശേഷാവസരങ്ങളിലും ബന്ധുക്കളിൽ നിന്നും മറ്റും കേൾക്കുന്ന സ്ഥിരം ചോദ്യമുണ്ട്. 'ജോലിയൊന്നും ആയില്ലേ'. എം കോം കഴിഞ്ഞ ഒരാൾ വെറുതെ വീട്ടിലിരിക്കുന്നു എന്നത് പതിവായി ചോദ്യങ്ങളുയർത്തി. പലപ്പോഴും മോശം അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്.



**കസ്റ്റമൈസ് ചെയ്യുക എന്ന ആശയത്തിന്റെ ആഴം അന്ന് ബോദ്ധ്യമായി. ആ സമ്മാനം അവരുടെ കയ്യിലല്ല മനസ്സിലാണ് സമർപ്പിച്ചത് എന്ന് തിരിച്ചറിഞ്ഞു. അതൊരു വല്ലാത്ത ഹൃദയ ബന്ധമായി.**
ഗൗരി എസ് മൂർക്കന്നൂർ

5 വർഷത്തിനിപ്പുറം ഇങ്ങനെ ഒരാശയം വന്നപ്പോൾ എന്ത് കൊണ്ട് ആയിക്കൂടാ എന്ന് തോന്നി. അങ്ങനെ 2024 ഏപ്രിൽ 7 ന് ഇൻസ്റ്റാഗ്രാം വഴി 'സമ്മാനപ്പൊതി'കൾ തുറന്നു. അച്ഛനമ്മമാരും ഭർത്താവും തന്ന ചെറിയ മൂലധനം വെച്ച് തുടങ്ങി. സമ്മാനപ്പൊതിയിലെ ആദ്യ സമ്മാനം 'വിഷു ഹാമ്പർ ' ആയിരുന്നു. സമ്മാനപ്പൊതികൾ ഇൻസ്റ്റാഗ്രാമിൽ ഇട്ടപ്പോൾ തന്നെ കുറെയധികം ആവശ്യക്കാർ വന്നു.

ആവശ്യക്കാരിലൊരാൾ ആസ്ട്രേലിയയിൽ താമസിക്കുന്ന ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ അച്ഛനമ്മമാർ നാട്ടിലാണ്. വിഷുവിന് നാട്ടിൽ വരാൻ കഴിയാതിരുന്ന അയാൾക്ക് തന്റെ അമ്മയ്ക്കും ഭാര്യാമാതാവിനും വിഷുക്കൈനീട്ടമായി ഒരു സമ്മാനം നൽകണമെന്ന് മോഹം. അദ്ദേഹം പറഞ്ഞ മാതൃകയിൽ ആ സമ്മാനം ഒരുക്കി നേരിട്ട് കൊണ്ട് കൊടുത്തു. അവർക്ക് അറിയില്ലായിരുന്നു ഇങ്ങനെയൊരു സമ്മാനവുമായി ഒരാൾ വരുന്നത്.

അദ്ഭുതം! അവർക്ക് വലിയ സന്തോഷമായി. കേവലം ഒരു ബിസിനസ് ഇടപാട് എന്ന നിലയിലായിരുന്നില്ല ആ അമ്മമാർ

**ബന്ധുക്കളിൽ നിന്നു കേൾക്കുന്ന സ്ഥിരം ചോദ്യമുണ്ട്. 'ജോലിയൊന്നും ആയില്ലേ'. അതിന്റെ ഉത്തരമാണ് ഈ സംരംഭം. നാലര മാസത്തിനുള്ളിൽ നാന്നൂറോളം സമ്മാനപ്പൊതികൾ. കേരളത്തിന് പുറത്ത് ബെംഗളൂരു, ചെന്നൈ, ഡെൽഹി എന്നിവിടങ്ങളിലേക്കും ഇന്ത്യക്ക് പുറത്ത് കാനഡ, ദുബായ് എന്നിവിടങ്ങളിലേക്കും. ഒന്നര ലക്ഷത്തിലധികം ടേൺ ഓവറും.**



ഭർത്താവ് ആര്യനും മകൾ അദ്രിജക്കുമൊപ്പം ഗൗരി

എന്നെ കണ്ടത്. കസ്റ്റമൈസ് ചെയ്യുക എന്ന ആശയത്തിന്റെ ആഴം അന്ന് ബോദ്ധ്യമായി. ആ സമ്മാനം അവരുടെ കയ്യിലല്ല മനസ്സിലാണ് സമർപ്പിച്ചത് എന്ന് തിരിച്ചറിഞ്ഞു. അതൊരു വല്ലാത്ത ഹൃദയ ബന്ധമായി. ഒരു കസ്റ്റമർ എങ്ങനെ നമ്മെ സ്വീകരിക്കുമെന്ന് അന്ന് മനസ്സിലായി.

അതോടെ സമ്മാനപ്പൊതിയെന്ന എന്റെ ജോലിയെ കൈക്കുഞ്ഞിനെപ്പോലെ ഞാൻ ആസ്വദിച്ചു തുടങ്ങി. വേറെ ഒന്നും കൊണ്ടല്ല, അവരുടെ സന്തോഷം എനിക്ക് നേരിട്ട് അറിയാൻ സാധിച്ചു. അത് തന്നെയാണ് സമ്മാനപ്പൊതിയുടെ ലക്ഷ്യവും. വരുമാനത്തോടൊപ്പം ഒത്തിരി ആളുകളുടെ സന്തോഷം കാണാൻ പറ്റുന്നു. ഒന്നിനും നേരമില്ലാത്ത ഇക്കാലത്ത് നമ്മുടെ പ്രിയപ്പെട്ടവർക്ക് സർപ്രൈസായി സമ്മാനപ്പൊതികൾ എത്തിക്കുമ്പോൾ കിട്ടുന്ന സന്തോഷം. അത് പറഞ്ഞറിയിക്കാൻ പറ്റില്ല.

നാലര മാസത്തിനുള്ളിൽ നാന്നൂറോളം സമ്മാനപ്പൊതികൾ കേരളത്തിന്റെ പലഭാഗങ്ങളിലേക്കും എത്തിച്ചു. കേരളത്തിന് പുറത്ത് ബെംഗളൂരു, ചെന്നൈ, ഡെൽഹി എന്നിവിടങ്ങളിലേക്കും ഇന്ത്യക്ക് പുറത്ത് കാനഡ, ദുബായ് എന്നിവിടങ്ങളിലേക്കും അയക്കാൻ സാധിച്ചു. ഒന്നര ലക്ഷത്തിലധികം ടേൺ ഓവറും ഉണ്ടായി.

ആവശ്യക്കാരുടെ ഇഷ്ടത്തിനും ബജറ്റിനും അനുസരിച്ച് മികച്ച സമ്മാനപ്പൊതികൾ എത്തിക്കുകയാണ് ചെയ്യുന്നത്. ആവശ്യക്കാ




## സമ്മാനപ്പൊതികൾക്ക് സമീപിക്കാം

**ഇൻസ്റ്റാഗ്രാം**

id- sammanapothi2024

**ഫോൺ: 9446902811**

## സമ്മാനപ്പൊതി
### A Basket of Happiness

ശാരീരിക അസ്വസ്ഥതകൾ മൂലം പുറത്ത് പോയി ഒന്നും വാങ്ങാൻ പറ്റാത്ത ഒരാളുണ്ടായിരുന്നു. മകനു പിറന്നാൾ സമ്മാനം നൽകണമെന്ന് അദ്ദേഹത്തിനു തോന്നി. എന്നാൽ പുറത്തു പോവാനും വയ്യ. അപ്പോഴാണ് സമ്മാനപ്പൊതിയെപ്പറ്റി അറിഞ്ഞത്. അദ്ദേഹം നൽകിയ ഓർഡർ എത്തിച്ചപ്പോൾ വല്ലാത്തൊരു ഫീൽ. ഏറ്റവും ഹൃദയസ്പർശിയായ ഒന്നായി അത്. ജൂണിലായിരുന്നു അത്. ഏറ്റവും ദൂരേക്ക് എത്തിച്ച സമ്മാനപ്പൊതി കാനഡയിലേക്കായിരുന്നു. ഒരു ഫോട്ടോ ഫ്രെയിം. ഒരു സുഹൃത്തിനെ സംഘടിപ്പിച്ചാണ് അത് അവിടെ എത്തിച്ചത്. ഈശ്വരാനുഗ്രഹം കൊണ്ട് വല്ല്യ കുഴപ്പങ്ങൾ ഇല്ലാതെ എല്ലാം എത്തിക്കാനായിട്ടുണ്ട്. വീട്ടിലിരുന്നും ചില സംരംഭങ്ങൾ നടത്താമെന്ന് എനിക്കിപ്പോൾ നല്ല ബോദ്ധ്യമുണ്ട്. ഇതുപോലുള്ള നിരവധി കാര്യങ്ങൾ വേറെ ഉണ്ടെന്നുമറിയാം. സംരംഭങ്ങളിൽ ഏർപ്പെടാൻ താല്പര്യമുള്ള സമുദായാംഗങ്ങൾക്ക് എന്റെ അനുഭവങ്ങൾ പറഞ്ഞു കൊടുക്കാനും തയ്യാറാണ്.

രുമായി സംസാരിച്ച് സമ്മാനം കിട്ടുന്ന ആളുടെ പ്രായവും അഭിരുചിയും താല്പര്യങ്ങളും മനസ്സിലാക്കിയാണ് സമ്മാനവും സമ്മാനപ്പൊതിയും തയ്യാറാക്കുന്നത്. കസ്റ്റമൈസ് ചെയ്യുന്നതിലാണ് ക്രിയേറ്റിവിറ്റി. പിറന്നാളോ ചോറൂണോ ഉപനയനമോ വിവാഹവാർഷികമോ ഓണമോ എന്നു വേണ്ട ആഘോഷങ്ങൾ എന്തുമാവട്ടെ സമ്മാനപ്പൊതികൾ റെഡിയാണ്.

മറ്റൊന്നു കൂടിയുണ്ട്. വേളി, ചോറൂണ്, പിറന്നാൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ നമ്മൾ അതിഥികൾക്ക് വേഷ്ടിയോ ഡബിൾ മുണ്ടോ ഓണപ്പുടവയോ ഒക്കെ നൽകാറുണ്ടല്ലോ. കേവലം ഒരു ഡബിൾ വാങ്ങി നൽകുന്നതിനെ ആ ചടങ്ങുമായി ബന്ധിപ്പിക്കുന്ന രീതിയിൽ കസ്റ്റമൈസ് ചെയ്ത പായ്ക്കിംഗിൽ നൽകിയാലോ. അതൊരു വേറിട്ട സമ്മാനമാവും. 'അതിഥി ദേവോ ഭവ' എന്നാണല്ലോ ആപ്തവാക്യം. അതിഥികളെ ദേവനായി പരിഗണിക്കുന്ന ഒരു കസ്റ്റമൈസേഷൻ. അതാണ് സമ്മാനപ്പൊതികളിലൂടെ ചെയ്യുന്നത്. ഇങ്ങനെയൊരു ആശയവും ഞാൻ കൊണ്ട് വന്നിട്ടുണ്ട്.

ഈ ആശയമനുസരിച്ച് എറണാകുളത്തുള്ള ഒരു കസ്റ്റമറിന് അവരുടെ മകളുടെ ചോറൂണിന് വന്നവർക്കുള്ള റിട്ടേൺ ഗിഫ്റ്റ്കൾ ഉണ്ടാക്കിക്കൊടുത്തു. അതാണ് ഏറ്റവും കൂടുതലായി ഉണ്ടായ ഗിഫ്റ്റ്. കൂടാതെ ആലുവയിലുള്ള ഒരു മാമോദിസ ചടങ്ങിനും റിട്ടേൺ ഗിഫ്റ്റുകൾ ചെയ്ത് കൊടുത്തിട്ടുണ്ട്.

കുട്ടിക്കാലം മുതൽ തന്നെ അച്ഛനും അമ്മയും സാധനങ്ങൾ വാങ്ങാനും മറ്റും പറഞ്ഞയക്കാറുണ്ട്. അങ്ങനെ ഷോപ്പിംഗിൽ നല്ല അനുഭവമായി. അത് കൊണ്ട് തന്നെ പലപ്പോഴും സമ്മാനപ്പൊതിയുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ഫോണിൽ വിളിച്ചാൽ എത്തുമെന്നായി. കൂടാതെ എന്നെ പ്രോത്സാഹിപ്പിക്കുന്ന ഭർത്താവ് കൊറിയർ ചെയ്യാനും മറ്റും സഹായത്തിനും കൂടെയുണ്ട്. ആശയങ്ങൾ പങ്കുവെക്കാനും നിർദ്ദേശങ്ങൾ ചർച്ച ചെയ്യാനും അനിയത്തിയും ഭർത്താവുമുണ്ട്. അമ്മയുണ്ടാക്കുന്ന സമ്മാനപ്പൊതികൾക്കൊപ്പം 5 വയസ്സുകാരി മകളും ശാഠ്യമില്ലാതെ കൂടെയുണ്ട്. ആര്യൻ എച്ച് ഏഴിക്കോടാണ് ഭർത്താവ്. മകൾ അദ്രിജ ആര്യൻ.

ഇപ്പോൾ പൂർണമായും സോഷ്യൽ മീഡിയ (ഇൻസ്റ്റാഗ്രാം, വാട്സ്ആപ്പ്, ഫേസ്ബുക്ക് ) വഴിയാണ് ഓർഡറുകൾ സ്വീകരിക്കുന്നത്. കൊറിയർ വഴിയാണ് വീടുകളിലേക്ക് സമ്മാനപ്പൊതികൾ എത്തിക്കുന്നത്.

ജോലിത്തിരക്കുകൾക്കിടക്ക് വിശേഷാവസരങ്ങൾ ഓർത്തു വയ്ക്കാനും പല സ്ഥലങ്ങളിലെയും വേണ്ടപ്പെട്ടവരുടെ അടുത്തെത്താനും കഴിയാത്തവർക്ക് നല്ലൊരു മോഡലാണ് സമ്മാനപ്പൊതികൾ ●

വിലാസം: ഗൗരി എസ് മൂർക്കന്നൂർ
ശ്രീകൃഷ്ണ കൃപ,കരുമാലൂർ,
ആലുവ, എറണാകുളം
ഫോൺ –9446902811




# എന്തുകൊണ്ട് മാസിക ആക്കിക്കൂടാ?

സ്വസ്തി ത്രൈമാസിക, നമ്പൂതിരി സമുദായത്തെ ശരിയായ രീതിയിൽ സ്വാധീനിക്കാനും നയിക്കാനും കഴിവുള്ള ചിന്തകളെ ചർച്ചചെയ്യാനുള്ള ഒരിടമാണ്. നിരവധി നല്ല ലേഖനങ്ങൾ വായിക്കാൻ അവസരം നൽകുകയും ചെയ്യുന്നു. വിമർശനാത്മകമായി കുറച്ചു കാര്യങ്ങൾ കൂടി കുറിക്കട്ടെ.

ഈയിടെയായി സ്വസ്തിയിൽ ജീവചരിത്രം എന്ന വിഭാഗത്തിൽ ലേഖനങ്ങൾ കാണുന്നില്ല. ജീവിത കാലത്തിനെ അടയാളപ്പെടുത്തുന്ന രേഖകളാണല്ലോ ജീവചരിത്രം? സ്വസ്തിയിൽ നമുക്കെന്തുകൊണ്ട് നമ്പൂതിരിമാരുടെ ജീവചരിത്രം ഉൾപ്പെടുത്തിക്കൂടാ? ഒരാളുടെ ജനിച്ചു വളർന്ന സ്ഥലവും, പഠനകാലഘട്ടം പിന്നിട്ട വിദ്യാലയവും വ്യക്തികളുടെ ജീവിതത്തിനെ സ്വാധീനിക്കാൻ കഴിയും. കലാ സാംസ്കാരിക മേഖലയിലോ, മറ്റു തലങ്ങളിലൊ പ്രശസ്തരായ നമ്മുടെ സമുദായത്തിലെ വ്യക്തിത്വങ്ങളുടെ ജീവചരിത്രം പ്രസിദ്ധീകരിച്ചാൽ അത് നിരവധി അസ്മാദികൾക്ക് ജീവിതവഴികാട്ടിയാവും തീർച്ച. കൂടാതെ സ്വസ്തിയുടെ എഡിറ്റോറിയൽ ബോർഡ് യുവ എഴുത്തുകാർക്ക് പ്രോത്സാഹനം നൽകുകയും വേണം. ഇനി കൂടുതൽ ലേഖനങ്ങൾ ലഭിച്ചുവെന്നാൽ സ്വസ്തി നമുക്ക് 2 മാസം കൂടുമ്പോഴോ, അതോ മാസികയായോ പ്രസിദ്ധീകരിച്ചുകൂടെ?

**നിഖിൽ ഞാളൂർ,** ഞാളൂർ മന, നടുവട്ടം (പി.ഒ), കുറ്റിപ്പുറം (വഴി), മലപ്പുറം (ജില്ല), പിൻ: 679571, മൊബൈൽ: 9744478396

# പൊതു വായനക്ക് ഉതകുന്ന രചനകളും വേണം

ഒരു വരിക്കാരൻ എന്ന നിലയിൽ ചില അഭിപ്രായങ്ങൾ പറയട്ടെ. സ്വസ്തിയിൽ കൂടുതലായും വ്യക്തികളുടെയും തറവാടുകളുടെയും പ്രൊഫൈൽ ആണ് പ്രസിദ്ധീകരിച്ചു കാണുന്നത്. ഇവ സ്വീകാര്യമല്ലെന്നല്ല. പക്ഷെ, പൊതു വായനക്കാർക്ക് കൂടുതൽ ഉതകുന്ന വിധത്തിൽ, കൂടുതൽ സാഹിത്യ രചനകൾ (കഥകൾ, കവിതകൾ, ലേഖനങ്ങൾ, നിരൂപണങ്ങൾ) ഉൾക്കൊള്ളിക്കുന്നത് നല്ലതായിരിക്കുമെന്ന് തോന്നുന്നു. സ്വസ്തിയുടെ പ്രചാരം വർദ്ധിപ്പിക്കുവാൻ ഇത് സഹായിക്കും.

**പ്രൊഫ. സി. എം നാരായണൻ,** സ്കൈലാർക്ക്, ശാന്തിവിഹാർ കോളനി, പോട്ടോർ തൃശൂർ, പിൻ 680581. മൊബൈൽ 9732051861



# യോഗാചാര്യൻ

കഴിഞ്ഞ ലക്കത്തിലെ യോഗാചാര്യൻ ശംഭുവിനെ കുറിച്ചുള്ള ലേഖനം വായിച്ചു. വളരെ നന്നായിട്ടുണ്ട്. അഭിനന്ദനങ്ങൾ...

**മീത്തിലെ മല്ലിശ്ശേരി ഗോപി** മരുതായി, മട്ടന്നൂർ, കണ്ണൂർ ജില്ല, മൈബൈൽ: 9946341321

## കുഞ്ഞെഴുത്തിന് ഇടം

സ്വസ്തി പ്രവർത്തകർക്ക് നന്ദി എന്റെ ഈ കുഞ്ഞെഴുത്തിന് ഇടം നൽകിയതിന്.

**ദേവകി. കെ.ഐ,** ഇടിപ്പ ഇല്ലം, അരീക്കൽ താഴെക്കുനിയിൽ, കുന്നുമ്മൽ, കക്കട്ടിൽ –673507,കോഴിക്കോട്, മൊബൈൽ: 9539173908


അമേരിക്കയിലെ അന്തർജനം

*ഡോക്ടർ ഉഷ തെക്കേടത്തി നെക്കുറിച്ച് കഴിഞ്ഞ ലക്കം സ്വസ്തിയിൽ വന്ന ഫീച്ചർ*

## I have circulated the post to the Mathrubhumi News Channel

Kerala planning to be a Medical Hub of the World: Hearty congratulations to Dr Usha & Dr Ramachandran Thekkedath.This feature should have appeared long back.Well, better late than never as they say. Let our mainstream media organs watch out and learn. Three cheers to Team Swasthi. I have circulated the post to the Mathrubhumi News Channel and some others. Once again Convey my regards to Dr Usha Thekkedath. Wishing Best for her future Plans.



C Radhakrishnan,
Chamravattom,
Malappuram Dt,
Mob: 9846260733


ചോരയ്ക്ക് പകരം അവാർഡ്

*1 രക്തദാനത്തിന് അവാർഡ് നേടിയ തിരൂർ വേമണ്ണ മുല്ലപ്പള്ളി മനയിൽ വാസുദേവൻ നമ്പൂതിരിയെപ്പറ്റി സ്വസ്തിയിൽ വന്ന കുറിപ്പ് 2 രക്തദാനത്തിൽ റിക്കാർഡിട്ട രാധാകൃഷ്ണൻ നമ്പൂതിരിയെക്കുറിച്ച് മംഗളത്തിൽ വന്ന വാർത്ത*


മംഗളം 2005 ഡിസംബർ വ്യാഴം KTM

രക്തദാനം ജീവദാനസന്ദേശമാക്കി രാധാകൃഷ്ണൻ

## പിശക് ചൂണ്ടിക്കാട്ടിയതിന് നന്ദി

സ്വസ്തിയിൽ രക്തദാനത്തെക്കുറിച്ച് വന്ന ഒരു ലേഖനത്തിൽ മറ്റാരും ഉണ്ടെന്ന് തോന്നുന്നില്ല എന്ന് കണ്ട് അയച്ചതാണ്. ഇങ്ങനെ ഒരാളും കൂടി ഉണ്ടെന്ന് പറഞ്ഞ് ഒരു വായനക്കാരി അയച്ചു തന്നത്.

മാവേലിക്കര കോടതിയിൽ അഭിഭാഷകനായ മുൻ ബാങ്ക് മാനേജറാണ് രാധാകൃഷ്ണൻ നമ്പൂതിരി. (മൊബൈൽ: 9447155547) 1985–ൽ എസ് ബി ടി തിരുവനന്തപുരം മെഡിക്കൽ കോളജ് ശാഖയിൽ ജോലിയിലിരിക്കെയാണ് രക്തദാനത്തിന്റെ ആദ്യാനുഭവം. രക്തത്തിന്റെ ആവശ്യവുമായി നിരവധിയാളുകൾ ബാങ്ക് ജീവനക്കാരെ സമീപിച്ചിരുന്നു. തുടക്കത്തിൽ അല്പം ഭയപ്പാടോടെ ആണെങ്കിലും കോട്ടയം സ്വദേശിയും കാൻസർ രോഗിയുമായ ഒരു സ്ത്രീക്ക് രക്തം നൽകി. ബി പോസിറ്റീവ് ഗ്രൂപ്പാണ്. 2002 –ൽ 51 പേർക്ക് രക്തം നൽകിയപ്പോൾ നമ്പൂതിരിക്ക് ബാങ്ക് അവാർഡും നൽകി. രക്ത ദാനം ചെയ്യുന്ന ദിവസം ബാങ്ക് രാധാകൃഷ്ണൻ നമ്പൂതിരിക്ക് അവധി നൽകും. തുടർച്ചയായ രക്തദാനം കൊണ്ട് ഓജസോ തേജസോ ആരോഗ്യമോ സൗന്ദര്യമോ നഷ്ടപ്പെട്ടിട്ടില്ല. വെൺമണി പാറേത്ത് പരേതനായ പ്രൊഫ. പരമേശ്വരൻ നമ്പൂതിരിയുടെയും റിട്ടയേർഡ് അധ്യാപിക സരസ്വതിയുടെയും മകനാണ്.വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മകൾ അദിതിയാണ് ഭാര്യ. മക്കൾ ഗായത്രി, ഗൗതമൻ.

(പരാമർശത്തിലെ പിശക് ചൂണ്ടിക്കാട്ടിയതിന് നന്ദി.സ്വസ്തി എഡിറ്റർ)

## യുവതലമുറക്ക് മാർഗദർശകം

നമ്പൂതിരിയെ മനുഷ്യൻ ആക്കിയ വി.ടി ഭട്ടതിരിപ്പാട്. പിന്നെ സ്വന്തം സ്വത്തു വകകൾ പോലും പാർട്ടിക്ക് കൊടുത്തു മാതൃക കാട്ടിയ രാഷ്ട്രീയ നേതാവും ആദ്യ മുഖ്യമന്ത്രിയും ആയ ഇ എം എസ് നമ്പൂതിരിപ്പാട്. സ്വാതന്ത്ര്യ സമര നേതാക്കൾ. ഇങ്ങനെ അന്നത്തെ സാമൂഹ്യ, ചരിത്ര പശ്ചാത്തലം ഒക്കെ വരച്ചു കാട്ടുന്ന ഈ ലേഖനം കേരളീയ സമൂഹത്തിനും നമ്മുടെ യുവതലമുറക്കും മാർഗദർശകമാണ്. ഇനിയും ഇത് പോലെ ഉള്ളവ പ്രതീക്ഷിക്കുന്നു. സ്വസ്തിക്കും കെ. എം എസ് ഭട്ടതിരിപ്പാടിനും അഭിനന്ദനങ്ങൾ.

**ശൈലേഷ് നമ്പൂതിരി.** സെക്രട്ടറി, ഹരിപ്പാട് ഉപസഭ, കാരക്കാട് ഇല്ലം.
പി.ഒ പള്ളിപ്പാട്, പുല്ലമ്പട, ഹരിപ്പാട്. മൊബൈൽ: 9946868060

# അർജുൻ കുറൂരിനെ പരിചയപ്പെടുത്തിയത്




ഓണപ്പതിപ്പിൽ പാനാട് കൃഷ്ണൻ നമ്പൂതിരി അർജുൻ കുറൂരിനെ പരിചയപ്പെടുത്തി എഴുതിയ മനോഹരമായ ലഘുലേഖനം. ഈ എഴുത്തിലൂടെ കേവലം ആ വ്യക്തിയെ മാത്രമല്ല കൃഷ്ണൻ പരിചയപ്പെടുത്തുന്നത്, ഫോട്ടോണിക്സിലെ പുതിയ അന്വേഷണങ്ങളെയും അതിന്റെ സാധ്യതകളെയും കൂടിയാണ്. അരീക്കോട് ഉപസഭാ ഗ്രൂപ്പിൽ വ്യക്തികളെയും സംഭവങ്ങളെയും കുറിച്ച് വിശദവും വായനാസുഖമുള്ളതുമായ കുറിപ്പുകൾ എഴുതാറുള്ള കൃഷ്ണന്റ രചനാവൈഭവം ഇനി ആയിരക്കണക്കിന് സ്വസ്തി വായനക്കാരിലേക്കും. അഭിനന്ദനങ്ങൾ.

**പാലക്കൽ മുരളി,**പാലക്കൽ ഇല്ലം, പി.ഒ: വിളയിൽ, വഴി: കുഴിമണ്ണ
മലപ്പുറം ജില്ല, മൊബൈൽ: 9446241662

## വായിക്കാൻ തോന്നിക്കുന്ന ശൈലി

പാനാട്ട് കൃഷ്ണന്റെ നല്ല ഭാഷാ പ്രയോഗം നല്ല ശൈലി വായിക്കാൻ തോന്നിക്കുന്ന ഗദ്യഘടന.ആകർഷകമാണാ രീതി ! ഇനിയും ഒരുപാട് പ്രതീക്ഷ നൽകുന്ന എഴുത്തുകാരൻ. എന്റെ ആശംസകൾ.

**എടക്കാട് പുരുഷോത്തമൻ,** പി.ഒ: വിളയിൽ,വഴി:കുഴിമണ്ണ
മലപ്പുറം ജില്ല, മൊബൈൽ: 9446972105

## Very well written. Hats off to Swasthi.

Revealing lot of unknown or unpublicised information about Dr Usha and her activities. With the brief narrative, many details and aspects of medical research which are unknown to a non-medical person has been clarified. Quite a revealing interview. Congrats to her for the achievements and best wishes in the future activities.

**T Revi**
302,Vaishnav Dham
Sector 10, New Panvel (E)
NAVI MUMBAI
Mob: 9867203567

## പ്രിന്റ് മങ്ങിയ പോലെ

ഓണപ്പതിന്റെ പല പേജുകളിലും പ്രിന്റ് മങ്ങിയ പോലെ കാണുന്നു. സീറോക്സ് കോപ്പി എടുത്ത പോലെ.

**പി എൻ വിജയൻ,**
പുളിക്കത്തൊടി മന, കരിക്കാട്, മൊബൈൽ 9496304123

അരുളപ്പാട് എന്ന സ്വസ്തി കവിത ഗോപകുമാർ ചൊല്ലിയത് കവയത്രി പി എസ് മിനി ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തത് ഇതിൽ കാണാം കേൾക്കാം.

## ചൊല്ലി കേൾക്കുന്ന സന്തോഷം

നമ്മുടെ കവിത മറ്റൊരാൾ ചൊല്ലി കേൾക്കുന്നതിനേക്കാളും സന്തോഷം മറ്റെന്താണ്.

**പി. എസ് മിനി** മണാട്ടുപൊയിൽ ഇല്ലം, സുദർശൻ, പി.ഒ
കരുമല, കോഴിക്കോട് ജില്ല മൊബൈൽ 9605317136

## നല്ല ചൊൽക്കവിത

അരുളപ്പാട് അത്യുഗൻ. നല്ല ചൊൽക്കവിത . അഭിനന്ദനങ്ങൾ.

**ജയശ്രീ പി. എം** കണ്ടോത്ത് ഇല്ലം, മട്ടന്നൂർ കണ്ണൂർ ജില്ല

# ഈ ശില്പങ്ങളും ഗണപതി നമ്പൂതിരിയുടേത്


ആ ചെമ്പൈ ഭാഗവതർ
ഈ ഗണപതി നമ്പൂതിരിയുടേത്

ഓണപ്പതിപ്പ് വായിച്ചു. തങ്ങളുടെ പ്രതിഭാചാതുരി കൊണ്ട് രംഗം കീഴടക്കിയവരും, കാണാമറയത്ത് നിന്ന് നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നവരുമായ പല പല ശ്രേണികളിലുള്ള നമ്പൂതിരി പ്രതിഭകളെ വെളിച്ചത്തു കൊണ്ടു വരുന്നതിനു വേണ്ടിയും രംഗം വിട്ടു പോയ പ്രതിഭകളെ ആദരിക്കുന്നതിനും അതുവഴി പുതു തലമുറയ്ക്ക് പ്രചോദനം നൽകാനുതകുന്നതുമായ സ്വസ്തിയുടെ പരിശ്രമം അഭിനന്ദനാർഹം തന്നെ.

മറവഞ്ചേരി കിഴക്കേടത്ത് ഉദയൻ നമ്പൂതിരിപ്പാട് എഴുതിയ ഗണപതി മാഷേ പറ്റിയുള്ള ആ ചെമ്പൈ ഭാഗവതർ, ഈ ഗണപതി നമ്പൂതിരിയുടേത് എന്ന ലേഖനം വായിച്ചു. വളരെ ലളിതമായ രീതിയിൽ എന്നാൽ വിശദമായിത്തന്നെ ഗണപതി മാഷെ കുറിച്ചും അദ്ദേഹത്തിന്റെ കലാജീവിതത്തെ കുറിച്ചും പ്രവർത്തിച്ച മേഖലകളെക്കുറിച്ചും വായനക്കാർക്ക് പരിചയപ്പെടുത്തി തന്നു. വളരെ വിജ്ഞാനപ്രദവും അതിലുപരി രസകരമായി വായിച്ചു പോകാനുതകുന്ന ആഖ്യാനരീതിയും ശ്ലാഘനീയം തന്നെ!



ഞങ്ങൾ മൂക്കുതലക്കാർക്ക് ഗണപതി മാഷ് അതിലുമുപരി പ്രിയപ്പെട്ടതാകുന്നു. കാരണം, മൂക്കുതല ഭഗവതി ക്ഷേത്രത്തിലെ ശങ്കരാചാര്യരുടേയും മേല്പത്തൂരിന്റേയും ശില്പങ്ങൾ ഗണപതി മാഷിന്റെ കരവിരുതിൽ ഉടലെടുത്തവയാണ്.
ഗണപതി മാഷെക്കുറിച്ച് എഴുതിയ ഉദയൻ നമ്പൂതിരിപ്പാടിനും പ്രസിദ്ധീകരിച്ച സ്വസ്തിക്കും അഭിനന്ദനങ്ങൾ!

**പന്താവൂർ കൃഷ്ണൻ നമ്പൂതിരി** മൂക്കുതല, മൊബൈൽ:7012990406

# വീൽ ചെയറിൽ വിമലോപ്പോൾ

ഈ സഹോദരിയെ സ്വസ്തി വഴി പരിചയപ്പെടുത്തിയത് ഗീത വാസുദേവൻ. നിശ്ചയദാർഢ്യത്താൽ പൂർണ്ണാരോഗ്യക്കാർ പോലും കടന്നുചെല്ലാത്തിടത്ത് ഇവർ എത്തി എന്നെല്ലാം വായനവഴി തിരിച്ചറിഞ്ഞു. ഗാന്ധിജയന്തി ദിനത്തിൽ പിറന്ന വിമല ബാല്യത്തിൽ തന്നെ പിള്ള വാതത്താൽ നടക്കാനാവാതായി. നന്നായി വായിക്കും, ഡയറി എഴുതും, പേപ്പർ കട്ടിംഗുകൾ എടുത്തു വയ്ക്കും അതെല്ലാം അൽബം പോലെ സൂക്ഷിച്ചു വയ്ക്കും. അതിനാലെല്ലാം ലേഖനം


*പാലേലി മോഹൻ വിമല നമ്പൂതിരിപ്പാടിനെ വെടിയൂരിൽ ചെന്ന് കണ്ടപ്പോൾ*

മനസിൽ തറച്ചു. ഉടനെ ലേഖികയെ വിളിച്ചു. പരിചയപ്പെട്ടു. കുഞ്ഞേടത്തി നിങ്ങളുടെ വിളിപ്പാടകലെയുള്ള വെടിയൂര് ഉണ്ടെന്ന്! സഹോദരി ചന്ദ്രികയുടെ കൂടെയാണെന്ന് !! ഒട്ടും താമസിയാതെ അവിടെച്ചെന്ന് നേരിൽ കണ്ടു. കുറെ സംസാരിച്ചു.നമസ്കരിച്ചാണ് പോന്നത്. വെടിയൂർ ഉള്ളവരും ഞങ്ങളും അടുത്ത സുഹൃത്തുക്കളാണ്. സ്വസ്തി വഴി കിട്ടിയ മുത്തിനെ മറക്കാനാവില്ല. കൂട്ടത്തിൽ ഒന്നുകൂടി. ലേഖകരെ വിളിച്ചഭിനന്ദിക്കാൻ എല്ലാവരും ശ്രമിക്കണം. എല്ലാവരുടേയും നമ്പർ തരുന്നുണ്ടല്ലോ.

**പാലേലി മോഹൻ** ചൊവ്വര,
മൊബൈൽ8304909076

# വായനക്കാരുടെ പേജ്

## ആ ചെമ്പൈ ഭഗവതർ മനോഹരമായി

പ്രശസ്ത ചിത്രകാരൻ ഗണപതി മാഷെ കുറിച്ച് ഉദയൻ നമ്പൂതിരിപ്പാട് എഴുതിയ ലേഖനം വളരെ നന്നായിരുന്നു. ഗുരുവായൂരിലെ ചെമ്പൈയുടെ ഛായാചിത്രം, നെഹ്റു, ശാസ്ത്രി എന്നീ ഛായാ ചിത്രങ്ങളെല്ലാം ഗണപതി മാഷ് ആണ് വരച്ചതെന്ന് ലേഖനത്തിൽ നിന്നാണ് മനസ്സിലായത്. സ്വസ്തിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു

**ഡഡി കുമാർ,**
അമ്പലപാവേരി മന,
പോസ്റ്റ്: പൊയിലശ്ശേരി, തിരൂർ
മൊബൈൽ: 9778260336.

## സ്വസ്തിക്ക് പ്രണാമം

(കഴിഞ്ഞ ലക്കം മാസികയിലെ എല്ലാ വിഭവങ്ങളും സ്വാദിഷ്ഠമായിരുന്നു. അഭിനന്ദനം)

കാലാണ്ടു, കാത്തിരിക്കേണം
'സ്വസ്തി'മാസിക കിട്ടുവാൻ
കിട്ടിയാലുടനെത്തന്നെ-
ആർത്തിയാണൊന്നു 'കാണു'വാൻ
കെട്ടിലും, മട്ടിലും, ശ്രേഷ്ഠൻ,
ഉള്ളടക്കത്തിലുഗ്രനും!
വൃത്തിയുള്ളക്ഷരത്താളും
വായിക്കാനെന്തൊരു സുഖം.
വളർന്നൂ വലുതാവട്ടെ...
വാനോളം, വികസിക്കയും,
വളരും, തലമുറക്കായി...
വഴികാട്ടിയുമാവണേ!
കരയിൽ, കടലിൽ, വായു-
മണ്ഡലത്തിൽ, നിരന്തരം
കഠിനമായദ്ധ്വാനിപ്പൂ-
'സമുദായ' സഹോദരർ,
ആലസ്യ, തിമിരത്താലെ,
അറിയാനർഹതയുള്ള-
എത്രയെത്ര മഹാന്മാരെ,
വിസ്മരിക്കുന്നു, മാനവർ!
അവർതൻ വഴിയെത്തേടി-
പഠിച്ച വിവരം നൽകി,
സേവിക്കും, മാസികേ,നിന
ക്കായിരം അഭിവാദ്യങ്ങൾ!

**അനിയൻ മണ്ണാനിക്കാട്**
പി.ഒ:എടയാറ്റൂർ,മേലാറ്റൂർ-
679326, ഫോൺ: 9633167578



## ആശ്രയതീരം

ആശങ്കയൊന്നുമേ വേണ്ട വേണ്ട
ആസ്പത്രിയെന്നുള്ള നാമത്തിനാൽ
ആശ്രിതർക്കാശ്രയമായ തീരം
കേശവ തീരമാം പുണ്യതീരം
ശാന്തമനോഹര തീരത്തിലായ്
ആശ്രമം പോലൊരു പുണ്യഗേഹം
കാടും നദിയും മയിലുമുണ്ട്
സ്നേഹവലയപ്രകൃതിയുണ്ട്
അച്ഛന്റെ വാത്സല്യ ഹസ്തമുണ്ട്
അമ്മതൻ കാരുണ്യ സ്നേഹമുണ്ട്
സോദര സ്നേഹം, കരുതലുണ്ട്
കേശവ തീരമാം ശാന്തി തീരം
ഭക്ഷ്യത്തെ ഔഷധമാക്കി മാറ്റി
മന്ത്രങ്ങൾ മേലേ മരുന്നുമായി
കൈപ്പുണ്യമോടല്ലി നൽകി പയ്യേ
സ്നേഹത്താൽ മാറ്റിടും വയ്യായ്കയെ
കേശവ തീര മഹത്വമെല്ലാം
തീരില്ലെഴുതിയാലെന്നു സത്യം.

**ബിൻസി നിത്യൻ,**
കോട്ടുവയൽ, എടച്ചേരി, വടകര,
മൊബൈൽ: 0096897457379, 8921846905

## കേശവതീരത്തെപ്പറ്റി വന്ന ലേഖനം ഏറെ ഹൃദ്യമായിരുന്നു

കേശവതീരത്തെപ്പറ്റി വന്ന ലേഖനം ഏറെ ഹൃദ്യമായിരുന്നു. അമരക്കാരനായ വിഷ്ണുവേട്ടനുമായി വർഷങ്ങളായിബന്ധമുള്ളത് കൊണ്ടു വായിക്കുമ്പോൾ ഒരു വീഡിയോ കാണുന്ന അനുഭവമായിരുന്നു. ചികിത്സാലയം എന്ന നിലയിലാണ് പ്രാധാന്യമെങ്കിലും കലാ-സാംസ്കാരികരംഗങ്ങളിലും പൈതൃക സംരക്ഷണ മേഖലയിലും അശരണർക്ക് അത്താണിയായും ഒക്കെ ഈ സ്ഥാപനം നിലകൊള്ളുന്നു. ഇത്രയും വലിയ ഒരു പ്രസ്ഥാനത്തിന്റെ മാസ്റ്റർ ബ്രെയിൻ ആണ് എന്ന ഭാവവുമില്ലാത്ത ഏറ്റവും ലാളിത്യമുള്ള ആളാണ് വിഷ്ണുനമ്പൂതിരി. പ്രകൃതിയോടിണങ്ങിച്ചേർന്ന ആരാമ സദൃശമായ അന്തരീക്ഷം . നിറ സാന്നിദ്ധ്യമായി ചെറുപുഞ്ചിരിയുമായി പത്നിയും. മകനും മകളും മരുമകളും എല്ലാം എംഡി കഴിഞ്ഞ ഡോക്ടർമാർ. ഇതിൽ കൂടുതൽ എന്തു വേണം ഒരാശുപത്രിക്ക്. ഈയൊരു സ്ഥാപനത്തെ ക്കുറിച്ച് ഇത്ര ഭംഗിയായി ചിത്രീകരിച്ച സ്വസ്തി ടീമിന് ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

**ശ്രീവിദ്യ അണലക്കാട്ട്,** കൊടക്കാട്, പയ്യന്നൂർ, മൊബൈൽ: 9495081470

## അറിയാൻ വൈകിപ്പോയി

ജീവിതത്തിലെ തിക്താനുഭവങ്ങളിൽ തളരാതെ വളർന്ന വെദിരമന വിഷ്ണു നമ്പൂതിരിയെ മുൻപേ പരിചയപ്പെടാൻ പറ്റിയില്ലല്ലോ എന്നതിലാണ് വിഷമം. സ്വസ്തി മാസികയിൽ കൂടിയാണ് അദേഹത്തെ ശരിക്കും അറിഞ്ഞത്.

പ്രകൃതി രമണീയമായ പരിസരം, പൂന്തോട്ടം, ശിൽപ്പങ്ങൾ, സദ് വചനങ്ങൾ, കഥകളി രൂപം, അഗസ്ത്യമുനിയുടെ പ്രതിമ, ഗുഹ, ഔഷധോദ്യാനം. കുട്ടികളുടെ പാർക്ക്, ഗോശാല, ശിവ-വിഷ്ണു ക്ഷേത്രങ്ങൾ, ഓഡിറ്റോറിയം, യോഗ സെന്റർ - ഇവിടെ വന്നാൽ തന്നെ അസുഖങ്ങൾ കുറഞ്ഞു തുടങ്ങും. ഇവിടത്തെ ഡോക്ടർമാരുടേയും സ്റ്റാഫിന്റേയും പെരുമാറ്റം, നിറപുഞ്ചിരി മറ്റെവിടെ നിന്ന് കിട്ടും ?

**കെ.എൻ. ശ്രീദേവി ടീച്ചർ,** മൂത്തേടത്ത് മന, ഏഴോം, കണ്ണൂർ. മൊബൈൽ: 9074368097

# വായനക്കാരുടെ പേജ്




## സ്വസ്തിയിൽ പൊതു ലേഖനങ്ങൾ പ്രസിദ്ധീകരിക്കണം

നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു പ്രസിദ്ധീകരണമായി സ്വസ്തിയെ കാണുന്നു. നമ്പൂതിരിമാരുടെയും അവരുമായി ബന്ധപ്പെട്ടതുമായ ലേഖനങ്ങളാണ് കൂടുതലും പ്രസിദ്ധീകരിക്കുന്നത്. ഇതിൽ ചെറിയ മാറ്റം ആവശ്യമാണ്. പൊതു സമൂഹത്തിൽ ധാരാളം പേർ ഈ ത്രൈമാസിക വായിക്കുന്നവരുണ്ടെന്നറിയുന്നു. അതുകൊണ്ട് ഒന്നോ രണ്ടോ പേജുകൾ പൊതു ലേഖനങ്ങൾക്കായി നീക്കി വെയ്ക്കുന്നത് നന്നായിരിക്കും .

**ടി.വാസുദേവനുണ്ണി**
നമ്പൂതിരി തിരുവാലൂർ മന,
പി.ഒ പുല്പറ്റ, വഴി മഞ്ചേരി,
പിൻ 676123 മലപ്പുറം ജില്ല
മൊബൈൽ 9447980502

## ഓണപ്പതിപ്പ് അസ്സലായി

ഓണപ്പതിപ്പിലെ വിഭവങ്ങൾ ആസ്വാദ്യകരമായിരുന്നു. റോബിൻസൺ ക്രൂസോവിനെപ്പോലെ തോൽവിയെ വകവെക്കാതെ ധീരമായി വീണ്ടും വീണ്ടും പരിശ്രമിച്ച് സിവിൽ സർവ്വീസ് ജേതാവായ അഖിലിന് ഒരായിരം അഭിനന്ദനങ്ങൾ. വരുംതലമുറയ്ക്ക് ഒരു പാഠമാണ് ആ മിടുക്കൻ.

മൂത്തിരിങ്ങോടിനെപ്പറ്റി കൂടുതൽ അറിയാൻ കഴിഞ്ഞു, ഒരുപുലാശ്ശേരി രാജേഷിന്റെ ലേഖനം വഴി.അതുപോലെ ഗണപതി മാഷ്ടെ കഴിവുകളെക്കുറിച്ച് ലേഖനം വളരെയധികം അറിവ് പകരുന്നതായിരുന്നു. പോർട്രെയിറ്റ് കണ്ടാൽ ഫോട്ടോ ആണെന്ന് തോന്നും.

ഉണ്ണികൃഷ്ണൻ കാടമ്പറ്റയുടെ ചെറുകഥ വായിച്ചു തുടങ്ങിയപ്പോൾ മുരളി (കാടമ്പറ്റ)യുടെ മകൾ പ്രസവത്തിനായി വന്നപ്പോൾ ഞങ്ങളുടെ സ്ഥലത്ത് കുറച്ചുനാൾ വാടകക്ക് താമസിച്ചതാണ് ഓർമ്മ വന്നത്. കഥയുടെ പോക്ക് കണ്ടപ്പോൾ ഗസ്റ്റായി വന്ന കുട്ടിയെ മകനെക്കൊണ്ട് വിവാഹം കഴിപ്പിക്കും എന്നു വിചാരിച്ചു. അവസാനം ഇങ്ങനെ ആകുമെന്ന് കരുതിയില്ല.

വി.ടി.വാസുദേവന്റെ ലേഖനം വിജ്ഞാനപ്രദമാണ്. പ്രസംഗം നേരിൽ കേട്ടതുമാണ്. അമേരിക്കയിലെ അന്തർജ്ജനത്തിനും അർജുൻ കുറൂരിനും ആയിരമായിരം അഭിനന്ദനങ്ങൾ. ഭാവഗായകൻ തേടിവന്ന കുഞ്ഞേടത്തിയെ സാഷ്ടാംഗം നമിക്കുന്നു (പ്രായം കുറവെങ്കിലും.)

തോറ്റു നേടിയ വിജയത്തിനുടമയായ വെദരിമന വിഷ്ണു നമ്പൂതിരിയെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല.നാഗഞ്ചേരിയുടെ കഥ വായിച്ചപ്പോൾ കഷ്ടം തോന്നി. ഇത്തരം ജന്മിമാരാകാൻ വിധിച്ചവരാണ് പല നമ്പൂതിരിമാരും. കെ.എം.എസ്. ഭട്ടതിരിപ്പാടിന്റെ ആഹ്വാനം കൊള്ളാം. പുതിയ തലമുറ അതു കേട്ടാൽ നന്നായി.

സർവ്വജ്ഞം ക്യാമ്പിനോടനുബന്ധിച്ച് പത്രസമ്മേളനം നടത്തിയ ബാല പ്രതിഭകൾക്കും, മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കിങ്ങിണിക്കൂട്ടം ക്യാമ്പിൽ പങ്കെടുത്ത കുരുന്നുകൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

**പുരുഷോത്തമൻ മംഗലം**,ഫ്ളാറ്റ് നമ്പർ 3എ, കല്യാൺ നെക്സസ്,
കേരളവർമ്മ റോഡ്, അയ്യന്തോൾ-680003, മൊബൈൽ: 9446234614

## കൂടല്ലൂർ മന യൂണിവേഴ്സിറ്റി തന്നെ ആയിരുന്നു

ബ്രാഹ്മണ സമുദായത്തിൽ കർമ്മപഥത്തിൽ മികവു തെളിയിച്ച വരെ വായനക്കാർക്ക് പരിചയപ്പെടുത്തുന്നതിൽ സ്വസ്തി വളരെ ശ്രദ്ധ പുലർത്തുന്നുണ്ട് അതുപോലെ വർഷങ്ങൾക്ക് മുമ്പ് നമ്പുതിരിമാർ (ഇല്ലങ്ങൾ) / അന്നത്തെ പൊതു സമൂഹത്തിന് നൽകിയിട്ടുള്ള സംഭാവനകൾ ചെറുതല്ല. വേദം, സംസ്കൃതം, ആയുർവേദം തുടങ്ങിയ പഠിക്കുന്നവർക്ക് കൂടല്ലൂർ മന ഒരു യൂണിവേഴ്സിറ്റി തന്നെ ആയിരുന്നു. അതുപോല കഥകളി, സംഗീതം തുടങ്ങിയ കലകൾക്ക് ഒളപ്പമണ്ണ നൽകിയ പിന്തുണ ചെറുതല്ല.യാതൊരു ലാഭേച്ഛയും കൂടാതെ അക്കാലത്ത് കുറേ സ്കൂളുകളും തുടങ്ങിയിട്ടുണ്ട് .ഇതു പോലെ പല കാര്യങ്ങളിലും പ്രാമുഖ്യം തെളിയിച്ച നമ്പൂതിരി ഗൃഹങ്ങൾ കേരളത്തിലുണ്ട്. അത്തരം ഗൃഹങ്ങളെപ്പറ്റിയും പ്രതിപാദിക്കണം.

**എ എം രമേശൻ നമ്പൂതിരി,** അത്തിപ്പറ്റ മന,
പി.ഒ: ചെത്തല്ലൂർ, മണ്ണാർക്കാട്, പിൻ: 678583,
മൊബൈൽ:9446805890

# ഏവർക്കും നവരാത്രി ആശംസകൾ




## നവരാത്രി ആശംസകൾ

**പി.എൻ. വിജയന്റെ പുസ്തകങ്ങൾ**

3 നോവൽ, 8 കഥാസമാഹാരം, 2 കവിതാസമാഹാരം,
4 വിവർത്തനം, 2 കന്നട വിവർത്തനങ്ങൾ,
2 ലേഖനസമാഹാരം, 2 ബാലസാഹിത്യം.



കഥാസമാഹാരങ്ങൾ: ഭാരതപ്പുഷ, ശ്വാസകോശത്തിൽ ഒരുശലഭം, കഥായനം, സിന്ദൂരപ്പൊട്ടു തൊട്ട അതിഥി, ദൽഹൌസി സ്ക്വയർ, തിരഞ്ഞെടുത്ത കഥകൾ: അദ്ധ്യാപകരും വിദ്യാർത്ഥികളും. കവിതാസമാഹാരം: കവിതായനം, ഭാരതീയം,ശ്ലോകകൗതുകം.നോവലുകൾ: തർപ്പണം ,പന്ത് ഉരുളുകയാണ്, ഇനി മടങ്ങാം. നോവലെറ്റുകൾ: അനാഥം,വനപർവ്വം വിവർത്തനം: ഭഗവദ്ഗീത (മലയാളം, ഇംഗ്ലീഷ്), സന്തുഷ്ട നിഴലുകളുടെ നൃത്തം, നങ്ങേമക്കുട്ടി ( ഇംഗ്ലീഷ്) ബാലസാഹിത്യം: അക്ഷരമാല, അക്ഷരപ്പൂമാല, ഉണ്ണികളേ ഒരു കഥപറയാം (കൂട്ടുരചന)

**പുളിക്കത്തൊടി മന, കരിക്കാട് , മഞ്ചേരി, പിൻ: 676123 മൊബൈൽ: 9496304123**



## നവരാത്രി ആശംസകൾ

**തരണി ഇല്ലം**

NAMBOOTHIRI'S PRODUCTS






**ഓണാട്ട് ഭഗവതി ക്ഷേത്രം ട്രസ്റ്റ് & റ്റി. ഡി. നമ്പൂതിരി ഹാൾ**

വലിയകുളങ്ങര, ഓച്ചിറ,

സെക്രട്ടറി, കെ എസ് മുരളി , ഫോൺ: 9495702801


## എൻ ഐ ടിയിൽ പ്രവേശനം ലഭിച്ച

## പി ഗോകുൽ ഗിരീഷ്



ജെ ഇ ഇ പ്രവേശനപരീക്ഷയിൽ വിജയിച്ച് കോഴിക്കോട് എൻ ഐ ടി യിൽ ഇ സി ഇ ബ്രാഞ്ചിൽ ബി ടെകിന് പ്രവേശനം ലഭിച്ച പി ഗോകുൽ ഗിരീഷ്. പെരുമണ്ണ ഉപസഭയിലെ പറക്കുന്നത്ത് ഗിരീഷ് കുമാറിന്റെയും കവിതയുടെ യും മകനാണ്.


## വിജയദശമി ആശംസകൾ

**മനസ്സിലുണരൂ ഉഷ:സന്ധ്യയായ്**
**മായാമോഹിനി സരസ്വതീ**

**പരമേശ്വര ശർമ്മയും കുടുംബവും**

*(ബിസിനസ് അസോസിയേറ്റ് ലീഡർ*
*TATA AIA, MDRT മെമ്പർ (NY USA)*
*ചാനൽ ഡവലപ്പ്മെന്റ് അസോസിയേറ്റ്,*
*റിലയൻസ് നിപ്പോൺ,*
*പ്രൊഡ്യൂസർ, ടാറ്റാ AIG*
*സീനിയർ ഡവലപ്പ്മെന്റ് മാനേജർ,*
*ഫാം ഫെഡ് ലിമിറ്റഡ്*

**പറമ്പൂർ ഇല്ലം,1 സി, നക്ഷത്രാ ബ്ളൂ ബെൽസ്**
**അപാർട്ട് മെന്റ്സ്,ചെമ്പക് ഗാർഡൻസ്,**
**പി.ഒ: മനിശ്ശേരി, ഒറ്റപ്പാലം, പാലക്കാട് ജില്ല**
**ഫോൺ 9447558306**
pkpsharma1963@gmail.com)

ഭാര്യ: സാവിത്രി അന്തർജനം.
മക്കൾ : ഡോക്ടർ ഗൗതം ശർമ്മ,
(വരോട് മെഡിക്കൽ ക്ലിനിക്)
പാർവ്വതി ശർമ്മ (ബി എ /ഓണേഴ്സ് (ഫിലിം ആന്റ് മീഡിയ സ്റ്റഡീസ്) -വെസ്റ്റ് മിൻസ്റ്റർ യൂനിവേഴ്സിറ്റി, ലണ്ടൻ)
മരുമകൾ: ഡോക്ടർ ദേവിക നമ്പൂതിരിപ്പാട്
(ഹെൽത്ത് ഓഫീസർ, ഒറ്റപ്പാലം മുനിസിപ്പാലിറ്റി
(ഗുരുവായൂർ മരങ്ങാട് മകൾ)



# ഏവർക്കും നവരാത്രി ആശംസകൾ

## ശ്ലോക് വടക്കേടം




**വിജയദശമി
വിദ്യാരംഭം
ആശംസകളോടെ**

**അച്ഛനമ്മമാർ: സുദീപ്ത് വടക്കേടം & ശ്രദ്ധ.**
**മുത്തശ്ശന്മാരും മുത്തശ്ശിമാരും:**
**സതീഷ് വടക്കേടം & സീത,ശശി കോൽപ്പുറം & ശ്രീദേവി**
**മുതുമുത്തശ്ശനും മുതുമുത്തശ്ശിമാരും: പി കെ എൻ നമ്പൂതിരി കോൽപ്പുറം & സാവിത്രി, ശ്രീദേവി വടക്കേടം**
**ശിറ്റശ്ശിയും കുടുംബവും: ശ്രീദ & കശ്യപ് കൈപ്പിള്ളി**

ഡോക്ടർ ശശികുമാർ, പറളി പാലക്കാട് ഫോൺ: 9446148132

**സ്വസ്തി വായനക്കാർക്ക്
നവരാത്രി ആശംസകൾ**

**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി
യോഗക്ഷേമസഭ ജില്ലാ സെക്രട്ടറി,
കോഴിക്കോട് & പ്രീത കോരമ്പറ്റ
മൊബൈൽ: 99464 38951**



**വിദ്യാരംഭം ആശംസകളോടെ**

## ആസ്തികാലയം





- **ഗുരുവായൂരിനടുത്ത് അഞ്ഞൂര് പൂങ്ങാട്ടു മനയിലെ ഇല്ലപ്പറമ്പിൽ.**
- **ഉപനയനം, സമാവർത്തനം, പിണ്ഡം, ശ്രാദ്ധം, തുടങ്ങി ക്രിയാദികൾ നടത്താം.**
- **കുന്നംകുളത്തു നിന്ന് 5 ഉം ഗുരുവായൂരിൽ നിന്ന് 6 ഉം കിലോമീറ്റർ.**
- **കുളം, പാർക്കിംഗ്, ക്രിയാദികൾക്ക് സാധനങ്ങൾ, പാത്രങ്ങൾ.**
- **ക്രിയക്ക് വേണ്ട നമ്പൂതിമാർ, ഓതിക്കൻമാർ തുടങ്ങിയവരും.**
- **ദൂരസ്ഥലങ്ങളിൽ നിന്ന് വരുന്നവർക്ക് താമസ ഭക്ഷണ സൗകര്യം.**
- **ഭാവിയിൽ സന്ധ്യാവന്ദനം, ഹോമ പൂജാദികൾ, വേദമന്ത്ര ക്ലാസുകളും.**

**കൂടുതൽ വിവരങ്ങൾക്ക്
പൂങ്ങാട് മാധവൻ നമ്പൂതിരി**

**944 66 24387
807 88 14387**

യോഗക്ഷേമസഭയുടെഗുരുവായൂർ, വടക്കേക്കാട് ഉപസഭകളിൽ നിന്നുമായി 7 പേരടങ്ങുന്ന ഒരു സമിതിയും ഇതിനായി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ ആഭിമുഖ്യത്തിൽ ആസ്തികാലത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് നിർവ്വഹിച്ചു. സർവ്വശ്രീ കാണിപ്പയ്യൂർ പരമേശ്വരൻ നമ്പൂതിരിപ്പാട്, ഗുരുവായൂർ ക്ഷേത്രത്തിലെ മുൻ മേൽശാന്തിമാരും, ക്ഷേത്രം ഓതിക്കന്മാരുമായ പൊട്ടക്കുഴി ഭവദാസൻ നമ്പൂതിരി, കക്കാട് ദേവദാസ് നമ്പൂതിരി, കെ.പി നമ്പൂതിരീസ് ഉടമ കൊളത്താപ്പിള്ളി ഭവദാസൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഏവർക്കും നവരാത്രി ആശംസകൾ





















### നവതി പിന്നിട്ടതിന്റെ രഹസ്യം

# വയ്യെന്നു തോന്നുമ്പോൾ മനസ്സിന്റെ ഗിയർ മാറ്റും

## ഭൂപരിഷ്കരണ നിയമത്തിനെതിരെ 1962ൽ സുപ്രീം കോടതിയിൽ പോയ വക്കീൽ

**ഹരി ചിറ്റൂർ**



ഇല്ലത്ത് പത്ത് കൊല്ലമായി ഒരു ആയുർവേദ കേന്ദ്രമുണ്ട്. അതിന്റെ ഉദ്ഘാടനം കഴിഞ്ഞ് ചെറുപ്പക്കാരൊക്കെ ഉച്ചക്ക് ഒന്നു മയങ്ങാമെന്ന് വച്ചു. അപ്പോഴേക്കും വല്യച്ഛൻ വന്ന് ഇപ്പോൾത്തന്നെ തൃശ്ശൂരിലേക്ക് പോകണമെന്നായി. മാതൃഭൂമിയിൽ വാർത്ത കൊടുക്കാൻ. പിറ്റേ ദിവസത്തെതന്നെ പത്രത്തിൽ വരണം. അതിനാണ്. തൃശ്ശൂരിൽ ചെന്നപ്പോഴേക്കും തിരിച്ചെത്താനായി ധൃതി. വാർത്ത ലോക്കൽ ടിവി ചാനലിൽ വരണം. അവരെ ഇന്റർവ്യൂവിന് ശട്ടം കെട്ടിയിട്ടുണ്ട്. അതുകഴിഞ്ഞ് നാട്ടുകാർക്കുള്ള ഡിന്നർ. എല്ലാവരെയും സ്വീകരിക്കണം. ഇതാണ് വല്യച്ഛന്റെ എനർജി ലെവൽ. അന്ന് എൺപത് പിന്നിട്ട സമയം. ഇപ്പോഴിതാ നവതി കഴിഞ്ഞു. ഇംഗ്ലീഷിൽ പറഞ്ഞാൽ നയന്റി ഇയേഴ്സ് യംഗ്. അതേ തൊണ്ണൂറു വയസ്സിന്റെ ചെറുപ്പം. ചെറുപ്പക്കാർ തോറ്റു പോകും വല്യച്ഛന്റെ എനർജി ലെവലിൽ.

ആവൂ, വയ്യ എന്നു ചെറുപ്പക്കാർ പറയുമ്പോൾ വല്യച്ഛൻ പറയാറുണ്ട് : വയ്യ എന്നു തോന്നുമ്പോൾ മനസ്സിന്റെ ഗിയർ ഒന്നു മാറ്റിയാൽ മതി, അപ്പോൾ ക്ഷീണം അറിയില്ല. ഓട്ടോമാറ്റിക് ഗിയർ ഉള്ളവർക്ക് മാറ്റേണ്ട ആവശ്യമില്ല. ചിറ്റൂർ നാരായണൻ നമ്പൂതിരിപ്പാട് എന്ന വല്യച്ഛന് ഓട്ടോമാറ്റിക് ഗിയറുണ്ട്.

സാമൂഹ്യ സാമുദായിക വിദ്യാഭ്യാസ രംഗങ്ങളിൽ ശ്രദ്ധേയനായ ചിറ്റൂർ കുഞ്ഞൻ നമ്പൂതിരിപ്പാടിന്റെ മൂത്തപുത്രനായി1934 ആഗസ്ത് 28 നാണ് അഡ്വ. സി.കെ. നാരായണൻ നമ്പൂതിരിപ്പാടിന്റെ ജനനം. എറണാകുളം ലോ കോളേജിൽ നിന്ന് ബി. എൽ. 1960 ൽ തൃശ്ശൂർ ബാറിൽ പ്രാക്റ്റീസ് ആരംഭിച്ചു. ധനലക്ഷ്മി ബാങ്ക്, നെടുങ്ങാടി ബാങ്ക്, പിയർലെസ്സ് കമ്പനി, പെരിങ്ങോട്ടുകര നമ്പൂതിരി യോഗക്ഷേമസഭ തുടങ്ങി നിരവധി സ്ഥാപനങ്ങളുടെ ലീഗൽ അഡ്വൈസറായി. നിരവധി കേസുകളിൽ ശ്രദ്ധേയമായ ഇടപെടൽ.

നമ്പൂതിരിമാർക്ക് ഏറെ ദോഷമുണ്ടാക്കിയ ഒന്നാണ് ഭൂപരിഷ്കരണ നിയമം. അതിനെതിരെ സുപ്രീം കോടതിയിൽ പോയ ഭൂവുടമ സംഘത്തിലെ വക്കീലായിരുന്നു വല്യച്ഛൻ. ഭൂവുടമകൾക്ക് ചെറിയ തരത്തിലെങ്കിലും ഗുണമുണ്ടാക്കിയത് ആ കോടതി വിധിയാണ്. ഭൂപരിഷ്കരണ നിയമം ശ്രദ്ധയോടെ പഠിച്ചതിനാലാണ് 1962ൽ സുപ്രീം കോടതിയിൽ പോയ സംഘത്തിൽ വല്യച്ഛനും ഉൾപ്പെട്ടത്. 64 കൊല്ലത്തെ പ്രാക്റ്റീസ് പൂർത്തിയാക്കി. ഇപ്പോൾ തൃശ്ശൂർ ബാറിലെ ഏറ്റവും മുതിർന്ന വക്കീലാണ്.



**വയ്യ എന്നു തോന്നുമ്പോൾ മനസ്സിന്റെ ഗിയർ ഒന്നു മാറ്റിയാൽ മതി, അപ്പോൾ ക്ഷീണം അറിയില്ല. ഓട്ടോമാറ്റിക് ഗിയർ ഉള്ളവർക്ക് മാറ്റേണ്ട ആവശ്യമില്ല. ചിറ്റൂർ മനയ്ക്കൽ അഡ്വ. സി.കെ. നാരായണൻ നമ്പൂതിരിപ്പാടിന്റെ മനസ്സ് ഓട്ടോമാറ്റിക് ഗിയർ ഉള്ളതാണ്.**

ചില സംഭവങ്ങൾ പറയാം. ബാർ അസോസിയേഷന്റെ ആവശ്യത്തിന് യാത്ര ചെയ്യുമ്പോൾ ടാക്സി പിടിക്കില്ല, മെമ്പർമാരെ സ്വന്തം വാഹനം എടുക്കാൻ നിർബന്ധിക്കും. യാത്രക്കിടയിൽ ചായ കുടിക്കാമെന്നു പറഞ്ഞാൽ, ബാഗ്



*സി. കെ നാരായണൻ നമ്പൂതിരിപ്പാട് പത്നി രമണിയോടൊപ്പം*

**നമ്പൂതിരി വിദ്യാലയത്തിനു അംഗീകാരമില്ലാതാവുമെന്നായി. ഒറ്റ വഴിയേയുള്ളൂ. സ്പെഷ്യൽ ഓർഡർ. സ്റ്റാഫിനെ കൂട്ടി മുഖ്യമന്ത്രിയായിരുന്ന കരുണാകരനെ ചെന്ന് കണ്ടു. ഇത് പ്രത്യേക പ്രാധാന്യം അർഹിക്കുന്ന സ്കൂൾ ആണെന്ന് ബോദ്ധ്യപ്പെടുത്തി. വിദ്യാലയം നിലനിർത്തുന്നതിന് ഉത്തരവുമായാണ് മടങ്ങിയത്.**

കാണിച്ച് പറയും ഇത് കണ്ട് ആരും ചായ കുടിക്കേണ്ട. പൊതുപണം എങ്ങനെ ഉപയോഗിക്കണം എന്നതിന് ഒരു മാതൃകയാണ് വല്യച്ഛൻ.

നിഷ്കർഷയും അങ്ങനെത്തന്നെ. തൃശ്ശൂർ കഥകളി ക്ലബ്ബിന്റെ സുവനീറിന്റെ പണി നടക്കുന്ന സമയം. പ്രസ്സിൽ വരട്ടേ ചോദിച്ചാൽ  തിരുമേനി ഇന്ന് വരണ്ട എന്നാവും പറയുക. പക്ഷേ, ഫോൺ വെച്ച് 10 മിനിറ്റ് കഴിയുമ്പോഴേക്കും ആൾ പ്രസ്സിലെത്തിയിട്ടുണ്ടാവും. എന്തെന്നാൽ പ്രസ്സിൽ വേറെ വർക്കുമായി ആരെങ്കിലും വന്നിട്ടുണ്ടാവും. പ്രസ്സിൽ പോയി കയ്യോടെ ചെയ്യിപ്പിച്ചാലേ സമയത്തിന് നടക്കൂ എന്നറിയാം.

നമ്പൂതിരി വിദ്യാലയത്തിന്റെ മാനേജർ ആയിരുന്ന കാലം. ക്ലാസ്സിനു ശേഷം ചുറ്റുപാടുള്ള കുട്ടികൾ ഗേറ്റ് ചാടിക്കടന്ന് ഗ്രൗണ്ടിൽ ഫുട്ബോൾ കളിക്കുകയും സ്കൂൾ കെട്ടിടത്തിന്റെ ഓടുകൾ പൊട്ടുകയും പതിവായിരുന്നു. അത് നിർത്താൻ മാനേജർ തന്നെ രാത്രി ഒമ്പതു മണി വരെ സ്കൂളിൽ റോന്ത് ചുറ്റാൻ തുടങ്ങി. അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന ഹരികൃഷ്ണൻ മാഷിനും പണിയായി. അങ്ങനെ അനധികൃതമായ കളി നിർത്തലാക്കി.

1990കളിൽ അൺ എക്കണോമിക് സ്കൂളുകൾ എടുത്തു കളയുന്ന സാഹചര്യം വന്നു. നമ്പൂതിരി വിദ്യാലയത്തിനും അംഗീകാരമില്ലാതാവുമെന്നായി. ഒറ്റ വഴിയേയുള്ളൂ. സ്പെഷ്യൽ ഓർഡർ. സ്റ്റാഫിനെ കൂട്ടി മുഖ്യമന്ത്രിയായിരുന്ന കരുണാകരനെ ചെന്ന് കണ്ടു. ഇത് പ്രത്യേക പ്രാധാന്യം അർഹിക്കുന്ന സ്കൂൾ ആണെന്ന് ബോദ്ധ്യപ്പെടുത്തി. വിദ്യാലയം നിലനിർത്തുന്നതിന് ഉത്തരവുമായാണ് മടങ്ങിയത്. അതാണ് ഇടപെടലിന്റെ ശക്തി.

തന്റെ അച്ഛനായ കുഞ്ഞൻ നമ്പൂതിരിപ്പാടിന്റെ സ്മാരകമായി 1986 മുതൽ ത്രിവിക്രമകോളേജ് എന്ന പേരിൽ പ്രീ ഡിഗ്രി, ബി.എ., ബി.കോം, എം.എ, എം.കോം, ക്ലാസ്സുകളോടെ പാരലൽ കോളേജ്  നടത്തിയിരുന്നു. അതിന്റെ സെക്രട്ടറിയായ വല്യച്ഛൻ തന്നെയാണ് എല്ലാം ചെയ്തിരുന്നത്. ചിലർ അതിനെ പൊളിക്കാൻ നോക്കി. നമ്പൂതിരി വിദ്യാലയത്തിൽ ത്രിവിക്രമ കോളേജ് അനധികൃതമായി നടത്തുന്നെന്ന് പറഞ്ഞ് പാരലൽ കോളേജ് അസോസിയേഷൻ എ.ഇ.ഒ.വിന് പരാതി കൊടുത്തു.

നമ്പൂതിരി വിദ്യാലയത്തിലെ ഹെഡ്മാസ്റ്റർ ആയിരുന്ന ചിത്രഭാനു മാഷെയും കൂട്ടി വല്യച്ഛൻ തിരുവനന്തപുരത്ത് പോയി. വിദ്യാഭ്യാസ മന്ത്രിയായിരുന്ന ചന്ദ്രശേഖരനെ കണ്ട് കാര്യം പറഞ്ഞു. കോളേജ് നടത്തുന്നത് വേറെ കെട്ടിടനമ്പർ ഉള്ള കെട്ടിടത്തിലാണ്. അതുകൊണ്ട് തുടർന്ന് പോകാം എന്ന ഓർഡർ കയ്യോടെ വാങ്ങി. യോഗക്ഷേമ വിദ്യാഭ്യാസ ട്രസ്റ്റിന്റെ കീഴിലാണ് രണ്ട് സ്ഥാപനങ്ങളും. അങ്ങനെ തുനിഞ്ഞിറങ്ങിയാൽ വിജയിച്ച് കയറുന്ന വക്കീൽ.

പറയാൻ തുടങ്ങിയാൽ ഒരുപാടുണ്ട്. തായംകുളങ്ങര ക്ഷേത്രം മാനേജിംഗ് ട്രസ്റ്റി, അയ്യന്തോൾ മണത്തിട്ട വിഷ്ണു ക്ഷേത്രക്ഷേമ പ്രസിഡണ്ട്, ധനലക്ഷ്മി ബാങ്ക് ഡയറക്ടർ, നമ്പൂതിരി വിദ്യാലയം മാനേജർ, തൃശ്ശൂർ കഥകളി ക്ലബ്ബിന്റെ രക്ഷാധികാരി അങ്ങനെയങ്ങനെ... അവിടെയൊക്കെ ഇതുപോലെ കാര്യക്ഷമത കാണിച്ച ആൾ. ഇടപെടുന്ന കാര്യത്തിൽ ആദ്യാവസാനം ഇടപെടും. കാര്യം വിജയകരമായി നിർവഹിക്കുകയും ചെയ്യും.

ആൾ കേരള കഥകളി ക്ലബ്ബ്സ് അസോസിയേഷന്റെ ബൈലോ തയ്യാറാക്കിയത് വല്യച്ഛനാണ്. സംസ്ഥാന യുവജനോത്സവത്തിൽ കഥകളി ജേതാക്കളായ തൃശ്ശൂരിലെ കുട്ടികളെ ക്ലബ്ബിൽ ക്ഷണിച്ചു വരുത്തി ആദരിയ്ക്കുന്നത് വലിയ താല്പര്യമാണ്. കഥകളി ക്ലബ്ബ് പ്രസിദ്ധീകരിച്ച 56 സോവനീറുകളും ആദ്യം മുതൽ അച്ചടിച്ചു വിതരണം ചെയ്ത രംഗ വിവരങ്ങളും, കോടതി കേസുകളുടെ രേഖകളെപ്പോലെ തന്നെ സൂക്ഷിച്ചിട്ടുണ്ട്. കഥകളി ക്ലബ്ബ് ഒരു പ്രതിമാസ പരിപാടി പോലും മുടങ്ങാതെ തുടർച്ചയായി 760 പരിപാടികൾ അവതരിപ്പിച്ചതിലും വല്യച്ഛന്റെ മുഖ്യ പങ്കുണ്ട്. 2024 ആഗസ്റ്റിലുമുണ്ടായി പരിപാടി.

2022 ൽ നമ്പൂതിരി വിദ്യാലയം വല്യച്ഛനെപ്പറ്റി ജ്ഞാനസാരഥി എന്ന പേരിൽ ഒരു ഡോക്യുമെന്ററി എടുത്തു. കഥകളി രംഗത്തെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി കലാമണ്ഡലം 2021 ൽ മുകുന്ദരാജാ പുരസ്കാരം നൽകി. കൈരളി ടി.വി.യുടെ വേറിട്ട കാഴ്ചകൾ എന്ന പരിപാടിയും വല്യച്ഛനെ തേടി വന്നു. ഒളപ്പമണ്ണ മനയിലെ ഋഗ്വേദ ഭാഷ്യകാരൻ ഒ എം സി നാരായണൻ നമ്പൂതിരിപ്പാടിന്റെ മകൾ രമണിയാണ് പത്നി. മകൻ രാജൻ തൃശൂരിൽ സോഫ്റ്റ്‌വെയർ കമ്പനി നടത്തുന്നു. മകൾ ജയ ഓർഗാനിക് ഫുഡ് പ്രൊഡക്ട്സിന്റെ ഒരു കമ്പനി നടത്തുകയാണ്. ദാമോദർ അവണൂർ ആണ് ഭർത്താവ്. ●

അഡ്വ. സി. കെ നാരായണൻ നമ്പൂതിരിപ്പാട്. ചിറ്റൂർ മന, അയ്യന്തോൾ, തൃശൂർ, മൊബൈൽ: 9446146831

ഹരി ചിറ്റൂർ, ചിറ്റൂർ മന , തായംകുളങ്ങര ,ചേർപ്പ് , തൃശ്ശൂർ, മൊബൈൽ: 98462 20419



വടക്കുമ്പാട് മനയിൽ നാരായണനും
മകൻ കൃഷ്ണചന്ദ്രനും



വെദിരമന ഹരിഗോവിന്ദും
ഭാര്യ വി.ജെ. പാർവതിയും

# വിദ്യയുടെ ഇരട്ടി മധുരവുമായി അച്ഛൻ/മകൻ: ഭർത്താവ്/ഭാര്യ

**മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരി**



വിദ്യ നേടുന്നതിന് പ്രായം തടസ്സമല്ല, എഴുപതാം വയസ്സിൽ ഡോക്ടറേറ്റ് നേടിയ വടക്കുമ്പാട് മനയിൽ നാരായണൻ നല്ല ഉദാഹരണമാണ്. വിദ്യാരംഭം പതിപ്പിൽ ഇങ്ങനെയാരാളെ പരിചയപ്പെടുത്തുമ്പോൾ വേറെ മൂന്നു പേരെക്കൂടി ഇതോടൊപ്പം പറയേണ്ടതുണ്ട്. ഒന്ന് അദ്ദേഹത്തിന്റെ മകൻ കൃഷ്ണചന്ദ്രൻ. മറ്റു രണ്ടു പേരാകട്ടെ ദമ്പതിമാരും. ഭാര്യയുടെയും അടുക്കളജോലിയുടെയും കോളേജ് അദ്ധ്യാപികയെന്ന ജോലിയുടെയും ഇടയിൽ നിന്നാണ് വി.ജെ.പാർവതി ഡോക്ടറേറ്റ് നേടിയത്. ഒപ്പം ഭർത്താവ് വി.കെ. ഹരിഗോവിന്ദും നേടി ഡോക്ടറേറ്റ്. അറിയാം ഈ നാലു പേരെയും.

ആദ്യം അച്ഛന്റേയും മകന്റേയും കഥ പറയാം. തൃശൂർ തെക്കേമഠത്തിന്റെ മനേജരും റിട്ട. അദ്ധ്യാപകനും എഴുത്തുകാരനുമാണ് വടക്കുമ്പാട് നാരായണൻ. ആധുനിക സമൂഹത്തിൽ വൈദിക സംസ്കാരത്തിന്റെ സ്വാധീനം - എർക്കരയുടെ സംഭാവന എന്ന വിഷയത്തിലാണ് ഡോക്ടറേറ്റ് നേടിയത്. സപ്തതിയോടടുത്തു ഇദ്ദേഹം. ആന്ധ്രയിലെ കുപ്പം ദ്രവീഡിയൻ യൂണിവേഴ്സിറ്റിയിൽ ഡോ. ചാത്തനാട്ട് അച്യുതനുണ്ണിയുടെ കീഴിലാണ് വിഷയം അവതരിപ്പിച്ച് ഡോക്ടറേറ്റ് നേടിയത്.

മൂന്നു പതിറ്റാണ്ടോളം പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലായിരുന്നു. മാതൃഭൂമി പ്രസിദ്ധീകരിച്ച മഹാകവി അക്കിത്തത്തിന്റെ ജീവചരിത്രം ഉൾക്കൊള്ളുന്ന ഹൃദയത്തിൽ കണ്ണുള്ള കവി എന്ന ഗ്രന്ഥത്തിന്റെ കർത്താവ്. ഇതടക്കം പത്തിലധികം പുസ്തകങ്ങളുടെ രചയിതാവ്. സാക്ഷരത പ്രോജക്റ്റ് ഓഫീസറും കണ്ടാണശ്ശേരി പഞ്ചായത്ത് വൈസ് പ്രസിഡന്റുമായിരുന്നു. വേദ പ്രചാരണത്തിനുള്ള പുരസ്കാരങ്ങൾ, നാദബ്രഹ്മ അക്കാദമിയുടെ പുരസ്കാരം തുടങ്ങിയവയും നേടിയിട്ടുണ്ട്. ഇദ്ദേഹം തൃശൂർ ബ്രഹ്മസ്വം മഠം പ്രസിഡന്റ്, സെക്രട്ടറി, വേദ ഗവേഷണകേന്ദ്രം ചെയർമാൻ, കടവല്ലൂർ അന്യോന്യ പരിഷത്ത് ഉപാധ്യക്ഷൻ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ റിട്ട. എസ്ബിഐ ഉദ്യോഗസ്ഥ ശാന്ത.

അച്ഛന് ഡോക്റ്ററേറ്റ് കിട്ടുന്നതിന് അഞ്ചു നാൾ മുമ്പാണ് മകൻ കൃഷ്ണചന്ദ്രന് ശാസ്ത്രവിഷയത്തിൽ ഡോക്റ്ററേറ്റ് ലഭിച്ചത്. കോഴിക്കോട് എൻഐടിയിൽ നിന്ന് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട പ്രബന്ധത്തിനാണ് കൃഷ്ണചന്ദ്രന് ഡോക്റ്ററേറ്റ്. പാലക്കാട് എൻ എസ് എസ് എൻജിനീയറിങ്ങ് കോളജിൽ അസി. പ്രഫസറായ കൃഷ്ണ ചന്ദ്രൻ സിവിൽ എൻജിനീയറിങ്ങിൽ ബിരുദവും സ്ട്രക്ചറൽ എൻജിനീയറിങ്ങിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. യോഗക്ഷേമ ജീവാമൃതം കമ്മിറ്റി അംഗമായ ഇദ്ദേഹം കോളജിലെ എൻഎസ്എസ് പ്രോഗ്രാം ഓഫീസറുമാ

ണ്. ഭാര്യ. നമിത. ഗുരുവായൂരിനടുത്ത് ആളൂർ എന്ന സ്ഥലത്താണ് രണ്ടുപേരും താമസം.

ഇതേപോലെത്തന്നെ ഭാര്യയും ഭർത്താവും ചേർന്ന് മറ്റൊരു കുടുംബത്തിലും വിദ്യയുടെ ഇരട്ടിമധുരം നൽകി. വേദാന്തത്തിലും കംപ്യൂട്ടർ സയൻസിലും ഡോക്ടറേറ്റ് നേടിയ യുവദമ്പതികളാണ് വി.ജെ. പാർവ്വതിയും വി.കെ. ഹരിഗോവിന്ദും. രണ്ടു വർഷം മുമ്പ് 2022 ഏപ്രിൽ 14നായിരുന്നു വിവാഹം. ഗുരുവായൂർ ശ്രീകൃഷ്ണ കോളജിലെ അദ്ധ്യാപികയായ വി.ജെ. പാർവ്വതി (തുളസി) തിരുപ്പതി ദേശീയ സംസ്കൃത സർവ്വകലാശാലയിൽ നിന്നാണ് അദ്വൈത വേദാന്തത്തിൽ ഡോക്ടറേറ്റ് നേടിയത്. ശ്രീകൃഷ്ണപുരത്തിനടുത്ത് കുളക്കാട്ടുകുറിശ്ശിയിൽ വടക്കേടത്ത് ജാതവേദൻ നമ്പൂതിരിയുടേയും സ്മിതാദേവിയുടേയും മകളാണ്. പിജി പരീക്ഷയിൽ സംസ്കൃത വേദാന്തത്തിൽ ഒന്നാം റാങ്ക് നേടിയ പാർവ്വതി ഡോക്ടറേറ്റ് നേടുമ്പോൾ പ്രായം കേവലം 27 വയസ്സ്.

കാനഡയിലെ വാട്ടർലൂ സർവ്വകലാശാലയിൽ നിന്നാണ് ഹരിഗോവിന്ദന്റെ ഡോക്ടറേറ്റ്. പാലക്കാട് വെദിരമന കൃഷ്ണൻ നമ്പൂതിരിയുടേയും സീതയുടേയും മകനാണ്. ജൂൺ പത്തിന് ഹരിഗോവിന്ദന് ഡോക്ടറേറ്റ് ലഭിച്ചപ്പോൾ 50 ദിവസങ്ങൾക്ക് ശേഷം ജൂലൈ 30ന് പാർവ്വതിക്കും ഡോക്ടറേറ്റ് ലഭിച്ചു. ഹരിഗോവിന്ദൻ തന്റെ ഇരുപത്തിനാലാമത്തെ വയസ്സിൽ 2019ലാണ് ഗവേഷണം ആരംഭിച്ചത്. പാർവ്വതി 2020ലും. കേംബ്രിഡ്ജിൽ മൈക്രോ സോഫ്റ്റ് റിസർച്ചിൽ പോസ്റ്റ് ഡോക് ചെയ്തുകൊണ്ടിരിക്കുന്ന ഹരിഗോവിന്ദൻ മൈക്രോ സോഫ്റ്റിന്റെ സ്കോളർഷിപ്പോടു കൂടിയാണ് പിഎച്ച്ഡി ചെയ്തത്.

ഡോ. വടക്കുമ്പാട് നാരായണൻ (ഫോൺ/ വാടസ് ആപ്പ് 9447441192) ഡോ. വടക്കുമ്പാട് കൃഷ്ണചന്ദ്രൻ (ഫോൺ/ വാടസ്ആപ്പ്. 9496178331) ഡോ. വി.ജെ. പാർവ്വതി (ഫോൺ/ വാടസ്ആപ്പ്. 9947604702)

തയ്യാറാക്കിയത്. ഗുരുവായൂർ ക്ഷേത്രം മുൻ
മേൽശാന്തി മൂർക്കന്നൂർ ശ്രീഹരി നമ്പൂതിരി
(ഫോൺ/ വാടസ്ആപ്പ് 9446302811)

## എൻ ഐ ടിയിൽ ജോലി ലഭിച്ച ശ്രീരാജ്



കോഴിക്കോട്ട് എൻ ഐ ടിയിൽ ഡിപ്പാർട്ട്മെന്റ് ഓഫ് എജുക്കേഷനിൽ ജോലിയിൽ പ്രവേശിച്ച കോഴിക്കോട് പുത്തില്ലം മധു നമ്പൂതിരിയുടെ മകൻ ശ്രീരാജ്.

## സി.എ. പരീക്ഷ വിജയിച്ച ഇന്ദുമതി



സി.എ. പരീക്ഷ വിജയിച്ച യോഗക്ഷേമസഭ ലീഗൽ അഡ്വൈസർ പി എൻ ഡി നമ്പൂതിരിയുടെ (9447396577 ) മകൻ അഡ്വ. ഹൃത്വിക്കിന്റെ സഹധർമ്മിണി ഇന്ദുമതി.

## ഇലക്ട്രോണിക്സിൽ ഡോക്ടറേറ്റ് നേടിയ പി.കെ.ശ്രീകാന്ത്



വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് ഇലക്ട്രോണിക്സ് എൻജിനീയറിങ്ങിൽ ഡോക്ടറേറ്റ് നേടിയ പി.കെ. ശ്രീകാന്ത്. കോയമ്പത്തൂർ പി.എസ്.ജി.. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ അസിസ്റ്റന്റ് പ്രൊഫസറാണ്. തിരൂർ പുത്തൂർ മനയിൽ കിരാതമൂർത്തിയുടെയും ശ്രീദേവിയുടെയും മകനാണ്. കണ്ണൂർ സപ്ലൈകോയിൽ ഉദ്യാഗസ്ഥയായ സ്നേഹയാണ് ഭാര്യ.

## സി.എ. വിജയിച്ച സനൂപ് നാരായണൻ



2024 മെയ് സി എ ഫൈനൽ പരീക്ഷയിൽ വിജയിച്ച് ചാർട്ടേർഡ് എക്കൗണ്ടന്റ് ആയ എം എസ് സനൂപ് നാരായണൻ. മാള മരുതൂർ മന സതീശൻ, ബിന്ദു ദമ്പതിമാരുടെ മകൻ. സനൂപ്: 8111809761. സതീശൻ മരുതൂർ. 9447268730

# യോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് പൈതൃക പഠനത്തിൽ പി.എച്ച്.ഡി.

‘ഇന്ത്യയുടെ അനുഷ്ഠാന പരമായ ഭൂപ്രദേശത്തിന് ഒരു വ്യാഖ്യാനം, കളമെഴുത്തുപാട്ട് എന്ന ഉദാഹരണത്തിലൂടെ’ എന്ന വിഷയത്തിൽ ഇംഗ്ലണ്ടിലെ യോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്നും പൈതൃക പഠനത്തിൽ വിജയകരമായി പി.എച്ച്.ഡി. പൂർത്തീകരിച്ച ദേവകുമാർ തെഞ്ചേരി. വേട്ടയ്ക്കൊരു മകൻ പാട്ടിന്റെ ഉത്ഭവം, അതുമായി ബന്ധപ്പെട്ട വി



ദേവകുമാർ തെഞ്ചേരി

വിധങ്ങളായ പൈതൃകം, ഒരു പ്രത്യേക ഭൂപ്രദേശത്ത് ഈ അനുഷ്ഠാനം ചെലുത്തുന്ന സ്വാധീനം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചുള്ളതാണ് ഈ ഗവേഷണം.

താമരശ്ശേരി അവനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈനിലെ അസോസിയേറ്റ് പ്രൊഫസറായ ദേവകുമാർ, തെഞ്ചേരി കൃഷ്ണൻ നമ്പൂതിരിയുടേയും ഭാരതി അന്തർജനത്തിന്റേയും മകനാണ്. ഭാര്യ - അശ്വതി കൃഷ്ണൻ. മക്കൾ - ആദിദേവ് കൃഷ്ണൻ, അദിത്രി ഭാരതി.

# രാഷ്ട്രസേവികാ സമിതി പ്രാന്ത സഞ്ചാലിക

നാഗ്പൂർ: രാഷ്ട്രസേവികാ സമിതി കേരള പ്രാന്തസഞ്ചാലികയായി ഡോ. ആര്യാദേവിയെ നാഗ്പൂരിൽ ചേർന്ന അഖില ഭാരതീയ പ്രതിനിധിസഭയിൽ തിരഞ്ഞെടുത്തു. നിലവിൽ പ്രാന്ത കാര്യവാഹികയാണ്. സ്വസ്തി ചീ



ഡോ. ആര്യാദേവി

ഫ് എഡിറ്റർ കൊയ്ത്തടി ചെറുമുക്ക് പരമേശ്വരന്റെ പത്നിയാണ്.

നാഗ്പൂർ രേശിംഭാഗിലെ സ്മൃതി മന്ദിരത്തിലാണ് രാഷ്ട്ര സേവികാ സമിതി അഖില ഭാരതീയ കാര്യകാരി മണ്ഡലും പ്രതിനിധി സഭയും ചേർന്നത്.

## വേദപരീക്ഷയിൽ ഒന്നാം സ്ഥാനവും സുവർണ്ണ മുദ്രയും

2024 മെയ് മാസം തൃശൂർ ബ്രഹ്മസ്വം മഠത്തിൽ വെച്ചു അഖിലേന്ത്യ തലത്തിൽ നടന്ന വേദ പരീക്ഷയിൽ ഒന്നാം സ്ഥാനവും സുവർണ്ണ മുദ്രയും നേടിയ കാവപ്ര മാറാത്ത് നാരായണൻ നമ്പൂതിരി. കടവല്ലൂർ അന്യോന്യത്തിൽ സ്ഥിരമായി പങ്കെടുക്കുന്നു. ഡൽഹിയിൽ



നാരായണൻ നമ്പൂതിരി

നടന്ന വേദ സമ്മേളനത്തിലും, കോഴിക്കോട് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ നടന്ന വേദ സെമിനാറിൽ പങ്കെടുത്തിട്ടുണ്ട്. സംസ്കൃതത്തിൽ ബിരുദവും ബി എഡും നേടി എടപ്പാളിൽ അധ്യാപകനായി ജോലി ചെയ്യുന്നു . ബ്രഹ്മസ്വം മഠത്തിൽ താമസിച്ച് വേദവും ആധുനിക വിദ്യാഭ്യാസവും നേടിയ വിദ്യാത്ഥിയായിരുന്നു.



## സ്വർണമെഡൽ നേടിയ ഋഷികേശ്

അസമിൽ നടന്ന ദേശീയ മുവായ് തായ് ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ സ്വർണമെഡൽ നേടിയ ഋഷികേശ്. ഷൊർണൂർ ആറാണി കോമഠത്തില്ലത്ത് അജേഷ്കുമാറിന്റെയും ദിവ്യയുടെയും മകനാണ്. വാണിയംകുളം ടി.ആർ.കെ. ഹയർ സെക്കൻഡറി എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ്.



## ഡോക്റ്ററേറ്റ് നേടിയ ദേവിപ്രിയ വി.പി.

കോഴിക്കോട് എൻ ഐ ടി സിവിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഡോക്റ്ററേറ്റ് നേടിയ മുക്കം താമരക്കുളം വിഷ്ണുപ്രസാദിന്റെ സഹധർമ്മിണി ദേവിപ്രിയ വി.പി.



ഡോ കെ.കെ ദീപ

## യൂനിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസിലേക്ക്

ഡോ കെ.കെ ദീപ ബി.എ.എം.എസ്, എം.ഡി., പി.എച്ച്.ഡി. യെ കേരള യൂനിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ ബോർഡ് ഓഫ് സ്റ്റഡീസിലേക്ക് (പി ക്ലിനിക്കൽ യു.ജി.) വൈസ് ചാൻസലർ നോമിനേറ്റ് ചെയ്തിരിക്കുന്നു. പ്രശസ്ത ഭാഗവതാചാര്യൻ കൂടിയായ ഡോ തോട്ടം നീലകണ്ഠൻ നമ്പൂതിരിയുടെ പത്നിയാണ്.

## സി.എ. പരീക്ഷ വിജയിച്ച സുവർണ.വി.

2024 മെയ് മാസത്തിൽ നടത്തിയ സി എ ഫൈനൽ പരീക്ഷയിൽ വിജയിച്ച സുവർണ.വി. നവി മുംബൈയിലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഹെഡ് ഓഫീസിൽ സിസ്റ്റംസ് ഡെപ്യൂട്ടി മാനേജരായ അഖിൽ നാരായണന്റെ പത്നിയാണ്. തൃശ്ശൂർ



സുവർണ.വി.

അയ്യന്തോൾ അവിനിക്കാട് മനയ്ക്കൽ ഡോ. നീലകണ്ഠന്റേയും ലീനയുടേയും മകന്റെ പത്നിയും പാലക്കാട് കടമ്പൂർ വേമഞ്ചേരി മനയ്ക്കൽ അനിൽ നമ്പൂതിരിപ്പാടിന്റെയും മാലിനിയുടെയും മകളുമാണ് ചാർട്ടേഡ് അക്കൗണ്ടന്റ് ആയ സുവർണ.വി.

## മൃദംഗപഠനത്തിന് ഫെലോഷിപ്പ്

മൃദംഗത്തിലെ തഞ്ചാവൂർ ബാണിയെ ആസ്പദമാക്കിയുള്ള പഠനത്തിന് പാലക്കാട് കുന്നത്തൂർമേട് അയിരിൽ മന എ.എം. ഹരിനാരായണന് ജൂനിയർ വിഭാഗം ഫെലോ ഷിപ്പ് ലഭിച്ചു. മൃദംഗവിദ്വാൻ പാലക്കാട് എസ്.എ. രാമകൃഷ്ണനാണ് ആദ്യഗുരു. ഡോ. ടികെ. മൂർത്തിയുടെ ശിഷ്യൻ കെ.പി.



എ.എം. ഹരിനാരായണൻ

പരമേശ്വരൻ, ഡോ. ടി.കെ. മൂർത്തി എന്നിവരുടെ കീഴിലും അഭ്യസനം തുടർന്നു. ഇന്ത്യയ്ക്ക് അകത്തും പുറത്തും മികച്ച കലാകാരന്മാർക്കൊപ്പം ഹരിനാരായണൻ വേദി പങ്കിട്ടിട്ടുണ്ട്. കാഞ്ചി കാമകോടിപീഠം ശങ്കരാചാര്യർ 'ആസ്ഥാനവിദ്വാൻ' പദവി നൽകി ആദരിച്ചിട്ടുണ്ട്. 'മൃദംഗതത്ത്വം' എന്ന പേരിൽ തയ്യാറാക്കിയ ഡോക്യുമെന്ററി ഏറെ ശ്രദ്ധേയമായി.

## സ്വരവും മുദ്രകളും തെറ്റാതെ ചൊല്ലി വേദമൂർത്തി പുരസ്ക്കാരം

തൃശൂർ ബ്രഹ്മസ്വം മഠത്തിൽ 2024 മെയ് മാസം നടന്ന വേദ പരീക്ഷയിൽ വേദ സംഹിത സ്വരവും മുദ്രകളും തെറ്റാതെ ചൊല്ലി പൂർത്തിയാക്കി വേദമൂർത്തി പുരസ്ക്കാരം 2024 നേടിയ മഞ്ചേരി എളംകൂർ അടികളേടം നവനീത് നമ്പൂതിരി.

ഗിരീശൻ നമ്പൂതിരിയുടേയും, ഉഷ അന്തർജനത്തിന്റേയും മകനാണ്. ഇപ്പോൾ തൃശൂർ ബ്രഹ്മസ്വം മഠത്തിൽ വേദ അധ്യാപകനായി ജോലി ചെയ്യുന്നു.



നവനീത് നമ്പൂതിരി

## ടാറ്റ മെമ്മോറിയൽ സെൻററിൽ പ്രവേശനം നേടിയ ആത്മജ

പുറംങ്കൽ മുതുമന ശ്രീധരൻ നമ്പൂതിരിയുടെ മകൾ ആത്മജ പി എംന് ഇന്ത്യയിലെ പ്രശസ്തമായ ടാറ്റ മെമ്മോറിയൽ സെൻറർ മുംബൈയിൽ എം എസ് സി ന്യൂക്ലിയർ മെഡിസിൻ മോളിക്കുലർ ഇമേജിങ് ടെക്നോളജിക്ക് അഡ്മിഷൻ കിട്ടി. വെറും 15 സീറ്റ് മാത്രമുള്ള കോഴ്സ് ആണ് ഇത്.



ആത്മജ



## ഫുഡ് സേഫ്റ്റി ഓഫീസർ ആയി പൂർണിമ

ഭക്ഷ്യ സുരക്ഷ വകുപ്പ് മഞ്ചേരി സർക്കിളിൽ ഫുഡ് സേഫ്റ്റി ഓഫീസർ ആയി ജോലിയിൽ പ്രവേശിച്ച മുക്കം ഉപസഭയിലെ താമരക്കുളം ലിനേഷ് നമ്പൂതിരിയുടെ ഭാര്യ പൂർണിമ ബി.എ.എം എസ്, എം ഡി.



**അഭിഷേക് എസ് ഭട്ടതിരി**

## വിഷ്വൽ കമ്യൂണിക്കേഷനിൽ ഒന്നാം റാങ്ക് നേടി

ബാംഗ്ലൂർ ക്രിസ്തു ജയന്തി കോളേജ് നിന്നും വിഷ്വൽ കമ്യൂണിക്കേഷൻ ഒന്നാം റാങ്ക് നേടിയ അഭിഷേക് എസ് ഭട്ടതിരി. മാന്നാർ ഉപസഭയിൽ അടിമുറ്റത്ത് മഠം സുരേഷ് ഭട്ടതിരിയുടെയും സുജ സുരേഷിന്റെയും മകനാണ്.




*കോഴിക്കോട് എൻ.ഐ.ടി. യിൽ നിന്ന് മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ഡോക്ടറേറ്റ് നേടിയ അരുൺ എം.ജി. കേന്ദ്രമന്ത്രി ജോർജ് കുര്യനിൽ നിന്ന് സർട്ടിഫിക്കറ്റ് ഏറ്റു വാങ്ങുന്നു*

## എൻ.ഐ.ടി.യിൽ നിന്ന് ഡോക്ടറേറ്റ് നേടിയ അരുൺ എം.ജി.

തിരുവനന്തപുരം അരുവിക്കര ശ്രീകൃഷ്ണ ഭവനിൽ (ഇടമന) മാധവൻ പോറ്റിയുടെയും ഗീതാദേവിയുടെയും മകൻ അരുൺ എം.ജി. കോഴിക്കോട് എൻ.ഐ.ടി. യിൽ നിന്ന് മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ഡോക്ടറേറ്റ് നേടി. അരുവിക്കര ഉപസഭ അംഗം ആണ്.

## എൻ ഐ ടിയിൽ പ്രവേശനം ലഭിച്ച പി ഗോകുൽ ഗിരീഷ്



ജെ ഇ ഇ പ്രവേശനപരീക്ഷയിൽ വിജയിച്ച് കോഴിക്കോട് എൻ ഐ ടിയിൽ ഇ സി ഇ ബ്രാഞ്ചിൽ ബി ടെകിന് പ്രവേശനം ലഭിച്ച പി ഗോകുൽ ഗിരീഷ്. പെരുമണ്ണ ഉപസഭയിലെ പറക്കുന്നത്ത് ഗിരീഷ് കുമാറിന്റെയും കവിതയുടെയും മകനാണ്.



## അമർനാഥ് നമ്പൂതിരി റാവൽജി

ബദരിനാഥ് ക്ഷേത്രത്തിലെ റാവൽജി അഥവാ മുഖ്യ പൂജാരിയായി വാരണക്കോട് അമർനാഥ് നമ്പൂതിരി തിരഞ്ഞെടുക്കപ്പെട്ടു. നാലു വർഷമായി നൈബ് റാവൽ ( അസിസ്റ്റന്റ് റാവൽ ) ആയി പ്രവർത്തിക്കുകയായിരുന്നു.ശങ്കരാചാര്യരുടെ കാലം തൊട്ട് മലയാള ബ്രാഹ്മണർ മാത്രമേ റാവൽജി ആകാറുള്ളൂ. ഇരിങ്ങാലക്കുട വേദപാഠശാലയിൽ നിന്നും വേദപഠനം നടത്തിയ അമർനാഥ് നിരവധി വേദസദസ്സുകളിൽ പങ്കെടുത്തിട്ടുണ്ട്. ശ്രീശങ്കരാചാര്യരാണു ബദരി ക്ഷേത്രം പുനരുദ്ധരിച്ചത്. കേരള ബ്രാഹ്മണനെ റാവൽജിയായി അവരോധിച്ചു. ഉത്തരാഖണ്ഡ് സർക്കാരിന്റെ പ്രത്യേക പദവിയും റാവൽജിക്കുണ്ട്.

## ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ പി.എസ്.ശാരദ



കോയമ്പത്തൂർ ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ പി.എസ്.ശാരദ. മുള്ളൂർക്കര എൻ.എസ്.എസ്. ഹയർ സെക്കൻഡറി സ്കൂൾ ഹയർ സെക്കൻഡറി വിഭാഗം ഇംഗ്ലീഷ് അധ്യാപികയാണ്. ഒറ്റപ്പാലം പാലത്തോൾ മനക്കൽ ശിവരാമകൃഷ്ണൻ നമ്പൂതിരിയുടെയും ടി. എൻ. ശ്രീദേവിയുടെയും മകളും ചേലക്കര വെമ്പോല മനക്കൽ വി.എം.ഹരീഷിന്റെ ഭാര്യയുമാണ്.

## മികവിന്റെ തിളക്കം / ഏവർക്കും സ്വസ്തിയുടെ അഭിനന്ദനങ്ങൾ



### ഗായത്രി ഇനി പൈലറ്റ്

കാനഡയിൽ നിന്ന് പൈലറ്റ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കി കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് നേടിയ ഗായത്രി. പെരുമ്പടപ്പ് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടേയും (മാനേജർ, ധനലക്ഷ്മി ബാങ്ക്) ബിന്ദു അന്തർജനത്തിന്റെയും (അസി. പ്രൊഫസർ, എം.ഇ.എസ്. കോളേജ്, മണ്ണാർകാട്) ഏക മകളാണ് ഗായത്രി.



### ബി.ടെക് മൂന്നാം റാങ്ക് നേടിയ ആരഭി പരമേശ്വരൻ

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഇക്കഴിഞ്ഞ (2020-24) ബി.ടെക് ഐ.ടി. വിഭാഗത്തിൽ മൂന്നാം റാങ്ക് നേടിയ ആരഭി പരമേശ്വരൻ. ദിലീപ് കരുവാടിന്റെയും സാവിയുടെയും മകളാണ്. തൃശൂർ ജില്ലയിലെ വടക്കേക്കാട് ഉപസഭാംഗം.



### എം.ബി.എ വിജയം നേടിയ അരുൺ തിരുവാലൂർ

കൊച്ചി അമൃത സ്കൂൾ ഓഫ് ബിസിനസ്സിൽ നിന്നും മാർക്കറ്റിംഗ് & ഫിനാൻസിൽ എം.ബി.എ ഫസ്റ്റ് ക്ലാസോടെ വിജയം നേടിയ അരുൺ തിരുവാലൂർ. പുല്പറ്റ തിരുവാലൂർ വാസുദേവനുണ്ണി നമ്പൂതിരിയുടേയും സുധയുടേയും മകനാണ്.

### എം.ടെക് മൂന്നാം റാങ്ക് നാരായണൻ നമ്പൂതിരിക്ക്



ഐ.ഐ.ടി. മുംബൈ യിൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിംഗിലെ മെഷീൻ ഡിസൈനിൽ എം.ടെക് മൂന്നാം റാങ്ക് നേടിയ എൻ.പി. നാരായണൻ നമ്പൂതിരി. മുൻ ശബരിമല മേൽശാന്തി കണ്ടിയൂർ നീലമന ഇല്ലം പരമേശ്വരൻ നമ്പൂതിരിയുടെയും ഉമാദേവിയുടെയും മകൻ ആണ്.



### എം.എസ്.സി. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രിയിൽ മൂന്നാം റാങ്ക് നേടിയ നീരജ

എം. ജി. യൂണിവേഴ്സിറ്റിയുടെ ഇക്കഴിഞ്ഞ (2022 അഡ്മിഷൻ) എം.എസ്.സി. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ നീരജ കൃഷ്ണൻ. റാന്നി നീലമന ദേവിശ്രീയത്തിൽ കൃഷ്ണൻ നമ്പൂതിരിയുടെയും (Retired KSHB), വിജി നമ്പൂതിരിയുടെയും മകളാണ്.



## കടപ്ര നീലമന ജി. മാധവൻ പോറ്റിയെ ആദരിച്ചു

തിരുവനന്തപുരം: പമ്പാ ഗണപതി ക്ഷേത്രം മേൽശാന്തിയായി തിരഞ്ഞെടുത്ത വെള്ളനാട് വെളിയന്നൂർ കടപ്ര നീലമന ജി. മാധവൻ പോറ്റിയെ മുൻ ശബരിമല മേൽശാന്തി ഗോവിന്ദൻ നമ്പൂതിരി പുതുമന മനു നമ്പൂതിരി എന്നിവർ ചേർന്ന് ആദരിച്ചു. വെള്ളനാട് വെളിയന്നൂർ കടപ്ര നീലമനയിൽ (മാധവവിലാസം) ഗോവിന്ദൻ പോറ്റിയുടേയും തങ്കമണി അന്തർജനത്തിൻറെയും മകനാണ് മാധവൻ



## പെരിയമന കൃഷ്ണൻ പോറ്റിയെ ആദരിച്ചു

നിയുക്ത ശബരിമല കീഴ്ശാന്തി തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ പെരിയമന കൃഷ്ണൻ പോറ്റിയെ ശ്രീകാര്യം ഉപസഭ ആദരിക്കുന്നു

പോറ്റി. അശ്വതി സ്വർണ്ണലേഖയാണ് ഭാര്യ. ഗോവിന്ദ് നാരായണൻ, അനന്തമാധവൻ എന്നിവർ മക്കളാണ്. വെയിയന്നൂർ മഹാവിഷ്ണു ക്ഷേത്രം മുൻ ഓഡിറ്റർ ആയിരുന്നു.

**പാണിഗ്രഹണം കോളത്തിൽ ജാതക പരസ്യങ്ങൾക്ക് 1000 രൂപ മാത്രം വിളിക്കുക 9745137987**



**ശ്രീജിത്ത്** - അവിട്ടം നക്ഷത്രം പ്രായം 42 വയസ്സ് (നമ്പൂതിരി സമുദായം) ശാന്തി പ്രവർത്തി, സ്വന്തമായി കുടുബം പുലർത്താനുള്ള ചുറ്റുപാടുകളും ,കാര്യ പ്രാപതിയുമുണ്ട്, ബാദ്ധ്യതകൾ ഇല്ല, ജാതകപൊരുത്തം നിർബന്ധമില്ല, ബ്രാഹ്മണ സമുദായത്തിൽ നിന്നോ മറ്റ് അമ്പലവാസി സമുദായങ്ങളിൽ നിന്നോ വിവാഹ ആലോചനകൾ ക്ഷണിയ്ക്കുന്നു. ശ്രീജിത്ത്. പി എസ്, S/o ശ്രീധരൻ നമ്പൂതിരി, കാരണത്ത് ഇല്ലം, നീണ്ടൂർ (പിഒ), കോട്ടയം - 686601, Ph:9447701225

കൂടുതൽ വിവരങ്ങൾക്ക്
Ph:9448041513

ബു ശു ച ശി

| | | | |
|---|---|---|---|
| | ഗു മന്ദ | | |
| ച | ഗ്രഹനില | | ബു ശു രാ |
| ശി | | | ര മാന്ദി |
| ല | കു | | |

ര കു ഗു ല

രാ മന്ദ മാന്ദി

**കവിത കെ.എം.** ജനനം: 28.8.1999. സമയം: 3.09 pm. നക്ഷത്രം: പൂരൂരുട്ടാതി. ഉയരം: 156 സെ.മീ. വെളുത്ത നിറം, ഗോത്രം: അത്രി. വിദ്യാഭ്യാസ യോഗ്യത: എം.കോം. വിലാസം: കുന്നോത്ത് മണ്ണൂർ ഇല്ലം, പട്ടാനൂർ പി.ഒ. കണ്ണൂർ. ഫോൺ: 9605449385, 9074463016.

ജന്മശിഷ്ട വ്യാഴദശ 5-11-1

കു ശു മാ ശ

| | | | |
|---|---|---|---|
| | | | ശി |
| ര ബു | ഗ്രഹനില | | |
| ല കു ശു ശ മാ | | | ച ഗു |
| സ | | | |

ശി, ല ബു, ര ച — സ, ഗു

**ശ്രീകാന്ത് കപാലി കുറുമാത്തൂർ.** ജനനം: 20.02.1992. സമയം: 4.45 am. ജനനസ്ഥലം: മംഗലാപുരം, കർണാടക. ഉയരം: 168 സെ.മീ. നക്ഷത്രം: ഉത്രം. ഗോത്രം: കാശ്യപ. വിദ്യാഭ്യാസം: ബി.ഇ (ഇ.സി.ഇ.), എം.ബി.എ. (മാർക്കറ്റിംഗ്)- ഐ.ഐ.എം, സിർമൗർ. ജോലി: ഡീൽ സ്ട്രാറ്റജിസ്റ്റ്, നിവ്യൂസ് സൊല്യൂഷൻസ്. പരിഗണന: വിശാല ചിന്താഗതിക്കാരായ യുവതികൾ. അച്ഛൻ: കപാലി കുറുമാത്തൂർ. അമ്മ: സരസ്വതി. (രണ്ടുപേരും ദേശസാൽകൃത ബാങ്ക് ജീവനക്കാരായിരുന്നു). സഹോദരിമാർ: രണ്ടു പേരും വിവാഹിതർ. ഇല്ലം: കുറുമാത്തൂർ,തളിപ്പറമ്പ്, അമ്മാത്ത്: വടവർകോട്ടു മന, ചേലക്കര, തൃശൂർ. വിലാസം: സ്വർണദീപ അപ്പാർട്ട്മെന്റ്സ്, മംഗലാപുരം-575004. ഫോൺ: +91 9964586489.

സ ബു ഗു

| | | | |
|---|---|---|---|
| | സ | | ര ബു |
| ഗു | ഗ്രഹനില | | ശു |
| | | | മാ |
| കു | മ | ച ശി | ല |

ച കു

മാ ര മ ശി ശു ല

**അനൂപ് കെ.പി.,** ജനനം 18.06.1986. സമയം: 2.10 pm, നക്ഷത്രം: ചോതി. ഗോത്രം: വിശ്വാമനിത്ര. ഉയരം: 178 സെ.മീ. ഇരുനിറം. വിദ്യാഭ്യാസം: എം.കോം (ഫൈനാൻസ്), ജോലി: ശാന്തി. അച്ഛൻ: കെ.വി.പരമേശ്വരൻ നമ്പൂതിരി, അമ്മ: ടി.എൻ.ഗൗരി, സഹോദരി: ഒരാൾ (വിവാഹിത). വിലാസം: കല്ലേലിമന, നോർത്ത് മഴുവന്നൂർ പി.ഒ., എറണാകുളം- 686689. ഫോൺ: 9846168037. E-mail: anoopkp1987@gmail.com

ര ശി കു

| | | | |
|---|---|---|---|
| | | ല ശി | |
| മ | ഗ്രഹനില | | മാ |
| | | | |
| കു ച | ര സ ബു ശു | ഗു | |

ശു ഗു, ബു — ച മാ, ല, സ

മ

**വിഷ്ണു ടി.ദാമോദരൻ.** ജനനം: 14.12.1993, സമയം: 12.12. pm. ജന്മസ്ഥലം: കോഴിക്കോട്, ഉയരം: 182 സെ.മീ. നക്ഷത്രം: മൂലം 4-ാം പാദം, വിദ്യാഭ്യാസം: ബി.ടെക് (ഇ.സി.). ജോലി: സോഫ്റ്റ്‌വെയർ എൻജിനീയർ, മുൻഗണന വിദ്യാഭ്യാസമുള്ള യുവതികൾ. അച്ഛൻ: ടി.വി.ദാമോദരൻ (Late), അമ്മ: പ്രസന്ന (പി.എസ്.യു.). സഹോദരി (ഉദ്യോഗസ്ഥ). അമ്മാത്ത്: തിരുവാളൂർ, മഞ്ചേരി. വിലാസം: താമരക്കുളം, ഏരൂർ പി.ഒ., തൃപ്പൂണിത്തുറ, എറണാകുളം. മൊബൈൽ 9074128949. ഗർഭശിഷ്ടദശ: 0-0-18.

## ഉപനയനം ആശംസകൾ



ഉപനയനം:

12-7-2024

**നിവേദ്**

S/o പാഞ്ഞാൾ
മാത്തൂർ മന
പ്രശാന്ത് ചന്ദ്രൻ &
ദിവ്യ (ദുബൈ)

**സാനന്ദ്**

S/o മാത്തൂർ മന
രാജൻ & കീർത്തി
(ദുബൈ)

Ph: സാജൻ മാത്തൂർ
9819917357

## ഉപനയനം ആശംസകൾ

**റാം ശങ്കർ**

**ഉപനയനം: ഇടവം 4 1199**
**മേയ് 18 2024**
**പേരൂർ ഇല്ലം,**
**ശ്രീവത്സം, കണ്ണിപറമ്പ് പി.ഒ.**

ആശംസകളോടെ ബന്ധുമിത്രാദികൾ
Ph:+91 94008 94040



**22/6/2024 ന് നാലാം ജന്മദിനം ആഘോഷിച്ച**
**ആര്യൻ മാധവും, 25/6/2024 ന് ഒന്നാം ജന്മദിനം**
**ആഘോഷിച്ച ദക്ഷ് റാമും...**
**കൽപ്പറ്റ ഉപസഭ പിണങ്ങോട് മേക്കാട് ഇല്ലത്ത്**
**അരുൺ ദേവ്,- സ്വാതി ദമ്പതികളുടെ മക്കൾ**

കൽപ്പറ്റ പിണങ്ങോട് മേക്കാട് ഇല്ലത്ത് മാധവൻ നമ്പൂതിരി-
രാധ അന്തർജ്ജനം ദമ്പതികളുടെ പൗത്രർ,
മലപ്പുറം ചീരക്കുഴി മന ജയറാം നമ്പൂതിരി - ഉഷ
കുട്ടികളുടെ അമ്മാത്തെ മുത്തശ്ശനും മുത്തശ്ശിയുമാണ്.
**ഫോൺ: ഉഷ ചീരക്കുഴി**
**(മുത്തശ്ശി) 9745297683**



## ഉപനയനം ആശംസകൾ



**തൃശ്ശൂർ ജില്ലയിലെ നെല്ലുവായിൽ മാവേലി മനയിൽ**
**പ്രശാന്ത് (അച്ഛൻ ), പ്രീത (അമ്മ) ദമ്പതിമാരുടെ മകൻ**

**പൂജിത്ത് മാവേലിയുടെ**

**ഉപനയനം 2024 ജൂലൈ 12 ന് സമംഗളം നടന്നു**

ആശംസകളോടെ മുത്തശ്ശി (സരസ്വതി),
ഓപ്പോൾ (പുണ്ണ്യ), മറ്റു ബന്ധുമിത്രാധികൾ

# കുട്ടിക്കൂട്ടം









**സരസ്വതി വിഷ്ണു,**
*കാരക്കാട് ഇല്ലം, പി.ഒ ഏഴിലോട്, പയ്യന്നൂർ പിൻ: 670309*
*വിഷ്ണു നമ്പൂതിരിയുടെയും അഞ്ജലിയുടെയും മകൾ.*

Address: Q 107,
Aparna Cyber Zon,
Nallagandla,
Hyderabad
Pin:500019,
*മൊബൈൽ: 9618460076,*

## സാകേത് വാസുദേവന്

**ഒന്നാം പിറന്നാൾ ആശംസകളോടെ**
**മുത്തശ്ശി വാസന്തി സുകുമാരൻ, അച്ഛൻ സൂരജ് പടിയൂർ,**
**അമ്മ അനുപമ പടിയൂർ മന, ഇരിങ്ങാലക്കുട**



## നിയോഗിന്റെ സമ്പാദ്യക്കുടുക്ക

കോഴിക്കോട് : നിയോഗിന്റെ മുഴുവൻ സമ്പാദ്യവും വയനാടിന് കൊടുത്തു. തൃക്കുറ്റിശ്ശേരി കക്കഞ്ചേരി ഇല്ലത്തെ കെ എസ് സുഖദേവിന്റെയും ഉമയുടെയും മകനാണ് നിയോഗ് എസ് ദേവ്. തൃക്കുറ്റിശ്ശേരി യുപി സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥി. പിറന്നാൾ സമ്മാനം വാങ്ങാൻ വച്ചതായിരുന്നു കുടുക്കയിലെ കാശ്. അപ്പോഴാണ് വയനാട്ടിൽ ദുരിതമുണ്ടായത്. എല്ലാദിവസവും അതിന്റെ വാർത്തകൾ. സ്കൂളിന് നിരന്തര അവധി. പിന്നെ തുറന്ന ദിവസം കുടുക്കയുമായാണ് സ്കൂളിലെത്തിയത്. അസംബ്ലിയിൽ വച്ച് അത് കൈമാറി. 3421രൂപയാണ് ഉണ്ടായിരുന്നത്. വിദ്യാഭ്യാസ പ്രവർത്തകനായ ശങ്കരൻ നമ്പൂതിരി മാസ്റ്ററുടെ പേരക്കുട്ടിയുമാണ് ഈ മിടുക്കൻ. അധ്യാപകരും പിടിഎയും അനുമോദിച്ചു.



**നിയോഗ് എസ് ദേവ്,**
*കാക്കഞ്ചേരി ഇല്ലം,*
*പി.ഒ: വാകയാട്,*
*ബാലുശ്ശേരി,*
*പിൻ: 673614*
*മൊബൈൽ: 6282355831*



*അസംബ്ലിയിൽ വച്ച് കുടുക്ക കൈമാറുന്നു*










കിന്നാരം പറയാം /ദിയ ദീപക്

# FOXU'S AMAZING LUNCH

**Diya Deepak**

Once upon a time there was a fox named Foxu. He lived in a tin house named Tinu. One day, he invited his friends for lunch. A few hours later he was making a soup inside a pot. His best friend Beembon the bunny came. Beembon offered him to help make lunch and Foxu said ok. He made potato stew.Soon foxu's other friends came Beaky, Bowly, Hima and Ooda. Foxu and Beembon served lunch. 'Mmmm,potato stew,my favourite', said Beaky.

Everybody ate so much that the entire pot was clean. After a few minutes every one was playing but everyone felt a stomach ache due to gas formation in stomach.They continued playing. But due to Stomachache they left foxus house.Foxu was sad. At that time Hima opened her tab and asked Foxu to call every one. So he called and they had a nice talk.Then Foxu said good bye because he had to clean up the house. He did not forget to thank Hima for making a call from her tab. One week later ,after recovering from their ache Beembon invited them for a lunch.Everybody came and began to play. This time let us have salad and pizza instead of soup and potato stew said fox. And they helped Beembon for making lunch. After lunch they played till sunset. They got an amazing day. ●










Diya Deepak ( Std IV )Daughter of Deepak C U,Cholamana,
TKV Nagar Kalmandapam, Palakkad, Pincode 678001
മൊബൈൽ: ദീപക് (യു എസ് എ.) 0017813367110









**സിയ വീമ്പൂർ**, (6 വയസ്സ് -രണ്ടാം ക്ലാസ്സ്) D/o
അശ്വിൻ ഭവദാസൻ, അനഘ.എം.പി.
വീമ്പൂർ കടലായിൽ മന, പാഴായി, പുതുക്കാട്,
തൃശ്ശൂർ ജില്ല, അമ്മാത്ത്: മഞ്ഞപ്പറ്റ മന







Satwik Nikhil



Saket Nikhil

Elangad vazhapilly Mana,P.O Meladoor , Annamanada
Thrissur Dist, Pin.680741, Mob.9645899880

# Storm Inside Heart

The morning looks soo beautiful
Calm and quiet
Filled with the soft lul of nature
Which can bring a smile on
Any pair of lips

But there is a storm brewing silently
With the strength to destroy to
Everything in its path
One can try to run from it
But it will only bring you closer to it

There is no umbrella storng enough
To withstand this Strom
No shelter which can stay intact
In this Storm
There is no force on earth
Which can defeat this storm
As this is a storm born
Inside ones heart

**ഗൗരി കെ. സാജൻ.**
( D/o കെ സാജൻ & ഡോ.
ഡോ.വി.എസ്.കൃപ, ) ഗുരുപവൻ.
ആട്ടോർ ജംഗ്ഷൻ. പി ഒ കുറ്റൂർ.
തൃശ്ശൂർ. ഫോൺ: 9447172320.







**അഭിറാം,**
S/o Dr.Kesavaprasad/
Adv.lndu. പഴേടത്തു
മന, രാമനാഥപുരം
പാലക്കാട് , 9447622054





# ആനിമേഷൻ പരമ്പരയിലെ ചിത്രവും നോക്കി വരച്ച ചിത്രവും

കൊയോഹാരു ഗോട്ടൂഗിന്റെ പ്രശസ്തമായ ജപ്പാനീസ് ആനിമേഷൻ പരമ്പരയിലെ ഒരു കഥാപാത്രമാണ് ഗിയു ടോമിയോക്ക. ജാപ്പനീസ് ഭാഷയിൽ ഗിയു എന്നാൽ നിരപരാധി എന്നർത്ഥം. ഒരു നഗരത്തിന്റെ പേരാണ് ടോമിയോക്ക.  ഗിയു ടോമിയോക്കയെ ഒരു പത്തു വയസ്സുകാരൻ പെൻസിലിൽ വരച്ചപ്പോൾ. ഗുരുവായൂർ ജി. യു. പി സ്കൂളിലെ ആറാം ക്ളാസുകാരനായ ധഹാദേവ് ആലക്കാട്ട് മനയ്ക്കൽ നന്ദകുമാറിന്റെയും പുതുവായ മഹൾ സാവിത്രിയുടെയും മകനാണ്.




മഹാദേവ്, ആലക്കാട്ട് മന,
കൃഷ്ണാർപ്പണം,
പുന്നത്തൂർ ഗാർഡൻ,
തമ്പുരാൻ പടി, ഗുരുവായൂർ,
പിൻ: 680505, മൊബൈൽ: 89211 53435




# റോൾ ബോളിലെ തിളക്കം

കേരളത്തിൽ അത്ര പ്രചാരമുള്ള കായിക വിനോദമല്ല റോൾ ബോൾ. വിദേശങ്ങളിലാണ് മത്സരങ്ങളും മറ്റും. ടി. വിയിൽ അതു കണ്ടാണ്  ഋതുദേവ് അത് പരിശീലനം തുടങ്ങിയത്.

അങ്ങനെ നാലാം ക്ലാസിൽ അവൻ ജില്ലാ കോട്ടയം ടീമിന്റെ റോൾ ബോൾ മത്സരത്തിൽ ഇടം നേടി. അതേ വർഷം തന്നെ ടീമിന് വേണ്ടി തിരുവനന്തപുരത്ത് കളിച്ചു. അതേപോലെതന്നെ അഞ്ചാം ക്ലാസിലും  അതേ മത്സരാവേശത്തോടെ കൂടി ചെയ്തു. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ റോൾബോളിന് വേണ്ടി തിരുവനന്തപുരത്ത് പോയി കോട്ടയം ജില്ലയ്ക്ക് കളിക്കുകയും മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ഒന്നാം സ്ഥാനത്തിന് വേണ്ടിയുള്ള  ഉറച്ച ആത്മവിശ്വാസവും പരിശ്രമവും ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു




തന്റെ ചേട്ടൻ വീട്ടിൽ സ്കേറ്റ് ചെയ്തുകൊണ്ടിരുന്നത് കണ്ടാണ് ഋതു ദേവിന് ഇത് ഓടിക്കാൻ വളരെ താത്പര്യം തോന്നിയത്. ആയതിനാൽ പിറ്റേദിവസം മുതൽ സ്കേറ്റിനു വേണ്ടി അച്ഛന്റെയും അമ്മയുടെയും പുറകെ നടന്നു. രണ്ടാം ക്ലാസ് മുതൽ സ്കേറ്റിംഗ് ചെയ്യാൻ തുടങ്ങി. ഇപ്പോൾ ഒരു ചുവടു കൂടി കടന്ന് റോൾ ബോളിലെത്തി. ഉദയാപുരം കണ്ണികുളത്ത് ഇല്ലത്ത് കെ എസ്. അനിൽകുമാറിന്റെയും സജിതയുടെയും രണ്ടാമത്തെ മകനായ ഋതുദേവ് വൈക്കം വാർവിൻ സ്കൂളിൽ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയാണ്


ഋതു ദേവ്, കണ്ണികുളത്ത് ഇല്ലം, പി.ഒ ഉദയനാപുരം, വൈക്കം,
കോട്ടയം, മൊബൈൽ: 9846799958/7025043256



# വര വരോ വര വര



ആദിഷ് ശങ്കർ വെറും ആറു വയസ്സുകാരനാണ്. കൊറോണ കാലത്ത് ചമരിൽ ചിത്രം വരയ്ക്കാൻ തുടങ്ങി. അപ്പോൾ ഒരു വയസ്സാണ്. കാർട്ടൂൺ ചിത്രങ്ങൾ മാത്രമേ വരയ്ക്കുകയുള്ളൂ. കൊറോണക്കാലം കഴിഞ്ഞതോടെ സ്ഥബതി കൃഷ്ണകുമാറിന്റെ കീഴിൽ വരയ്ക്കാൻ പഠിച്ചു. വെക്കേഷൻ ക്ലാസിലാണ് പോയത്. ഇപ്പോൾ ആറ് വയസ്സ് . കുസൃതിയും വികൃതിയും ശുണ്ഠിയും ശണ്ഠയുമെല്ലാം വരച്ചുകൊണ്ടാണ്. നൂറിലേറെ പേജുകളിലായി ആയിരത്തിലേറെ കഥാപാത്രങ്ങളെ ഇതിനകം വരച്ചു കഴിഞ്ഞു. സജിത്ത് പുതുമനയുടെയും ആര്യയുടെയും പുത്രനാണ്.

പുതുമന ഇല്ലം, പി ഓ ഉദയനാപുരം, ശ്രീനാരായണപുരം, വൈക്കം, കോട്ടയം, 686141 മൊബൈൽ: 9495261702



*എറണാകുളം ജില്ല വാർഷികത്തിൽ മികച്ച ഉപസഭ ആയി തെരഞ്ഞെടുത്ത തൃപ്പൂണിത്തുറ ഉപസഭ. മികച്ച ഉപസഭ സെക്രട്ടറിയായ കൃഷ്ണൻ മേലേടത്തിനു സംസ്ഥാന വനിതാ സെക്രട്ടറി പണിക്കത്തു വത്സല ഉപഹാരം നൽകുന്നു*

# ഈ സിവിൽ സർവീസ് കവർ സ്റ്റോറി പതിപ്പിന്റെ പ്രകാശനത്തിന് ആ കവർ സ്റ്റോറിക്കാരി

സിവിൽ സർവീസ് കവർ സ്റ്റോറിയായുള്ള സ്വസ്തിയുടെ ഈ വർഷത്തെ ഓണപ്പതിപ്പിന്റെ പ്രകാശനം നിർവഹിക്കാൻ മറ്റൊരു സിവിൽ സർവീസുകാരി. അവരാകട്ടെ നേരത്തെ സ്വസ്തിയുടെ കവർ സ്റ്റോറിയായവരും. ഗായത്രി ഐ എ എസ് ആണ് മഞ്ചേരിയിലെ ഒരു ചടങ്ങിൽ വച്ച് ഓണപ്പതിപ്പ് പ്രകാശനം ചെയ്തത്.

മഞ്ചേരിയിലെ കുമാരൻ മൂസതിന്റെ പത്നി ശ്രീമതി ഗിരിജ അന്തർജനത്തിന്റെ സപ്തതിയോടനുബന്ധിച്ച ചടങ്ങിൽ വെച്ചായിരുന്നു പ്രകാശനം.

യോഗക്ഷേമസഭ മലപ്പുറം ജില്ലാ സാരഥി ഉദയൻ നമ്പൂതിരിപ്പാട് ഓണപതിപ്പ് സമ്മാനിച്ചു. ഐ എ എസ് കിട്ടി തമിഴ്നാട്ടിൽ നിയമനം കിട്ടിയ ഗായത്രി പൊള്ളാച്ചിയിൽ സബ് കലക്ടറായും, തിരുവാരൂർ ജില്ലാ കലക്റ്ററായും സേവനമനുഷ്ഠിച്ചു. പിന്നീട് കോയമ്പത്തൂരിൽ ജോയന്റ് കമ്മീഷണർ ഓഫ് കമേഴ്സ്യൽ ടാക്സസ് ആയും ജോലി ചെയ്തു. ഇപ്പോൾ ചെന്നെ മെട്രോപൊളിറ്റൻ ഡവലപ്മെൻറ് അതോറിറ്റിയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ജോലി ചെയ്യുന്നു. ഭർത്താവ് രവി



*യോഗക്ഷേമസഭ മലപ്പുറം ജില്ലാ ട്രഷററും സംസ്ഥാന സമിതി അംഗവുമായ ഉദയൻ നമ്പൂതിരിപ്പാടിൽ നിന്ന് സ്വസ്തിയുടെ ഓണപ്പതിപ്പ് സ്വീകരിച്ചുകൊണ്ട് ഗായത്രി ഐ എ എസ് ഓണപ്പതിപ്പ് പ്രകാശനം ചെയ്യുന്നു*

കുമാർ കണ്ണൻചേരി, പന്നിക്കാട്ട്. ഏകമകൻ അർജുൻ രവി. വിവാഹം കഴിഞ്ഞ് ഒരു കുഞ്ഞു പിറന്ന ശേഷമാണ് ഇവർ സിവിൽ സർവീസ് ആലോചന തുടങ്ങിയതും പരീക്ഷയെഴുതി ആദ്യറാങ്കിൽ ഇടം പിടിച്ച് ഐ എ എസ് നേടിയതും. ഇവരെ കുറിച്ച് മുമ്പ് സ്വസ്തിയിൽ കവർ സ്റ്റോറിയും വന്നിരുന്നു. ●



*കേരള ബ്രാഹ്മണ ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട ടി.എൻ.മുരളീധരന് പൂപ്പത്തി ഉപസഭ നൽകിയ ആദരവിൽ വേഴപ്പറമ്പ് ചിത്രഭാനു നമ്പൂതിരിപ്പാട് പൊന്നാട അണിയിക്കുന്നു*



കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഉപസഭയുടെ ഓണാഘോഷത്തിൽ അരങ്ങേറിയ തിരുവാതിരകളിയും ഓണസ്സദ്യയും

# ഒന്നായോണം നന്നായോണം

കോഴിക്കോട് ജില്ലയിലെ വിവിധ ഉപസഭകളിൽ ഓണാഘോഷ പരിപാടികൾ നടത്തി. എങ്ങും ഉത്സവാന്തരീക്ഷം. കുട്ടികളും മുതിർന്നവരും ഒരേ പോലെ മത്സരപരിപാടികളിൽ പങ്കെടുത്തു.

രാമായണ മാസാചരണം വിവിധ ഉപസഭകളിൽ വിപുലമായ പരിപാടികളോടെ നടന്നു. കക്കോടി വനിതാ സഭയുടെ നേതൃത്വത്തിൽ ദശാവതാരക്ഷേത്ര ദർശനം നടത്തി(ജൂലായ് 28) രാമല്ലൂർ ഉപസഭ രാമായണ പരിക്രമണം ശ്രീരാമസ്വാമി ക്ഷേത്രത്തിൽ വെച്ച് നടത്തി (ആഗസ്റ്റ് 3) ഉച്ചക്കാവ് ഉപസഭ പന്നിക്കോട് വെച്ച് രാമായണ ദിനാചാരണം നടത്തി. എടശ്ശേരി ഇല്ലത്തിന്റെ വകയായുള്ള ഹോം കെയർ ബെഡ് ബാലുശ്ശേരി യൂണിറ്റ് സേവാഭാരതിക്ക് നല്കി. ജില്ലാസഭയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 11 ന് രാമായണമാസാചരണ പരിപാടി ആസ്ഥാനമന്ദിരത്തിൽ നടത്തി. രാമായണ പരിപാടികൾക്ക് മാധ്യമങ്ങൾ ശരിയായ പ്രാധാന്യം നൽകി.പെരുമണ്ണ ഉപസഭയിൽ രാമായണ പരിപാടി വേദവാടികയിൽ വൈദിക വിജ്ഞാന കേന്ദ്രവുമായി സഹകരിച്ചുകൊണ്ടാണ് നടത്തിയത്(ആഗസ്റ്റ് 15) ഇതേ ദിവസം തന്നെ കണ്ണിപ്പറമ്പ് ഉപസഭയിലും പരിപാടികൾ നടന്നു.ഉള്ളിയേരി ഉപസഭയിൽ 16 ന് പ്രായഭേദമന്യേ എല്ലാവരും രാമായണ ആചരണത്തിൽ പങ്കുകൊണ്ടു.



ഉച്ചക്കാവ് ഉപസഭയിൽ എസ്എസ്എൽസി ഫുൾ എ പ്ലസ് നേടിയ ദേവാനന്ദിന് ഗോൾഡ് മെഡൽ സമ്മാനിക്കുന്നു

വനിതാവിഭാഗത്തിലെ ഏറ്റവും നല്ല പ്രവർത്തകയായി കോടിത്തലപ്പണ ലതയെ നിർദ്ദേശിച്ച് സംസ്ഥാന സമിതി അംഗീകരിച്ചു. ●



രാമായണമാസം ആചരണത്തിൽ പങ്കെടുത്തവർ ഉച്ചക്കാവ് ഉപസഭ



*കക്കോടി വനിതാ സഭയുടെ നേതൃത്വത്തിൽ നടത്തിയ ദശാവതാര ക്ഷേത്രദർശന യാത്ര*

# കെ.ആർ.ഗോകുലിനെ അനുമോദിച്ചു

ആടുജീവിതം എന്ന സിനിമയിൽ ഹക്കീമിന്റെ വേഷമിട്ട് സംസ്ഥാന ചലച്ചിത്ര പുരസ്കാരത്തിൽ പ്രത്യേക പരാമർശം നേടിയ പെരുമണ്ണ ഉപസഭാംഗം കൂടിയായ കെ.ആർ.ഗോകുലിനെ പെരുമണ്ണ ഉപസഭ ഓണാഘോഷത്തിൽ വച്ച് അനുമോദിച്ചു. പെരുവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സുബിത തോട്ടാഞ്ചേരി ഉദ്ഘാടനം ചെയ്തു. ഉപസഭാ പ്രസിഡണ്ട് പാടേരി വാസുദേവൻ നമ്പൂതിരിപ്പാട് അധ്യക്ഷനായി.

രാമകൃഷ്ണ ഹരി നമ്പൂതിരി, മനോജ് തരുപ്പ, പി.എം.ജി നമ്പൂതിരി, വയപ്പുറം നാരായണൻ നമ്പൂതിരി, വിനോദ് മങ്ങത്തായ, പാനാട് പത്മനാഭൻ നമ്പൂതിരി, മാളിക ഗോവിന്ദൻ നമ്പൂതിരി എന്നിവർ സംസാരിച്ചു. ഉപസഭാ സെക്രട്ടറി രവി മങ്ങത്തായ സ്വാഗതവും വനിതാ സഭ സെക്രട്ടറി രാധ പാറക്കോട് നന്ദിയും പറഞ്ഞു.

തന്ത്രശ്രീ പുരസ്കാരം തന്ത്രിവര്യൻ പാടേരി സുനിൽ നമ്പൂതിരിപ്പാടിനും കർമ്മശ്രീ പുരസ്കാരങ്ങൾ പാലാഞ്ചേരി കൃഷ്ണൻ നമ്പൂതിരി ,ശർമ്മ മാസ്റ്റർ തേവലശ്ശേരി, വയപ്പുറം വാസുദേവൻ നമ്പൂതിരി ,അഡ്വ: ശ്രീകുമാർ പറക്കുന്ന് എന്നിവർക്കും നൽകി.

കോടഞ്ചേരി യോഗക്ഷേമ ഉപസഭയുടെ ആവണിത്താലം ഓണാഘോഷ പരിപാടി മുറമ്പാത്തി കിഴക്കില്ലത്ത് നടന്നു. പന്നിക്കോട്ട് ഇല്ലത്ത് സാവിത്രി അന്തർജ്ജനം ഭദ്രദീപം കൊളുത്തി. ഉപസഭാ സെക്രട്ടറി നവീൻ കിഴക്കില്ലം സ്വാഗതമാശംസിച്ചു. പ്രസിഡന്റ് എൻ. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗം പ്രമുഖ എഴുത്തുകാരി മിനി പി.എസ് ഉദ്ഘാടനം ചെയ്തു. പാലാഞ്ചേരി ശ്രീധരൻ നമ്പൂതിരി തിരുവോണ സന്ദേശം നൽകി.

കിഴക്കില്ലം സാവിത്രി അന്തർജ്ജനം മിനിയെ പൊന്നാട ചാർത്തി ആദരിച്ചു. മുതുമന സതീശൻനമ്പൂതിരി ആശംസകൾ നേർന്നു.

സഭാംഗങ്ങളുടെ നൃത്തനൃത്യങ്ങൾ, ഓണ സ്മൃതികൾ, സ്നേഹപ്പൂക്കളം, ഓണക്കളികൾ, ചേർന്ന് പാടാം, കലാപരിപാടികൾ, ഓണസദ്യ ഇവയും ഉണ്ടായി. ഹൃദ്യ കിഴക്കില്ലം കൃതജ്ഞതപ പ്രകാശിപ്പിച്ചു. കിഴക്കില്ലം വാസുദേവശർമ്മ, ദ്രൗപദി പന്നിക്കോട്ടില്ലം, ശരണ്യ പാലാഞ്ചേരി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ●




*കോഴിക്കോട് ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാ ഓഫീസിൽ നടത്തിയ രാമായണ മാസാചരണം*

*ആവണിത്താലം എഴുത്തുകാരി മിനി പി.എസ് ഉദ്ഘാടനം ചെയ്യുന്നു*

# കഥ പറയലും നൃത്താവിഷ്കാരവുമായി രാമായണമാസാചരണം നടത്തി

യോഗക്ഷേമ സഭ കോഴിക്കോട് ജില്ല കമ്മിറ്റിയുടെ നേതൃത്വത്തിൽ രാമായണമാസ ആചരണ പരിപാടികൾ വിവിധ പരിപാടികളോടെ ജില്ലാ ഓഫീസിൽ നടന്നു. പത്തു ഉപസഭകളിൽ നിന്നായികുട്ടികളും മുതിർന്നവരും പങ്കെടുത്തു. മത്സരം ഇല്ലാതെ തന്നെ പരിപാടികൾ എല്ലാം അവതരിപ്പിച്ചു.

രാമായണത്തിലെ വിവിധ സന്ദർഭങ്ങൾ കോർത്തിണക്കിയ ചിത്രപ്രദർശനവും, അശോക വനിക യിലെ സീത എന്ന വേഷപ്പകർച്ചയും ഉണ്ടായിരുന്നു. രാമായണ പാരായണത്തിൽ പത്തോളം പേർ പങ്കെടുത്തു. രാമായണത്തെ ആസ്പദമാക്കി കീർത്തനങ്ങൾ സ്തുതികൾ,ശ്ലോകങ്ങൾ കഥ പറയൽ, നൃത്താവിഷ്കാരം, തിരുവാതിരക്കളി എന്നിവ അതീവ ഹൃദ്യമായിരുന്നു. മേലേടം ഗംഗാധരൻ നമ്പൂതിരി, കോരമ്പറ്റ ശങ്കരൻ നമ്പൂതിരി, തിരുമംഗലം കൃഷ്ണൻ നമ്പൂതിരി, പ്രീതാ കോരമ്പറ്റ, കളത്തിൽ ഇല്ലം വിഷ്ണു നമ്പൂതിരി മാസ്റ്റർ, ശ്രീരേഖ മാടമന, ശ്രീജ ടീച്ചർ,മനോജ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ പരിപാടികൾ നടത്തപ്പെട്ടു. താമരക്കുളം ദിവാകരൻ നമ്പൂതിരി വിശിഷ്ടാതിഥി ആയിരുന്നു. ●



*കണ്ണിപറമ്പ് ഉപസഭ പ്രശ്നോത്തരി വിജയികൾക്ക് സമ്മാനം നൽകുന്നു*

# ഉച്ചക്കാവ് ഉപസഭ കവുങ്ങിൻ തൈകൾ നൽകി

കോഴിക്കോട് ജില്ലയിലെ കണ്ണിപറമ്പ് ഉപസഭ വീട്ടിക്കാട്ട് ശ്രീശൈലത്തിൽ വെച്ച് കർക്കിടക മാസാചരണം നടത്തി യോഗക്ഷേമസഭ ജില്ലാ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട പി. എം. ജി നമ്പൂതിരിയെ പൊന്നാട അണിയിച്ചു. കുട്ടികൾക്ക് പ്രശ്നോത്തരി നടത്തി. ഉള്ളിയേരി ഉപസഭയും രാമായണ പാരായണം നടത്തി. പാരായണം ആരംഭിച്ചതും അവസാനിപ്പിച്ചതും കളം മാഷാണ്. ലത ശ്രീലകത്തിന്റെ നേതൃത്വത്തിൽ അംഗങ്ങളെക്കൊണ്ട് പാരായണം ചെയ്യിച്ച് നിത്യവും ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. നാലമ്പല ദർശനവും നടത്തി. കുന്നമംഗലം വാസുദേവൻ, ഹരി മായഞ്ചേരി, മനോജ് കൂടത്തിൽ, രാമകൃഷ്ണൻ ബാപ്പറ്റ, രശ്മി ബാപ്പറ്റ എന്നിവർ വയനാട്ടിലെ ദുരിത ബാധിതർക്ക് വേണ്ടി സേവാഭാരതി നടത്തിയ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങാവാൻ വസ്ത്രങ്ങൾ നൽകി

ഉച്ചക്കാവ് ഉപസഭ കവുങ്ങിൻ തൈകൾ വിതരണം ചെയ്തു. ചെറുവക്കാട് കേശവൻ നമ്പൂതിരി സ്വാഗതമാശംസിച്ചു. ശ്രീജു നടുവിലേടം അധ്യക്ഷനായി. ഓണത്തെക്കുറിച്ച് ദിവാകരൻ നമ്പൂതിരി സംസാരിച്ചു.



*കവുങ്ങിൻ തൈകൾ വിതരണം*

പി എസ് സി നിയമം ലഭിച്ച സഞ്ജയ് കൃഷ്ണനെ നടുവിലേടത്ത് ശ്രീധരൻ നമ്പൂതിരി ആദരിച്ചു. കുട്ടികളുടെ കലാ പ്രകടനങ്ങളും സമ്മാനവിതരണവും ഉണ്ടായി. പരിപ്പ് പ്രഥമോടെയുള്ള ഓണസ്സദ്യ ഗംഭീരമായി. ●



*ഗുരുവായൂരിൽ കന്നിമാസഭജനത്തിന് എത്തിയ കീഴ്ശാന്തിക്കാരുടെ കുടുംബാംഗങ്ങൾ*

# ഗുരുവായൂരിൽ കീഴ്ശാന്തിക്കാരുടെ ഭജന

ഗുരുവായൂർ ക്ഷേത്രത്തിൽ അഷ്ടമിരോഹിണിക്ക് 44,000 അപ്പം വേണം. മൂവായിരത്തിലേറെ നാളികേരം ചിരകി പാലെടുത്ത് തൃപ്പുത്തരിപ്പായസം തയാറാക്കണം. തിരക്കുള്ള ദിവസങ്ങളിൽ ഏഴെട്ടു ലക്ഷം രൂപയുടെ പാൽപായസം. കൈകൊണ്ട് അരച്ച ചന്ദനമാണ് ഇപ്പോഴും. ഇതൊക്കെ അനായാസം നടക്കുന്നതിനു പിന്നിൽ 13 കീഴ്ശാന്തി ഇല്ലങ്ങളിലെ നൂറ്റമ്പതോളം പേരുടെ സമർപ്പണവും അധ്വാനവുമാണ്.

ഓരോ മാസവും ലഭിക്കുന്ന പ്രവർത്തിപ്പണത്തിൽ ഒരു വിഹിതം അവർ കണ്ണനു മാറ്റിവയ്ക്കുന്നു. കന്നിമാസം ഒന്നു മുതൽ 12 വരെ സകുടുംബം കണ്ണനെ ഭജിക്കുന്നു. നിർമാല്യം മുതൽ തൃപ്പുക വരെ പരമാവധി സമയം ക്ഷേത്രത്തിൽ ജപിച്ചും തൊഴുതും കഴിയുന്നു. മാറ്റിവച്ച പണംകൊണ്ട് കന്നി 12ന് പാലടയും വിശേഷ വിഭവങ്ങളായി അത്താഴം നേദിക്കുന്നു. ഇക്കുറി കന്നി 12 ന് ഏകാദശിയായതിനാൽ അത്താഴം കന്നി 13നാക്കി. മൂന്നു നൂറ്റാണ്ടു മുമ്പാണ് കീഴ്ശാന്തിക്കാരായി കോഴിക്കോട് കാരശേരി ദേശത്തെ നമ്പൂതിരിമാരെ സാമൂതിരി നിയോഗിച്ചത്. 14 ഇല്ലക്കാർക്കായിരുന്നു ചുമതല. ഒരില്ലം അന്യം നിന്നു. ●

## വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**ശക്തിധരൻ ഭട്ടതിരിപ്പാട്**

ഊരകം: അയിരിൽ മന ശക്തിധരൻ ഭട്ടതിരിപ്പാട് (81) വിഷ്ണുപാദം പൂകി. ധനലക്ഷ്മി ബാങ്ക് ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ: മാന്തിട്ട മന ഉമാദേവി. മക്കൾ: പ്രമോദ് (ജീവനക്കാരൻ, ജില്ലാ പഞ്ചായത്ത്), പ്രദീപ്, പ്രജിത് (ജീവനക്കാരി, ധനലക്ഷ്മി ബാങ്ക്). മരുമക്കൾ: അപർണ, അഞ്ജുഷ, അഞ്ജന.



**രാധ അന്തർജ്ജനം**

തൃശൂർ അവിണിശ്ശേരി കല്ലൂർ പരേതനായ നാരായണൻ നമ്പൂതിരിപ്പാടിന്റെ പത്നി രാധാ അന്തർജ്ജനം (79) വിഷ്ണുപാദം പൂകി. പുഴക്കര ചേന്നാസ് പരേതനായ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ മകളാണ്. മക്കൾ: ലത, ജയശ്രീ, കൃഷ്ണൻ നമ്പൂതിരിപ്പാട്. മരുമക്കൾ: ബാലകൃഷ്ണൻ പകരാവൂർ, മോഹനൻ കണ്ണമംഗലം.



**കൃഷ്ണൻ ഭട്ടതിരിപ്പാട്**

കൂറ്റനാട്, നെല്ലിക്കാട്ടിരി കരങ്ങാട്ടു മന കൃഷ്ണൻ ഭട്ടതിരിപ്പാട് (86) അന്തരിച്ചു. അധ്യാപകനായിരുന്നു. ഭാര്യ സാവിത്രി അന്തർജനം (അമ്പലപ്പിള്ളി മന ). മക്കൾ: ഹരി (ഐഎസ്ആർഒ-തിരുവനന്തപുരം), കൃഷ്ണൻ (സ്പെഷ്യൽ ബ്രാഞ്ച് എസ് ഐ ), ആര്യൻ (ചാർട്ടേഡ് അക്കൗണ്ടന്റ്), അഡ്വക്കറ്റ് നാരായണൻ.



**കുഞ്ഞി കേശവൻ എമ്പ്രാന്തിരി**

മഴുവന്നൂർ തെക്കെ ഇല്ലം കുഞ്ഞി കേശവൻ എമ്പ്രാന്തിരി (95) വിഷ്ണുപാദം പൂകി. വയനാട് ജില്ലയിൽ എൺപതോളം ക്ഷേത്രങ്ങളിലെ തന്ത്രിയായിരുന്നു. ഭാര്യ: ദ്രൗപതി അന്തർജനം. മക്കൾ: പരേതനായ പ്രസാദ്, ജയനാരായണൻ, ഗോവിന്ദരാജ്, ചന്ദ്രിക, സുമംഗലി. മരുമക്കൾ: ജീജ, വിനീത, ഐശ്വര്യ.



**സാവിത്രി അന്തർജ്ജനം**

മുതിരേരി വാൾ എഴുന്നെള്ളിക്കുന്ന മൂഴിയോട്ടില്ലത്തെ സുരേഷ് നമ്പൂതിരിയുടെ മാതാവ് സാവിത്രി അന്തർജ്ജനം (90) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ ഗോവിന്ദൻ നമ്പൂതിരി. മറ്റു മക്കൾ: സുജാത, സുഷമ, സുരേന്ദ്രൻ നമ്പൂതിരി, സുധ. മരുമക്കൾ: വെങ്കിടാചലം, നാരായണൻ നമ്പൂതിരി, രാധ മണി, സമ്പൂർണ, കേശവൻ നമ്പൂതിരി.

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**വാസുദേവൻ നമ്പൂതിരി**

മാവൂർ: വീട്ടിക്കാട്ടില്ലത്ത് വാസുദേവൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഭാര്യ: പരേതയായ ഉമാദേവി അന്തർജ്ജനം (ഒഴുകൂർ ഇല്ലം).

മക്കൾ: പരമേശ്വരൻ നമ്പൂതിരി (റിട്ട. ജൂനിയർ സൂപ്രണ്ട്, മജിസ്ട്രേറ്റ് കോടതി), നാരായണൻ നമ്പൂതിരി (മേൽശാന്തി, ഇടിക്കോട്ട് അയ്യപ്പക്ഷേത്രം), ഗോവിന്ദൻ നമ്പൂതിരി (റിട്ട. ഹെഡ്മാസ്റ്റർ, സാമൂതിരി ഹയർസെക്കൻഡറി സ്കൂൾ കോഴിക്കോട്), പാർവതി അന്തർജ്ജനം (പുതുക്കാട് മന), സഹോദരങ്ങൾ: പരേതനായ പരമേശ്വരൻ നമ്പൂതിരി (ഹെഡ്മാസ്റ്റർ വള്ളിക്കപ്പറ്റ വെസ്റ്റ് സ്കൂൾ), ഗോവിന്ദൻ നമ്പൂതിരി ( റിട്ട. ഗ്രാമ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട്), നാരായണൻ നമ്പൂതിരി (റിട്ട. ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് കണ്ണി പറമ്പ), ശങ്കരനാരായണൻ നമ്പൂതിരി (റിട്ട. ഹെഡ് മാസ്റ്റർ എ യു പി സ്കൂൾ മോങ്ങം, കെപിസിസി മെമ്പർ), ഉമാദേവി അന്തർജ്ജനം (കറുത്തേടത്തു മന), സാവിത്രി രാജീവൻ (തിരുവനന്തപുരം). മരുമക്കൾ: പുതുക്കാട് രുദ്രൻ നമ്പൂതിരി, രുഗ്മിണി അന്തർജ്ജനം (പുതുക്കാട്), ആര്യ അന്തർജ്ജനം (തോട്ടത്തിൽ കൂടപ്പുഴ), ഉമ അന്തർജ്ജനം (കോവൂർ).



**സി.എൻ.ശങ്കരൻ നമ്പൂതിരി**

കുമാരനല്ലൂർ ദേവീക്ഷേത്രം മുൻ ഭരണാധികാരി സി.എൻ.ശങ്കരൻ നമ്പൂതിരി കോട്ടയം: കുമാരനല്ലൂർ ദേവീക്ഷേത്രത്തിന്റെയും ദേവീവിലാസം സ്കൂളുകളുടെയും ദീർഘകാലം ഭരണാധികാരിയായിരുന്ന കുമാരനല്ലൂർ ചൂരക്കാട്ടില്ലത്ത് സി.എൻ. ശങ്കരൻ നമ്പൂതിരി (88) വിഷ്ണുപാദം പൂകി. റിട്ട. എൽ.ഐ.സി. ഉദ്യോഗസ്ഥനാണ്. ഭാര്യ: വി.എൻ.നളിനീദേവി, പിറവം വേങ്ങാട്ടില്ലം കുടുംബാംഗം.

മക്കൾ: എസ്.സുരേഷ് കുമാർ(ബിസിനസ്, പൂണെ), എസ്.സാവിത്രി(റിട്ട. ട്യൂട്ടർ ടെക്നീഷ്യൻ, മെഡിക്കൽ കോളേജ്, കോട്ടയം), എസ്.മായ(യു.എസ്.എ.), എസ്.മഹേഷ് നാരായണൻ (ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, കൊല്ലം). മരുമക്കൾ: നഭ നമ്പൂതിരി (എസ്പെയർ ടെക്നോളജി, പൂണെ), എം.പി.നീലകണ്ഠൻ(അസി. മാനേജർ, മനോരമ, കോടിമത, കോട്ടയം), ഹരികൃഷ്ണൻ നമ്പൂതിരി (യു.എസ്.എ.), എ.സുസ്മിതാ കൃഷ്ണൻ(അസി.എൻജിനീയർ, കെ.എസ്.ഇ.ബി., കോട്ടയം).



**എസ്.എസ്.പോറ്റി**

തിരുവനന്തപുരം സി ഐ ടി യു മുൻ സംസ്ഥാന വൈസ് പ്രസിഡന്റും സി പിഎം മുൻ ജില്ലാ കമ്മിറ്റി അംഗവുമായ എസ്. എസ്.പോറ്റി (92) വിഷ്ണു പാദം പൂകി. കേരള സർവകലാശാല മുൻ സിൻഡിക്കറ്റ് അംഗം, സി ഐടിയു മുൻ ജില്ലാ സെക്രട്ടറി, ക്ലേ വർക്കേഴ്സ് യൂണി യൻ, ടിആർ ഡബ്ല്യു എംപ്ലോയീസ് അസോസിയേഷൻ, കേരള ഓട്ടമൊബീൽസ് എംപ്ലോയീസ് യൂണിയൻ, ട്രിവാൻഡ്രം ടെക്സ്റ്റൈൽ വർക്കേഴ്സ് യൂണിയൻ തുടങ്ങിയ യൂണിയനുകളുടെ ഭാരവാഹിയായിരുന്നു. എൽഐസി എംപ്ലോയീസ് അസോസിയേഷൻ അഖിലേന്ത്യാ വൈസ് പ്രസിഡന്റായിരുന്നു. ഭാര്യ: പരേതയായ ബി. ഗിരിജ പോറ്റി (അക്കൗണ്ട്സ് ഓഫിസർ, ഏജീസ് ഓഫിസ്). മക്കൾ: ജി.സുജ (ക്രോപ് പ്രൊഡക്ഷൻ ഹെഡ്, സിടിസിആർഐ, ശ്രീകാര്യം), ജി.സജിത (ഗ്രൂപ്പ് ഡയറക്ടർ, കൺട്രോൾ ഇലക്ട്രോണിക്സ് ഗ്രൂപ്പ്, വിഎസ്എസ്‌സി). മരുമക്കൾ: എം.ജി.പ്രദീപ് (റിട്ട. എൽഐസി ഡവലപ്മെന്റ് ഓഫിസർ), ജി.വിജയകുമാർ (മുൻ വൈസ് പ്രസിഡന്റ്, ഐബിഎസ് സോഫ്റ്റ്വെയർ സർവീസസ്, ടെക്നോപാർക്ക്).



**സാവിത്രി അന്തർജ്ജനം**

കോഴിക്കോട് ചേവായൂർ തായാട്ട് ഇല്ലത്ത് പരേതനായ വാസുദേവൻ നമ്പൂതിരിയുടെ മകൻ പരേതനായ വിഷ്ണുനമ്പൂതിരിയുടെ പത്നിയും യോഗക്ഷേമ സഭാ സംസ്ഥാന പ്രസിഡണ്ട് ആയിരുന്ന പരേതനായ ടി.സി. നാരായണൻ നമ്പൂതിരിയുടെ അഫൻ പരേതനായ നാരായണൻ നമ്പൂതിരിയുടെ മകളുമായ സാവിത്രി അന്തർജ്ജനം -75 (ചാലക്കുടി പടുതോൾ മരുമകൾ) വിഷ്ണുപാദം പൂകി. മക്കൾ: വാസുദേവൻ നമ്പൂതിരി (ചേവരമ്പലം അരുളപ്പാട് ദേവീ ക്ഷേത്രം മേൽശാന്തി, വിനോദ് കുമാർ (മുൻ പെരളശ്ശേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം കീഴ്ശാന്തി )സുധ (കരിപ്പത്ത് കൃഷ്ണൻ നമ്പൂതിരി മാഷ്) ലത (മലപ്പുറം പൂക്കോട്ടൂർ ഭാസ്കരൻ നമ്പൂതിരി, കോട്ടയ്ക്കൽ ക്ഷേത്രം). മരുമക്കൾ: വല്ലി അന്തർജ്ജനം (കണ്ണോത്ത് പഴയിടത്ത് ഇല്ലം), കൃഷ്ണൻ നമ്പൂതിരി (കുന്നത്ത് കരിപ്പത്ത് ഇല്ലം), ഭാസ്കരൻ നമ്പൂതിരി ( ഒഴുകൂർ ഇല്ലം), പ്രിയ അന്തർജനം (ഞാളൂർ ഇല്ലം).



**ഗോവിന്ദൻ നമ്പൂതിരി**

പെരുമണ്ണ:കോഴിക്കോട് പന്തീരാങ്കാവ് യു പി സ്കൂൾ ഹെഡ് മാസ്റ്റർ ആയിരുന്ന പാറക്കോട് ഗോവിന്ദൻ നമ്പൂതിരി (68) വിഷ്ണുപാദം പൂകി. KSSPA മണ്ഡലം പ്രസിഡണ്ടായിരുന്നു. ഭാര്യ: പുല്ലങ്കോട്ടില്ലത്ത് രത്നം. മക്കൾ: മഹേശ് (യു എസ്), മനുജ (കനറാ ബാങ്ക്, ഒളവണ്ണ, കോഴിക്കോട്).മരുമകൾ രശ്മി (യു എസ് ). പിതാവ്: പ്രദേശത്തെ ആദ്യ ബിരുദധാരിയായ പ്രഫസർ (റിട്ട) വി പി ഗോവിന്ദൻ നമ്പൂതിരി. (ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്), മാതാവ്: ബാലുശ്ശേരി കരുമല പരേതയായ ലീല അന്തർജനം. സഹോദരങ്ങൾ: കൃഷ്ണൻ നമ്പൂതിരി (റിട്ടയേർഡ് ടീച്ചർ), സുഭദ്ര അന്തർജനം (ബാണത്തൂരില്ലം, പേരാമ്പ്ര), കേശവൻ നമ്പൂതിരി ( പൂജാരി ), ശങ്കരൻ നമ്പൂതിരി (കേരളാ ഗ്രാമീൺ ബാങ്ക് - റിട്ടയേർഡ്), പുല്ലങ്കോട് ഗീത അന്തർജനം (പൈങ്ങോട്ടുപുറം), സുബ്രഹ്മണ്യൻ നമ്പൂതിരി (ടീച്ചർ, മാറാക്കര സ്കൂൾ, മലപ്പുറം)



**ചെറുകുളം സി. എൻ. നാരായണൻ**

തൃശൂർ അശ്വിനി ആശുപത്രി സ്ഥാപക ഡയറക്ടറും പൊതുപ്രവർത്തകനുമായ പാട്ടുരായ്ക്കൽ വസന്ത് നഗറിൽ പല്ലവിയിൽ സി. എൻ. നാരായണൻ (89) വിഷ്ണുപാദം പൂകി. ഗാന്ധി പീസ് ഫൗണ്ടേഷൻ ചെയർമാൻ. പൂർണോദയ ബുക്ക് ട്രസ്റ്റ് ആജീവനാന്ത അംഗം, ട്രസ്റ്റി, സർവോദയ മണ്ഡലം ലോക സേവക് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ കൃതികളിൽ ഒന്നായ സർവോദയം എന്ന ഗ്രന്ഥം പൂർണോദയ ബുക്ക് ട്രസ്റ്റിന് വേണ്ടി മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കുട്ടനെല്ലൂർ ഗ്രാമീണ വായനശാലയുടെ സ്ഥാപക സംഘാടകരിൽ ഒരാളായിരുന്നു. ഭാര്യ പത്മേശ്വരി തമ്പുരാൻ. മക്കൾ: വിവേക്, വിദ്യ. മരുമക്കൾ: മാല, ബാച്ചി, സഹോദരങ്ങൾ: ഡോ. സി എൻ പരമേശ്വരൻ, ഡോ.സി എൻ രാമൻ, ഡോ.സി എൻ കൃഷ്ണൻ, പരേതരായ സി എൻ ശങ്കരൻ നമ്പൂതിരി, സി എൻ വല്ലഭൻ നമ്പൂതിരി.



**നാരായണൻ നമ്പൂതിരി**

കൂറ്റനാട്: ഗുരുവായൂർ ക്ഷേത്രം ഓതിക്കൻ പഴയത്ത് മന നാരായണൻ നമ്പൂതിരി (78) വിഷ്ണുപാദം പൂകി. മുംബൈ മാട്ടുംഗ കൊച്ചു ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ 25 വർഷത്തോളം മേൽശാന്തിയായിരുന്നു. 2020 വരെ ഗുരുവായൂർ ക്ഷേത്രത്തിൽ സേവനം നടത്തി. ഭാര്യ: ദേവി അന്തർജനം. മക്കൾ: ശ്രീദേവി, സുജ. മരുമക്കൾ: മാധവൻ, മുരളീധരൻ. സഹോദരങ്ങൾ: ശ്രീദേവി, പരമേശ്വരൻ, ഉഷ, പരേതയായ സാവിത്രി.



**മേക്കാളി മനയ്ക്കൽ ഡോ. നാരായണൻ നമ്പൂതിരി**

പുത്തൻചിറ: മേക്കാളി മനയ്ക്കൽ ഡോ. നാരായണൻ നമ്പൂതിരി (69) ലണ്ടനിൽ വിഷ്ണുപാദം പൂകി. ഭാര്യ: ജയശ്രീ (കുറുമാലി പടുതോൾ കുടുംബാംഗം). മക്കൾ: വിഷ്ണു നാരായണൻ, ഹൃഷി നാരായണൻ. മരുമക്കൾ: സൂര്യ, ശ്വേത. സഹോദരൻ: നീലകണ്ഠൻ നമ്പൂതിരി.



**പത്മനാഭൻ നമ്പൂതിരി**

മുണ്ടത്തിക്കോട് ഹൈസ്ക്കൂൾ പ്രധാന അദ്ധ്യപകനായിരുന്ന കിരാനല്ലൂർ മാടമ്പ് മന പത്മനാഭൻ നമ്പൂതിരി (കുഞ്ഞനിയൻ 80 വയസ്സ്) വിഷ്ണുപാദം പൂകി. ഭാര്യ ശാന്ത അന്തർജനം മക്കൾ ഡോക്ടർ പാർവതീദേവി (റിട്ട.കോട്ടക്കൽ ആര്യ വൈദ്യശാല ആശുപത്രി) ഗായത്രിദേവി. മരുമക്കൾ ഡോ. കിരാതമൂർത്തി (പ്രിൻസിപ്പൽ വിഷ്ണു ആയുർവേദ മെഡിക്കൽ കോളേജ് ഷൊറണൂർ), ജയൻ കുറശ്ശാത്തമണ്ണ



**ശ്രീദേവി അന്തർജനം**

ചേമഞ്ചേരി: കൊളക്കാട് പുതുക്കുടി ഇല്ലം ശ്രീദേവി അന്തർജനം (80) വിഷ്ണുപാദം പൂകി. മക്കൾ: ദിലീപ്കുമാർ (കാഞ്ഞിലശ്ശേരി ശ്രീകൃഷ്ണ ക്ഷേത്രം മേൽശാന്തി), രാജീവൻ (കെ.എസ്.ആർ.ടി.സി.). മരുമകൾ: ധന്യ. സഹോദരങ്ങൾ: പഴങ്ങോട്ടു പൊറ്റ മാധവൻ നമ്പൂതിരി, പരേതനായ ശങ്കരൻ നമ്പൂതിരി, ഉമാദേവി അന്തർജനം.



**സാവിത്രി അന്തർജനം**

പേരാമംഗലം: കൂടല്ലൂർ മനയ്ക്കൽ സാവിത്രി അന്തർജനം (65) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ വാസുദേവൻ നമ്പൂതിരിപ്പാട്. മന്ത്രേടത്ത് മന കുടുംബാംഗമാണ്. മക്കൾ: നാരായണൻ, പരേതനായ വാസുദേവൻ, പത്മജ. മരുമക്കൾ: പുഷ്പ (അടാട്ട് കുറൂർ മന), പരേതയായ ദേവി (വരിക്കാശ്ശേരി മന), ഡോ. വാസുദേവൻ നമ്പൂതിരിപ്പാട് (പനയിൽ പാഴൂർ മന).



**സന്തോഷ് കുമാർ**

മണ്ണാർക്കാട്: കാവിൽ പടിഞ്ഞാറേടത്ത് മന കെ വി സന്തോഷ്കുമാർ (54)വിഷ്ണുപാദം പൂകി. പത്നി അമൃത (ടീച്ചർ കോട്ടോപ്പാടം എച്ച്. എസ്.), മക്കൾ: ഗൗരി, ഗൗതം (ബി.ടെക് വിദ്യാർത്ഥി, ഡെറാഡൂൺ) മരുമകൻ: രൂപേഷ് (പാക്കത്ത് മന) ശ്രീകൃഷ്ണപുരം ബ്ലോക്ക് അസിസ്റ്റന്റ് ഓഫീസറായിരുന്ന ഇദ്ദേഹം യോഗക്ഷേമ സഭ പാലക്കാട് യൂണിറ്റിലെ മികച്ച പ്രവർത്തകനും, മണ്ണാർക്കാട് ഉപസഭയുടെ നിലവിലെ സെക്രട്ടറിയുമായിരുന്നു



**ശങ്കരനാരായണൻ നമ്പുതിരി**

പാഞ്ഞാൾ പാതിരപ്പള്ളി ഇല്ലത്ത് ശങ്കരനാരായണൻ നമ്പുതിരി (93) - റിട്ട. അദ്ധ്യാപകൻ, വിഷണുപാദം പൂകി. ഭാര്യ ചെറുകുന്നത്ത് മഹൾ പാർവ്വതി അന്തർജ്ജനം. മക്കൾ ഉണ്ണി, കൃഷ്ണൻ



**രാജൻ നമ്പൂതിരി**

മട്ടന്നൂർ മേറ്റടിയിലെ കുംഭനില്ലത്ത് രാജൻ നമ്പൂതിരി വിഷ്ണുപാദം പൂകി. ഉത്തരമലബാറിലെ ക്ഷേത്രങ്ങളിൽ തിടമ്പ് നൃത്തം അവതരിപ്പിച്ചിരുന്നവരിൽ പ്രശസ്തനായിരുന്നു ഇദ്ദേഹം.



**ഉണിക്കാളി അന്തർജനം**

കൊടിയത്തൂർ: പന്നിക്കോട് ചെറുവക്കാട് ഇല്ലത്ത് ഉണിക്കാളി അന്തർജനം (93) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ അധികാരി ശങ്കരൻ നമ്പൂതിരി. സഹോദരി: പരേതയായ ഗൗരി അന്തർജനം (പെരിങ്ങൊളം പുല്ലങ്ങോട്ട് ഇല്ലം).

# വിഷ്ണുപാദം പൂകിയ ഏവർക്കും സ്വസ്തിയുടെ ആദരാഞ്ജലികൾ



**തേലമ്പറ്റ കൃഷ്ണൻ നമ്പൂതിരി**

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രത്തിൽ 6 പതിറ്റാണ്ടിലേറെ കീഴ്ശാന്തിയായി പ്രവർത്തിച്ച തേലമ്പറ്റ കൃഷ്ണൻ നമ്പൂതിരി (75) വിഷ്ണുപാദം പൂകി. കഥകളി, പഞ്ചവാദ്യം എന്നീ കലകളുടെ മികച്ച ആസ്വാദകനും ഈ രംഗത്തെ കലാകാരന്മാരുടെ സുഹൃത്തും ആയിരുന്നു. ഭാര്യ: മുക്കം ചെറുവക്കാട് മന ലീല അന്തർജനം. മക്കൾ: സതി (പ്രധാനാധ്യാപിക, എസ്ആർവി എഎൽപി സ്കൂൾ കഴനി, ആലത്തൂർ), സീമ.
മരുമക്കൾ: ഉദയംപേരൂർ ചാത്തമംഗലം മന ഗുപ്തൻ നമ്പൂതിരി (സതേൺ റെയിൽവേ), ( ചെങ്ങന്നൂർ കല്ലിശേരി മൂത്തേടത്ത് മഠം പരേതനായ സുനിൽ നമ്പൂതിരി.



**സുബ്രഹ്മണ്യൻ നമ്പൂതിരി**

ചാത്തമംഗലം: ഭാഗവതാചാര്യൻ കണ്ടമംഗലം സുബ്രഹ്മണ്യൻ നമ്പൂതിരി (ഓമനക്കുട്ടൻ-73) വിഷ്ണുപാദം പൂകി. ഭാര്യ: തലയോലപ്പറമ്പ് ചെറുമണൽ മന ശോഭന അന്തർജനം. മക്കൾ: രാധിക (ഇസാഫ് ബാങ്ക്, പട്ടിക്കാട്, തൃശൂർ), സരസ്വതി (കേരള ഗ്രാമീൺ ബാങ്ക്, ഇഴോം, കണ്ണൂർ), പാർവതി (യൂണിയൻ ബാങ്ക്, കോയമ്പത്തൂർ). മരുമക്കൾ: പയ്യന്നൂർ സുബ്ബണ്ണമംഗലം ഇല്ലത്ത് അനൂപ്, മണിയാൽ കോക്കുന്നം ഇല്ലത്ത് ശിവദാസ്, കുന്നംകുളം പണിക്കത്ത് മനയിൽ ദിനൂപ്, സഹോദരങ്ങൾ: ശ്രീദേവിക്കുട്ടി (റിട്ട. വാട്ടർ അതോറിറ്റി), നാരായണൻ നമ്പൂതിരി (റിട്ട. അധ്യാപകൻ, ആർ.ഇ.സി. ജി.വി.എച്ച്.എസ്), ശ്രീകുമാരൻ നമ്പൂതിരി (റിട്ട. അധ്യാപകൻ, ചൂലൂർ എ.യു.പി. സ്കൂൾ), സുഭദ്ര അന്തർജനം.



**നാരായണൻ നമ്പൂതിരി**

യോഗക്ഷേമസഭ ആലപ്പുഴ ജില്ലാ പ്രസിഡന്റ് ശ്രീ ജയപ്രകാശന്റെ ഭാര്യാപിതാവ് ആലപ്പുഴ, കായംകുളം, കീരിക്കാട് മുല്ലശ്ശേരി ഇല്ലം (കൊട്ടാരം) നാരായണൻനമ്പൂതിരി പി.എൻ., (93- റിട്ട. ഹെഡ് മാസ്റ്റർ, ഗവ. ഹൈസ്കൂൾ, വലിയഴീക്കൽ) വിഷ്ണുപാദം പൂകി. ഭാര്യ: സരോജിനി ദേവി. മക്കൾ: ശ്രീകുമാരി (റിട്ട. അധ്യാപിക), വിജയലക്ഷ്മി, രമാദേവി (അധ്യാപിക, ടി.ഡി.എച്ച്.എസ്.എസ്. ആലപ്പുഴ). മരുമക്കൾ: മുരളീധരൻ നമ്പൂതിരി (റിട്ട. അധ്യാപകൻ, കോഴിക്കോട് സർവ്വകലാശാല ക്യാമ്പസ് എച്ച്.എസ്.), സനൽകുമാർ (ബ്രിഗേഡിയർ, ആർമി), നേവി റിട്ട. ഉദ്യോഗസ്ഥൻ ജയപ്രകാശ് (യോഗക്ഷേമസഭ ആലപ്പുഴ ജില്ലാ പ്രസിഡന്റ്).



**കഥകളി നടൻ നാരായണൻ നമ്പൂതിരി**

മൂവാറ്റുപുഴ: തൃക്കളത്തൂർ ആത്രശ്ശേരിമന നാരായണൻ നമ്പൂതിരി (80) വിഷ്ണുപാദം പൂകി. കഥകളി നടനായിരുന്നു. കലാമണ്ഡലം കൃഷ്ണൻ നായരുടെ ശിഷ്യനും ശബരിമല മുൻ മേൽശാന്തി ആത്രശ്ശേരി എ.ആർ. രാമൻ നമ്പൂതിരിയുടെ സഹോദരനുമാണ്. കണിമംഗലം മഹാദേവക്ഷേത്രം പൂജാരിയായിരുന്നു. ഭാര്യ: ദേവകി അന്തർജനം, പയ്യന്നൂർ കല്ലായിമന കുടുംബാംഗം. മക്കൾ: അനുശ്രീ (ഫാഷൻ ഡിസൈനർ), ശ്രീരാം (ഓട്ടോമൊബൈൽ എൻജിനീയർ). മരുമക്കൾ: ശ്രീരാജ് പാടിവട്ടത്തുമന ചാലക്കുടി (സോഫ്റ്റ് വെയർ എൻജിനീയർ). ഉത്തര പാലമംഗലം മന കാഞ്ഞങ്ങാട് (നൃത്താധ്യാപിക).



**അഷ്ടമൂർത്തി നമ്പൂതിരി**

തൃശൂർ:വേലൂർ കിരാലൂർ പുതുവായ മനയിൽ അഷ്ടമൂർത്തി നമ്പൂതിരി (95 ) വിഷ്ണുപാദം പൂകി. ഭാര്യ: ആറ്റൂർ മുണ്ടയൂർ മനക്കൽ ശ്രീദേവി അന്തർജനം. മക്കൾ: സുജാത, വാസുദേവൻ, ഗൗരി, അഷ്ടമൂർത്തി, ശ്രീദേവി, സാവിത്രി. മരുമക്കൾ: രവീന്ദ്രൻ അടികൾ, നിഷ, നാരായണൻ നമ്പൂതിരി, കൃഷ്ണജ, കക്കാട് രുദ്രൻ നമ്പൂതിരി, ആലക്കാട് നന്ദകുമാർ. പഴയ കാല കമ്മ്യൂണിസ്റ്റ് പ്രവർത്തകനും ജൈവ കൃഷിയുടെ പ്രയോക്താവുമായിരുന്നു. ഗ്രന്ഥശാലാ സംഘം, കിരാലൂർ വായനശാല തുടങ്ങിയവയിലും നേതൃപരമായ പങ്ക് നിർവഹിച്ചു.



**ദേവകി അന്തർജ്ജനം**

മുണ്ടകാശ്ശേരി പുല്ലൂർമണ്ണ ഇല്ലത്ത് പരേതനായ രുദ്രൻ നമ്പൂതിരിയുടെ സഹധർമിണി ദേവകി അന്തർജ്ജനം (80) വിഷ്ണുപാദം പൂകി.



**നന്ദിനി അന്തർജനം**

തളിപ്പറമ്പ്: വെള്ളാവ് മണിയാൽ കോക്കുന്നം ഇല്ലത്ത് പരേതനായ മഹേശ്വരൻ നമ്പൂതിരിയുടെ ഭാര്യ നന്ദിനി അന്തർജനം വിഷ്ണുപാദം പൂകി



**സാവിത്രി**

നന്തിക്കര നടുവത്ത് നാരായണൻ അക്കിത്തിരിപ്പാടിന്റെ ഭാര്യ സാവിത്രി പത്തനാടി വിഷ്ണുപാദം പൂകി.



**സാവിത്രി അന്തർജനം**

പഴേടത്തെ എ.പി.നാരായണൻ നമ്പൂതിരിയുടെ പത്നി സാവിത്രി അന്തർജനം വിഷ്ണുപാദം പൂകി. കീഴോട്ടുകര കടലായിൽ മകളാണ്.



**ശ്രീദേവി അന്തർജനം**

തൃശൂർ : കിരാലൂർ പുതുവായ മനക്കൽ ശ്രീദേവി അന്തർജനം (86) വിഷ്ണു പാദം പൂകി. പുതുവായ അഷ്ടമൂർത്തി നമ്പൂതിരിയുടെ സഹോദരിയാണ്.



**ശ്രീദേവി അന്തർജ്ജനം**

മലപ്പുറം: പടിഞ്ഞാറ്റുംമുറി കടക്കോട്ടുതല പരേതനായ നാരായണൻ നമ്പൂതിരിയുടെ ഭാര്യ ശ്രീദേവി അന്തർജ്ജനം (86) വിഷ്ണുപാദം പൂകി. മക്കൾ: പ്രമദ, നന്ദിനി, ജയനാരായണൻ (അനിയൻ, കേന്ദ്ര ആഭ്യന്തരവകുപ്പ്), വാസുദേവൻ (ക്ലർക്ക്, വി.വി.എം.എച്ച്.എസ്.എസ്. മാറാക്കര), പ്രീത, വാമദേവൻ (രജു), കൃഷ്ണപ്രജീഷ്. മരുമക്കൾ: പുതുമന കിരാതമൂർത്തി നമ്പൂതിരി, കരുമാനംപറ്റ മന മോഹനൻ നമ്പൂതിരിപ്പാട്, ജയ (എളങ്ങള്ളൂർ മന), പ്രദീപ (മാധവപ്പള്ളി മന), വൈദ്യമഠം കൃഷ്ണൻ നമ്പൂതിരി, ചിത്ര (കാലടി മന).



**ഉമാദേവി അന്തർജ്ജനം**

കാർത്തിയേരി പറപ്പൂർ ഇല്ലത്തു ഉമാദേവി അന്തർജ്ജനം (92) വിഷ്ണുപാദം പൂകി. മക്കൾ: നാരായണൻ നമ്പൂതിരി (മുൻ ടി.ടി.കെ. ദേവസ്വം പ്രസിഡന്റ്), ദിവാകരൻ നമ്പൂതിരി.



**നാരായണൻ നമ്പൂതിരി**

തിരുവല്ല: ജ്യോതിഷ,വാസ്തു വിദ്യ പണ്ഡിതൻ തിരുവല്ല മതിൽഭാഗം കാഞ്ഞിരപ്പള്ളി ഇല്ലത്ത് എൻ നാരായണൻ നമ്പൂതിരി ( മുൻ ഡ്രാഫ്റ്റ്സ്മാൻ ബ്രിട്ടീഷ് പെട്രോളിയം ഒമാൻ 76) വിഷ്ണുപാദം പൂകി. ഭാര്യ: തൃക്കാരിയൂർ പുല്ലേരി ഇല്ലത്ത് ഗൗരിക്കുട്ടി ആണ് മക്കൾ: ഹരീഷ് എൻ നമ്പൂതിരി, ഉണ്ണികൃഷ്ണൻ എൻ നമ്പൂതിരി. മരുമക്കൾ: രഞ്ജിത, ദീപ.



**ശ്രീധരൻ നമ്പൂതിരി**

യോഗക്ഷേമസഭ കോട്ടയം ജില്ല പ്രസിഡന്റും, ട്രസ്റ്റ് അംഗവുമായ ഡോ.കെ.എസ്. രാജ്കുമാറിന്റെ പിതാവ് കൈതമറ്റം ശ്രീധരൻ നമ്പൂതിരി (89) വിഷ്ണുപാദം പൂകി.



**വാസുദേവൻ നമ്പൂതിരി**

മാങ്കാവ് കല്ലൂരില്ലത്ത് വാസുദേവൻ നമ്പൂതിരി (84) വിഷ്ണുപാദം പൂകി.



**ഈശ്വരൻ നമ്പൂതിരി**

കുന്നരുവിൽ താമസിക്കുന്ന ടിവി ഈശ്വരൻ നമ്പൂതിരി (റിട്ട: അദ്ധ്യാപകൻ)-90, വിഷ്ണുപാദം പൂകി. ഭാര്യ പി.എം ദേവകി അന്തർജനം (റിട്ട: അദ്ധ്യാപിക). മക്കൾ ടിവി ജയശ്രീ (ഇളമ്പച്ചി ഗവ: ഹയർ സെക്കന്ററി സ്കൂൾ) അധ്യ: ടി വി ജയകുമാർ (ഹൈക്കോടതി, എറണാകുളം). മരുമക്കൾ: ബാലകൃഷ്ണൻ ആലക്കാട്ടില്ലം (റിട്ട: അദ്ധ്യാപകൻ), എം ഗായത്രിദേവി.



**നാരായണൻ നമ്പൂതിരി**

കരോളിൽ എളമണ്ണ് നാരായണൻ നമ്പൂതിരി (65) വിഷ്ണു പാദം പൂകി. ഭാര്യ കീഴാനെല്ലൂർ മഹൾ സുലേഖ അന്തർജ്ജനം, മക്കൾ: നീലിമ, നീരജ, നിഖി.



**ഭാഗീരഥി അന്തർജനം**

മൊടക്കല്ലൂർ: ചായടത്തില്ലത്ത് ഗോപി നമ്പൂതിരിയുടെ പത്നി ഭാഗീരഥി അന്തർജനം (83) വിഷ്ണുപാദം പൂകി.



**പാർവതി അന്തർജനം**

മാവൂർ: പറമ്പത്ത് എടലകുളത്ത് പാർവതി അന്തർജനം (90) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ വാസുദേവൻ നമ്പൂതിരി. മക്കൾ: പരേതനായ ഗംഗാധരൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, വാസുദേവൻ നമ്പൂതിരി, ഉമാദേവി അന്തർജനം, ഉണ്ണികൃഷ്ണൻ നമ്പൂതിരി. മരുമക്കൾ: രത്നകുമാരി (റിട്ട. പോസ്റ്റ് മാസ്റ്റർ), രാധാ അന്തർജനം, പരേതനായ പഴങ്ങോട്ടുപറ്റ ശ്രീധരൻ നമ്പൂതിരി.



**സുമ**

ജന്മഭൂമി എഡിറ്ററും മലയാള മനോരമ മുൻ അസിസ്റ്റന്റ് എഡിറ്ററുമായ മണ്ണക്കനാട് കാഞ്ഞിരക്കാട്ട് മനയിൽ കെ.എൻ.ആർ. നമ്പൂതിരിയുടെ ഭാര്യ സുമ (67) വിഷ്ണുപാദം പൂകി. തൃപ്രയാർ പടിയം തങ്ങൂർമന കുടുംബാംഗമാണ്. മക്കൾ: നിതിൻ (ലണ്ടൻ), നിഖിൽ (ബാംഗ്ലൂർ). മരുമക്കൾ: വന്ദന (ലണ്ടൻ), ലക്ഷ്മി ബംഗ്ലൂർ).



**കെ.ജി.ഈശ്വരൻ പോറ്റി**

ആര്യനാട്: കുളപ്പട തെക്കേ മഠത്തിൽ പി.എസ്.സി റിട്ട. അണ്ടർ സെക്രട്ടറി കെ.ജി. ഈശ്വരൻ പോറ്റി (74) വിഷ്ണുപാദം പൂകി. ഭാര്യ: ശോഭനാദേവി (പി.എൻ.ബി. റിട്ട. മാനേജർ). മക്കൾ: ഇ.എസ്. ലക്ഷ്മി (എൽ.എസ്.ജി.ഡി.), ഇ.എസ്. ഉണ്ണികൃഷ്ണൻ. മരുമക്കൾ: ജി.പരമേശ്വരൻ നമ്പൂതിരി, എൽ.എസ്. ദീപ.



**ദേവകി ദേവി**

തിരുവനന്തപുരം: അരുവിക്കര വെള്ളൂർകോണം ഇടമന മഠത്തിൽ ദേവകി ദേവി (90) (റിട്ട. ഹെഡ് മിസ്ട്രസ്സ്) വിഷ്ണു പാദം പൂകി. ഭർത്താവ് പരേതനായ എൻ. കൃഷ്ണൻ പോറ്റി (റിട്ട ഹെഡ് മാസ്റ്റർ). മക്കൾ:കെ.നാരായണൻ പോറ്റി (റിട്ട. ബിഎസ്എൻഎൽ), കെ.മാധവൻ പോറ്റി (റിട്ട.കെഎസ്ഇബി), കെ. സാവിത്രിദേവി(റിട്ട. സി.ഡി.പി.ഒ.) കെ.സുഭദ്രദേവി (ഐ.റ്റി.ഐ. പാലക്കാട്) മരുമക്കൾ: സതി(കാർത്തിക) സെന്റ് തോമസ് സ്കൂൾ, കെ. ഐ. സരസ്വതി (കനറാ ബാങ്ക്) ഉണ്ണികൃഷ്ണൻ - മങ്കുന്നത്ത് മഠം, പ്രസാദ് (ഐ. റ്റി. ഐ. പാലക്കാട്).



**ശങ്കരൻ നമ്പൂതിരി**

പെരിന്തൽമണ്ണ: പ്രമുഖ തന്ത്രി കുടുംബാഗമായ പുലാശ്ശേരി കരിയന്നൂർ മന ശങ്കരൻ നമ്പൂതിരി വിഷ്ണുപാദം പൂകി. സംഗീത നാടക അക്കാദമി അവാർഡ് ജേതാവും കലാമണ്ഡലം വാദ്യ വിഭാഗം ഡീനായി പ്രവൃത്തിച്ചു വരുന്ന തിമില വിദഗ്ദൻ നാരായണൻ നമ്പൂതിരിയുടെ ജ്യേഷ്ഠ സഹോദരനാണ്. ഭാര്യ ഉമാദേവി അന്തർജനം. മകൾ രശ്മി. മരുമകൻ നീലകണ്ഠൻ, മന്നാനംപറ്റ മന.



**രാമൻ നമ്പൂതിരിപ്പാട്**

ഏലംകുളം മന രാമൻ നമ്പൂതിരിപ്പാട് (ഇ എം ആർ 84) വിഷ്ണുപാദം പൂകി. ദീർഘകാലം പെരിന്തൽമണ്ണയിൽ ഓട്ടോമൊബൈൽ ഷോപ്പ് നടത്തിയിരുന്നു. പുളിങ്കാവ് അയ്യപ്പക്ഷേത്രം, ഏലംകുളം മേതൃ കോവിൽ, കടന്നങ്കാവ്, കുന്നക്കാവ് പാലത്തോൾ എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളുടെ ട്രസ്റ്റിയായിരുന്നു. ഇ.എം.എസിന്റെ മൂത്ത സഹോദരൻ രാമൻ നമ്പൂതിരിപ്പാടിന്റെ മകനാണ്. ഭാര്യ ശ്രീമതി ഗൗരി അന്തർജനം (പുലാമന്തോൾ ജി.എച് എസ്.എസ് റിട്ട. അദ്ധ്യാപിക.) മകൾ വന്ദന (ബെംഗളൂരു)



**പ്രൊഫ.ഹിരണ്യൻ**

പ്രസിദ്ധ കവിയും, കഥാകാരനുമായ പ്രൊഫ.ഹിരണ്യൻ വിഷ്ണുപാദം പൂകി. പാറളത്ത്, പാർപ്പക്കടവ് റോഡിൽ കടവത്ത് ഉള്ളന്നൂർ മന പരേതനായ കുഞ്ഞുണ്ണി നമ്പൂതിരിയുടെ മകനായ ഹിരണ്യൻ തൃശൂർ ഗവ.കോളേജിൽ പ്രിൻസിപ്പൽ പദവിയിലിരിക്കെയാണ് വിരമിച്ചത്. അമ്മാടം സെന്റ് ആന്റണീസ് സ്കൂളിലും, തൃശൂർ കേരള വർമ്മയിലും, കാലിക്കറ്റ് യൂണിവേഴ്സിററി ക്യാംപസിലും മറ്റും വിദ്യാഭ്യാസം. ഭാര്യ പരേതയായ കവി ഗീതാ ഹിരണ്യൻ. മക്കൾ : അനന്തകൃഷ്ണൻ (എഞ്ചിനീയർ), ഡോ.ഉമ.



**നാരായണൻ ഭട്ടതിരിപ്പാട്**

മലപ്പുറം ജില്ല ബാങ്ക് മുൻ മാനേജർ അവിഞ്ഞിക്കാട്ട് നാരായണൻ ഭട്ടതിരിപ്പാട് (83) വിഷ്ണുപാദം പൂകി. ഭാര്യ ലീല അന്തർജ്ജനം (നെടുങ്ങോട്ടൂർ പാറ മഹൾ). മക്കൾ: ബിന്ദു (കക്കാട്ട് മന), ബിജി (തട്ടായത്ത് മന), ബിജു (അദ്ധ്യാപകൻ, പരുതൂർ സ്ക്കൂൾ). മരുമക്കൾ: കക്കാട് വാസുദേവൻ നമ്പൂതിരി (പുലാമന്തോൾ), തട്ടായത്ത് രാമൻ നമ്പൂതിരി (ചാലക്കുടി), ധന്യ (എടത്തറ മൂത്തേടം മഹൾ)



**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

പെരുമ്പാവൂർ: കൂവപ്പടി ഗംഗ ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി (73) വിഷ്ണുപാദം പൂകി.

ഭാര്യ: ഉഷ അന്തർജനം (എറാഞ്ചേരി ഇല്ലം, മട്ടന്നൂർ), മക്കൾ: മനോജ്കുമാർ, മഞ്ജുനാഥ്, മധു കൃഷ്ണൻ. മരുമക്കൾ: രാഖി (പെരുമ്പിള്ളിയാഴം), ശ്രീല (മമ്പാറ്റ ഇല്ലം), മീര (കടമറുക് മന).



**വാസുദേവൻ നമ്പൂതിരി**

അരിക്കുളം: ഒറവിങ്കൽ ഇല്ലം വാസുദേവൻ നമ്പൂതിരി (73) വിഷ്ണുപാദം പൂകി. പെരുവട്ടൂർ ചെറിയപ്പുറം ക്ഷേത്രം മേൽശാന്തി ആയിരുന്നു. പരേതരായ അഗ്നിനമ്പൂതിരിയുടെയും പാർവ്വതി അന്തർജനത്തിന്റെയും മകനാണ്. ഭാര്യ: പരേതയായ ശൈലജ അന്തർജ്ജനം (കൂട്ടാലിട). സഹോദരങ്ങൾ: വിഷ്ണു നമ്പൂതിരി, അഗ്നി നമ്പൂതിരി.



**സാവിത്രി അന്തർജനം**

പള്ളിക്കാപറമ്പ് മഠം മോഹനന്റെ അമ്മ സാവിത്രി അന്തർജനം (86) താമരശ്ശേരിയിലെ സ്വവസതിയിൽ വെച്ച് വിഷ്ണുപാദം പൂകി. പാക്കത്ത് ഇല്ലത്ത് സന്ധ്യാ ഉണ്ണികൃഷ്ണൻ മകളാണ്.



**ദേവകി അന്തർജ്ജനം**

മുണ്ടോട്ട മേൽമണ്ടോടി ഇല്ലം പരേതനായ പത്മനാഭൻ നമ്പൂതിരിയുടെ ഭാര്യ ദേവകി അന്തർജ്ജനം (92) വിഷ്ണുപാദം പൂകി. മക്കൾ: ഇന്ദിര മോഹനൻ(റിട്ട: അധ്യാപിക), ഉണ്ണികൃഷ്ണൻ നമ്പൂതിരി (റിട്ട: അധ്യാപകൻ PHSS പേരാമ്പ്ര), ദുർഗ്ഗാ മുരളി



**ഇ കെ പ്രിയ**

കണ്ണൂർ ജയിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഇ കെ പ്രിയ (51) വിഷ്ണുപദം പൂകി. തളിപ്പറമ്പ് ഇളയിടത്ത് കൊളശ്ശേരി മകൾ. ഭർത്താവ് നീലേശ്വരം പള്ളിക്കര മാടമന നാരായണൻ നമ്പൂതിരി. മകൻ പ്രിയേഷ് (ഏറോനോട്ടിക്കൽ എഞ്ചിനീയർ, മുംബൈ). സഹോദരങ്ങൾ: റാണി (കേരളാ ബാങ്ക്, ചെറുതുരുത്തി), യജ്ഞ ശങ്കരൻ (തളിപ്പറമ്പ് )



**ശങ്കരൻ നമ്പൂതിരി**

മാള (പ്ലാവിൻമുറി): കിഴക്കിനിയേടത്ത് മേക്കാട്ട് ശങ്കരൻ നമ്പൂതിരി (83) വിഷ്ണുപാദം പൂകി. റെയിൽവേ മുൻ ഉദ്യോഗസ്ഥനാണ്. ഭാര്യ: വാസന്തി. മക്കൾ: ഹരിദത്തൻ, ആര്യ, സാജി. മരുമക്കൾ: നാരായണൻ (വടക്കേടത്ത് മന, പാലക്കാട്), രാജശ്രീ (കക്കാട്ട് ഇല്ലം, ബാലുശ്ശേരി).



**നാരായണൻ നമ്പൂതിരി**

പൂക്കോട്ടൂർ ശ്രീ ത്രിപുരാന്തക ക്ഷേത്രം മുൻ മേൽശാന്തി കക്കാട്ടില്ലത്ത് നാരായണൻ നമ്പൂതിരി(74) (കുഞ്ഞൻ നമ്പൂതിരി) വിഷ്ണുപാദം പൂകി. ഭാര്യ. പ്രസന്ന അന്തർജ്ജനം. സഹോദരങ്ങൾ.തന്ത്രി കക്കാട്ടില്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരി, രുദ്രൻ നമ്പൂതിരി (ഗുരുവായൂർ മമ്മിയൂർ മേൽശാന്തി)



**സാവിത്രി അന്തർജനം**

മക്കാട്ടില്ലത്ത് സാവിത്രി അന്തർജനം (80) വിഷ്ണുപാദം പൂകി. മക്കാട്ടില്ലത്ത് പരേതനായ ഗോവിന്ദൻ നമ്പൂതിരിയുടെ പത്നിയാണ്. അച്ഛൻ: പാലക്കാട്ടില്ലത്ത് വലിയ നീലകണ്ഠൻ നമ്പൂതിരി. സഹോദരങ്ങൾ : പാലക്കാട്ടില്ലത്ത് നീലകണ്ഠൻ നമ്പൂതിരി, ദേവകി അന്തർജനം (ചോണാട്ടില്ലം), ലീല അന്തർജനം (മരുതൂർക്കര ഇല്ലം)



**സാവിത്രി അന്തർജ്ജനം**

കൂടല്ലൂർ മനയ്ക്കൽ പരേതനായ വാസുദേവൻ നമ്പൂതിരിപ്പാടിന്റെ പത്നി സാവിത്രി അന്തർജ്ജനം അന്തരിച്ചു. മന്ത്രേടത്ത് മന കുടുംബാംഗമാണ്. മക്കൾ: നാരായണൻ,പരേതനായ വാസുദേവൻ,പത്മജ. മരുമക്കൾ: പുഷ്പ (അടാട്ട് കുറൂർ മന), പരേതയായ ദേവി (വരിക്കാശ്ശേരി മന),ഡോക്ടർ വാസുദേവൻ നമ്പൂതിരിപ്പാട് (പനയിൽ പാഴൂർ മന)



**സന്ധ്യാവലി അന്തർജനം**

കൂത്താട്ടുകുളം നെല്ല്യക്കാട്ടില്ലത്ത്, അന്തരിച്ച ശങ്കരൻ നമ്പൂതിരിയുടെ പത്നി, സന്ധ്യാവലി അന്തർജനം (89) വിഷ്ണുപാദം പൂകി. മക്കൾ എൻ എസ് നാരായണൻ നമ്പൂതിരി, എൻ എസ് കൃഷ്ണൻ നമ്പൂതിരി. മരുമക്കൾ സുധ അന്തർജ്ജനം, ശ്രീദേവി അന്തർജ്ജനം.



**വസന്ത**

വിൽവട്ടം ഉപസഭ കുറ്റുമുക്ക് പാലക്കാട്ട് മനയിൽ പുരുഷോത്തമൻ നമ്പൂതിരിയുടെ പത്നി വസന്ത (67) വിഷ്ണുപാദം പൂകി. പട്ടാമ്പി ഓങ്ങല്ലൂർ തമാനൂർ മഹളാണ്. മക്കൾ ധന്യ നാരായണൻ (സ്കൂൾ ടീച്ചർ, ശ്രീരാമൻ (എസ് എൻ എ). മരുമക്കൾ നാരായണൻ, ദിവ്യശ്രീ.



**ഭദ്ര അന്തർജ്ജനം**

വെള്ളർക്കാട് കോടനാട്ട് മന പരേതനായ പ്രൊഫ. മഹേശ്വരൻ നമ്പൂതിരിപ്പാടിന്റെ പത്നി ഭദ്ര അന്തർജ്ജനം (90 പാണ്ടം പറമ്പത്ത് മകൾ) വിഷ്ണുപാദം പൂകി.



**സരോജനിദേവി അന്തർജനം**

കാപ്പിൽ കൃഷ്ണപുരം പച്ചംകുളത്തില്ലത്ത് പരേതനായ ശ്രീധരൻ പോറ്റിയുടെ സഹധർമ്മിണി സരോജനിദേവി അന്തർജനം (94) വിഷ്ണുപാദം പൂകി. മക്കൾ : ഹരി കുമാർ പോറ്റി, സുലോചന ദേവി, ശാരദ ദേവി.



**ഇന്ദിര അന്തർജനം**

കോടനാട്ടു മന ഇന്ദിര അന്തർജനം (81) വിഷ്ണുപാദം പൂകി.ഭർത്താവ് പരേതനായ കുമാര സ്വാമി നമ്പൂതിരി മകൻ ഭവദാസൻ (റിട്ട. പ്രധാന അധ്യാപകൻ ശ്രീകൃഷ്ണപുരം ഹയർ സെക്കൻറി സ്കൂൾ)



**ഉമാദേവി അന്തർജനം**

വാകത്താനം നീലമന ഇല്ലം എൻ.ഇ.ഗണപതി നമ്പൂതിരിയുടെ സഹ ധർമ്മിണി ഉമാദേവി അന്തർജനം വിഷ്ണുപാദം പൂകി. മകൻ ഗോപീകൃഷ്ണൻ



**പ്രിയ അന്തർജനം**

കണ്ണൂർ: ചെറുതാഴം കുന്നുമ്പ്രം കാരഭട്ടതിരി ഇല്ലത്തെ കേശവൻ നമ്പൂതിരിയുടെ ഭാര്യ പ്രിയ അന്തർജനം (40) വിഷ്ണുപാദം പൂകി



**ലീല അന്തർജനം**

കാലടി: മുല്ലപ്പിള്ളി പടുതോൾ പരേതനായ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിന്റെ ഭാര്യ ലീല അന്തർജനം (100) വിഷ്ണുപാദം പൂകി.



**ഈശ്വരൻ നമ്പൂതിരി**

തളിപ്പറമ്പ് : മേപ്പള്ളി ഈശ്വരൻ നമ്പൂതിരി വിഷ്ണു പാദം പൂകി.



**ഡോ: കൃഷ്ണപ്രസാദ് നമ്പൂതിരി**

പയ്യന്നൂർ പെരിന്തട്ട നീലമന ഡോ: കൃഷ്ണ പ്രസാദ് നമ്പൂതിരി വിഷ്ണുപാദം പൂകി.



**ആര്യാ അന്തർജനം**

കണ്ണൂർ : മയ്യിൽ കുറുങ്ങാട് ചെപ്പന്നൂർ പരേതനായ നാരായണൻ നമ്പൂതിരിയുടെ പത്നി ആര്യാ അന്തർജനം വിഷ്ണു പാദം പൂകി.



**നാരായണൻ നമ്പൂതിരി**

കോട്ടക്കൽ കീഴിയേടത്തു മന നാരായണൻ നമ്പൂതിരി ( മുരളി 60) വിഷ്ണുപാദം പൂകി. ഭാര്യ ജ്യോതി. മക്കൾ അനഘ, അർജുൻ.



**ആര്യ അന്തർജ്ജനം**

തൃശൂർ: ഇളവള്ളി പുലിയന്നൂർ മനയിൽ ആര്യ അന്തർജ്ജനം (77) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ പുലിയന്നൂർ ജയന്തൻ നമ്പൂതിരിപ്പാട്. മക്കൾ: തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരിപ്പാട്, ആശ ഉണ്ണികൃഷ്ണൻ (മാനേജർ, മുക്കം കോ-ഓപ്പറേറ്റീവ് ബാങ്ക്), ദിവ്യ രമേഷ് (അധ്യാപിക, കുന്നക്കാവ് സ്കൂൾ). മരുമക്കൾ: രമ്യ (ചെറുകുന്നത്ത് മന), ഉണ്ണികൃഷ്ണൻ നമ്പൂതിരി കൊല്ലോറ്റ ഇല്ലം, പരേതനായ രമേഷ് മുതുർശ്ശി.



**ഡോ. പി.എം.എ. ഭട്ടതിരി**

തൃപ്പൂണിത്തുറ ഉപസഭാംഗം ഇരുമ്പനം പ്ളാക്കുടി മനയിൽ ഡോ. പി.എം.എ. ഭട്ടതിരി (ആര്യൻ 90) വിഷ്ണുപാദം പൂകി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രോഫിയിൽ ഉന്നത സ്ഥാനം വഹിച്ചു.

ആദ്യ അന്റാർട്ടിക് സന്ദർശക ശാസ്ത്രജ്ഞ ടീമിലെ അംഗമായിരുന്നു. ഭാര്യ ശ്രീമതി ഇന്ദിരഭട്ടതിരി (കോടിയേരി മന, തിരൂർ).മക്കൾ മനോജ്,മൻജിത്ത്. മരുമക്കൾ ജ്യോതി മനോജ്, നടാഷ.



**ഡോ. കാദംബരി കെ.നമ്പൂതിരി**

വലവൂർ: നരമംഗലം ഇല്ലത്ത് പരേതനായ ഡോ. കൃഷ്ണൻ നമ്പൂതിരിയുടെ ഭാര്യ ഡോ. കാദംബരി കെ.നമ്പൂതിരി (93) യു.എസിലെ ക്ലെവെലാൻഡിൽ വിഷ്ണുപാദം പൂകി. പത്തനംതിട്ട ഓമല്ലൂർ കൈനിക്കര ഇല്ലം അംഗമാണ്. പരേത തിരുവനന്തപുരം ഗവ. വിമൻസ് കോളേജ്, യു.എസ്.എ. ഒഹിയോ സ്റ്റേറ്റ് യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി ഓഫ് നോത്ത് കരോളിന എന്നിവിടങ്ങളിൽ അധ്യാപികയായിരുന്നു. മക്കൾ: പരേതനായ നാരായണൻ നമ്പൂതിരി (ഉണ്ണി), ഡോ. സാലി കെ.നമ്പൂതിരി. മരുമകൻ: ഡോ. സുധാകർ റാവു.



**ഉണ്ണികൃഷ്ണൻ നമ്പൂതിരി**

ആലപ്പുഴ എടത്വാ ചക്കുളത്തുകാവ് ശ്രീഭഗവതി ക്ഷേത്രം മുഖ്യകാര്യദർശിമാരിൽ ഒരാളായ പട്ടമന ഉണ്ണികൃഷ്ണൻ നമ്പൂതിരി (69) വിഷ്ണുപാദം പൂകി. വാർദ്ധക്യ സഹജായ അസുഖത്തെ തുടർന്ന് വീട്ടിൽ വിശ്രമത്തിലായിരുന്നു. സഹോദരങ്ങൾ: രാധാകൃഷ്ണൻ നമ്പൂതിരി, മണിക്കുട്ടൻ നമ്പൂതിരി, അശോകൻ നമ്പൂതിരി, രഞ്ജിത്ത് ബി. നമ്പൂതിരി. ഭാര്യ: സുജാത ഉണ്ണികൃഷ്ണൻ. മക്കൾ: ദിവ്യ, ദിപ. മരുമക്കൾ: നന്ദനൻ, അരുൺ.



**നാരായണൻ നമ്പൂതിരി**

കോഴിക്കോട് തൊണ്ടയാട് കുറുങ്ങോട് നാരായണൻ നമ്പൂതിരി (94) വിഷ്ണുപാദം പൂകി. പാലക്കാട് ഫോറെസ്റ്റ് ട്രിബ്യൂനലിൽ ജില്ലാ ജഡ്ജി ആയിരിക്കെ സെർവീസിൽ നിന്നും റിട്ടയർ ചെയ്തു. കുറച്ചു കാലം തലശ്ശേരി ജില്ലാ ജഡ്ജ് ആയിരുന്നു. റിട്ടയേർമെന്റിനു ശേഷം കോഴിക്കോട് ബാറിൽ പ്രാക്ടീസ് ചെയ്തു വന്നിരുന്നു. സംസ്കൃതത്തിൽ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്നു



**ഡോ.ഗൗരി**

ചെർപ്പുളശ്ശേരി: കാറൽമണ്ണ തച്ചരഴിയത്ത് മന ഡോ. ഗൗരി (66) വിഷ്ണുപാദം പൂകി. പട്ടാമ്പി ഗവ. നീലകണ്ഠ സംസ്കൃത കോളേജിലെ സംസ്കൃത വിഭാഗം റിട്ട. അസോഷ്യേറ്റ് പ്രൊഫസറാണ്. ഭർത്താവ്: കൃഷ്ണൻ നമ്പൂതിരി (റിട്ട. ഹരിജൻ വെൽഫെയർ ഓഫീസർ). മകൻ: ഡോ. ദിലീപ് കൃഷ്ണൻ. മരുമകൾ: ആരതി.



**ഗംഗാദേവി അന്തർജനം**

ചാത്തമംഗലം: കുഴക്കോട് ചെമ്പകശ്ശേരി ഇല്ലത്ത് ഗംഗാദേവി അന്തർജനം (85) വിഷ്ണുപാദം പൂകി. ഭർത്താവ്: പരേതനായ രാമൻ നമ്പൂതിരി. മക്കൾ: വാസുദേവൻ നമ്പൂതിരി, നാരായണൻ നമ്പൂതിരി, ശ്രീരാമൻ നമ്പൂതിരി, ഉണ്ണികൃഷ്ണൻ നമ്പൂതിരി, ലളിത, ബിന്ദു. മരുമക്കൾ: ലളിത, ദേവകി, രാജലക്ഷ്മി, ജയലേഖ, പി ഗോവിന്ദൻ നമ്പൂതിരി, ഒതളൂർ ശ്രീധരൻ നമ്പൂതിരി.



**നാരായണൻ നമ്പൂതിരി**

നടുവത്തേടത്ത് നാരായണൻ നമ്പൂതിരി (പാലപ്പറ്റ) വിഷ്ണുപാദം പൂകി.



**മനോജ്**

ഡൽഹി/ ചെറുതുരുത്തി നെടുമ്പുര മാത്തൂർമനക്കൽ മനോജ് (51 ) ഡൽഹിയിൽ (ഷാലിമാർ ഗാർഡൻ) ഹൃദയാഘാതത്തെ തുടർന്ന് വിഷ്ണുപാദം പൂകി. ഇളംകുളത്തുകുറൂർ മരുമകനാണ്. ഭാര്യ കക്കാട്ടു മനക്കൽ അശ്വതി. മക്കൾ അഭിലാഷ് അനിരുദ്ധ്.



**ശ്രീദേവി അന്തർജനം**

കൂട്ടാലിട: നാഗത്ത് കാവിൽ ഇല്ലത്ത് ശ്രീദേവി അന്തർജനം (85) വിഷ്ണുപാദം പൂകി. ഭർത്താവ് പരേതനായ നാരായണൻ നമ്പൂതിരിപ്പാട്. മകൻ: ജയൻ നമ്പൂതിരിപ്പാട് വയനാട് ജില്ലാ താന്ത്രികാചാര്യനാണ്.

**ചരമ അറിയിപ്പുകൾ സ്വസ്തിയിൽ കൊടുക്കാൻ താഴെപറയുന്ന വാട്സ്ആപ്പ് നമ്പറിലേക്ക് അയക്കുക.**
**9400992823**

# ആദരാഞ്ജലികൾ



പാറക്കോട് ഗോവിന്ദൻ നമ്പൂതിരി (68)

പെരുമണ്ണ: കോഴിക്കോട് പന്തീരാങ്കാവ് യു പി സ്കൂൾ ഹെഡ്മാസ്റ്ററും കെ. എസ് എസ് പി എ മണ്ഡലം പ്രസിഡണ്ടുമായിരുന്നു. ഭാര്യ: പുല്ലങ്കോട്ടില്ലത്ത് രത്നം. മക്കൾ: മഹേശ് (യു എസ് ), മനുജ (കനറാ ബാങ്ക്, ഒളവണ്ണ, കോഴിക്കോട്). മരുമകൾ രശ്മി (യു എസ് ) പിതാവ്: പ്രദേശത്തെ ആദ്യ ബിരുദധാരിയായ പ്രൊഫസർ (റിട്ട) വി പി ഗോവിന്ദൻ നമ്പൂതിരി. (ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്) മാതാവ്: ബാലുശ്ശേരി കരുമല പരേതയായ ലീല അന്തർജനം. സഹോദരങ്ങൾ: കൃഷ്ണൻ നമ്പൂതിരി (റിട്ടയേർഡ് ടീച്ചർ), സുഭദ്ര അന്തർജനം (ബ്രാണത്തൂരില്ലം, പേരാമ്പ്ര), കേശവൻ നമ്പൂതിരി ( പൂജാരി ), ശങ്കരൻ നമ്പൂതിരി (കേരളാ ഗ്രാമീൺ ബാങ്ക് – റിട്ടയേർഡ്), പുല്ലങ്കോട് ഗീത അന്തർജനം (പൈങ്ങോട്ടുപുറം), സുബ്രഹ്മണ്യൻ നമ്പൂതിരി (ടീച്ചർ, മാറാക്കര സ്കൂൾ, മലപ്പുറം)



ശ്രദ്ധാഞ്ജലി

## നടുവത്തേടത്ത് നാരായണൻ നമ്പൂതിരിപ്പാട്

(1936/2024)

**മരണം : 2024 സെപ്തംബർ 27 വെള്ളി**

പാലപ്പറ്റ നടുവത്തേടത്ത് ഇല്ലത്ത് (മഞ്ചേരിക്കുത്ത് കളം) നാരായണൻ നമ്പൂതിരിപ്പാട് വിഷ്ണുപാദം പൂകി. ഭാര്യ വന്നിലാപറമ്പത്ത് കരിപ്പം (അരീക്കോട്) മകൾ ശ്രീദേവി അന്തർജ്ജനം.

**മക്കൾ :** രമ (ചെറിയതെന്നാട്ട് മന തൃപ്പൂണിത്തുറ), ഉഷ (കാളകാട്ട് ഇല്ലം പയ്യന്നൂർ), ഇന്ദിര (പാലപ്പറ്റ), ലത (തിരുവാലൂർ ഇല്ലം , എടവണ്ണപ്പാറ ) സിന്ധു (ഇരിപ്പമണ്ണ), കൃഷ്ണകുമാർ (അധ്യാപകൻ ചെണ്ടപുറായ എ ആർ എൻ എച്ച് എ എസ് എസ്,മലപ്പുറം ജില്ല).

**മരുമക്കൾ:** സി.ടി വാസുദേവൻ നമ്പൂതിരി, കാളകാട്ട് നാരായണൻ നമ്പൂതിരി , എം.കെ നാരായണൻ, ദേവൻ തിരുവാലൂർ, മോഹനൻ.കെ, നിർമ്മല (കാടമ്പറ്റ മകൾ, എടവണ്ണ എസ് എച്ച് എം ജി വി എച്ച് എസ് എസ് അധ്യാപിക)

**സഹോദരങ്ങൾ:** വാസുദേവൻ നമ്പൂതിരിപ്പാട് (Late), കൃഷ്ണൻ നമ്പൂതിരിപ്പാട്, വിഷ്ണു നമ്പൂതിരിപ്പാട് (Late)

**സഹോദരിമാർ :** ദേവകി അന്തർജ്ജനം (Late) (കരിപ്പത്ത് ഇല്ലം), സാവിത്രി അന്തർജ്ജനം (Late) (പൊയിൽ ഇല്ലം), മാധവി അന്തർജ്ജനം ( Late) ( തെഞ്ചീരി ഇല്ലം), രുഗ്മിണി അന്തർജ്ജനം (പാലക്കൽ ഇല്ലം ) , പാർവ്വതി അന്തർജ്ജനം ( മുടുവമ്പുറം കിഴിയേടം)

## ഏഴുപതാം ശ്രാദ്ധദിനം

( 13 കന്നി, മകം 1200 /29 സെപ്തംബർ 2024 )



### ആര്യാദേവി അന്തർജ്ജനം

(രാമപുരത്ത് വടക്കേടത്ത് മഹൾ , പരേതനായ അഷ്ടവൈദ്യൻ വൈദ്യമഠം സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ സഹധർമ്മിണി)

വൈദ്യമഠം മന, പി.ഒ:മേഴത്തൂർ, വഴി:തൃത്താല, പാലക്കാട് ജില്ല, ഫോൺ: 9495277032

ശ്രദ്ധാഞ്ജലിയോടെ: മക്കളും മരുമക്കളും പേരക്കുട്ടികളും

## ഒന്നാം ശ്രാദ്ധദിനം

( 16 കന്നി, അത്തം 1200 / 2 ഒക്ടോബർ 2024 )



### അഷ്ടവൈദ്യൻ വൈദ്യമഠം ഋഷികുമാരൻ നമ്പൂതിരി

വൈദ്യമഠം മന, പി.ഒ: മേഴത്തൂർ,
വഴി: തൃത്താല, പാലക്കാട് ജില്ല,



# മൂന്നാം ശ്രാദ്ധ ദിനം
(08.08.2024)

**3rd death anniversary 11.08.2024**

## മറവഞ്ചേരി കിഴക്കേടത്തു മന
## കൃഷ്ണൻ നമ്പൂതിരിപ്പാട്

ഓർമ്മകൾക്കു മുമ്പിൽ പ്രണാമം അർപ്പിച്ചുകൊണ്ട്

**.ശുഭദ കൃഷ്ണൻ, ശൈലേഷ് കൃഷ്ണൻ,**
**അഭിലാഷ് കൃഷ്ണൻ.**

**മരുമക്കളും പേരക്കുട്ടികളും.**
**ഫോൺ 9072328133.**


8893697071 9809990971 9249299993

# വേളി ഗ്രൂപ്പ്
All Kerala Brahmin Matrimony

മലയാള ബ്രാഹ്മണർക്കായുള്ള വൈവാഹിക ഗ്രൂപ്പ്. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും, കേരളത്തിനുപുറത്തും വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്ന അനേകം യുവതീ യുവാക്കളുടെ ജാതകങ്ങളും ബയോഡേറ്റകളും വേളി ഗ്രൂപ്പിൽ ലഭ്യമാണ്.

MBBS, Phd, MTech, BTech, MBA, BAMS, BHMS, MSc, UGC NET,SET, BEd, KTET, LLB, PharmD, BDS, BPharm തുടങ്ങിയ യോഗ്യതകളും, ബാങ്കിങ്, എയ്ഡഡ് കോളേജ്, സർക്കാർജോലി, ഐറ്റി, പൊതുമേഖല, സ്വകാര്യമേഖല, ബിസിനസ്സ്, ശാന്തി, പൂജ, തന്ത്രം തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ ജാതകങ്ങൾ ഗ്രൂപ്പിൽ ലഭിക്കും. വേളി ഗ്രൂപ്പിന്റെ സേവനം ഏഴാം വർഷത്തിലേക്ക്.

ഗ്രൂപ്പ് വഴി നടന്ന വിവാഹങ്ങൾ **400+**

അംഗമാവാൻ വിളിക്കുക.

**88936 97071, 98099 90971, 92492 99993**






# വേളിശ്രമം

Velishramam is simple platform designed for Namboodiris to find a life partner.
It's completely free for everyone, now and forever.

**Download from Playstore**

velishramam@gmail.com

https://play.google.com/store/apps/details?id=com.glinjos.velishramam&hl=en_IN

# സ്മരണാഞ്ജലികൾ

**ടി.സി വിഷ്ണു നമ്പൂതിരി താമരക്കുളം**



(1923/2002)



(1934/2011)

**സാവിത്രി അന്തർജനം വള്ളോപ്പിള്ളി മന**

മക്കൾ: ശ്രീധരൻ നമ്പൂതിരി, വിഷ്ണുറാം നമ്പൂതിരി(L), ദിവാകരൻ നമ്പൂതിരി, ദാമോദരൻ നമ്പൂതിരി (L), സുനീത.
മരുമക്കൾ: മാധവി അന്തർജനം (കുണ്ടിൽ കുളം), ശൈലജ അന്തർജനം (പറപ്പള്ളി ), മീര അന്തർജനം (ചേക്രക്കൽ), പ്രസന്ന അന്തർജനം (തിരുവാലൂർ), കൃഷ്ണകുമാർ (വണ്ടിത്തടം)
പേരമക്കളും കുടുംബവും: ദിനേശ് വിഷ്ണു - ഗീത (താമരശ്ശേരി), ധന്യ സാവിത്രി - രാജ്കുമാർ (തലയൂർ), അർജുൻ വിഷ്ണു - അഞ്ജന (ഓശ്ശേരിൽ), ആര്യ- പ്രമോദ് (തിരുനാവായ അരീക്കര), വിഷ്ണു പ്രസാദ് - ദേവിപ്രിയ (വാഴകുന്നം), തുളസി - കേശവൻ (വെദിരമന), വിഷ്ണു, ശരണ്യ - വൈശാഖ് (കുട്ടമശ്ശേരി), ഗായത്രി.
കൊച്ചുമക്കൾ: ശ്രീധർ ദിനേശ്, ഹൃഷീകേശ്, ഹൃദ്വിക പാർവതി, അമേയ, വേദ് വാസുദേവ്, ധ്രുവ് ദിവാകർ, നിവേദ് വിഷ്ണു
താമരക്കുളം ഇല്ലം, മാമ്പറ്റ, മുക്കം പി.ഒ, കോഴിക്കോട് ജില്ല, 673602, മൊ:9447337337.









## 36-ാം വിവാഹ വാർഷികം

**ഒപി വാസുദേവൻ നമ്പൂതിരിപ്പാട്**
**സാവിത്രി എം പി**
റിട്ടയേർഡ് ടീച്ചർമാർ
രാമകൃഷ്ണമിഷൻ
ഹൈസ്കൂൾ,
കോഴിക്കോട്

ഒഴലൂർ പാടേരി ഇല്ലം
ചെറുകുളത്തൂർ
കോഴിക്കോട്.673008
മൊബൈൽ:
**9447929792**

*ആശംസകളോടെ,*
മക്കൾ : ഒപി നവീൻ ശങ്കർ,
ഒപി നീരജ് വാസുദേവ്
മരുമകൾ:
ഡോക്ടർ വിഷ്ണുപ്രിയ പി
പേരക്കുട്ടി :
വ്യാൻ വാസുദേവ് ഒ.പി.





## 50 -ാം വിവാഹ വാർഷികം

**തേവലശ്ശേരി ശർമ്മ മാസ്റ്റർ** റിട്ടയേർഡ് ടീച്ചർ,
അധ്യാത്മിക പ്രഭാഷകൻ -
**സഹധർമ്മിണി ഇന്ദിരാദേവി**
കുറ്റിക്കാട്ടൂർ കോഴിക്കോട് - 8, മൊബൈൽ 8075805207
**ഒന്നിച്ചുള്ള ജീവിതയാത്രയിലെ അമ്പതാം വാർഷികം**
**2024 ജൂലൈ 1199 മിഥുനം 17**

*ആശംസകളോടെ:* മക്കൾ: ലിജു എൻ ശർമ്മ, ലിനി ഗോപിനാഥ്
മരുമക്കൾ: ആദർശ , ഗോപിനാഥൻ നമ്പൂതിരി കൂടല്ലൂർ
പേരക്കുട്ടികൾ: ധനുശ്രീ, അനന്തവിഷ്ണു



**തിരുവനന്തപുരം കവിതാ സാഹിത്യകലാസാംസ്ക്കാരികവേദിയുടെ 2024 ലെ സ്വാതി സംഗീതപുരസ്ക്കാരം യോഗക്ഷേമസഭ കൊല്ലം ജില്ല വെട്ടിക്കവല ഉപസഭാ പ്രസിഡണ്ട്**

## കെ സന്തോഷ് കുമാറിന്

ഫോട്ടോ: ഉപഹാരം നൽകുന്നത് തുറമുഖ
വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ.
വേദി : വൈ എം സി എ ബ്രിട്ടീഷ് ലൈബ്രറി ഹാൾ
തിരുവനന്തപുരം. 23-7-2024

സന്തോഷ് കുമാർ കെ, റിട്ട.ഹെഡ്മാസ്റ്റർ
ഡി.കെ.എം.എച്ച്.എസ്,കോട്ടവട്ടം, കൊട്ടാരക്കര.
'ഗോകുലം ' പി ഒ കോട്ടവട്ടം വഴി എളമ്പാൽ
കൊല്ലം പിൻ 691322 മൊബൈൽ: 9847111657

## 2024 സെപ്റ്റംബർ 15 ന് ശതാഭിഷിക്തനായി



### ഗോവിന്ദൻ നമ്പൂതിരി

**വർക്കല പുതുമന (ശ്രീനിലയം, അമ്പലപ്പുഴ)**

**ആശംസകളോടെ:** സഹധർമ്മിണി: ശ്രീദേവി (അമ്പലപ്പുഴ കണ്ണമംഗലം ) മക്കൾ: ശ്രീലത (എഴുമാവിൽ മന ) ശ്രീലേഖ (ആലങ്കോട് കക്കാട്ട് മന )മരുമക്കൾ: ഇന്ദുചൂഡൻ, രവീന്ദ്രനാഥൻ പേരക്കുട്ടികൾ: പാർവതി സുജിത് ( അയിനിപ്പിള്ളി മന ) അഭിരാം, വാസുദേവൻ, ഗോവിന്ദൻ ഇന്ദുചൂഡൻ മൊബൈൽ: 9447904160

---

60 ാം പിറന്നാൾ ആശംസകൾ



2024 ആഗസ്റ്റ് 21 ന്
60ാം പിറന്നാൾ ആഘോഷിച്ച

**നരിയങ്ങൽ തലപ്പണ**
**ഉണ്ണികൃഷ്ണനും**
**പത്നി തങ്കമണിയും**

*ആശംസകളോടെ:*

**മക്കൾ ഗോകുൽ, രാഹുൽ, അമ്മ,**
**സഹോദരീ സഹോദരങ്ങൾ, ബന്ധുക്കൾ**

---

**84 -ാം പിറന്നാൾ ആശംസകൾ**

പുതുക്കുടി ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി

**52 -ാം വിവാഹ വാർഷികം**

പുതുക്കുടി ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരി
ഉമാദേവി അന്തർജനം



ആശംസകളോടെ

**സ്മിത, ഹരി, സുജിത്ത്, നിഷ, അശ്വിൻ, ആദിത്യ, മാനസ**



മണ്ണാർക്കാട് പെരിമ്പടാരി കാവിൽ പടിഞ്ഞാറേടത്ത് മന കെ.വി. സന്തോഷ്കുമാറിന്റെയും എൻ.ബി.അമൃതയുടെയും മകൾ ഗൗരിയും പട്ടാമ്പി ഓങ്ങല്ലൂർ പാക്കത്ത് മന വാസുദേവന്റെയും രാധയുടെയും മകൻ രൂപേഷും 2024 ജൂൺ 02 ന് പട്ടാമ്പി വാടാനാംകുറുശ്ശി എം.ടീസ് കൺവെൻഷൻ പാലസിൽ വെച്ച് വിവാഹിതരായി.
ഫോൺ: 9446974797, 9495035755



കൊല്ലം കരുനാഗപ്പള്ളി താലൂക്കിൽ ഓച്ചിറ വലിയകുളങ്ങര തോട്ടത്തിൽ ഹരിശ്രീ ഇല്ലത്ത് പി. ഹരിയുടെയും ശ്രീജ.എസ്. നമ്പൂതിരിയുടെയും പുത്രി ഗായത്രിയും എറണാകുളം കുന്നത്തുനാട് താലൂക്കിൽ വാഴക്കുളം വടക്കെ ഏഴിപ്രം പീശമ്പള്ളി ഇല്ലത്ത് മുകുന്ദന്റെയും ശ്രീലതയുടെയും പുത്രൻ അമൽകൃഷ്ണയും 2024 ഏപ്രിൽ മാസം 28ാം തീയതി ഓച്ചിറ ഒറിക്സ് കൺവൻഷൻ സെന്ററിൽ വിവാഹിതരായി.



തൃശൂർ പേരാമംഗലം മറവഞ്ചേരി കിഴക്കേടത്ത് മന ശശികുമാറിന്റെയും ലീലയുടെയും മകൻ സച്ചിനും പെരിങ്ങോട് പെരുമ്പള്ളി മന ഭവദാസന്റെയും ശ്രീലതയുടെയും മകൾ പഞ്ചമിയും 2024 സെപ്തംബർ 8ന് തൃശൂർ ബ്രഹ്മസ്വം മഠം ശ്രീശങ്കര ഹാളിൽ വിവാഹിതരായി.
ഫോൺ: 9447224422



കണ്ണൂർ മാതമംഗലം ചെറുകൂടൽ ഇല്ലം സി.ഐ.ശങ്കരന്റെയും അനിതകുമാരിയുടെയും മകൻ ഹരികൃഷ്ണനും കൊല്ലം കടയ്ക്കൽ നെല്ലിപ്പള്ളി കാർത്തികയിൽ രാജേഷിന്റെയും മഞ്ജുവിന്റെയും മകൾ വൈഷ്ണവിയും 2024 സെപ്തംബർ 8ന് മാടായി സഹകരണ റൂറൽ ബാങ്ക് ഓഡിറ്റോറിയത്തിൽ വിവാഹിതരായി.



കോഴിക്കോട് താമരശ്ശേരി കരിങ്ങമണ്ണ ഇല്ലം നാരായണൻ നമ്പൂതിരിയുടെയും ശ്രീദേവി അന്തർജനത്തിന്റെയും മകൻ ശ്രീനാഥ് നമ്പൂതിരിയും പിലാശ്ശേരി കൊറ്റിവട്ടം ഇല്ലത്ത് അഗ്നിദത്തൻ നമ്പൂതിരിയുടെയും ശാന്തകുമാരി അന്തർജനത്തിന്റെയും മകളായ ശ്രീവിദ്യയും 2024 ആഗസ്റ്റ് 30 ന് അരീക്കുളങ്ങര ദേവീ ക്ഷേത്രം ഹാളിൽ വിവാഹിതരായി. മൊബൈൽ 7012458853, 8089184164



തൃശ്ശൂർ വൈലത്തൂർ പയ്യാപ്പന്തൽ മന കേശവ്കുമാറിന്റെയും (ബാബു) ബിജു കേശവ്കുമാറിന്റെയും മകൻ ജയകൃഷ്ണനും തിരുവില്വാമല, എളേടത്ത് മന, ഇ.എം.കേശവന്റെയും ഒ.പി.സാവിത്രിയുടെയും മകൾ ഗായത്രിയും 2024 സെപ്തംബർ 8 ന് തൃശൂർ ഒളരിക്കര ശ്രീലക്ഷ്മി ഓഡിറ്റോറിയത്തിൽ വിവാഹിതരായി. മൊബൈൽ 9446146160

YOGAKSHEMASABHA SWASTHI ❑ Reg.No:KERMAL/2022/83817 ❑ Rs 75
Vol. No:3 Issue No:4 ❑ Kozhikode ❑ Date of Publication: 1 October 2024


